# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# കൊടുവള്ളി മുനിസിപ്പാലിറ്റി

# ഓഡിറ്റ് റിപ്പോർട്ട്

# 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020

ഇ-മെയിൽ: dokkd.ksad@kerala.gov.in

ഫോൺ : 0495-2371012

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ./കെ.കെ.ഡി./പി.11/78/24

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 16/03/2024
ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ജോയിന്റ് ഡയറക്ടർ

ചെയർമാൻ (സെക്രട്ടറി മുഖേന)
കൊടുവള്ളി മുനിസിപ്പാലിറ്റി

സർ,

**വിഷയം : കൊടുവള്ളി മുനിസിപ്പാലിറ്റിയുടെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കൊടുവള്ളി മുനിസിപ്പാലിറ്റിയുടെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ്:

1. സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം. (ഉപരിപത്രം സഹിതം).
2. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം).
3. നഗരകാര്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം).
4. റീജിയണൽ ജോയിന്റ് ഡയറക്ടർ, നഗരകാര്യ വകുപ്പ്, കോഴിക്കോട്.
5. കാര്യാലയ പ്രതി.

നമ്പർ: കെ.എസ്.എ./കെ.കെ.ഡി./പി.11/78/24 തീയ്യതി: 16/03/2024

## കോഴിക്കോട് ജില്ലയിലെ കൊടുവള്ളി മുനിസിപ്പാലിറ്റിയുടെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

**(1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് **295(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ കൊടുവള്ളി മുനിസിപ്പാലിറ്റിയുടെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 17-03-2023 മുതൽ 02-01-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 48 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 13 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/ പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

### ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. ബാബു റിയാസുദ്ദീൻ. എസ് | ജോയിന്റ് ഡയറക്ടർ | 03-01-2024 | 15-01-2024 |

### ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 03-01-2024 | 15-01-2024 |

### ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി. പ്രസീതകുമാരി. എം, ഓഡിറ്റ് ഓഫീസർ

ശ്രീമതി. രബിത. ടി.പി, ഓഡിറ്റ് ഓഫീസർ

ശ്രീമതി.ജിഷ സാമുവൽ, അസി.ഓഡിറ്റ് ഓഫീസർ

ശ്രീമതി. ദിശ. ആർ.കെ, അസി.ഓഡിറ്റ് ഓഫീസർ

ശ്രീമതി. ലത. ടി.കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ. വിജേഷ്. കെ.കെ, ഓഡിറ്റർ

ശ്രീമതി. റെൻസി. ഇ, ഓഡിറ്റർ

ശ്രീമതി. അപർണ്ണ. ഡി, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. വി. അബ്ദു റഹിമാൻ | ചെയർമാൻ | 01-04-2022 | 31-03-2023 |
| ശ്രീ. സുജിത്ത്. പി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2022 | 02-09-2022 |
| ശ്രീ. ശശി നടുവിലക്കണ്ടി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 03-09-2022 | 04-09-2022 |
| ശ്രീ. ഷാജു പോൾ | സെക്രട്ടറി | 05-09-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. അനിൽകുമാർ. എം | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 07-10-2022 |
| ശ്രീമതി. ഇന്ദു. എ | അസിസ്റ്റന്റ് എഞ്ചിനീയർ ഇൻ ചാർജ്ജ് | 08-10-2022 | 09-10-2022 |
| ശ്രീ. അബ്ദുൾ ഗഫൂർ. എം | അസിസ്റ്റന്റ് എഞ്ചിനീയർ | 10-10-2022 | 31-03-2023 |
| ഡോ. റിൻസി ആന്റണി | മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) | 01-04-2022 | 31-03-2023 |
| ഡോ. സാഹിറ. വി.ബി | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2022 | 17-06-2022 |
| ഡോ. സതീഷ് കുമാർ. പി.കെ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 18-06-2022 | 31-03-2023 |
| ശ്രീ. ശശി നടുവിലക്കണ്ടി | ഹെൽത്ത് ഓഫീസർ | 01-04-2022 | 05-09-2022 |
| ശ്രീ. അബ്ദു റഹീം | ഹെൽത്ത് ഓഫീസർ | 06-09-2022 | 31-03-2023 |
| ഡോ. വി.കെ. ഷിഹാബുദ്ദീൻ | വെറ്റിനറി സർജൻ (റിട്ടയേർഡ്) | 01-04-2022 | 18-07-2022 |
| ഡോ. മുജീബ് റഹ്മാൻ | വെറ്റിനറി സർജൻ (റിട്ടയേർഡ്) | 19-07-2022 | 11-08-2022 |
| ഡോ. കെ.സി. ഇസ്മയിൽ | സീനിയർ വെറ്റിനറി സർജൻ | 12-08-2022 | 31-03-2023 |
| ശ്രീമതി. അപർണ | കൃഷി ഓഫീസർ | 01-04-2022 | 18-09-2022 |
| ശ്രീ. ദിലീപ് കുമാർ. ടി | കൃഷി ഓഫീസർ | 19-09-2022 | 31-03-2023 |
| ശ്രീമതി. ഷൈജ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2022 | 30-04-2022 |
| ശ്രീമതി. സുതാര്യ. സി. നായർ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-05-2022 | 31-03-2023 |
| ശ്രീമതി. റെജിമോൾ ജോർജ്ജ് | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീ. മുഹമ്മദ് അബ്ദുൾ മജീദ്. പി.പി | പ്രിൻസിപ്പാൾ | 01-04-2022 | 31-05-2022 |
| ശ്രീ. ബഷീർ | പ്രിൻസിപ്പാൾ ഇൻ ചാർജ്ജ് | 01-06-2022 | 11-10-2022 |
| ശ്രീമതി. മുംതാസ് | പ്രിൻസിപ്പാൾ | 12-10-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും ഉൾപ്പെടുത്തിയിട്ടില്ല | 1-1-1 |
| 3 | മുൻവർഷത്തെ (2021-22) ഓഡിറ്റ് ചെയ്ത ബാലൻസ് ഷീറ്റും തൻവർഷത്തെ മുന്നിരിപ്പും പൊരുത്തപ്പെടുന്നില്ല. | 1-1-2 |
| 4 | റീക്കൺസിലേഷൻ സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല | 1-1-3 |
| 5 | ബാങ്ക് അക്കൗണ്ടുകൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. | 1-1-4 |
| 6 | ഒരേ ആവശ്യത്തിന് 2 അക്കൗണ്ടുകൾ സൂക്ഷിക്കുന്നു. | 1-1-5 |
| 7 | ചെക്ക് ആന്റ് ഡ്രാഫ്റ്റ് രജിസ്റ്റർ കാലികമാക്കിയിട്ടില്ല | 1-1-6 |
| 8 | വരവിനങ്ങൾ സംബന്ധിച്ചുള്ള ഡിമാന്റ് രജിസ്റ്ററുകൾ ഹാജരാക്കിയിട്ടില്ല | 1-1-7 |
| 9 | രജിസ്റ്ററുകൾ ഹാജരാക്കിയിട്ടില്ല | 1-1-8 |
| 10 | സമയബന്ധിതമായ ഡിമാന്റ് എൻട്രി പരിശോധിക്കുന്നതിന് രേഖകൾ ഹാജരാക്കിയിട്ടില്ല. | 1-1-9 |
| 11 | പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തുന്നില്ല. | 1-1-10 |
| 12 | വർക്ക് ഷീറ്റ് ഹാജരാക്കിയിട്ടില്ല. | 1-1-11 |
| 13 | ആസ്തിരജിസ്റ്റർ കാലികമാക്കിയിട്ടില്ല. | 1-1-12 |
| 14 | വായ്പ - വായ്പതിരിച്ചടവ് വാർഷിക ധനകാര്യ പത്രികയിലെ തുകയും ലോൺ രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല | 1-1-13 |
| 15 | വിവിധ ഫണ്ടുകളുടെ ചെലവ് വിവരം ഗ്രാന്റ് സ്റ്റേറ്റ്മെന്റ്, എ.സി.ആർ,വാർഷികകണക്ക് എന്നിവയുമായി പൊരുത്തപ്പെടുന്നില്ല | 1-1-14 |
| 16 | വാർഷിക കണക്ക് ഷെഡ്യൂളുകൾ പരസ്പരം പൊരുത്തപ്പെടുന്നില്ല | 1-1-15 |
| 17 | Receivables From Government (Redumption Amount) എന്ന ഹെഡിൽ തെറ്റായി വകയിരുത്തി | 1-1-16 |
| 18 | ഡേബുക്ക്, ക്യാഷ് ബുക്ക്, Monthly Reconciliation എന്നിവസാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. | 1-1-17 |
| 19 | വിവിധ ഫണ്ടുകളുടെ വരവ് തുക അലോട്ട്മെന്റ് ഉത്തരവ്, ഗ്രാന്റ്സ്റ്റേറ്റ്മെന്റ്/എ.സി.ആർ എന്നിവയുമായി പൊരുത്തപ്പെടുന്നില്ല. | 1-1-18 |
| 20 | ധനകാര്യകമ്മീഷൻ ഗ്രാന്റ് ബാലൻസ് ഷീറ്റ് ഷെഡ്യൂളുകൾ വ്യത്യാസപ്പെട്ടിരിക്കുന്നു. | 1-1-19 |
| 21 | ബജറ്റ് | 1-2 |
| 22 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പെയ്മെന്റ് പ്രകാരം) | 1-3 |
| 23 | ഗ്രാന്റ് വിനിയോഗം | 1-4 |
| 24 | പദ്ധതി അവലേകനം | 1-5 |
| 25 | ക്ഷേമ പദ്ധതികൾ | 1-6 |
| 26 | ക്യാഷ് ബാലൻസ് പരിശോധന | 1-7 |
| 27 | ആഭ്യന്തര നിയന്ത്രണം | 1-8 |
| 28 | ടാക്സ് ഓഡിറ്റ് | 1-9 |
| 29 | ജി.ഐ.എസ് മാപ്പിംഗ് - പദ്ധതി ലക്ഷ്യപ്രാപ്തിയിലെത്തിയില്ല | 1-10 |
| 30 | ഒക്യുപ്പൻസിയ്ക്ക് ശേഷം കെട്ടിടത്തിൽ ചട്ട വിരുദ്ധമായ മാറ്റം വരുത്തുന്നു | 1-11 |
| 31 | വേക്കൻസി റമിഷൻ അപേക്ഷകളിൽ  സമയബന്ധിതമായി നടപടിയെടുക്കുന്നില്ല. | 1-12 |
| 32 | ഓഡിറ്റ് റിപ്പോർട്ടുകളിൽ തുടർ നടപടി സ്വീകരിക്കുന്നതിൽ നഗരസഭയ്ക്ക് ഗുരുതര വീഴ്ച | 1-13 |
| 33 | മാന്വൽ രസീതി ബുക്ക് - കൈകാര്യം ചെയ്യുന്നതിൽ ഗുരുതര വീഴ്ച | 1-14 |
| 34 | തൊഴിൽ നികുതി- അപാകത | 1-15 |
| 35 | ഷോപ്പിംഗ് കോംപ്ലക്സുകളിലെ മുറികൾ വാടകയ്ക്ക് നൽകിയതിലെ - അപാകതകൾ | 1-16 |

| | | |
|---|---|---|
| 36 | കംഫർട്ട് സ്റ്റേഷൻ, ബസ് സ്റ്റാന്റ് ഫീസ് പിരിവ്, ടൌൺ ഹാൾ വാടക - അപാകതകൾ | 1-17 |
| 37 | വ്യവസായങ്ങൾക്കും, ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭങ്ങൾക്കും ലൈസൻസ് നൽകൽ - അപാകതകൾ | 1-18 |
| 38 | DSR 2016 അടിസ്ഥാനമാക്കിയ എസ്റ്റിമേറ്റിൽ എക്സ്ട്രാ ഇനം പ്രവൃത്തിക്ക് 2018നിരക്ക് അനുവദിച്ചു - അധിക ചെലവ് | 1-19 |
| 39 | എരഞ്ഞോണ കുടിവെള്ള പദ്ധതി - അളവു കണക്കാക്കിയതിൽ പിശക് | 1-20 |
| 40 | വാവാട് ഹരിത ശുദ്ധജല പദ്ധതി -ചെയ്യാത്ത പ്രവൃത്തിയ്ക്ക് തുക നൽകിയതും മറ്റപാകതയും | 1-21 |
| 41 | രജിസ്റ്ററുകളും ഫോമുകളും വാങ്ങൽ - സ്റ്റോക്ക് രജിസ്റ്റർ ഇല്ല | 1-22 |
| 42 | മുനിസിപ്പാലിറ്റിയിൽ നിയമ വിരുദ്ധ നിയമനങ്ങളും ജോലി ഏൽപിക്കലും | 1-23 |
| 43 | അജൈവ മാലിന്യം നീക്കം ചെയ്യുന്നതിനുള്ള വാഹന വാടക - ട്രിപ്പ് ഷീറ്റ് ഇല്ലാതെ വേതനം നൽകി | 1-24 |
| 44 | സി.എഫ്.എൽ.ടി.സി. - വൈദ്യുതി ചാർജ് അടച്ചതിന്റെ രേഖകൾ ഹാജരാക്കിയില്ല | 1-25 |
| 45 | സ്ട്രീറ്റ് ലൈറ്റ് , സ്ട്രീറ്റ് ടാപ്പ് - സംയുക്ത പരിശോധന റിപ്പോർട്ട് ഇല്ല | 1-26 |
| 46 | മുനിസിപ്പൽ ജീവനക്കാരുടെ പെൻഷൻ വിഹിതം - അടവാക്കിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല | 1-27 |
| 47 | വാഹനങ്ങളുടെ ഉപയോഗം - സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല | 1-28 |
| 48 | ഡെപ്പോസിറ്റ് റീ-ഫണ്ട് - രജിസ്ററർ സൂക്ഷിച്ചിട്ടില്ല | 1-29 |
| 49 | സ്ട്രീറ്റ് ലൈറ്റ് എ.എം.സി - കണക്കുകളില്ലാതെ തുക ചെലവഴിക്കുന്നു. | 1-30 |
| 50 | വയോമിത്രം പദ്ധതി - സർക്കാർ നിർദ്ദേശത്തിനു വിരുദ്ധമായി അധിക തുക അനുവദിച്ചു | 1-31 |
| 51 | കുടിവെള്ള പദ്ധതികൾക്ക് മോട്ടാർ സ്ഥാപിക്കൽ - പദ്ധതി നിർവ്വഹണത്തിൽ അപാകത | 1-32 |
| 52 | സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം - റീഫണ്ട് കിട്ടിയില്ല. | 1-33 |
| 53 | ലോമാസ്റ്റ് ലൈറ്റ് / ഹൈമാസ്റ്റ് ലൈറ്റ് - റീപ്ലെയ്സ്മെന്റ് വാറന്റി കണക്കിലെടുക്കാതെ AMC ഏർപ്പെടുത്തി | 1-34 |
| 54 | എസ്.സി. വീട് റിപ്പയർ - രജിസ്റ്റർ ഹാജരാക്കിയിട്ടില്ല | 1-35 |
| 55 | വനിതാ ഘടകപദ്ധതി രൂപീകരണം - പദ്ധതി മാർഗ്ഗരേഖയ്ക്ക് വിരുദ്ധം | 1-36 |
| 56 | തരിശുരഹിത കൊടുവള്ളി പദ്ധതി. പദ്ധതിനിർവഹണത്തിലെ അപാകതകൾ | 1-37 |
| 57 | പട്ടികവർഗ്ഗ വിഭാഗത്തിൽ ആളുകൾ ഉണ്ടായിട്ടും വികസനഫണ്ട് ( ടി.എസ്.പി) ഫണ്ട് ലഭിച്ചില്ല. | 1-38 |
| 58 | പി.എം.എ.വൈ ലൈഫ് ഭവന പദ്ധതി - ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല | 1-39 |
| 59 | മാലിന്യനിർമ്മാർജ്ജന പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ | 1-40 |
| 60 | ഫണ്ട് വിനിയോഗത്തിൽ കുറവ് - 1.36 കോടി രൂപ നഷ്ടം | 1-41 |
| 61 | ഒരു പ്രവൃത്തിയുടെ എസ്റ്റിമേറ്റ് - രണ്ടുവിധം സ്റ്റാൻഡേർഡ് | 1-42 |
| 62 | വെണ്ണക്കാട് ബസ് സ്റ്റോപ്പ് - അമിത നിരക്കിലുള്ള ഇനം ഉൾപ്പെടുത്തിയതും മറ്റ് അപാകതകളും | 1-43 |
| 63 | വരുവിൻകാല എസ്.സി.കോളനി കുടിവെള്ള പദ്ധതി -വിവരം ലഭ്യമല്ലാത്തതും, മറ്റ് അപാകതകളും | 1-44 |
| 64 | വൗച്ചറുകൾ അധികൃതമാക്കാത്തതും ഉത്തരവു നടപടികൾ ഇല്ലാത്തതും സംബന്ധിച്ച് | 1-45 |
| 65 | ജീവനക്കാരുടെ  പ്രോവിഡണ്ട് ഫണ്ട് - കണക്കുകൾ സൂക്ഷിച്ചിട്ടില്ല | 1-46 |
| 66 | ആശ്രയ ഭവന നിർമ്മാണം - പദ്ധതി തുക ചെലവഴിക്കാതെ അക്കൗണ്ടിൽ സൂക്ഷിക്കുന്നു. | 1-47 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| 1 | DSR 2016 അടിസ്ഥാനമാക്കിയ എസ്റ്റിമേറ്റിലെ എക്സ്ട്രാ ഇനം പ്രവൃത്തിക്ക് 2018 ലെ നിരക്ക് - അധിക ചെലവ് | 3-1 |
| 2 | എരഞ്ഞോണ കുടിവെള്ള പദ്ധതി - അളവു കണക്കാക്കിയതിൽ പിശക് | 3-2 |

| | | |
|---|---|---|
| 3 | വാവാട് ഹരിത ശുദ്ധജല പദ്ധതി -ചെയ്യാത്ത പ്രവൃത്തിയ്ക്ക് തുക നൽകിയതും മറ്റപാകതയും | 3-3 |
| 4 | രജിസ്റ്ററുകളും ഫോമുകളും വാങ്ങൽ - സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കിയില്ല | 3-4 |
| 5 | മുനിസിപ്പാലിറ്റിയിൽ നിയമ വിരുദ്ധ നിയമനങ്ങളും ജോലി ഏൽപിക്കലും | 3-5 |
| 6 | സി.എഫ്.എൽ.ടി.സി. - വൈദ്യുതി ചാർജ് അടച്ചതിന്റെ രേഖകൾ ഹാജരാക്കിയില്ല | 3-6 |
| 7 | അജൈവ മാലിന്യം നീക്കം ചെയ്യുന്നതിനുള്ള വാഹന വാടക - ട്രിപ്പ് ഷീറ്റ് ഇല്ലാതെ വേതനം നൽകി | 3-7 |
| 8 | ലോമാസ്റ്റ് ലൈറ്റ് / ഹൈമാസ്റ്റ് ലൈറ്റ് - റീപ്ലെയ്സ്മെന്റ് വാറന്റി കണക്കിലെടുക്കാതെ AMC ഏർപ്പെടുത്തി | 3-8 |
| ഭാഗം 4 | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ/ വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ. | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കൊടുവള്ളി മുനിസിപ്പാലിറ്റിയുടെ 2023 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31/03/2023 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 29/07/2023തീയതിയിലെ 2- ാം നം. തീരുമാനം പ്രകാരം അംഗീകരിച്ച് 29/07/2023 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4), 2007ലെ കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ് ചട്ടങ്ങൾ), കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് 1994, കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് റൂൾസ് 1996, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് നഗരസഭസ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി & എജി ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, നഗരപാലിക സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/ മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ നഗരപാലികാ സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി,കൊടുവള്ളി നഗരസഭയുടെ 2022-23 വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികകൾ 31.03.2023ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2023ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം:കോഴിക്കോട്
തീയതി:

ജോയിന്റ് ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

#### 1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും ഉൾപ്പെടുത്തിയിട്ടില്ല

വാർഷിക കണക്കിൽ അടിസ്ഥാന അനുപാതങ്ങൾ (റേഷ്യോസ്), പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല.

#### 1-1-2 മുൻവർഷത്തെ (2021-22) ഓഡിറ്റ് ചെയ്ത ബാലൻസ് ഷീറ്റും തൻവർഷത്തെ മുന്നിരിപ്പും

**പൊരുത്തപ്പെടുന്നില്ല.**

വാർഷിക കണക്ക് ബാലൻസ് ഷീറ്റ് ഷെഡ്യൂൾ (B1 ഷീറ്റ് ഷെഡ്യൂൾ) 2021 – 22 നീക്കിയിരിപ്പും, 2022 – 23 മുന്നിരിപ്പും പൊരുത്തപ്പെടുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു .

| അക്കൗണ്ട് ഹെഡ് | ഇനം | 2021–22 നീക്കിയിരിപ്പ് | 2022 – 23 മുന്നിരിപ്പ് |
|---|---|---|---|
| 310100100 | General Fund | 1207663.75 | 4189109.20 |
| 310900100 | Excess Income Over Expenditure | 54683329.00 | 49286556.05 |

## 1-1-3 റീക്കൺസിലേഷൻ സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല

വാർഷിക കണക്കിൽ ഉൾപ്പെടുത്തിയ അക്കൗണ്ടുകളുടെ റീക്കൺസിലേഷൻ സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | ബാങ്ക് അക്കൗണ്ട് | 31.03.2023 ലെ നിക്കീയിരിപ്പ് (വാർഷികകണക്ക് പ്രകാരം) |
|---|---|---|
| 2 | South Indian Bank Online O/F | 16,76,288 |
| 3 | HDFC Ownfund | 16,036 |

## 1-1-4 ബാങ്ക് അക്കൗണ്ടുകൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

| ക്രമ നം | ബാങ്ക് അക്കൗണ്ട് | 31.03.2023 ലെ നിക്കീയിരിപ്പ് |
|---|---|---|
| 1 | NULM – ICICI 44142010003780 | 15000/- |
| 2. | ICICI - 044401002439 | 0 |

## 1-1-5 ഒരേ ആവശ്യത്തിന് 2 അക്കൗണ്ടുകൾ സൂക്ഷിക്കുന്നു.

| ക്രമ നം | ബാങ്ക് അക്കൗണ്ട് | 31.03.2023 ലെ നിക്കീയിരിപ്പ് (വാർഷികകണക്ക് പ്രകാരം) |
|---|---|---|
| 1 | Syindicate -Distress Releif Fund (44142010007232) | 2,80,159 |
| 2 | SCB -Distress Releif Fund (111002003667) | 14,921 |

## 1-1-6 ചെക്ക് ആന്റ് ഡ്രാഫ്റ്റ് രജിസ്റ്റർ കാലികമാക്കിയിട്ടില്ല

ചെക്ക് ആന്റ് ഡ്രാഫ്റ്റ് രജിസ്റ്റർ കാലികമാക്കാത്തതിനാൽ ബാങ്കിൽ നിക്ഷേപിച്ച തുക പണമായി മാറ്റിയത് ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

## 1-1-7 വരവിനങ്ങൾ സംബന്ധിച്ചുള്ള ഡിമാന്റ് രജിസ്റ്ററുകൾ ഹാജരാക്കിയിട്ടില്ല

വരവിനങ്ങൾ സംബന്ധിച്ചുള്ള ഡിമാന്റ് രജിസ്റ്ററുകൾ വസ്തുനികുതി, തൊഴിൽ നികുതി (എംപ്ലോയീസ്), തൊഴിൽ നികുതി (ട്രേഡേഴ്സ്), ലൈസൻസ്, വാടക, ലേലം ബിൽഡിംഗ് പെർമിറ്റ് മറ്റ് വരവുകൾ എന്നിവയുടെ ഡിമാന്റ്, വരവ്, നീക്കീയിരിപ്പ് എന്നിവ സംബന്ധിച്ച് വാർഷിക ധനകാര്യ പത്രികയിലെ തുകകളുടെ കൃത്യത ഉറപ്പാക്കുന്നതിന് ഡിമാന്റ് രജിസ്റ്ററുകൾ ഹാജരാക്കാത്തതിനാൽ സാധിച്ചിട്ടില്ല. രേഖകൾ തയ്യാറാക്കി സൂക്ഷിക്കാത്തതിന് കാരണം വ്യക്തമാക്കേണ്ടതാണ്.

**1-1-8 രജിസ്റ്ററുകൾ ഹാജരാക്കിയിട്ടില്ല**

അഡ്വാൻസ്, ഡെപ്പോസിറ്റ്, ആസ്തി രജിസ്റ്റർ, സ്റ്റോക്ക് രജിസ്റ്റർ എന്നിവ കാലികമാക്കി പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

**1-1-9 സമയബന്ധിതമായ ഡിമാന്റ് എൻട്രി പരിശോധിക്കുന്നതിന് രേഖകൾ ഹാജരാക്കിയിട്ടില്ല.**

കെ – സ്മാർട്ട് പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി സാംഖ്യ സോഫ്റ്റ് വെയർ ലഭ്യമല്ലാത്തതിനാലും ഓഡിറ്റേഴ്സ് ലോഗിൻ ലഭ്യമല്ലാത്തതിനാലും സഞ്ചയ / സാംഖ്യ സോഫ്റ്റ് വെയർ പ്രവർത്തന സജ്ജമല്ലാത്തതിനാൽ ഡിമാന്റ് എൻട്രികളുടെ കൃത്യത പരിശോധിക്കുന്നതിന് പരിശോധിക്കുന്നതിന് സാധിച്ചിട്ടില്ല.

**1-1-10 പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തുന്നില്ല.**

ലെഡ്ജർ ബാലൻസുകളും ആ ശീർഷകവുമായി ബന്ധപ്പെട്ട രജിസ്റ്ററുകളും തമ്മിൽ പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തുന്നില്ല.

**1-1-11 വർക്ക് ഷീറ്റ് ഹാജരാക്കിയിട്ടില്ല.**

ആസ്തികളുടെ തേയ്മാനം രേഖപ്പെടുത്തിയതിന് കാൽക്കുലേഷൻ വർക്ക് ഷീറ്റ് ഹാജരാക്കിയിട്ടില്ല.

**1-1-12 ആസ്തിരജിസ്റ്റർ കാലികമാക്കിയിട്ടില്ല.**

ആസ്തി രജിസ്റ്റർ കാലികമാക്കാത്തതിനാൽ സ്ഥിര ആസ്തികളുടെ മൂല്യം ഭൗതിക പരിശോധന നടത്തിയിട്ടില്ല.

**1-1-13 വായ്പ – വായ്പതിരിച്ചടവ് വാർഷിക ധനകാര്യ പത്രികയിലെ തുകയും ലോൺ രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല**

വായ്പ – വായ്പ തിരിച്ചടവ് വാർഷിക ധനകാര്യ പത്രികയിലെ തുകയും ലോൺ രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ലോൺ രജിസ്റ്റർ | | | | വാർഷിക കണക്ക് | | | |
|---|---|---|---|---|---|---|---|
| മുൻബാക്കി | വരവ് | തിരിച്ചടവ് | നിക്കീയിരിപ്പ് | മുൻബാക്കി | വരവ് | തിരിച്ചടവ് | നിക്കീയിരിപ്പ് |
| 97777200 | 1200000 | 8186668 | 90790532 | 97777200 | 0 | 4093334 | 93683866 |

ജി.ഒ പ്രോജക്ട് പ്രകാരമുള്ള തിരിച്ചടവ് പൂർണ്ണമായും വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

**1-1-14 വിവിധ ഫണ്ടുകളുടെ ചെലവ് വിവരം ഗ്രാന്റ് സ്റ്റേറ്റ്മെന്റ്, എ.സി.ആർ,വാർഷികകണക്ക്**

എന്നിവയുമായി പൊരുത്തപ്പെടുന്നില്ല

വിവിധ ഫണ്ടുകളുടെ ചെലവ് വിവരം ഗ്രാന്റ് സ്റ്റേറ്റ്മെന്റ്, എ.സി.ആർ,വാർഷികകണക്ക് എന്നിവയുമായി പൊരുത്തപ്പെടുന്നില്ല.

| ഫണ്ടിനം | വാർഷിക കണക്ക് | ഗ്രാന്റ്സ്റ്റേറ്റ്മെന്റ്/ ചെലവ് പത്രിക | എ.സി.ആർ | വാർഷിക കണക്കും, ചെലവ് പത്രിക തമ്മിലുള്ള വ്യത്യാസം |
|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 29741203 | 33361983 | 24126183 | 3620780 |
| വികസനഫണ്ട് (എസ്.സി.പി) | 9070175 | 9283509 | 8536841 | 213334 |
| മെയിന്റനൻസ് ഫണ്ട് ജനറൽ | 7007453 | 7142380 | 7142380 | 134927 |
| കേന്ദ്രധനകാര്യ കമ്മീഷൻ ഗ്രാന്റ് – അൺടൈഡ് | 15532858 | 15532858 | 15571975 | 39117 (ACR ഉം ചെലവ് പത്രികയും തമ്മിലുള്ള വ്യത്യാസം |

വാർഷിക കണക്കും,ചെലവ് പത്രിക തമ്മിലുള്ള വ്യത്യാസത്തിന് കാരണം വ്യക്തമാക്കേണ്ടതാണ്.

### 1-1-15 വാർഷിക കണക്ക് ഷെഡ്യൂളുകൾ പരസ്പരം പൊരുത്തപ്പെടുന്നില്ല

വാർഷിക കണക്ക് ബാലൻസ് ഷീറ്റ് B5 (Secured Loans -9,36,83,866) ഷെഡ്യൂളും, B16 (Pre-Paid Expenses -6,16,17,764) ഷെഡ്യൂളും വ്യത്യാസപ്പെട്ടിരിക്കുന്നു.

### 1-1-16 Receivables From Government (Redumption Amount) എന്ന ഹെഡിൽ തെറ്റായി വകയിരുത്തി

വാർഷിക കണക്ക് ബാലൻസ് ഷീറ്റ് B-15 പ്രകാരം Receivables From Government (Redumption Amount) എന്ന ഹെഡിൽ ലഭിക്കാനുള്ള തുകയായി രേഖപ്പെടുത്തിയിട്ടുള്ളത് 2,65,100/- രൂപയാണ്. എന്നാൽ ട്രഷറി അക്കൗണ്ടിൽ (799013000000815) നിന്ന് 30/03/2023 ന് Resumption ഇനത്തിൽ

ഈടാക്കിയതും, 04/04/23 ന് തിരികെ ലഭിച്ചതും (1002739+14429588) ) = 15432327/- രൂപയാണ്. എന്നാൽ കിട്ടാനുള്ള തുകയായി 2,65,100/- രൂപ രേഖപ്പെടുത്തിയത് എന്ത് അടിസ്ഥാനത്തിലാണെന്ന് വ്യക്തമല്ല.

**1-1-17 ഡേബുക്ക്, ക്യാഷ് ബുക്ക്, Monthly Reconciliation എന്നിവസാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.**

ഓരോ ദിവസത്തേയും ഡേബുക്ക്, ക്യാഷ് ബുക്ക്, Monthly Reconcillation എന്നിവ സെക്രട്ടറി, അക്കൗണ്ടന്റ് എന്നിവർ സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

**1-1-18 വിവിധ ഫണ്ടുകളുടെ വരവ് തുക അലോട്ട്മെന്റ് ഉത്തരവ്, ഗ്രാന്റ്സ്റ്റേറ്റ്മെന്റ്/എ.സി.ആർ എന്നിവയുമായി പൊരുത്തപ്പെടുന്നില്ല.**

വികസന ഫണ്ട് (ജനറൽ), വികസന ഫണ്ട് (എസ്.സി.പി എന്നിവയുടെ വരവ് തുക അലോട്ട്മെന്റ് ഉത്തരവ്, ഗ്രാന്റ് സ്റ്റേറ്റ്മെന്റ് / എ.സി.ആർ എന്നിവയുമായി പൊരുത്തപ്പെടുന്നില്ല.

| ഫണ്ടിനം | അലോട്ട്മെന്റ് ഉത്തരവ് | ഗ്രാന്റ്സ്റ്റേറ്റ്മെന്റ്/ എ.സി.ആർ | വ്യത്യാസം |
|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 3,42,49,829 | 2,35,70,120 | 1,06,79,709 |
| വികസനഫണ്ട് (എസ്.സി.പി) | 1,36,18,171 | 1,09,12,390 | 27,05,781 |

**1-1-19 ധനകാര്യകമ്മീഷൻ ഗ്രാന്റ് ബാലൻസ് ഷീറ്റ് ഷെഡ്യൂളുകൾ വ്യത്യാസപ്പെട്ടിരിക്കുന്നു.**

ധനകാര്യകമ്മീഷൻ ഗ്രാന്റ് വാർഷിക കണക്ക് B-17 ഷെഡ്യൂൾ പ്രകാരം 67,71,845 രൂപയാണ് .എന്നാൽ B-4 ഷെഡ്യൂൾ പ്രകാരം ധനകാര്യകമ്മീഷൻ ഗ്രാന്റ് (ടൈഡ്) 11686176/- രൂപയും, അൺടൈഡ് ഗ്രാന്റ് (-4914331/-) രൂപയുമാണ്. വ്യത്യാസത്തിനുള്ള കാരണം വ്യക്തമല്ല. അപാകതകൾ പരിഹരിച്ച് വ്യത്യാസത്തിന് കാരണം വ്യക്തമാക്കേണ്ടതാണ്.

1-1-1 മുതൽ 1-1-19 വരെയുള്ള മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറി ( 29/2022 -23/12.01.2024) ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. തുടർ നടപടികൾ സ്വീകരിച്ച് അപാകതകൾ പരിഹരിച്ച് അറിയിക്കേണ്ടതാണ്.

**1-2 ബജറ്റ്**

2022-23 സാമ്പത്തിക വർഷത്തെ ബജറ്റ് 25.03.2022 ലെ 1ാം നമ്പർ തീരുമാന പ്രകാരവും പുതുക്കിയ ബജറ്റ് 27.03.2023 ലെ 1-ാം നമ്പർ തീരുമാന പ്രകാരവും ഭരണസമിതി അംഗീകരിച്ചിട്ടുണ്ട് (1994 കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 288).

ഭരണസമിതി അംഗീകരിച്ച ബജറ്റ് വിശദാംശങ്ങൾ താഴെ പട്ടികയിൽ ചേർക്കുന്നു.

| ബജറ്റ് | പ്രതീക്ഷിത വരവ് | യഥാർഥ വരവ് |
|---|---|---|
| മുന്നിരിപ്പ് | 76,69,541 | 3,86,01,163 |
| വരവ് | 51,10,92,000 | 16,82,14,248 |

| | | |
|---|---|---|
| ആകെ വരവ് | 51,87,61,541 | 20,68,15,411 |
| ചെലവ് | 49,03,52,000 | 14,11,42,502 |
| നീക്കിയിരിപ്പ് | 2,84,09,541 | 6,56,72,909 |

1994 കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 275 പ്രകാരം സെക്രട്ടറി വർഷം തോറും വരവുചെലവുകളുടെ എസ്റ്റിമേറ്റുകൾ തയ്യാറാക്കേണ്ടതാണെന്നും, കാലാകാലങ്ങളിൽ സർക്കാർ ഇക്കാര്യത്തിനായി നിർണ്ണയിക്കുന്ന ചട്ടങ്ങൾക്കും പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കും വിധേയമായി സെക്രട്ടറി ഓരോ വർഷവും ജനുവരി 15-ാം തീയതിക്കോ അതിനു മുൻപോ, അടുത്ത വർഷത്തെ വരവു ചെലവുകളുടെ വിശദമായ എസ്റ്റിമേറ്റ് അടങ്ങുന്ന ഒരു ബജറ്റ് തയ്യാറാക്കി ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിച്ച്, നികുതി വ്യത്യാസപ്പെടുത്തുകയോ വായ്പകൾ എടുക്കുകയോ ചെയ്യുന്നത് ആവശ്യമെന്നോ യുക്തമെന്നോ തനിക്കു തോന്നുന്നതായാൽ, അതു സംബന്ധിച്ച് തന്റെ നിർദ്ദേശങ്ങൾ സമർപ്പിക്കേണ്ടതുമാണെന്ന് വ്യവസ്ഥ ചെയ്യുന്നു.

1994 കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 286 (1) ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മിറ്റികൾ സെക്രട്ടറിയും അതതു വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥൻമാരും നൽകുന്ന എസ്റ്റിമേറ്റും നിർദ്ദേശങ്ങളും പരിഗണിച്ചു കൊണ്ട് അവയുടെ ഒരു നിർദ്ദേശം ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിക്ക് നൽകേണ്ടതും പ്രസ്തുത നിർദ്ദേശങ്ങളെയും ഈ ആക്ടിലെ എല്ലാ ആവശ്യങ്ങളെയും പരിഗണിച്ചു കൊണ്ട് അതിൽനിന്നും അടുത്ത വർഷത്തേക്കുള്ള മുനിസിപ്പാലിറ്റിയുടെ വരവു ചെലവുകളുടെ ബഡ്ജറ്റ് എസ്റ്റിമേറ്റ് ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി തയ്യാറാക്കേണ്ടതുമാണ്.

മേൽ സെക്ഷൻ (1) പ്രകാരം വികസനകാര്യ സ്റ്റാന്റിങ് കമ്മിറ്റി, ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, ആരോഗ്യ സ്റ്റാന്റിങ് കമ്മിറ്റി, വിദ്യാഭ്യാസ കലാകായിക സ്റ്റാന്റിംഗ് കമ്മിറ്റി തുടങ്ങിയ വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികൾ തങ്ങളുടെ തീരുമാനങ്ങളും നിർദ്ദേശങ്ങളും ധനകാര്യ സ്റ്റാന്റിംങ് കമ്മിറ്റിക്ക് സമർപ്പിച്ച് 18.03.2022ന് ചേർന്ന ധനകാര്യ സ്റ്റാന്റിംങ് കമ്മിറ്റി യോഗത്തിൽ അജണ്ട 5 ആയി ചർച്ച ചെയ്ത് ബജറ്റ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. എന്നിരുന്നാലും സെക്രട്ടറിയും അതതു വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥൻമാരും നൽകുന്ന എസ്റ്റിമേറ്റും നിർദ്ദേശങ്ങളും പൂർണ്ണമായും ലഭ്യമാക്കിയിട്ടില്ല. ഫയൽ പരിശോധിച്ചതിൽ ഘടക സ്ഥാപന മേധാവികളിൽ നിന്നും ബജറ്റ് രൂപീകരണവുമായി ബന്ധപ്പെട്ട് പ്രസ്തുത സ്ഥാപനങ്ങളുടെ പ്രതീക്ഷിത വരവു ചെലവുകളുടെ വിശദാംശങ്ങൾ നഗരസഭയിൽ സമർപ്പിക്കുന്നതിനാവശ്യപ്പെട്ട് നൽകിയ കത്തും (18.01.2022 G3-9471/21), അപ്രകാരം മെഡിക്കൽ ഓഫീസർ (ആയുർവേദം), നഗരസഭ പരിധിയിലുള്ള വിവിധ സ്കൂളുകളിലെ പ്രധാന അധ്യാപകർ, വെറ്റിനറി ഹോസ്പിറ്റലിലെ സർജൻ, മെഡിക്കൽ ഓഫീസർ (ഹോമിയോ) എന്നിവർ പെർഫോമ പൂരിപ്പിച്ച് നൽകിയിട്ടുണ്ടെങ്കിലും ഈ പെർഫോർമയിലുള്ള ശുപാർശകൾ 2020-21 ബജറ്റുകൾക്കായിട്ടുള്ളതാണെന്ന് കാണുന്നു. ചില പെർഫോമയിൽ വർഷം തിരുത്തിയിട്ടുണ്ട്. ലഭ്യമാക്കിയ ബജറ്റ് ഫയലിൽ ഇത്ര രേഖകൾ മാത്രമാണുള്ളത്. ബജറ്റ് സ്പീച്ച്, ബജറ്റ് കുറിപ്പുകൾ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. നിയമാനുസൃതമല്ലാതെ ബജറ്റ് രൂപീകരിക്കുന്നതിന് വിശദീകരണം ലഭ്യമാക്കേണ്ടതും അപാകത പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടി അറിയിക്കേണ്ടതുമാണ്.

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പെയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 3,86,01,163 |
| വരവ് | 16,82,14,248 |
| ആകെ | 20,68,15,411 |
| ചെലവ് | 14,11,42,502 |
| നീക്കിയിരിപ്പ് | 6,56,72,909 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റിന്റെ പേര് | | മുന്നിരിപ്പ് | വരവ് തുക (ഉറവിട കിഴിവ്/ പുനക്രമീകരിച്ച തുക ഉൾപ്പെടെ) | ആകെ വരവ് | ചെലവ്വ തുക (ഉറവിട കിഴിവ് ഉൾപ്പെടെ) | ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | | 0 | 3,42,49,829 | 3,42,49,829 | 3,33,61,983 | 8,87,846 |
| വികസന ഫണ്ട് (എസ്.സി.പി) | | 0 | 1,36,18,171 | 1,36,18,171 | 92,83,509 | 43,34,662 |
| മെയിന്റനൻസ് ഫണ്ട്(റോഡ്) | | 0 | 91,46,000 | 91,46,000 | 64,83,120 | 26,62,880 |
| മെയിന്റനൻസ് ഫണ്ട്(നോൺറോഡ്) | | 0 | 1,22,00,000 | 1,22,00,000 | 71,42,380 | 50,57,620 |
| വികസന ഫണ്ട് (സി.എഫ്.സി.ടൈഡ്) | ട്രഷറി | 0 | 9,53,725 | 9,53,725 | 2,60,208 | 6,93,517 |
| | ബാങ്ക് | 1,44,16,933 | 1,03,53,000 | 2,47,69,933 | 1,30,83,757 | 1,16,86,176 |
| വികസന ഫണ്ട് (സി.എഫ്.സി.അൺ ടൈഡ്) | ട്രഷറി | 0 | 6,66,804 | 6,66,804 | 6,27,687 | 39,117 |
| | ബാങ്ക് | **26,73,712** | **73,17,128** | **99,90,840** | **1,49,05,171** | **(-4914331)** |

കുറിപ്പ് -

1.വികസന ഫണ്ടിൽ നിന്ന് SCPയിലേക്ക് പുന:ക്രമീകരിച്ചതിനുശേഷംമുള്ള യഥാർത്ഥ വരവ് (36816 000 – 2566171 ) = 34249829

2.വികസന ഫണ്ട് SCPയിലേക്ക് പുന:ക്രമീകരിച്ചതിനുശേഷംമുള്ള യഥാർത്ഥ വരവ് (11052000 + 2566171 ) = 13618171/-

3.വാർഷിക കണക്ക് പ്രകാരം വികസന ഫണ്ട് (സി.എഫ്.സി.അൺ ടൈഡ്) നിക്കീയിരിപ്പ് തുക നെഗറ്റീവ് ബാലൻസ് ആണ്

എന്നാൽ CFC BANK അക്കൗണ്ട് ബാലൻസ് 67,71,845/- ആണ് . നെഗറ്റീവ് തുക വരാനുണ്ടായ സാഹചര്യം വ്യക്തമല്ല.

## 2022-23 ൽ വിവിധ ഗ്രാന്റുകൾ ലഭ്യമായതിന്റെ വിശദാംശങ്ങൾ

### 1. വികസന ഫണ്ട് (ജനറൽ)

| സർക്കാർ ഉത്തരവ് | ആകെ അലോട്ട്മെന്റ് | SCP/TSP യിലേക്ക് ക്രമീകരിച്ചത് | അംഗൻവാടി ജീവനക്കാരുടെ പ്രതിഫല ഇനത്തിലെ കിഴിവ് | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് | നെറ്റ് അലോട്ട്മെന്റ് |
|---|---|---|---|---|---|
| സ.ഉ (സാധാ) നം. 2839/2022 ധന തീ. 08.04.2022 | 1,43,83,000 | 0 | 5,98,600 | 0 | 1,37,84,400 |
| സ.ഉ (സാധാ) നം. 6872/2022 ധന തീ. 12.10.2022 | 1,12,16,500 | 0 | 5,98,600 | 37,20,000 | 68,97,900 |
| സ.ഉ (സാധാ) നം. 1049/2023 ധന തീ. 13.02.2023 | 11,2,16,500 | 25,66,171 | 5,98,600 | 37,20,000 | 43,31,729 |
| ആകെ | 3,68,16,000 | 25,66,171 | 17,95,800 | 74,40,000 | 2,50,14,029 |

വികസന ഫണ്ടിൽ SCPയിലേക്ക് പുനഃക്രമീകരിച്ചതിനുശേഷമുള്ള യഥാർത്ഥ വരവ് (36816 000 – 2566171 ) = 34249829

### 1. വികസന ഫണ്ട് (എസ്.സി.പി)

| സർക്കാർ ഉത്തരവ് | ആകെ അലോട്ട്മെന്റ് | വികസനഫണ്ടിൽ നിന്ന് SCPയിലേക്ക് ക്രമീകരിച്ചത് | പുനക്രമീകരിച്ചതിനു ശേഷമുള്ള തുക | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് | നെറ്റ് അലോട്ട്മെന്റ് |
|---|---|---|---|---|---|
| സ.ഉ (സാധാ) നം. 2839/2022 ധന തീ. 08.04.2022 | 36,83,000 | 0 | 36,83,000 | 0 | 36,83,000 |

| | | | | | |
|---|---|---|---|---|---|
| സ.ഉ (സാധാ) നം. 6872/2022 ധന തീ. 12.10.2022 | 36,84,500 | 0 | 36,84,500 | 3,73,334 | 3,11,166 |
| സ.ഉ (സാധാ) നം. 1049/2023 ധന തീ. 13.02.2023 | 36,84,500 | 25,66,171 | 62,50,671 | 3,73,334 | 58,77,337 |
| ആകെ | 1,10,52,000 | 25,66,171 | 1,36,18,171 | 7,46,668 | 1,28,71,503 |

വികസന ഫണ്ട് SCPയിലേക്ക് പുനഃക്രമീകരിച്ചതിനശേഷമുള്ള യഥാർത്ഥ വരവ് (11052000 + 2566171 ) = 13618171/-

**3.സംരക്ഷണ ഫണ്ട് (റോഡ്)**

| ക്രമ നം. | സർക്കാർ ഉത്തരവ് | ആകെ അലോട്ട്മെന്റ് | മറ്റ് റിക്കവറികൾ | നെറ്റ് അലോട്ട്മെന്റ് |
|---|---|---|---|---|
| 01 | സ.ഉ (സാധാ) നം. 2862/2022 ധന തീ. 08.04.2022 | 47,11,700 | 0 | 47,11,700 |
| 02 | സ.ഉ (സാധാ) നം. 6267/2022 ധന തീ. 05.09.2022 | 22,17,150 | 0 | 22,17,150 |
| 03 | സ.ഉ (സാധാ) നം. 8253/2022 ധന തീ. 05.12.2022 | 22,17,150 | 0 | 22,17,150 |
| | ആകെ | 91,46,000 | | 91,46,000 |

**3.സംരക്ഷണ ഫണ്ട് (നോൺ റോഡ്)**

| ക്രമ നം. | സർക്കാർ ഉത്തരവ് | ആകെ അലോട്ട്മെന്റ് | മറ്റ് റിക്കവറികൾ | നെറ്റ് അലോട്ട്മെന്റ് |
|---|---|---|---|---|
| 01 | സ.ഉ (സാധാ) നം. 2862/2022 ധന തീ. 08.04.2022 | 1,19,18,000 | 0 | 1,19,18,000 |
| 02 | സ.ഉ (സാധാ) നം. 6267/2022 ധന തീ. 05.09.2022 | 1,41,000 | 0 | 1,41,000 |
| 03 | സ.ഉ (സാധാ) നം. 8253/2022 ധന തീ. 05.12.2022 | 1,41,000 | 0 | 1,41,000 |
| | ആകെ | 1,22,00,000 | | 1,22,00,000 |

കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ്(ടൈഡ്)

| ക്രമ നം. | സർക്കാർ ഉത്തരവ് | ആകെ അലോട്ട്മെന്റ് |
|---|---|---|
| 01 | സ.ഉ (സാധാ) നം. 4585/2022 ധന തീ. 23.06.2022 | 9,53,725 |
| 02 | സ.ഉ (സാധാ) നം. 938/2023 ധന തീ. 08.02.2023 | 1,03,53,000 |
| | ആകെ | 1,13,06,725 |

കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ്(ടൈഡ്)

| ക്രമ | സർക്കാർ ഉത്തരവ് | ആകെ അലോട്ട്മെന്റ് |
|---|---|---|

| നം. | | |
|---|---|---|
| 01 | സ.ഉ (സാധാ) നം. 4585/2022 ധന തീ. 23.06.2022 | 6,66,804 |
| 02 | സ.ഉ (സാധാ) നം. 765/2023 ധന തീ. 01.02.2023 | 69,02,000 |
| | ആകെ | 75,68,804 |

1. സ.ഉ (കൈ) നം. 79/2021 ധന.തീ. 15.07.2021 പ്രകാരം 2021-22 സാമ്പത്തിക വർഷം മുതൽ വികസന ഫണ്ട്, എസ്.സി.പി, ടി.എസ്.പി വിഭാഗത്തിൽ കാലഹരണപ്പെടുന്ന തുക തൊട്ടടുത്ത വർഷം വികസനഫണ്ട്, ജനറൽ ഫണ്ടിൽ നിന്ന് വകവെച്ച് കൊടുക്കുന്നതാണ്. ഇത് മൂലം 2022-23 ൽ വികസനഫണ്ട് (ജനറൽ) നിന്ന് 2566171/- രൂപ കുറവ് ചെയ്തത് എസ്.സി.പി യിലേക്ക് ക്രമീകരിച്ചു.

2. സി.എഫ്.സി ഫണ്ട് 2021-22 വർഷം മുതൽ ബാങ്കിലേക്ക് അലോട്ട്മെന്റ് ലഭിക്കുകയുണ്ടായി. വർഷം അവസാനിച്ചാലും ബാങ്കിൽ നീക്കിയിരിപ്പ് ഉള്ളതിനാൽ ഫണ്ട് ലാപ്സാകുന്നില്ല. (ട്രഷറി അലോട്ട്മെന്റിൽ ചെലവഴിക്കാത്ത തുക കാലഹരണപ്പെടുന്നുണ്ട്.)

## 1-5 പദ്ധതി അവലോകനം

മുനിസിപ്പാലിറ്റിയിലെ നിർവ്വഹണ ഉദ്യോഗസ്ഥരുടെയും അവർ നടപ്പിലാക്കിയ പദ്ധതികളുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | അംഗീകാരം ലഭിച്ച പദ്ധതികളുടെ എണ്ണം | നടപ്പിലാക്കിയ പദ്ധതികളുടെ എണ്ണം | പദ്ധതി അടങ്കൽ | ചെലവ് | ചെലവു ശതമാനം |
|---|---|---|---|---|---|
| സെക്രട്ടറി | 39 | 23 | 4,81,28,859 | 2,52,08,609 | 52% |
| ഐ.സി.ഡി.എസ്. സൂപ്പർ വൈസർ | 3 | 3 | 1,28,04,200 | 1,26,61,756 | 99% |
| മെഡിക്കൽ ഓഫീസർ (സി. എച്ച്.സി.) | 3 | 3 | 23,30,000 | 23,29,996 | 100% |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | 3 | 3 | 13,90,000 | 13,90,000 | 100% |
| കൃഷി ഓഫീസർ | 8 | 8 | 31,54,658 | 26,54,658 | 84% |
| ഡെ. ഡയറക്ടർ (ക്ഷീര വികസനം) | 1 | 1 | 5,00,000 | 5,00,000 | 100% |

| | | | | | |
|---|---|---|---|---|---|
| വെറ്ററിനറി സർജൻ | 2 | 2 | 13,80,000 | 13,80,000 | 100% |
| ഹെൽത്ത് ഇൻസ്പെക്ടർ | 12 | 9 | 1,31,73,699 | 58,06,006 | 44% |
| പ്രിൻസിപ്പാൾ, ഗവ.ഹയർ സെക്കണ്ടറി | 1 | 1 | 5,00,000 | 4,94,998 | 99% |
| മുനിസിപ്പൽ എഞ്ചിനീയർ | 324 | 240 | 7,95,19,412 | 4,51,27,955 | 57% |
| ആകെ | 396 | 293 | 16,28,80,828 | 9,75,53,978 | 60% |

ഡി.പി.സി. അംഗീകാരം ലഭിച്ച 399 പ്രൊജക്ടുകളിൽ 293 എണ്ണം ഓഡിറ്റ് വർഷം നടപ്പാക്കിയിട്ടുണ്ട്. ആകെ പദ്ധതി അടങ്കലായി 16,28,80,828/- രൂപ വകയിരുത്തിയതിൽ 9,75,53,978/- രൂപ (60%) പദ്ധതിക്കായി ചെലവഴിച്ചു.

വനിതാ ഘടക പദ്ധതിയിലുൾപ്പെടുത്തി 22-23 വർഷത്തിൽ കൊടുവള്ളി മുൻസിപ്പാലിറ്റിയിൽ കൃഷി ഓഫീസർ, വെറ്ററിനറി സർജൻ എന്നീ നിർവഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ 3 പദ്ധതികളുണ്ട്. സ.ഉ.(കൈ)നം.84/2022/തസ്വഭവ. തിയ്യതി 19.04.2022 നമ്പർ പതിനാലാം പഞ്ചവത്സര പദ്ധതി മർഗ്ഗരേഖയിലെ ഖണ്ഡിക 6.3 ൽ വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കാവുന്ന പദ്ധതികളെ കുറിച്ച് വ്യക്തമായി പ്രതിപാദിക്കുന്നുണ്ട്. സ്ത്രീകളുടെ തൊഴിലും വരുമാനവും സാമൂഹ്യ പദവിയും വർധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങളായിരിക്കണം വനിതാ ഘടക പദ്ധതിയിൽ ലക്ഷ്യമിടേണ്ടത്. അതായത് ഉത്പാദനാധിഷ്ഠിതവും സേവനാധിഷ്ഠിതവുമായ നൂതന സംരംഭങ്ങൾ കുടുംബശ്രീയുടെ സഹായത്തോടെ നടപ്പാക്കൽ, സ്ത്രീകളുടെ തൊഴിൽ - വരുമാന വർദ്ധനവിനായി സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കൽ, സ്വയം തൊഴിൽ സംരംഭകരുടെ ഉത്പന്നങ്ങളുടെ വിപണനകേന്ദ്രങ്ങൾ ആരംഭിക്കൽ, ജാഗ്രതാസമിതികൾ ശക്തിപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ, സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള അതിക്രമങ്ങൾ ഒഴിവാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ, സ്കൂളുകളിലെ പെൺകുട്ടികളുടെ സൗകര്യാർത്ഥം നാപ്കിൻ വെന്റിംഗ് യൂണിറ്റുകൾ സ്ഥാപിക്കുന്ന പ്രോജക്ടുകൾ വനിതകൾക്ക് പ്രതിരോധ പരിശീലനം നൽകുന്നതിനും യോഗ പരിശീലനം നൽകുന്നതിനുമുള്ള പ്രോജക്ടുകൾ മുതലായവയാണ് വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്തി ചെയ്യാവുന്നത്. കൃത്യമായ വിവര ശേഖരണത്തിന്റെ അടിസ്ഥാനത്തിൽ വനിതകളുടെ സാമൂഹ്യ സാമ്പത്തിക പദവി ഉയർത്തുന്നതിനാണ് വനിതാ ഘടകപദ്ധതി തദ്ദേശഭരണ സ്ഥാപനങ്ങളിൽ തയ്യാറാക്കേണ്ടത്. പദ്ധതി മാർഗ്ഗരേഖയ്ക്കു വിരുദ്ധമായി വനിതാ ഘടകപദ്ധതിയിൽ തുക വകയിരുത്തി പ്രോജക്ടുകൾ തയ്യാറാക്കി പദ്ധതി തുക ചെലവഴിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ഇക്കാര്യം ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധയിൽ കൊണ്ടുവരുന്നു.

കുട്ടികളുടെയും വനിതകളുടെയും വികസനം സംബന്ധിച്ച വർക്കിംഗ് ഗ്രൂപ്പ് മിനുട്ട്സിൽ ഇത്തരം പദ്ധതികൾ ആവിഷ്കരിക്കേണ്ടതു സംബന്ധിച്ച് അജണ്ടകൾ ഉൾപ്പെടുത്തിയിരുന്നെങ്കിലും അംഗൻവാടി പോഷകാഹാര വിതരണവും ഭിന്നശേഷിക്കാർക്കുള്ള സ്കോളർഷിപ്പും മാത്രമാണ് പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കിയത്. ആരോഗ്യം, ക്ഷീര വികസനം, വിദ്യാഭ്യാസം, മൃഗസംരംക്ഷണം തുടങ്ങിയ മേഖലകളിൽ പദ്ധതികൾ തീരെ കുറച്ചാണ് നടപ്പാക്കിയത്. 2011 സെൻസസ് പ്രകാരം പട്ടിക വർഗ്ഗ ജനസംഖ്യ 367 ആണ്. എന്നാൽ കഴിഞ്ഞ 2 വർഷങ്ങളിലായി ടി.എസ്.പി. ഫണ്ട് സംസ്ഥാന ബജറ്റിൽ ഉൾപ്പെടുത്താത്തതിനാൽ മുനിസിപ്പാലിറ്റിക്ക് ലഭിക്കുന്നില്ല. അതുകൊണ്ട് തന്നെ പി.എം.എ.വൈ. പദ്ധതിയിൽ ജനറൽ ഫണ്ടിലുൾപ്പെടുത്തി 3 പേർക്ക് ഭവന നിർമ്മാണത്തിനുള്ള ഗഡുക്കൾ നൽകിയതല്ലാതെ മറ്റു വികസന പദ്ധതികളൊന്നും മുനിസിപ്പാലിറ്റിയിൽ നടപ്പാക്കിയിട്ടില്ല. ടി.എസ്.പി. ഫണ്ട് ലഭ്യമാക്കാനുള്ള നടപടികൾ മുനിസിപ്പാലിറ്റി സ്വീകരിച്ചതായി കാണുന്നില്ല. പ്രസ്തുത വിഷയം ഖണ്ഡിക 1-38 ആയി പരാമർശിച്ചിട്ടുണ്ട്. ഫണ്ട് വിനിയോഗത്തിലെ കുറവ് കാരണം നഗരസഭയ്ക്ക് 1.36 കോടി നഷ്ടപ്പെട്ടതു സംബന്ധിച്ച് ഖണ്ഡിക 1-41 ആയി ഉൾപ്പെടുത്തിയതും കൂടി കാണുക.

## 1-6 ക്ഷേമ പദ്ധതികൾ

മുനിസിപ്പാലിറ്റിയിൽ നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക |
|---|---|
| തൊഴിൽ രഹിത വേതനം | 4,320 |
| കർഷക തൊഴിലാളി പെൻഷൻ | 4,832,000 |
| വിധവാ പെൻഷൻ | 23,076,300 |
| വാർദ്ധക്യകാല പെൻഷൻ | 37,604,200 |
| വികലാംഗ പെൻഷൻ | 7,632,000 |
| 50 വയസ്സ കഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1,075,200 |
| വിവാഹ ധനസഹായം | 90,000 |

## 1-7 ക്യാഷ് ബാലൻസ് പരിശോധന

1994- ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 08.01.2024 ന് സ്ഥാപന തലവന്റെ/ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ഇംപ്രസ്റ്റ് ഇനത്തിൽ 4,720/- രൂപയുടെ നീക്കിയിരിപ്പുണ്ടെന്ന് ബോദ്ധ്യപ്പെട്ടു.

## 1-8 ആഭ്യന്തര നിയന്ത്രണം

മുനിസിപ്പാലിറ്റിയുടെ ആഭ്യന്തര നിയന്ത്രണ സംവിധാനം കൂടുതൽ മെച്ചപ്പെടേണ്ടതുണ്ടെന്ന് പരിശോധനകളിൽ നിന്ന് ബോധ്യപ്പെടുന്നു. 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമങ്ങളിലെ വകുപ്പ് 228 അനുസരിച്ച് ജീവനക്കാരുടെ കർത്തവ്യങ്ങൾ സെക്രട്ടറി നിർദ്ദേശിക്കേണ്ടതും അവരുടെ മേൽ നിയന്ത്രണവും മേൽ നോട്ടവും സെക്രട്ടറി വഹിക്കേണ്ടതുമാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ മേൽ നിയമത്തിലെ വകുപ്പ് 15(3)(ബി) അനുസരിച്ച് മുനിസിപ്പാലിറ്റിയിലെ എല്ലാ ഉദ്യോഗസ്ഥന്മാരും ജീവനക്കാരും ചെയ്യുന്ന കൃത്യങ്ങളുടെയും എടുത്ത നടപടികളുടെയും മേൽനോട്ടം ചെയർപേഴ്സന്റെ ഉത്തരവാദിത്തമാണ്. ആഭ്യന്തര നിയന്ത്രണത്തിന്റെ കാര്യത്തിൽ ചെയർപേഴ്സണോ സെക്രട്ടറിയോ ആവശ്യമായ ശ്രദ്ധ ചെലുത്തിയിട്ടില്ല എന്നത് ഓഡിറ്റിന് വേണ്ട രജിസ്റ്ററുകളും മറ്റു രേഖകളും യഥാസമയം ഹാജരാക്കാൻ ജീവനക്കാർക്ക് സാധിക്കാതിരുന്നതിൽ നിന്നും വ്യക്തമാണ്. ജോലി വിഭജനം സംബന്ധിച്ച ഉത്തരവുകൾ ആവശ്യപ്പെട്ടതിന് 13.3.2019 ൽ തയ്യാറാക്കിയ ജോലിവിജന രേഖയാണ്

ഓഡിറ്റിൽ ഹാജരാക്കിയത്. 3.1.2024 ന് മുനിസിപ്പാലിറ്റിയുടെ 2022-23 വർഷത്തെ ഓഡിറ്റ് ആരംഭിച്ചപ്പോൾ ഓഡിറ്റിന് സഹായമായ രീതിയിൽ രേഖകൾ ഹാജരാക്കാൻ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർക്ക് സാധിച്ചിട്ടില്ല. രശീതി പരിശോധനയുമായി ബന്ധപ്പെട്ട് കളക്ഷൻ രജിസ്റ്ററുകളും അതുമായി ബന്ധപ്പെട്ട രശീതി ബുക്കുകളും ക്രമമായി എടുത്തു സൂക്ഷിക്കാത്തതിനാലും ഹാജരാക്കിയ കളക്ഷൻ രജിസ്റ്ററിൽ രശീതി ബുക്ക് നമ്പറും രശീതി നമ്പറും രേഖപ്പെടുത്താത്തതിനാലും പിരിവു വന്ന തുകകളുടെയും തുക അടവാക്കുന്നതിന്റെയും കൃത്യത പരിശോധിക്കാൻ സാധിക്കാതെ വന്നപ്പോൾ ഓഡിറ്റിൽ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഒരു ക്ലർക്ക് മാത്രം ബസ് സ്റ്റാന്റ് പിരിവുമായി ബന്ധപ്പെട്ട രശീതിയുടെ വിശദാംശങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തുകയുണ്ടായി. രശീതി ബുക്കുകൾ ലാഘവത്തോടെ കൈകാര്യം ചെയ്യുന്നതും മേൽ നോട്ടത്തിന്റെ അഭാവവും കളക്ഷൻ രജിസ്റ്റർ കൈകാര്യം ചെയ്യുന്നതിലെ അപാകതകളും സംബന്ധിച്ച് ഖണ്ഡിക 1-14 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

ഓരോ ജീവനക്കാരനും അവരുടെ ജോലികൾ വിഭജിച്ചു നൽകുന്നതോടൊപ്പം പിരിവിനു നിയോഗിക്കപ്പെട്ട ജീവനക്കാർക്ക് ഓരോ വാർഡിന്റെയും ചുമതല നൽകി ഓരോരുത്തരും പിരിച്ചെടുക്കേണ്ടതായ തുകക്ക് ടാർജറ്റ് നിശ്ചയിച്ചു നൽകാൻ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർ/ സെക്രട്ടറി ഓഡിറ്റ് പിരീഡിലും നിലവിലും ശ്രദ്ധ ചെലുത്തിയിട്ടില്ല. ഇത്തരം നടപടികളുടെ അഭാവം മുനിസിപ്പാലിറ്റിയുടെ തനതു വരുമാനത്തിന്റെ ശോഷണത്തിന് കാരണമാകും. പിരിവിന് നിയോഗിക്കപ്പെട്ട ഉദ്യോഗസ്ഥരുടെ പിരിവ് രജിസ്റ്റർ രശീത് ബുക്കുമായി ഒത്തു നോക്കി ഓരോ ദിവസവും കാഷ് കൗണ്ടറിൽ അടവാക്കിയ തുകയുടെ കൃത്യത മേലുദ്യോഗസ്ഥരായ റവന്യൂ ഇൻസ്പെക്ടർ, സൂപ്രണ്ട് എന്നിവർ പരിശോധിച്ച് ഉറപ്പാക്കുന്നില്ല. പ്രധാന വരുമാന ഇനമായ വസ്തു നികുതി, തൊഴിൽ നികുതി, മറ്റു വരവിനങ്ങൾ എന്നിവയുടെ കൃത്യത ഉറപ്പു വരുത്തുന്നതിന് കുടിശ്ശിക/ തൻവർഷ ഡിമാന്റ്, തുടങ്ങിയവക്ക് രജിസ്റ്ററുകൾ സൂക്ഷിച്ചു പോരുന്നില്ല. വിവിധ തനതു ഫണ്ട് വരവിനങ്ങൾ സംബന്ധിച്ച് വാടക, തൊഴിൽ നികുതി, ലേലം തുടങ്ങിയവയുടെ ഫയലുകൾ, ട്രേഡേഴ്സ് ലിസ്റ്റ് തുടങ്ങിയവയും ഓഡിറ്റ് കാലയളവിൽ സൂക്ഷിച്ചിട്ടില്ല. ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും പിടിക്കുന്ന പ്രോവിഡണ്ട് ഫണ്ടിന്റെ വിശദാംശങ്ങൾ സൂക്ഷിക്കുന്നതിന് രജിസ്റ്ററോ ഫയലോ മുനിസിപ്പാലിറ്റിയിൽ ഇല്ല. നഗരസഭക്ക് ലഭിക്കേണ്ടതായ വിവിധ നികുതികൾ, ലൈസൻസ് ഫീസ്, കുത്തക ലേലങ്ങൾ, തുടങ്ങിയ വരവുകൾക്ക് മേൽ നോട്ടം വഹിക്കേണ്ടതും പീരിയോഡിക്കൽ റിവ്യൂ നടത്തേണ്ടതും ബിൽ കളക്ടർമാരുടെ ഡയറി ദിവസേന പരിശോധിക്കേണ്ടതും നികുതി നികുതിയേതര വരുമാനങ്ങൾ യഥാസമയം പിരിച്ചെടുക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും 13.3.2019 ൽ തയ്യാറാക്കിയ ജോലിവിജന രേഖ പ്രകാരം റവന്യൂ ഇൻസ്പെക്ടറാണ്. 13.3.2019 നു ശേഷം ജീവനക്കാരുടെ ജോലി വിഭജിച്ചുകൊണ്ട് സെക്രട്ടറി ഉത്തരവുകൾ പുറപ്പെടുവിക്കാത്തതിനാൽ നിലവിലുള്ള ഉത്തരവുകൾ പാലിക്കാൻ ഉദ്യോഗസ്ഥർ ബാധ്യസ്ഥരാണ്. എന്നാൽ ഇതിനു വിപരീതമായി തങ്ങൾ ചെയ്യുന്ന ജോലിയിൽ യാതൊരു ഉത്തരവാദിത്തവുമില്ലാത്ത രീതിയിൽ സെക്ഷനുകൾ കൈകാര്യം ചെയ്യുന്ന രീതിയാണ് മുനിസിപ്പാലിറ്റി സ്വീകരിച്ചിട്ടുള്ളത്. ഓഡിറ്റിൽ ആവശ്യപ്പെട്ട രേഖകൾ യഥാസമയം ലഭ്യമാക്കുന്നതിൽ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർ വീഴ്ച വരുത്തിയതിനാൽ 1997 ലെ കേരള മുനിസിപ്പാലിറ്റി (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 12 (2) പ്രകാരം അത്തരം രേഖകളോ കണക്കുകളോ നിലവിൽ ഇല്ല എന്ന് കണക്കാക്കി അതിനനുസരിച്ച നടപടികളാണ് 2022-23 വർഷത്തെ ഓഡിറ്റിൽ സ്വീകരിച്ചിരിക്കുന്നത്.

1994 ലെ കേരള മുനിസിപ്പാലിറ്റി നിയമങ്ങളിലെ 15(3) (ഡി) വകുപ്പ് അനുസരിച്ച് മുനിസിപ്പാലിറ്റിയെ സംബന്ധിക്കുന്ന പണം കൊടുക്കലും പണം തിരികെ കൊടുക്കലും ചെയർ പേഴ്സൺ അധികൃതമാക്കേണ്ടതുണ്ട്. എന്നാൽ മുനിസിപ്പാലിറ്റിയുടെ 2022 ഏപ്രിൽ മുതൽ സെപ്തംബർ വരെയുള്ള ചെലവുകളും റീ ഫണ്ടുകളും ചെയർപേഴ്സൺ അധികൃതമാക്കിയിട്ടില്ല. മാത്രമല്ല കണ്ടീജന്റ് ബില്ലുകൾക്കൊപ്പം സെക്രട്ടറി ഉത്തരവു നടപടികൾ തയ്യാറാക്കേണ്ടതാണ്. ചെയർപേഴ്സൺ അധികൃതമാക്കാതെയും സെക്രട്ടറിയുടെ ഉത്തരവു നടപടികളില്ലാതെയും ആണ് മുനിസിപ്പാലിറ്റി ചെലവുകൾ നടത്തിയത്.

2018-19 മുതലുള്ള ഓഡിറ്റ് റിപ്പോർട്ടുകൾക്ക് സമയബന്ധിതമായി മറുപടി ലഭ്യമാക്കുന്നതിൽ നഗരസഭ

വീഴ്ച വരുത്തിയിട്ടുണ്ട്. 1997 ലെ കേരള മുനിസിപ്പാലിറ്റി (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 14(2) പ്രകാരം മുനിസിപ്പാലിറ്റിക്ക് ലഭിച്ച ഓഡിറ്റ് റിപ്പോർട്ടിന്റെ പകർപ്പ് അതിൻമേൽ സെക്രട്ടറി തയ്യാറാക്കിയ കുറിപ്പോടു കൂടി ഇതിലേക്ക് പ്രത്യേകം വിളിച്ചു കൂട്ടിയ കൗൺസിൽ യോഗത്തിൽ പരിഗണനയ്ക്കായി വയ്ക്കേണ്ടതാണ്. അത്തരം നടപടികൾ മുനിസിപ്പാലിറ്റിയുടെ ഭാഗത്തു നിന്നും ഉണ്ടായിട്ടില്ല. നഗര സഭ സ്റ്റാന്റിംഗ് കമ്മറ്റികളുടെ ഭാഗത്തു നിന്നും ഭരണസമിതിയുടെ ഭാഗത്തു നിന്നും ഓഡിറ്റ് റിപ്പോർട്ട് പരാമർശങ്ങൾ തീർപ്പാക്കുന്നതിൽ ചർച്ചകൾ നടത്തുകയോ പരാമർശങ്ങൾ തീർപ്പാക്കുന്നതിന് വേണ്ടത്ര പ്രാധാന്യം നൽകുകയോ ചെയ്യുന്നില്ല. ഇതു സംബന്ധിച്ച് ഖണ്ഡിക 1-13 ആയി പരാമർശം ഉൾപ്പെടുത്തിയിട്ടുണ്ട്. മുനിസിപ്പാലിറ്റിയുടെ ആഭ്യന്തര നിയന്ത്രണ സംവിധാനം മെച്ചപ്പെടുത്താനുള്ള നടപടികൾ സെക്രട്ടറിയുടെയും ഭരണ സമിതിയുടെയും ഭാഗത്തു നിന്നും ഉണ്ടാവേണ്ടതാണ്.

## 1-9 ടാക്സ് ഓഡിറ്റ്

ആറാം ധനകാര്യ കമ്മീഷന്റെ രണ്ടാമത് റിപ്പോർട്ടിലെ ശുപാർശകൾ പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വിഭവസമാഹരണത്തിന്റെ കാര്യക്ഷമതയ്ക്ക് പ്രാധാന്യം നൽകിക്കൊണ്ട് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ടാക്സ് ഓഡിറ്റ് നടത്തുന്നതിനുള്ള സർക്കാർ നിർദേശപ്രകാരം സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 11.07.2023 ലെ ഡി.കെ.എസ്.എ.3683/ എസ്.എസ്. 3/2019 നമ്പർ കത്തിലെ മാർഗനിർദേശങ്ങളുടെ അടിസ്ഥാനത്തിൽ നഗരസഭയുടെ 2022-23 സാമ്പത്തിക വർഷത്തെ തനത് വരുമാനത്തെ ബന്ധപ്പെടുത്തികൊണ്ടുള്ള ടാക്സ് ഓഡിറ്റ് നടത്തിയതിന്റ അടിസ്ഥാനത്തിൽ കണ്ടെത്തിയ വിഷയങ്ങൾ ചുവടെ കൊടുക്കുന്നു.

പ്രാദേശിക സ്വയംഭരണ സ്ഥാപനങ്ങളായ നഗരസഭകൾക്ക് സ്വതന്ത്രമായി പ്രവർത്തിക്കുന്നതിനും അവയിൽ നിക്ഷിപ്തമായ ചുമതലകൾ യഥാവിധി നിറവേറ്റുന്നതിനും പണം ആവശ്യമാണ്. കേന്ദ്ര-സംസ്ഥാന സർക്കാരുകളിൽ നിന്ന് ലഭിക്കുന്ന വിഹിതങ്ങളും ധനസഹായങ്ങളും, നികുതി നികുതിയേതര തനതു സ്രോതസ്സുകളുമാണ് നഗരസഭയുടെ വരുമാന മാർഗ്ഗങ്ങൾ. സംസ്ഥാന നിയമനിർമ്മാണ സഭകൾ നിയമം വഴി നിർദ്ദേശിക്കുന്ന നികുതികളും തീരുവകളും ചുങ്കങ്ങളും ഫീസുകളും ചുമത്തുന്നതിനും, വസൂലാക്കുന്നതിനും, വിനിയോഗിക്കുന്നതിനും ഭരണഘടനയുടെ ആർട്ടിക്കിൾ 243 (എച്ച്) പ്രകാരം നഗരസഭകൾക്ക് അധികാരമുണ്ട്. അതു പ്രകാരം വസൂലാക്കപ്പെടുന്ന നികുതികളും തീരുവകളും ചുങ്കങ്ങളും ഫീസുകളുമാണ് നഗരസഭകളുടെ പ്രധാന തനതു വരുമാന സ്രോതസ്സുകൾ. മേൽപറഞ്ഞവയിൽ വസ്തുനികുതി മുഖേനയാണ് നഗരസഭകൾക്ക് ഏറ്റവുമധികം തനതു വരുമാനം ലഭിച്ചുവരുന്നത്. മറ്റ് ലഭ്യമാക്കാവുന്ന എല്ലാ വിഭവങ്ങളും പൂർണ്ണതോതിൽ സമാഹരിച്ചെങ്കിൽ മാത്രമേ നഗരസഭയ്ക്ക് സേവന പ്രവർത്തനങ്ങളും വികസന പ്രവർത്തനങ്ങളും കുറ്റമറ്റ രീതിയിൽ നടപ്പാക്കാൻ സാധിക്കുകയുള്ളൂ. ഇതിനായി നികുതി, ഫീസ്, വാടക, സേവന ഉപ നികുതി തുടങ്ങിയവ കുറ്റമറ്റ രീതിയിൽ നിർണ്ണയിച്ചിട്ടുണ്ടെന്നും ഇത് മുഴുവൻ നഗരസഭയുടെ ഡിമാന്റിൽ കൊണ്ടുവന്നു എന്ന് ഉറപ്പ് വരുത്തേണ്ടതും അവ പൂർണ്ണമായി പിരിച്ചെടുത്തിട്ടുണ്ടെന്നും പിരിച്ചെടുത്ത തുകകൾ പൂർണ്ണമായി (ട്രഷറി / ബാങ്ക്) എത്തിച്ചേർന്നിട്ടുണ്ടെന്നും ഉറപ്പ് വരുത്തേണ്ട ചുമതല നഗരസഭ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയ്ക്കാണ്. 2022-23 സാമ്പത്തിക വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി കൊടുവള്ളി നഗരസഭയിലെ ടാക്സ് ഓഡിറ്റ് സംബന്ധിച്ച വിവരങ്ങൾ താഴെ ചേർക്കുന്നു.

1)വസ്തുനികുതി.

നഗരസഭയ്ക്ക് ഏറ്റവും അധികം തനത് വരുമാനം ലഭിച്ചുവരുന്നത് വസ്തുനികുതി മുഖേനയാണ്. എന്നാൽ കൊടുവള്ളി ഗ്രാമപഞ്ചായത്ത് നഗരസഭയായ 2015 മുതൽ നാളിതുവരെയായി നഗരസഭയിലെ മുഴുവൻ കെട്ടിടങ്ങളും ഉൾപ്പെടുത്തി വസ്തുനികുതി ഡിമാന്റ് പൂർണ്ണമാക്കുകയോ നികുതി നഗരസഭാ നിരക്കിൽ പരിഷ്കരിക്കുകയോ ചെയ്യുന്നതിൽ നഗരസഭ പരാജയപ്പെട്ടിട്ടുണ്ട്. ഇത് നഗരസഭയിലെ വികസന ക്ഷേമ പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കപ്പെടേണ്ട ലക്ഷങ്ങളുടെ വരുമാന നഷ്ടം നഗരസഭയ്ക്ക് ഓരോ വർഷവും ഉണ്ടാക്കുന്നതായി ഓഡിറ്റിന് ബോധ്യപ്പെട്ടിട്ടുണ്ട്. വിശദ വിവരം ചുവടെ കൊടുക്കുന്നു.

A)വസ്തുനികുതി പരിഷ്കരണ നടപടികളിൽ കാലതാമസം

1994 ലെ കേരള മുൻസിപ്പാലിറ്റി ആക്റ്റ് 230,231,233 വകുപ്പ് പ്രകാരവും തദ്ദേശ സ്വയംഭരണവകുപ്പിന്റെ 14.01.2011ലെ സ.ഉ (അ) നം.18/2011ഉം 19/2011 പ്രകാരമുള്ള 2011 ലെ കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ പ്രകാരവും പഴയ നികുതിദായകർക്ക് 01/04/2011 മുതലും പുതിയ നികുതിദായകർക്ക് 01/04/2013 മുതലും തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിലും, മേഖലാടിസ്ഥാനത്തിലും, ഉപയോഗക്രമത്തിന്റെ അടിസ്ഥാനത്തിലും നികുതി നിർണ്ണയം ബാധകമാക്കി നികുതി നിർണ്ണയിക്കുന്നതിനും, പഴയ കെട്ടിടങ്ങൾക്ക് നികുതി പുനർനിർണ്ണയിക്കുന്നതിനും നിർദ്ദേശിച്ചിട്ടുള്ളതാണ്. മേൽ ചട്ടങ്ങളുടെയും ഉത്തരവുകളുടെയും അടിസ്ഥാനത്തിൽ നഗരസഭ കൗൺസിലിന്റെ 27.12.2016 തീയതിയിലെ 233/16നമ്പർ തീരുമാന പ്രകാരം വസ്തുനികുതി നിരക്കും, മേഖലകൾ തിരിച്ചും അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ കൊടുവള്ളി നഗരസഭ നാളിതുവരെ ഇത്തരത്തിലുള്ള വസ്തുനികുതി പരിഷ്കരണം പൂർത്തീകരിച്ചിട്ടില്ല. വസ്തുനികുതി നിർണ്ണയ (സഞ്ചയ) സോഫ്റ്റ് വെയറിൽ നിലവിൽ നികുതി അടവാക്കുന്ന കെട്ടിടങ്ങളുടെ വിവരങ്ങൾ പോലും ഉൾപ്പെടുത്തിയതായി കാണുന്നില്ല. സർക്കാർ ഉത്തരവ് സമയബന്ധിതമായി നടപ്പിലാക്കാത്തതിനാൽ പ്രധാന വരുമാന ഇനമായ വസ്തുനികുതിയിനത്തിൽ മുൻസിപ്പൽ ഫണ്ടിന് ഭീമമായ വരുമാന നഷ്ടം സംഭവിക്കുന്നതിന് ഇടയാക്കിയിട്ടുണ്ട്.

ഇത് കൂടാതെ 05.04.2023 ലെ സ.ഉ(അച്ചടി).നം.25/2023/LSGD ഉത്തരവ് പ്രകാരം വസ്തു നികുതി നിരക്കുകളുടെ ഏറ്റവും കുറഞ്ഞതും കൂടിയതുമായ പരിധി വിജ്ഞാപനം ചെയ്യുകയും 22.03.2023 ലെ സ.ഉ(സാധാ) 77/2023/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം 01.04.2023 പ്രാബല്യത്തിൽ വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. വസ്തു നികുതി പരിഷ്കരണ നിരക്കുകൾ ഭരണ സമിതിയുടെ 15.07.2023 ലെ 8/1 നമ്പർ തീരുമാന പ്രകാരം പുതുക്കി നിശ്ചയിച്ച് നിരക്കുകൾ അന്തിമമാക്കി വിജ്ഞാപനം ചെയ്തിട്ടുണ്ട്. 2022-23 വർഷം വരെ നികുതി നിർണ്ണയിച്ചിട്ടുള്ള എല്ലാ കെട്ടിടങ്ങളും വാർഷിക വസ്തുനികുതിയോടൊപ്പം 2023-24 മുതൽ ഓരോ വർഷവും തൊട്ടു മുൻവർഷത്തിൽ പ്രാബല്യത്തിലിരുന്ന നികുതിയുടെ 5 ശതമാനം വീതം വർദ്ധനവ് വരുത്തി അടുത്ത അഞ്ചു വർഷത്തേക്കുള്ള വസ്തുനികുതി പരിഷ്കരിക്കേണ്ടതാണെന്ന് 22.03.2023 ലെ സ.ഉ(സാധാ) 77/2023/ത.സ്വ.ഭ.വ നമ്പർ ഉത്തരവിലെ ഖണ്ഡിക (1) ൽ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ 2023-24 വർഷത്തെ ഡിമാന്റും ഓരോ വർഷവും 5% വീതം നികുതി വർദ്ധിക്കും എന്ന വ്യവസ്ഥ ഉൾപ്പെടുത്തിക്കൊണ്ടുള്ള ഡിമാന്റ് നോട്ടീസും 9 എ ഫോറത്തിൽ കെട്ടിട ഉടമകൾക്ക് നൽകുകയും ചെയ്തിട്ടില്ല.

മേൽ പരാമർശിച്ച പ്രകാരം കൗൺസിലിന്റെ 2016 ലെ തീരുമാനപ്രകാരമുള്ള മുൻ വസ്തുനികുതി പരിഷ്കരണം പോലും നടപ്പിലാക്കാത്തതിനാൽ 2023 ലെ നികുതി പരിഷ്കരണ നടപടികളും പൂർത്തിയാക്കാൻ കഴിയാത്ത സാഹചര്യമാണ് നഗരസഭയിൽ നിലനിൽക്കുന്നത്. 2023ലെ വസ്തു നികുതി പരിഷ്കരണ ഉത്തരവിന്റെ ഭാഗമായി നഗരസഭയിലെ മുഴുവൻ കെട്ടിടങ്ങളും ഫീൽഡ് തല പരിശോധന നടത്തി വിവരശേഖരണത്തിനും, ഡാറ്റാ എൻട്രി നടത്തുന്നതിനുമായി സിവിൽ ടെക്നിക്കൽ ക്വാളിഫിക്കേഷൻസ് ഉള്ള 16പേരെ നിയമിക്കുന്നതിനും, ഒരു കെട്ടിടത്തിന് പരമാവധി 30/-രൂപ തനത് ഫണ്ടിൽ നിന്നും വിനിയോഗിക്കുന്നതിനും 15-07-2023ലെ 3/1നമ്പർ തീരുമാനം നഗരസഭ എടുത്തിട്ടുണ്ട്. എന്നാൽ തുടർ നടപടികളുടെ വിശദാംശം ലഭ്യമാക്കിയിട്ടില്ല. 35ലക്ഷം രൂപയിലധികം തുക ചെലവഴിച്ച് ജി.ഐ.എസ് മാപ്പിംഗ് പ്രവൃത്തി പൂർത്തിയാക്കിയിട്ടും മേൽ പരാമർശിച്ച പ്രകാരം ഫീൽഡ് പരിശോധനയ്ക്ക് തുക ചെലവഴിക്കുന്നത് ജി.ഐ.എസ് മാപ്പിംഗ് പ്രവൃത്തി പരാജയമാണ് എന്നതിന്റെ തെളിവാണ്. കൂടാതെ ഒരേ പ്രവൃത്തി വീണ്ടും ചെയ്യുന്നതിലൂടെ നഗരസഭയ്ക്ക് അധിക തുക നഷ്ടമാവുകയും ചെയ്യുന്നതാണ്.

B) GIS മാപ്പിംഗ് പ്രവർത്തികൾ പൂർത്തീകരിച്ചില്ല

കൊടുവള്ളി നഗരസഭയിലെ കെട്ടിടങ്ങളും നഗരസഭാ ആസ്തികളും ജി.ഐ.എസ് മാപ്പിങ്ങ്

നടത്തുന്നതിനായി 04-10-2018 ലെ സ.ഉ(സാ.ധാ) നം.2556/18, ത.സ്വ.ഭ.വ നമ്പർ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 12-10-2018 ലെ കൗൺസിലിന്റെ 01/01 നമ്പർ തീരുമാന പ്രാകരം ഊരാളുങ്കൽ ലേബർ കോൺട്രാക്റ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയെ നോഡൽ ഏജൻസിയായി തീരുമാനിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ ജി.ഐ.എസ് മാപ്പിങ്ങിനായി പ്രോജക്റ്റ് നം.362/2018-19 ആയി 35 ലക്ഷം രൂപ വകയിരുത്തി പദ്ധതി രൂപീകരിക്കുകയും 07-01-2019 ന് ULCCSഉമായി 4000,000/- രൂപ അടങ്കൽ തുകയായി സെക്രട്ടറി കരാറിൽ ഏർപ്പെടുകയും ചെയ്തു. എന്നാൽ 2019 ൽ പൂർത്തിയായതായി ULCCS റിപ്പോർട്ട് നൽകിയ ഈ പദ്ധതി ബേസ് ഡാറ്റയുടെ അഭാവത്താൽ ഐ.കെ.എമ്മിന്റെ നഗരസഭയുടെ വസ്തുനികുതി കണക്കാക്കുന്ന സോഫ്റ്റ് വെയറുമായി സംയോജിപ്പിക്കാൻ കഴിഞ്ഞിട്ടില്ല. കൂടാതെ 2019-20 മുതൽ നാളിതുവരെ ഒക്യൂപ്പൻസി അനുവദിച്ച് കെട്ടിട നമ്പർ നൽകിയ കെട്ടിടങ്ങളെ ജി.ഐ.എസ് മാപ്പിംഗ് സോഫ്റ്റ് വെയറായ "ദൃഷ്ടി"യിൽ ഉൾപ്പെടുത്തിയിട്ടില്ല. ഇതിനാൽ തന്നെ 2018-19ൽ ആരംഭിച്ച് നാളിതുവരെയായി ജി.ഐ.എസ് മാപ്പിങ്ങിനായി നൽകിയ 352,1061/-രൂപ യഥാർത്ഥത്തിൽ നഗരസഭയ്ക്ക് വസ്തുനികുതി പരിഷ്കരണത്തിനു ഉപയോഗപ്രദമാവാതെ നഷ്ടപ്പെട്ട സ്ഥിതിയാണുള്ളത്. ഇത് സമ്പന്ധിച്ച അപാകതകളുടെ വിശദ വിവരം ഈ റിപ്പോർട്ടിലെ ഖണ്ഡിക 1-10ൽ പരാമർശിച്ചിട്ടുണ്ട്.

C) വസ്തുനികുതി നിർണ്ണയം- അപാകതകൾ

നഗരസഭയിലെ കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയവുമായി ബന്ധപ്പെട്ട് മുൻ വർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ നികുതി നഷ്ടം സംഭവിച്ചതായ പരാമർശങ്ങൾ നാളിതുവരെ പരിഹരിക്കുകയോ മറുപടി ലഭ്യമാക്കുകയോ ചെയ്തിട്ടില്ല. വസ്തുനികുതി നിർണ്ണയിക്കുന്ന സഞ്ചയ സോഫ്റ്റ് വെയറിൽ കെട്ടിടത്തിന്റെ അടിസ്ഥാന വിവരങ്ങൾ തെറ്റായി നൽകുന്നതും തെറ്റായി മേഖലകളും, റോഡും, തറവിസ്തീർണ്ണവും, തറ നിർമ്മിതിയുമുൾപ്പടെ രേഖപ്പെടുത്തുന്നത് ചൂണ്ടിക്കാണിച്ചിട്ടും ആയവ പരിഹരിക്കാതെ പഴയ നികുതി തന്നെ ഈടാക്കിവരുന്നത് നഗരസഭയുടെ ഭാഗത്തുനിന്നുള്ള ഗുരുതര വീഴ്ചയാണ്. തെറ്റായ നടപടികൾ സ്വീകരിക്കുന്നത് മൂലവും വിനിയോഗക്രമത്തിനനുസൃതമായി നികുതി നിർണ്ണയിക്കാത്തത് മൂലവും വലിയ തുക സ്ഥാപനത്തിന് നികുതി നഷ്ടമുണ്ടാകുന്നുണ്ട്.

D) വസ്തുനികുതി അസസ്മെന്റ് രജിസ്റ്റർ സൂക്ഷിപ്പിലെ അപാകത

നഗരസഭയിലെ വസ്തു നികുതി കണക്കാക്കുന്നതിനായി സൂക്ഷിക്കുന്ന വസ്തു നികുതി അസസ്മെന്റ് രജിസ്റ്റർ 2022 സെപ്തംബർ മാസം മുതലാണ് എഴുതി സൂക്ഷിക്കുന്നത് എന്നാണ് ഓഡിറ്റ് എൻക്വയറിയ്ക്ക് (17/22-23) മറുപടിയായി ലഭ്യമാക്കിയിട്ടുള്ളത്. അതായത് 2022-23സാമ്പത്തിക വർഷത്തിൽ 2022-സെപ്തംബർ വരെ ഒക്യൂപ്പൻസി നൽകി കെട്ടിട നമ്പർ അനുവദിച്ച കെട്ടിടങ്ങൾ എവിടെയും രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല എന്ന് ഓഡിറ്റിന് ബോധ്യപ്പെട്ടു. 2022-23ന് മുൻ വർഷങ്ങളിലെ വസ്തു നികുതി അസസ്മെന്റ് രജിസ്റ്ററും ഓഡിറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. കൂടാതെ 2022-23വർഷത്തെ സഞ്ചയ പ്രകാരമുള്ള അസസ്മെന്റ് രജിസ്റ്റർ പ്രിന്റ് എടുത്ത് സാക്ഷ്യപ്പെടുത്തി സൂക്ഷിക്കാത്തതിനാൽ സോഫ്റ്റ് വെയർ പ്രകാരം കെട്ടിട നമ്പർ നൽകിയ കെട്ടിടങ്ങളുടെ വിശദാംശങ്ങളും ഓഡിറ്റിന് പരിശോധിക്കാൻ സാധിച്ചിട്ടില്ല. നഗരസഭ സേവനങ്ങൾ മുഴുവൻ ഓൺലൈനാവുന്നതിന്റെ ഭാഗമായി "കെ-സ്മാർട്ട്" ആരംഭിച്ച സാഹചര്യത്തിൽ സഞ്ചയ സോഫ്റ്റ് വെയർ താൽക്കാലികമായി ഡിസേബിൾ ആയതിനാൽ ഓഡിറ്റ് വേളയിൽ സഞ്ചയ പ്രകാരമുള്ള വസ്തു നികുതി അസ്സ്മെന്റ് തുടങ്ങിയ വിവരങ്ങൾ പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല. ഇതിനാൽ 2022 സെപ്തംബറിന് മുൻപ് കെട്ടിട നമ്പർ നൽകിയ കെട്ടിടങ്ങൾ ഏതൊക്കെ എന്നോ ഇതിന് നികുതി കണക്കാക്കിയതിന്റെ കൃത്യത പരിശോധിക്കുന്നതിനോ ഓഡിറ്റിന് സാധിച്ചിട്ടില്ല.

E) വസ്തുനികുതി കുടിശ്ശികയിൽ കൃത്യതയില്ല

ചുവടെ പട്ടിക പ്രകാരം നഗരസഭയുടെ 2021-22, 2022-23വർഷത്തെ വാർഷിക കണക്ക് ബാലൻസ് ഷീറ്റ് പ്രകാരം വസ്തു നികുതി ഇനത്തിലുള്ള കുടിശ്ശികയുടെ വിവരം കൊടുത്തിരിക്കുന്നു.

| | 2021-22,B-15 പ്രകാരം വസ്തുനികുതി കുടിശ്ശിക | 2022-23,B-15പ്രകാരം വസ്തു നികുതി കുടിശ്ശിക |
|---|---|---|
| തൻവർഷ വസ്തു നികുതി കുടിശ്ശിക | 2,284,981 | 3,049,076 |
| മുൻ വർഷ വസ്തു നികുതി കുടിശ്ശിക | 2,066,293 | 2,028,491 |
| | 4,351,274/- | 5,077,567/- |

വാർഷിക കണക്ക് പ്രകാരം 50ലക്ഷം രൂപയിലധികം തുക 20222-23വർഷം വസ്തു നികുതി ഇനത്തിൽ പരിച്ചെടുക്കാനായുണ്ട് എന്നത് നികുതി പിരിവിൽ നഗരസഭയുടെ അനാസ്ഥയെ കാണിക്കുന്നു. കുടിശ്ശിക പിരിച്ചെടുക്കുന്നതിനായി 2022-23വർഷം ക്യാമ്പ് കലക്ഷൻ നടത്തുകയോ മറ്റ് പ്രചരണ മാർഗ്ഗങ്ങൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല എന്നാണ് ഓഡിറ്റ് എൻക്വയറിയ്ക്ക് (17/22-23) നഗരസഭ മറുപടി നൽകിയിരിക്കുന്നത്. വസ്തു നികുതി പരിഷ്കരണം സമയബന്ധിതമായി പൂർത്തിയാക്കി കുടിശ്ശിക ഈടാക്കുന്നതിന് പകരം 2013മുതൽ 2019 വരെയുള്ള വസ്തു നികുതി കുടിശ്ശിക ഒഴിവാക്കി തരുന്നതിന് അനുവാദം നൽകുവാൻ ബഹു. കേരള സർക്കാരിനോട് പ്രമേയത്തിലൂടെ അഭ്യർത്ഥിക്കുകയാണ് (22-03-2023ലെ 5/1നമ്പർ കൗൺസിൽ തീരുമാനപ്രകാരം) നഗരസഭ ചെയ്തിരിക്കുന്നത്.

2) വേക്കൻസി റമിഷൻ അപേക്ഷകളിൽ സമയബന്ധിതമായി നടപടി സ്വീകരിക്കുന്നില്ല.

നഗരസഭയിൽ 2020-21, 2021-22എന്നീ വർഷങ്ങളിലെ വേക്കൻസി റമിഷൻ അപേക്ഷകളിൽ സ്റ്റാന്റിംഗ് കമ്മറ്റി നടപടി എടുക്കുന്നത് 2022-23ലാണ്. അതുപോലെ 2022-23 രണ്ടാം അർദ്ധ വർഷത്തെ വേക്കൻസി റമിഷൻ അപേക്ഷകളിൽ സ്റ്റാന്റിംഗ് കമ്മറ്റി നടപടി എടുക്കുന്നത് 2023-24 ൽ ആണ്. എന്നാൽ 2022-23 ഒന്നാം അർദ്ധ വർഷത്തെ വേക്കൻസി റമിഷൻ അപേക്ഷകളിൽ ഓഡിറ്റ് പിരീഡ് വരെ നടപടി എടുത്തിട്ടില്ല. ഇത് സമ്പന്ധിച്ച് ഈ റിപ്പോർട്ടിലെ ഖണ്ഡിക 1-12 ൽ വിശദമായി പരാമർശിച്ചിട്ടുണ്ട്.

3) പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തുന്നില്ല

2019 ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടത്തിലെ ,ചട്ടം 21 പ്രകാരം $50M^2$ ന് മുകളിലുള്ള എല്ലാ വാണിജ്യ കെട്ടിടങ്ങളിലും ഒക്യുപ്പൻസി സർട്ടിഫിക്കറ്റ് നൽകി രണ്ട് വർഷത്തിനുള്ളിൽ സെക്രട്ടറി പോസ്റ്റ് ഒക്യുപ്പൻസ് ഓഡിറ്റ് നടത്തേണ്ടതാണ് എന്ന് വ്യക്തമാക്കുന്നുണ്ട്.

ഒക്യുപ്പൻസിയും കെട്ടിട നമ്പറും വാങ്ങിയ ശേഷം കെട്ടിടത്തിൽ ചട്ട വിരുദ്ധമായ മാറ്റം വരുത്തി ഉപയോഗിക്കുന്നത് പോസ്റ്റ് ഒക്യുപ്പൻസി കൃത്യമായ ഇടവേളകളിൽ നടത്താത്തതാണ് എന്ന് വ്യക്തമാണ്. അപാകതയ്ക്ക് മറുപടി ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (26/22-23) മറുപടി ലഭ്യമാക്കിയിട്ടില്ല. ഇതിനാൽ നഗരസഭയിൽ മുൻ വർഷങ്ങളിൽ ഒക്യുപ്പൻസി അനുവദിച്ച് കെട്ടിട നമ്പർ നൽകിയ മുഴുവൻ വാണിജ്യ കെട്ടിടങ്ങളിലും ചട്ട പ്രകാരം സെക്രട്ടറി പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തേണ്ടതും ചട്ട ലംഘനം കണ്ടെത്തുന്ന കെട്ടിടത്തിന്റെ ഉടമകൾക്കെതിരെ നിയമാനുസൃത നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

4) സേവന ഉപനികുതി

ശുചിത്വപരിപാലനം, ജലവിതരണം, മാലിന്യനിർമ്മാർജ്ജനം, തെരുവ് വിളക്കുകൾ, ഡ്രെയിനേജ് എന്നീ സേവനങ്ങൾ നഗരസഭ ഏർപ്പെടുത്തിയിട്ടുള്ളിടത്തെല്ലാം ആവശ്യമുള്ള പക്ഷം നഗരസഭ നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതുമാണ്. എന്നാൽ നഗരസഭയിൽ നിലവിൽ വസ്തുനികുതിയോടൊപ്പം സേവന ഉപനികുതി ചുമത്തപ്പെടുന്നില്ല. സേവന നികുതി ചുമത്തുന്നതിന്റെ സാധ്യത ഭരണസമിതി പരിശോധിക്കേണ്ടതാണ്.

സ്ഥാപന തലത്തിൽ സ്വീകരിക്കേണ്ട പരിഹാര നടപടികൾ

- വസ്തുനികുതി ഇനത്തിലെ കുടിശ്ശിക സമയബന്ധിതമായി പിരിച്ചെടുക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.
- വസ്തുനികുതി പരിഷ്കരണ നടപടികൾ നിർവ്വഹണ കലണ്ടർ തയ്യാറാക്കി അടിയന്തിരമായി പൂർത്തീകരിക്കേണ്ടതാണ്.
- "ദൃഷ്ടി" (ജി.ഐ.എസ് മാപ്പിംഗ്) സോഫ്റ്റ്‌വെയറിൽ ബേസ് ഡാറ്റ ഇല്ലാത്ത കെട്ടിടങ്ങളുടെ ബേസ് ഡാറ്റ കണ്ടെത്തി ഉൾപ്പെടുത്തേണ്ടതും 2019-20മുതൽ കെട്ടിട നമ്പർ അനുവദിച്ച മുഴുവൻ കെട്ടിടങ്ങളും ഇതിൽ ഉൾപ്പെടുത്തുകയും ചെയ്ത് അധിക തുക ചെലവില്ലാതെ പദ്ധതി നഗരസഭയ്ക്ക് ഉപകാരപ്രദമാവും വിധം പൂർത്തിയാക്കേണ്ടതും ഇതിലൂടെ നികുതി പരിഷ്കരണ നടപടികൾ പൂർത്തീകരിക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതുമാണ്.
- സഞ്ചയയിൽ രേഖപ്പെടുത്തിയിട്ടുള്ള മുഴുവൻ കെട്ടിടങ്ങളുടെയും ഫോറം 6 ഡിജിറ്റൽ സൈൻ ചെയ്തു എന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പാക്കേണ്ടതാണ്.
- തെറ്റായ നിരക്കിലും അനർഹമായി ഇളവ് നൽകിയും വസ്തുനികുതി നിർണ്ണയം നടത്തിയ കെട്ടിടങ്ങളുടെ വസ്തുനികുതി പുന:പരിശോധിക്കേണ്ടതാണ്.
- കെട്ടിടത്തിന് ബാധകമായ ഉപയോഗക്രമവും നികുതി നിരക്കും തെറ്റായി രേഖപ്പെടുത്തിയത് മൂലം വസ്തു നികുതിയിനത്തിൽ നഷ്ടമുണ്ടായിട്ടുള്ളതായി മുൻ വർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ പരാമർശിച്ചവയും അല്ലാത്തതുമായ കെട്ടിടങ്ങളുടെ നികുതി പുനർനിർണ്ണയിച്ച് കുടിശ്ശിക സഹിതം ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.
- വസ്തുനികുതി ഇ-പേയ്മെന്റ് സൗകര്യം ഏർപ്പെടുത്തിയത് സംബന്ധിച്ച് പൊതുജനങ്ങളിൽ വ്യാപകമായ പ്രചരണം/ബോധവത്കരണം നടത്തേണ്ടതും നിലവിൽ വസ്തുനികുതി പിരിവിന് ഉപയോഗപ്പെടുത്തുന്ന മനുഷ്യശേഷി കുറച്ച് കൊണ്ടുവരുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്.

5) തൊഴിൽ നികുതി

സ്ഥാപനങ്ങൾ, ജീവനക്കാർ, പ്രിസംപ്റ്റീവ് ടാക്സ് ഒടുക്കാൻ ബാദ്ധ്യസ്ഥരായവർ (സ്വയം തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ, അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, മറ്റു പ്രൊഫഷണലുകൾ, വിവിധ മരാമത്ത് പണികൾ ഏറ്റെടുത്ത് നടത്തിയ കരാറുകാർ, ബിൽഡിംഗ് പ്ലാനുകൾ തയ്യാറാക്കുന്ന എഞ്ചിനീയർമാർ, സൂപ്പർവൈസർമാർ, വാഹന ഉടമകൾ, നഗരസഭ പരിധിയിലുള്ള റേഷൻ വ്യാപാരികൾ തുടങ്ങിയവർ), സ്വകാര്യ സ്കൂളുകൾ/കോളേജുകൾ തുടങ്ങി തൊഴിൽ നികുതി ഒടുക്കാൻ ബാദ്ധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റാ ബേസ് തയ്യാറാക്കി സൂക്ഷിക്കുന്നില്ല. രജിസ്റ്റർ അപൂർണ്ണമായി സൂക്ഷിക്കുന്നതിനാലും കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കാത്തതിനാലും നഗരസഭയിലെ തൊഴിൽ നികുതി വരവ് നഷ്ടം തിട്ടപ്പെടുത്താൻ കഴിയാത്ത സാഹചര്യമാണുള്ളതെന്നും, ഒടുക്കാൻ ബാധ്യതപ്പെട്ട മുഴുവൻ സ്ഥാപനങ്ങളും ഡിമാന്റിൽ വന്നിട്ടില്ലെന്നും 2021-22 വരെയുള്ള വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ പ്രതിപാദിച്ചിരുന്നു. (2017-2018 ഖ.2-5, 2020-21 ഖ.1-9, 2021-22 ഖ.1-10). എന്നാൽ ഈ നിർദ്ദേശങ്ങൾ നിലവിലും നടപ്പിലാക്കിയിട്ടില്ല. തൊഴിൽ നികുതി കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കുകയോ, കുടിശ്ശിക പിരിച്ചെടുക്കാൻ നടപടികൾ സ്വീകരിക്കുകയോ ചെയ്തതായി കാണുന്നില്ല. 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട്, വകുപ്പ് 539 പ്രകാരം പിരിച്ചെടുക്കാതെ ബാക്കിയായ കുടിശ്ശിക മൂന്ന് വർഷം കഴിയുമ്പോൾ യാതൊരു നടപടിയും സ്വീകരിക്കാൻ കഴിയാതെ കാലഹരണപ്പെടുകയും ചെയ്യും. തൊഴിൽ

നികുതി ഈടാക്കുന്നത് സമ്പന്ധിച്ച് ഈ റിപ്പോർട്ടിലെ ഖണ്ഡിക 1-15 ൽ വിശദമായി പരാമർശിച്ചിട്ടുണ്ട്.

തൊഴിൽ നികുതി പരിധിയിൽ നിന്നും ബാധ്യതപ്പെട്ടവർ ആരും തന്നെ ഒഴിഞ്ഞു പോകാതിരിക്കാൻ താഴെ പറയുന്ന നടപടിക്രമങ്ങൾ കേരള മുനിസിപ്പാലിറ്റി ആക്ട്, തൊഴിൽ നികുതി ചട്ടങ്ങൾ എന്നിവയിൽ നിഷ്കർഷിച്ചിട്ടുണ്ട്.

1. എല്ലാ കെട്ടിടങ്ങളുടെയും ഉടമസ്ഥരോട് കെട്ടിടം ഉപയോഗിക്കുന്നവരുടെ വിവരം ലഭ്യമാക്കാൻ സ്ഥാപനം നോട്ടീസ് നല്കേണ്ടതും നിശ്ചിത ഫോറത്തിൽ വിവരം വാങ്ങേണ്ടതുമാണ്. (വകുപ്പ് 205 ബി, ചട്ടം 13 എന്നിവ കാണുക)

2. തൊഴിലുടമയോടോ, അവരുടെ പ്രതിനിധികളോടോ തൊഴിലെടുക്കുന്നവരുടെ വിവരം രണ്ടാം നമ്പർ ഫോറത്തിൽ ലഭ്യമാക്കാൻ ഒന്നാം നമ്പർ ഫോറത്തിൽ നോട്ടീസ് നല്കേണ്ടതാണ്.

3. വാടകയിലൂടെ വരുമാനമാർജ്ജിക്കുന്ന കെട്ടിട ഉടമകളെ ഉൾപ്പെടുത്തിയും ക്രമ നം. 1 ൽ സൂചിപ്പിച്ച, കെട്ടിട ഉടമകൾ ലഭ്യമാക്കുന്ന വിവരങ്ങളും 2 ൽ സൂചിപ്പിച്ച ഫോറം 2 ലെ വിവരങ്ങളും അടിസ്ഥാനപ്പെടുത്തിയുമാണ് ഇൻസ്റ്റിറ്റ്യൂഷൻ രജിസ്റ്റർ, ഡിമാന്റ് രജിസ്റ്റർ എന്നിവ തയ്യാറാക്കേണ്ടത്.

4. നഗരസഭയിലെ സ്ഥാപനങ്ങളുടെ "ദൃഷ്ടി" സോഫ്റ്റ്വെയറിലെ വിവരങ്ങളും സ്ഥാപനത്തിലെ രേഖകൾ പ്രകാരമുള്ള വിവരങ്ങളും പൊരുത്തപ്പെടുത്തുന്നതിനുള്ള പരിശോധന നടത്തി മുഴുവൻ സ്ഥാപനങ്ങളെയും ജീവനക്കാരുടെയും ലിസ്റ്റ് തയ്യാറാക്കേണ്ടതുമാണ്. ഇതിലൂടെ ഡിമാന്റിന്റെ പൂർണ്ണത ഉറപ്പ് വരുത്തേണ്ടതാണ്.

നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നത് ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിച്ചുകൊണ്ടാണെന്ന് സൂപ്പർവൈസറി തലത്തിൽ പരിശോധിക്കപ്പെടാത്തതും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നികുതി ഡിമാന്റ് ചെയ്യുന്നതുമായി ബന്ധപ്പെട്ട് കൃത്യമായ ഇടപെടൽ നടത്താത്തതും നികുതി പിരിവിലെ അപാകതകൾക്ക് കാരണമായി. നികുതി പിരിവിനായി ക്രിയാത്മകമായ നിർദ്ദേശങ്ങൾ കമ്മിറ്റി നൽകേണ്ടതും സൂപ്പർവിഷൻ നടത്തേണ്ടതുമാണ്.

6) വ്യാപാര ലൈസൻസ് ഡിമാന്റ് പൂർണ്ണമാക്കിയില്ല.

വാണിജ്യ കെട്ടിടങ്ങളുടെ ഉടമസ്ഥനോടോ കൈവശക്കാരനോടോ നോട്ടീസ് മൂലം കെട്ടിടത്തിന്റെ ഉപയോഗം സംബന്ധിച്ച വിവരം തേടിയതിന്റെയോ ഫീൽഡ് പരിശോധനയുടെയോ അടിസ്ഥാനത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. വ്യവസായങ്ങൾക്കും, ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭങ്ങൾക്കും ലൈസൻസ് നൽകലുമായി ബന്ധപ്പെട്ട അപാകതകൾ വിശദമായി 2021-22 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ (ഖ.1-17)പരാമർശ്ശിച്ചിട്ടുള്ളതാണ്. ലൈസൻസ് അനുവദിക്കുന്നതിൽ കൃത്യമായ മോണിറ്ററിംഗ് ഇല്ലാത്തതിനാൽ തനത് ഫണ്ടിന്റെ ഭീമമായ ചോർച്ച നടന്ന് കൊണ്ടിരിക്കുന്നതായും, ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി നിയമ പ്രകാരം ലൈസൻസ് എടുക്കാൻ ബാധ്യസ്ഥരായ മുഴുവൻ കച്ചവട വ്യാപാര/സ്ഥാപനങ്ങളും ലൈസൻസ് എടുക്കുന്നതിനാവശ്യമായ സത്വര നടപടികൾ ഭരണസമിതിയും, സെക്രട്ടറിയും സ്വീകരിക്കേണ്ടതാണെന്നും റിപ്പോർട്ടിൽ നിർദ്ദേശിച്ചിരുന്നുവെങ്കിലും നിലവിലും അപാകതകൾ തുടരുന്നു.

അപാകതകൾ പരിഹരിക്കുന്നതിന് താഴെ പറയുന്ന നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

- ഫീൽഡ് തല ചുമതല നിർവ്വഹിക്കുന്നതിന് ചുമതലപ്പെടുത്തിയിട്ടുള്ള ജീവനക്കാരുടെ മനുഷ്യശേഷിയുടെ പരമാവധി ഫീൽഡ് തല ചുമതലകൾക്ക് മാത്രമായി വിനിയോഗിക്കേണ്ടതും ആയത് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പ് വരുത്തേണ്ടതുമാണ്.
- ഫീൽഡ് തല പരിശോധനയിലൂടെ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതും നഗരസഭ പരിധിയിലെ കെട്ടിടങ്ങളെ കേന്ദ്രീകരിച്ചും സ്ഥലം ഉപയോഗപ്പെടുത്തിയും പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളും പട്ടികയിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പ് വരുത്തേണ്ടതുമാണ്.

7) വാടക

കെട്ടിടം വാടകക്ക് നൽകുന്നത് സംബന്ധിച്ചും ഉപയോഗിക്കുന്നത് സംബന്ധിച്ചും വ്യവസ്ഥകൾ ഉൾപ്പെടുത്തി ബൈലോ ചമച്ച് സർക്കാരിൽ നിന്നും അംഗീകാരം വാങ്ങിയിട്ടില്ല. വാടകക്കാരുമായി കരാർ ചമക്കുന്നതിലുള്ള വീഴ്ച മൂലം നഗരസഭാ ഫണ്ടിന് നഷ്ടമുണ്ടാകുന്ന സാഹചര്യവും ഉണ്ടായിട്ടുണ്ട്. വിശദാംശം 1-16 ഖണ്ഡികയിൽ വിശദമായി ഉൾപ്പെടുത്തിയിട്ടുണ്ട്. വാടക രജിസ്റ്ററിൽ നഗരസഭയുടെ മുഴുവൻ വാടക കെട്ടിടങ്ങളുടെയും ഡിമാന്റ്/വരവ്/കുടിശ്ശിക വിവരങ്ങൾ എഴുതി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ഇതിനാൽ തന്നെ എത്ര മുറികളിൽ നിന്നും വാടക കുടിശ്ശിക ഉണ്ട് എന്നത് സമ്പന്ധിച്ച കൃത്യമായ കണക്ക് നഗരസഭയിൽ ലഭ്യമല്ല. വാടകക്കാരുമായി കരാർ ചമയ്ക്കുന്നില്ല. ഓഡിറ്റ് എൻക്വയറി നമ്പർ 17 പ്രകാരം വിവരശേഖരണം നടത്തിയതിൽ നഗരസഭ മറുപടി ലഭ്യമാക്കിയത് പ്രകാരം വില്ലേജ് ഓഫീസ് ബിൽഡിംഗിൽ 5 മുറികളും കമ്മ്യൂണിറ്റി ഹാൾ ബിൽഡിംഗിലെ 26 മുറിളിൽ 16 മുറികളും ഒഴിഞ്ഞു കിടക്കുന്നു എന്നാണ് അറിയിച്ചിട്ടുള്ളത്. ഇത്രയും മുറികൾ ഒഴിഞ്ഞ് കിടക്കാനുള്ള സാഹചര്യം വ്യക്തമല്ല. ഒഴിഞ്ഞ് കിടക്കുന്ന മുറികൾ ലേലം ചെയ്ത് നൽകേണ്ടതാണ്. മുറികൾ ഒഴിഞ്ഞ് കിടക്കുന്നതിന് കാരണം വ്യക്തമാക്കിയിട്ടില്ല. ഒഴിഞ്ഞ് കിടക്കുന്ന മുറികൾ അടിയന്തിരമായി പുനർലേലം ചെയ്യേണ്ടതാണ്.

മുൻ വർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ നിരന്തരമായി കെട്ടിടങ്ങളുടെ വാടക പിരിക്കുന്നത് സംബന്ധിച്ച അപാകതകൾ ചൂണ്ടിക്കാണിച്ചിരുന്നെങ്കിലും ആയത് നിലവിലും പരിഹരിച്ചിട്ടില്ല. വരുമാനച്ചോർച്ച തടയാനുള്ള യാതൊരു സംവിധാനവും നിലവിൽ നഗരസഭയിലില്ല. മുറികളുടെ ഡെപ്പോസിറ്റ് തുകയെ സംബന്ധിച്ച് കൃത്യമായ ഒരു വിവരവും മുനിസിപ്പാലിറ്റി ലഭ്യമാക്കിയിട്ടില്ല എന്നത് ഓഡിറ്റ് ഗൗരവമായി കാണുന്നു.

8) ബസ് സ്റ്റാന്റ്, കംഫർട്ട് സ്റ്റേഷൻ ഫീ പിരിവ്

നഗരസഭയുടെ ഉടമസ്ഥതയിലുള്ള കംഫർട്ട് സ്റ്റേഷൻ 2018-19സാമ്പത്തിക വർഷം 22,250/- രൂപയ്ക്കും ബസ് സ്റ്റാന്റ് ഫീ പിരിക്കൽ 1,20,000/- രൂപയ്ക്കുമാണ് ലേലത്തിൽ പോയിരിക്കുന്നത്. എന്നാൽ പിന്നീട് ഓഡിറ്റ് പിരീഡ് വരെ ഇവ ലേലത്തിൽ പോയിട്ടില്ല. നഗരസഭ നേരിട്ട് പിരിക്കുന്ന ബസ് സ്റ്റാന്റ്, കംഫർട്ട് സ്റ്റേഷൻ ഫീ പിരിവിന്റെ വരവ് കൃത്യത പരിശോധിക്കുന്നതിനായി വരവ് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല. വിപുലമായ പരസ്യം നൽകി ഇവ ലേലത്തിൽ നൽകുന്നതിനുള്ള തുടർ നടപടികൾ നഗരസഭയുട ഭാഗത്തു നിന്നും ഉണ്ടാവേണ്ടതും ഇതിന് കൃത്യമായ രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതുമാണ്. വിശദമായി ഈ റിപ്പോർട്ടിലെ ഖണ്ഡിക 1-17ൽ പരാമർശിച്ചിട്ടുണ്ട്.

9) ടൗൺ ഹാൾ വാടക

2022-23 ൽ ടൗൺ ഹാൾ വാടകയിനത്തിൽ ആകെ 17,500/- രൂപയാണ് വരവു വന്നിട്ടുള്ളത്. എന്നാൽ ഈ വരവ് സംബന്ധിച്ച് രജിസ്റ്ററിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്താത്തതിനാലും അപേക്ഷകളുടെ അഭാവത്തിലും ആയതിന്റെ കൃത്യത പരിശോധിക്കാൻ ഓഡിറ്റിന് സാധിച്ചിട്ടില്ല. ടൗൺ ഹാൾ സൗകര്യം മെച്ചപ്പെടുത്തി വാടക വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ നഗരസഭയുടെ ഭാഗത്തു നിന്നും ഉണ്ടാവേണ്ടതാണ്.

10) പുഴ പുറമ്പോക്കുകളുടെ സംരക്ഷണം

നഗരസഭക്ക് പുഴ പുറമ്പോക്കുകൾ ഉണ്ടോ എന്ന് പരിശോധിച്ച് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല. പ്രാഥമികമായി ഇത്തരത്തിലുള്ള ആസ്തികൾ നഗരസഭ പരിധിയിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്നത് വില്ലേജ് ഓഫീസറുടെ സേവനം പ്രയോജനപ്പെടുത്തി പരിശോധിക്കേണ്ടതും പുറമ്പോക്കുകൾ ഉള്ള പക്ഷം ആസ്തി സംരക്ഷിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതും ആസ്തി പ്രയോജനപ്പെടുത്തി വരുമാനം ആർജ്ജിക്കാനുള്ള സാധ്യത പരിശോധിക്കേണ്ടതുമാണ്.

10) മറ്റുള്ളവ

നഗരസഭയുടെ അധീനതയിലുള്ള ഭൂമിയിലെ (ഘടക സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ളവ) ഫലവൃക്ഷങ്ങൾ തിട്ടപ്പെടുത്തി രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കാത്തതിനാൽ വരുമാന നഷ്ടമുണ്ടാകാനിടയുണ്ട്.
മേൽ പരാമർശിച്ച വിഷയങ്ങളുമായി ബന്ധപ്പെട്ട ഓഡിറ്റ് നിർദ്ദേശങ്ങൾ പാലിച്ച് ഓരോന്നിലെയും

അപാകതകൾ പരിഹരിച്ച രേഖകൾ സഹിതം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

**1-10 ജി.ഐ.എസ് മാപ്പിംഗ് - പദ്ധതി ലക്ഷ്യപ്രാപ്തിയിലെത്തിയില്ല**

നിർവ്വഹണം- സെക്രട്ടറി

പ്രോജക്റ്റ് - ജി.ഐ.എസ് മാപ്പിംഗ് നടത്തൽ

അടങ്കൽ -400000/-

| ക്രമ നം | വർഷം | പ്രോജക്റ്റ് നം | ചെലവഴിച്ച തുക | ബിൽ നം, തീയതി |
|---|---|---|---|---|
| 1 | 2018-19 | 362/19 | 626,680/- | Bill No-1061783, Dtd 15-01-2019 |
| | | | 125,688/- | Bill No- 0, Dtd 15-01-2019 |
| 2 | 2019-20 | 16/20 | - | - |
| 3 | 2020-21 | 113/21 | - | - |
| 4 | 2021-22 | 246/21 | 623,040/- | Bill No- 354851, Dtd 27-08-21 |
| | | | 376,960/- | Bill No – 1026348, Dtd 28-01-2022 |
| | | | 803,040/- | Bill No – 0, Dtd 28-01-22 |
| 5 | 2022-23 | 10/23 | 565,653/- | Bill No – 0, Dtd 08-07-2022 |
| | | | 400,000/- | Cheque No- 3892627, Dtd 17-02-2023 |
| 6 | 2023-24 | 279/24 | - | - |

കൊടുവള്ളി നഗരസഭയിലെ കെട്ടിടങ്ങളും നഗരസഭാ ആസ്തികളും ജി.ഐ.എസ് മാപ്പിങ്ങ് നടത്തുന്നതിനായി 04-10-2018 ലെ സ.ഉ(സാ.ധാ) നം.2556/18, ത.സ്വ.ഭ.വ നമ്പർ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 12-10-2018 ലെ കൗൺസിലിന്റെ 01/01 നമ്പർ തീരുമാന പ്രാകരം ഊരാളുങ്കൽ ലേബർ കോൺട്രാക്റ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയെ നോഡൽ ഏജൻസിയായി തീരുമാനിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ ജി.ഐ.എസ് മാപ്പിങ്ങിനായി പ്രോജക്റ്റ് നം.362/2018-19 ആയി 35 ലക്ഷം രൂപ വകയിരുത്തി പദ്ധതി രൂപീകരിക്കുകയും 07-01-2019ന് ULCCSഉമായി 4000,000/- രൂപ അടങ്കൽ തുകയായി സെക്രട്ടറി കരാറിൽ ഏർപ്പെടുകയും ചെയ്തു.

എന്നാൽ ജി.ഐ.എസ് മാപ്പിംഗ് പദ്ധതി നിർവ്വഹണത്തിൽ ചുവടെ കൊടുത്ത അപാകതകൾ കാണുന്നു.

1) 2018-19ൽ ആരംഭിച്ച ജി.ഐ.എസ് മാപ്പിംഗ് പദ്ധതി 16-07-2019 ന് പൂർത്തിയാക്കിയതായി ULCCS രേഖാമൂലം അറിയിച്ചിട്ടും നാളിതുവരെ പദ്ധതി വിഭാവനം ചെയ്തത് പ്രകാരമുള്ള വസ്തു നികുതി പരിഷ്കരണം

പൂർത്തിയാക്കാൻ ജി.ഐ.എസ് മാപ്പിംഗ് ഉപയോഗിച്ച് നഗരസഭയ്ക്ക് സാധിച്ചിട്ടില്ല.

2) സ.ഉ(സാ.ധാ)നം.2556/18 LSGD Dtd 04-10-2018 പ്രകാരം ജി.ഐ.എസ് മാപ്പിങ്ങിനായി ULCCS നെ ചുമതലപ്പെടുത്താവുന്നതാണ് എന്ന് നിഷ്കർഷിക്കുന്ന ഉത്തരവിലെ ചുവടെ കൊടുത്ത നിബന്ധനകൾ / നിർദ്ദേശങ്ങൾ പാലിക്കാതെയാണ് പദ്ധതി പൂർത്തിയാക്കിയിട്ടുള്ളത്.

എ) പദ്ധതി പൂർത്തീകരിച്ചത്, ഐ.കെ.എം സൂപ്പർവൈസ് ചെയ്ത് റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്. പദ്ധതി പൂർത്തീകരിച്ചത് പരിശോധിച്ച് സാക്ഷ്യപ്പെടുത്തി നൽകാൻ സെക്രട്ടറി IKM എക്സി.ഡയറക്ടർക്ക് 27-06-2019 നും 29-07-2021 നും കത്ത് അയച്ചിട്ടുണ്ട്. എന്നാൽ ഓഡിറ്റ് പിരീഡ് വരെ IKM ന്റെ പരിശോധനാ റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല.

ബി) മുനിസിപ്പാലിറ്റിയിലെ വസ്തു നികുതി കണക്കാക്കുന്ന സഞ്ചയ സോഫ്റ്റ്‌വെയറുമായി ജി.ഐ.എസ് മാപ്പിംഗ് ഡാറ്റ സംയോജിപ്പിക്കേണ്ടതാണ് എന്ന് ഉത്തരവിൽ നിർദ്ദേശിക്കുന്നുണ്ടെങ്കിലും ആയത് നാളിതുവരെ പൂർത്തിയാക്കിയിട്ടില്ല.

സി) മുനിസിപ്പാലിറ്റി AR പ്രകാരമുള്ള കെട്ടിടങ്ങളുടെ കെട്ടിട നമ്പർ ഉൾപ്പടെയുള്ള ബേസ് ഡാറ്റ മുഴുവൻ ലഭ്യമല്ലാത്തതിനാൽ പ്രോപ്പർട്ടി അസസ്മെന്റ് ചെയ്യുന്നതിന് നിലവിൽ ജി.ഐ.എസ് മാപ്പിംഗ് ഉപയോഗപ്പെടുത്താൻ കഴിയുന്നില്ല.

3) മുനിസിപ്പാലിറ്റിയിൽ 2022-23 ഓഡിറ്റ് വേളയിൽ കെ-സ്മാർട്ട് ആരംഭിക്കുന്നതിന്റെ ഭാഗമായി സഞ്ചയ ഡിസേബിൾ ആയതിനാൽ സഞ്ചയയിലെ വിവരങ്ങളും ജി.ഐ.എസ് മാപ്പിംഗ് ("ദ്രഷ്ടി" സോഫ്റ്റ്‌വെയർ) പ്രകാരമുള്ള വിവരങ്ങളും പൊരുത്തപ്പെടുത്തി പരിശോധിക്കുന്നതിന് സാധിച്ചിട്ടില്ല. സഞ്ചയ പ്രകാരമല്ലാതെ നഗരസഭയിൽ കെട്ടിടങ്ങളുടെ ഇനം തിരിച്ചുള്ള കൃത്യമായ ഡാറ്റ ലഭ്യമല്ലാത്തതിനാൽ നഗരസഭയിലെ വിവരങ്ങൾ വച്ചും ജി.ഐ.എസ് മാപ്പിങ്ങിലെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

4) മുനിസിപ്പാലിറ്റിയിലെ ജി.ഐ.എസ് മാപ്പിംഗ് ഡാറ്റ, സ്റ്റേറ്റ് ഡാറ്റാ സെന്ററിലേക്ക് അപ് ലോഡ് ചെയ്യേണ്ടതാണ് എന്ന് ULCCS മുനിസിപ്പാലിറ്റിയെ 27-05-2019 തീയതിയിലെ കത്ത് പ്രകാരം അറിയിച്ചിട്ടുണ്ട്. എന്നാൽ ഇത് നാളിതുവരെ അപ് ലോഡ് ചെയ്തതിന്റെ വിവരം ഫയലിൽ ലഭ്യമല്ല. ഇതിനായി നഗരസഭാ സെക്രട്ടറിയും KSITഡയറക്ടറും കരാറിൽ ഒപ്പ് വെക്കേണ്ടതാണ് എന്നും നിർദ്ദേശിച്ചിരുന്നു. ഇതിനായി എഗ്രിമെന്റ് ഫോർമാറ്റും ULCCS കത്തിനോടൊപ്പം ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇത്തരമൊരു കരാറിൽ നാളിതുവരെ നഗരസഭ ഏർപ്പെട്ടിട്ടില്ല.

5) കരാർ പ്രകാരം 16-07-2019 ന് നഗരസഭയിലെ കെട്ടിടങ്ങളുടെ സർവ്വെ പൂർത്തിയാക്കിയെങ്കിലും മുഴുവൻ കെട്ടിടങ്ങളുടെയും പഴയ കെട്ടിട നമ്പർ ജി.ഐ.എസ് മാപ്പിങ്ങിൽ ഉൾപ്പെടുത്താതെയാണ് പദ്ധതി പൂർത്തിയാക്കിയിട്ടുള്ളത്.

6) 16-07-2019ന് ജി.ഐ.എസ് മാപ്പിംഗ് പൂർത്തിയാക്കിയിട്ടും ടാക്സ് റിവിഷൻ തുടർ നടപടി സ്വീകരിക്കാതിരിക്കാൻ കാരണക്കാരായ സെക്രട്ടറി, സൂപ്രണ്ട്, RI, ബിൽ കലക്ടർമാർ എന്നിവരുടെ വിശദാംശങ്ങൾ കാണിച്ച് റിപ്പോർട്ട് ചെയ്യാനും ഇവർക്ക് നോട്ടീസ് നൽകി വിശദീകരണം വാങ്ങുന്നതിനും 11-08-21 ന് സെക്രട്ടറി ഫയലിൽ നോട്ട് എഴുതിയിട്ടുണ്ട്. എന്നാൽ സെക്രട്ടറി നിർദ്ദേശിച്ച പ്രകാരം ഉത്തരവാദികൾക്ക് നോട്ടീസ് നൽകുകയോ വിശദീകരണം ലഭ്യമാക്കുകയോ ചെയ്തിട്ടില്ല.

7) ആകെ ULCCS ജി.ഐ.എസ് മാപ്പ് ചെയ്ത 21,018 കെട്ടിടങ്ങളിൽ 2962 വീടുകളിൽ നിന്നും പഴയ കെട്ടിട നമ്പർ ലഭ്യമായെങ്കിലും ഈ കെട്ടിട നമ്പറുകൾ AR ൽ ലഭ്യമല്ല എന്ന് 16-07-2019 ലെ ULCCSന്റെ റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ 9633കെട്ടിടങ്ങളുടെ പഴയ കെട്ടിട നമ്പർ ഏതെന്ന് കണ്ടെത്താൻ കഴിഞ്ഞിട്ടില്ല എന്നും ഈ റിപ്പോർട്ടിൽ പറയുന്നുണ്ട്. ഇതിനാൽ തന്നെ ഈ കെട്ടിടങ്ങളുടെ നികുതി പരിഷ്കരണം എപ്രകാരം പൂർത്തിയാക്കുമെന്നതിൽ വ്യക്തത വരുത്താൻ നഗരസഭയ്ക്ക് സാധിച്ചിട്ടില്ല.

8) 2018-19ൽ ജി.ഐ.എസ് മാപ്പിംഗ് പൂർത്തിയായ ശേഷം 2019-20 മുതൽ നാളിതുവരെയായി ഒക്യുപ്പൻസി നൽകി കെട്ടിട നമ്പർ നൽകിയ ഒരു കെട്ടിടത്തിന്റെയും ജി.ഐ.എസ് മാപ്പിംഗ്

നടത്തുകയോ വിവരങ്ങൾ ഇതിനായുള്ള സോഫ്റ്റ്‌വെയറായ "ദൃഷ്ടി"യിൽ ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ല.

9) "ദൃഷ്ടി"യിലെ നിലവിലെ ജി.ഐ.എസ് സ്റ്റാറ്റസ് പ്രകാരം 5889 വാണിജ്യ കെട്ടിടങ്ങളും 15599 റസിഡൻഷ്യൽ കെട്ടിടങ്ങളും ഉള്ളതായി ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി നഗരസഭ അറിയിച്ചിട്ടുണ്ട്. എന്നാൽ AR പ്രകാരം എത്ര കെട്ടിടങ്ങൽ ഉണ്ട് എന്ന കൃത്യമായ കണക്ക് ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

ജി.ഐ.എസ് മാപ്പിംഗ് പൂർത്തിയായി നാല് വർഷത്തിലധികമായിട്ടും വസ്തുനികുതി പരിഷ്കരണം പൂർത്തിയാക്കാൻ നഗരസഭയ്ക്ക് കഴിഞ്ഞിട്ടില്ല. ഇതിനാൽ നിലവിൽ ജി.ഐ.എസ് മാപ്പ് ചെയ്ത 2018-19 വരെയുള്ള കെട്ടിടങ്ങളിൽ മാറ്റം വരുത്തിയ കെട്ടിടങ്ങളെ കണ്ടെത്തുന്നതിന് വീണ്ടും പരിശോധന നടത്തേണ്ടതായി വരുന്നതാണ്. ARപ്രകാരമുള്ള പഴയ കെട്ടിട നമ്പർ മുഴുവൻ ജി.ഐ.എസ്സിൽ മാപ്പ് ചെയ്യാത്തതിനാലും നികുതി പരിഷ്കരണ നടപടികൾ നാളിതുവരെ പൂർത്തിയാക്കാത്ത സാഹചര്യത്തിലും ജി.ഐ.എസ് മാപ്പ് ചെയ്യൽ പദ്ധതിക്കായി നാളിതുവരെ ചെലവഴിച്ച 352,1061/-രൂപ യഥാർത്ഥത്തിൽ നഗരസഭയ്ക്ക് ഉപയോഗപ്രദമായിട്ടില്ല. ULCCS യുമായുണ്ടാക്കിയ കരാർ പ്രകാരം നൽകാനുള്ള ബാലൻസ് തുകയായ 488,579/-രൂപ നൽകുന്നതിനായി 2023-24ലും പദ്ധതി രൂപീകരിച്ചിട്ടുണ്ട്. നികുതി പരിഷ്കരണം പൂർത്തിയാക്കി ജി.ഐ.എസ് മാപ്പിംഗ് ചെയ്ത കെട്ടിടങ്ങൾ മുഴുവൻ IKM ന്റെ വസ്തു നികുതി സോഫ്റ്റ്‌വെയറുമായി സംയോജിപ്പിക്കാൻ കഴിയാത്തിടത്തോളം ഈ പദ്ധതിക്കുള്ള ചെലവ് യഥാർത്ഥത്തിൽ നഗരസഭയ്ക്ക് നഷ്ടമായതായി കണക്കാക്കാവുന്നതാണ്. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (40/22-23) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ പരാമർശിച്ച മുഴുവൻ അപാകതയ്ക്കും വിശദമായ മറുപടി ലഭ്യമാക്കേണ്ടതും പദ്ധതി വിഭാവനം ചെയ്തതിലും അധികം തുക ചെലവ് വരാതെ നാളിതുവരെ നമ്പർ നൽകിയ മുഴുവൻ കെട്ടിടങ്ങളുടെയും ജി.ഐ.എസ് മാപ്പിംഗ് ബേസ് ഡാറ്റയും AR പ്രകാരമുള്ള കെട്ടിട നമ്പറും ഉൾപ്പെടുത്തി പൂർത്തിയാക്കുന്നതിനുള്ള തുടർ നടപടി സ്വീകരിക്കേണ്ടതും അപാകതകളെല്ലാം പരിഹരിച്ച് ആയതിന്റെ വിശദ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 1-11 ഒക്യുപൻസിയ്ക്ക് ശേഷം കെട്ടിടത്തിൽ ചട്ട വിരുദ്ധമായ മാറ്റം വരുത്തുന്നു

നഗരസഭയിൽ വാണിജ്യ കെട്ടിടത്തിന് ഒക്യുപ്പൻസിയും കെട്ടിട നമ്പറും വാങ്ങിയ ശേഷം കെട്ടിടത്തിൽ ഘടനാപരമായ മാറ്റം വരുത്തുന്നതായി കാണുന്നു. ഇത് നഗരസഭാ കെട്ടിട നിർമ്മാണ ചട്ടപ്രകാരം കെട്ടിടത്തിന് നിർബന്ധമായും ഉണ്ടായിരിക്കേണ്ട പാർക്കിംഗ് ഏരിയയിൽ കുറവുണ്ടാക്കുന്നതായി 11-01-2024ന് നടത്തിയ സ്ഥല പരിശോധനയിൽ ബോധ്യപ്പെട്ടു. വിശദ വിവരം ചുവടെ കൊടുക്കുന്നു.

1) കെട്ടിട നമ്പർ -34/274 A,B,C,D,E

കെട്ടിട നിർമ്മാണ പെർമിറ്റ് നം- BL-435/20dtd 11-02-20

കെട്ടിട ഉടമ- സാലിഹ്, പുറായിൽ വീട്, വാവാട്

ഒക്യുപ്പൻസി നൽകിയ തീയതി-20-06-2022

കംപ്ലീഷൻ പ്ലാൻ പ്രകാരം മേൽ കെട്ടിടം ആകെ 282.92M2ആണുള്ളത്. മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടപ്രകാരം കെട്ടിടത്തിന് ആകെ 4 കാർ പാർക്കിംഗ് ആണ് ആവശ്യമുള്ളത്. പാർക്കിംഗ് പ്ലാൻ പ്രകാരം കാണിച്ചിരിക്കുന്ന 4കാർ പാർക്കിംഗിൽ ഒരു കാർ പാർക്കിംഗ് കാണിച്ചിരിക്കുന്നത് കെട്ടിടത്തിന് ഉള്ളിലായാണ്. എന്നാൽ 11-01-2024ന് നടത്തിയ സ്ഥല പരിശോധനയിൽ കെട്ടിടത്തിനുള്ളിലായി കാണിച്ചിരിക്കുന്ന കാർ പാർക്കിംഗിൽ മാറ്റം വരുത്തി ഷട്ടർ ഇട്ട് ഷോപ്പ് റൂമായി ഉപയോഗിച്ച് വരുന്നതായി ബോധ്യപ്പെട്ടു. ഇത് ചട്ട പ്രകാരം കെട്ടിടത്തിന് ആവശ്യമുള്ളതിൽ ഒരു കാർ പാർക്കിംഗ് കുറവ് വരാനിടയാക്കി.

2) കെട്ടിട നമ്പർ -08/84 A,B,C,D

കെട്ടിട നിർമ്മാണ പെർമിറ്റ് നം- BL-1860/22 Dtd 16-03-22

കെട്ടിട ഉടമ- പ്രസിഡന്റ്, പട്ടിണിക്കര ഹയാത്തുൾ ഇസ്ലാം സംഘം, മാനിപുരം

ഒക്യൂപ്പൻസി നൽകിയ തീയതി-08-02-2023

കംപ്ലീഷൻ പ്ലാൻ പ്രകാരം മേൽ കെട്ടിടം ആകെ 185.68M2ആണുള്ളത്. മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടപ്രകാരം കെട്ടിടത്തിന് ആകെ 2 കാർ പാർക്കിംഗ് ആണ് ആവശ്യമുള്ളത്. പാർക്കിംഗ് പ്ലാൻ പ്രകാരം കാണിച്ചിരിക്കുന്ന 2കാർ പാർക്കിംഗിൽ ഒരു കാർ പാർക്കിംഗ് കാണിച്ചിരിക്കുന്നത് കെട്ടിടത്തിന് ഉള്ളിലായാണ്. എന്നാൽ 11-01-2024ന് നടത്തിയ സ്ഥല പരിശോധനയിൽ കെട്ടിടത്തിനുള്ളിലായി കാണിച്ചിരിക്കുന്ന കാർ പാർക്കിംഗിൽ മാറ്റം വരുത്തി ഷട്ടർ ഇട്ട് ഷോപ്പ് റൂമായി ഉപയോഗിച്ച് വരുന്നതായി ബോധ്യപ്പെട്ടു. ഇത് ചട്ട പ്രകാരം കെട്ടിടത്തിന് ആവശ്യമുള്ളതിൽ ഒരു കാർ പാർക്കിംഗ് കുറവ് വരാനിടയാക്കി.

കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടം,2019ചട്ടം 21പ്രകാരം 50M2ന് മുകളിലുള്ള എല്ലാ വാണിജ്യ കെട്ടിടങ്ങളിലും ഒക്യൂപ്പൻസി സർട്ടിഫിക്കറ്റ് നൽകി രണ്ട് വർഷത്തിനുള്ളിൽ സെക്രട്ടറി പോസ്റ്റ് ഒക്യൂപ്പൻസ് ഓഡിറ്റ് നടത്തേണ്ടതാണ് എന്ന് വ്യക്തമാക്കുന്നുണ്ട്.

ഒക്യൂപ്പൻസിയും കെട്ടിട നമ്പറും വാങ്ങിയ ശേഷം കെട്ടിടത്തിൽ ചട്ട വിരുദ്ധമായ മാറ്റം വരുത്തി ഉപയോഗിക്കുന്നത് പോസ്റ്റ് ഒക്യൂപ്പൻസി കൃത്യമായ ഇടവേളകളിൽ നടത്താത്തതിനാലാണ് എന്ന് വ്യക്തമാണ്. അപാകതയ്ക്ക് മറുപടി ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (26/22-23) മറുപടി ലഭ്യമാക്കിയിട്ടില്ല. ഇതിനാൽ നഗരസഭയിൽ മുൻ വർഷങ്ങളിൽ ഒക്യൂപ്പൻസി അനുവദിച്ച് കെട്ടിട നമ്പർ നൽകിയ മുഴുവൻ വാണിജ്യ കെട്ടിടങ്ങളിലും ചട്ട പ്രകാരം സെക്രട്ടറി പോസ്റ്റ് ഒക്യൂപ്പൻസി ഓഡിറ്റ് നടത്തേണ്ടതും ചട്ട ലംഘനം കണ്ടെത്തുന്ന കെട്ടിടത്തിന്റെ ഉടമകൾക്കെതിരെ നിയമാനുസൃത നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-12 വേക്കൻസി റമിഷൻ അപേക്ഷകളിൽ സമയബന്ധിതമായി നടപടിയെടുക്കുന്നില്ല.

കൊടുവള്ളി നഗരസഭയിലെ വേക്കൻസി റമിഷൻ അപേക്ഷകൾ പരിശോധിച്ചതിൽ സമയബന്ധിതമായി നടപടിയെടുക്കുന്നതിൽ വീഴ്ച വരുത്തുന്നതായി കാണുന്നു. വിശദ വിവരം ചുവടെ കൊടുക്കുന്നു.

2022-23 വർഷത്തെ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ മിനുട്സ് പരിശോധിച്ചതിൽ നിന്നും 08-12-2022 ലാണ് 2020-21, 2021-22 വർഷങ്ങളിലെ വേക്കൻസി റമിഷൻ അപേക്ഷകളിൽ തീരുമാനമെടുത്ത് അംഗീകാരത്തിനായി ഭരണ സമിതിയ്ക്ക് ചുവടെ പട്ടിക പ്രകാരം ശുപാർശ ചെയ്തതായി കാണുന്നത്.

| വേക്കൻസി റമിഷൻ നൽകിയ കാലയളവ് | വേക്കൻസി റമിഷൻ നൽകിയ കെട്ടിടങ്ങളുടെ എണ്ണം | വേക്കൻസി റമിഷൻ നൽകിയ തുക | ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനം നം |
|---|---|---|---|
| 2020-21 ഒന്നാം അർദ്ധ വർഷം | 214 | 1,37,447 | 01/01 Dtd 08-12-2022 |
| 2020-21 രണ്ടാം അർദ്ധ വർഷം | 307 | 1,38,535 | 02/02 Dtd 08-12-2022 |

| | | | |
|---|---|---|---|
| 2021-22 ഒന്നാം അർദ്ധ വർഷം | 292 | 2,56,379 | 03/03 Dtd 08-12-2022 |
| 2021-22 രണ്ടാം അർദ്ധ വർഷം | 215 | 2,85,361 | 04/04 Dtd 08-12-2022 |

എന്നാൽ പട്ടിക പ്രകാരമുള്ളതിൽ 2021-22 ഒന്നാം അർദ്ധവർഷം ആകെ 292 കെട്ടിടങ്ങൾക്ക് വേക്കൻസി റമിഷൻ നൽകിയതിൽ ആകെ 3 അപേക്ഷകളിലായി 46 മുറികളുടെ വേക്കൻസി റമിഷൻ അപേക്ഷകൾ മാത്രമാണ് ഓഡിറ്റ് പരിശോധനയ്ക്ക് ലഭ്യമായത്. ബാക്കിയുള്ള കെട്ടിടങ്ങളുടെ വേക്കൻസി റമിഷൻ അപേക്ഷകൾ ഓഡിറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കാത്തതിനാൽ പരിശോധിക്കാൻ സാധിച്ചിട്ടില്ല.

കൂടാതെ 2022-23 രണ്ടാം അർദ്ധ വർഷത്തെ വേക്കൻസി റമിഷൻ അപേക്ഷകളിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി തീരുമാനമെടുക്കുന്നത് 15-06-2023 ലാണ്. എന്നാൽ 2022-23 ഒന്നാം അർദ്ധവർഷത്തെ വേക്കൻസി റമിഷൻ അപേക്ഷയിൽ ഓഡിറ്റ് പിരീഡ് വരെ സ്റ്റാന്റിംഗ് കമ്മറ്റിയിൽ തീരുമാനമെടുത്തിട്ടില്ല.

വേക്കൻസി റമിഷനുമായി ബന്ധപ്പെട്ടുള്ള കേരള മുനിസിപ്പാലിറ്റി ചട്ടം 21(3) പ്രകാരം വേക്കൻസി റമിഷൻ അനുവദിക്കുന്ന കെട്ടിടങ്ങൾക്ക് ഇളവ് നൽകിയ വിവരം ഫോറം 11ൽ ഉള്ള നികുതി ഇളവ് രജിസ്റ്ററിൽ ചേർക്കേണ്ടതാണ് എന്ന് വ്യക്തമാക്കുന്നുണ്ട്. എന്നാൽ നഗരസഭയിൽ ഇത്തരമൊരു രജിസ്റ്റർ നാളിതുവരെയായി എഴുതി സൂക്ഷിച്ചിട്ടില്ല. സമയബന്ധിതമായി വേക്കൻസി റമിഷനുകൾ അനുവദിക്കാത്തതിനാൽ വാർഷിക കണക്കിലെ വസ്തു നികുതി ഡിമാന്റ്/കലക്ഷൻ/ബാലൻസ് എന്നിവയിൽ വ്യത്യാസം വരികയും സാമ്പത്തിക വർഷത്തെ അംഗീകരിച്ച വാർഷിക കണക്ക് മാറുകയും ചെയ്യുന്നു. "കെ-സ്മാർട്ട്" ആരംഭിക്കുന്നതിന്റെ ഭാഗമായുള്ള സാങ്കേതികത കാരണം നഗരസഭാ വസ്തു നികുതി കണക്കാക്കുന്ന സഞ്ചയ സോഫ്റ്റ് വെയർ ഡിസേബിൾ ആയതിനാൽ വേക്കൻസി റമിഷൻ അംഗീകരിച്ച അപേക്ഷകളിൽ സഞ്ചയയിൽ വേക്കൻസി റമിഷൻ നൽകിയതിലെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

ഓഡിറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയ വേക്കൻസി റമിഷൻ അപേക്ഷകൾ പ്രകാരം റവന്യൂ ഇൻസ്പെക്ടർ അംഗീകരിച്ച അപേക്ഷകൾ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ വെച്ച് അംഗീകാരം വാങ്ങുന്നതിൽ വന്ന കാലവിളംബമാണ് സമയബന്ധിതമായി വേക്കൻസി റമിഷൻ അനുവദിക്കാത്തതിന് കാരണമായത് എന്ന് മനസിലാവുന്നു. ഉത്തരവാദപ്പെട്ട റവന്യൂ ഇൻസ്പെക്ടർ, സെക്രട്ടറി എന്നിവരുടെയും ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെയും മേൽനോട്ടത്തിന്റെ അഭാവമാണ് ഈ അപാകതയ്ക്ക് കാരണമായിട്ടുള്ളത്. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (30/22-23) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതും ഇത്തരം അപേക്ഷകളിൽ സമയബന്ധിതമായി നടപടി എടുക്കുന്നതിന് വേണ്ട മേൽനോട്ടം ഉത്തരവാദപ്പെട്ടവരുടെ ഭാഗത്തുനിന്നും ഉണ്ടാവേണ്ടതുമാണ്.

## 1-13 ഓഡിറ്റ് റിപ്പോർട്ടുകളിൽ തുടർ നടപടി സ്വീകരിക്കുന്നതിൽ നഗരസഭയ്ക്ക് ഗുരുതര വീഴ്ച

2015 ൽ നഗര സഭയായി ഉയർത്തപ്പെട്ട കൊടുവള്ളി ഗ്രാമ പഞ്ചായത്തിന്റെ 1997-98 വർഷം മുതൽ 2015-16 വരെയുള്ള ഗ്രാമ പഞ്ചായത്ത് കാലയളവിൽ 21 ഓഡിറ്റ് റിപ്പോർട്ടുകളിലായി 365 ഖണ്ഡികകൾ തീർപ്പാക്കാൻ അവശേഷിക്കുന്നുണ്ട്. കൂടാതെ നഗരസഭയായ 2015-16 മുതൽ 2021-22 വരെയുള്ള 7 ഓഡിറ്റ് റിപ്പോർട്ടുകളിലായി 224 ഖണ്ഡികകളും തീർപ്പാക്കാനവശേഷിക്കുന്നുണ്ട്. അതായത് ആകെ 589 പരാമർശങ്ങൾ തീർപ്പാക്കാൻ അവശേഷിക്കുന്നുണ്ട്. കഴിഞ്ഞ നാല് വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് ഫയൽ പരിശോധിച്ചത് പ്രകാരം 2018-19 മുതലുള്ള ഓഡിറ്റ് റിപ്പോർട്ടുകൾക്ക് സമയബന്ധിതമായി മറുപടി ലഭ്യമാക്കുന്നതിൽ നഗരസഭ വീഴ്ച വരുത്തിയിട്ടുണ്ട്. ഇതിനാൽ 2018-19, 2019-20, 2020-21,

2021-22 എന്നീ വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകൾക്ക് നഗരസഭയ്ക്ക് മറുപടിയൊന്നും ഇല്ല എന്ന നിഗമനത്തിൽ അനന്തര റിപ്പോർട്ടാണ് പുറപ്പെടുവിച്ചിട്ടുള്ളത്. 1997 ലെ കേരള മുനിസിപ്പാലിറ്റി (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 14(2) പ്രകാരം മുനിസിപ്പാലിറ്റിക്ക് ലഭിച്ച ഓഡിറ്റ് റിപ്പോർട്ടിന്റെ പകർപ്പ് അതിൻമേൽ സെക്രട്ടറി തയ്യാറാക്കിയ കുറിപ്പോടു കൂടി ഇതിലേക്ക് പ്രത്യേകം വിളിച്ച കൂട്ടിയ കൗൺസിൽ യോഗത്തിൽ പരിഗണനയ്ക്കായി വയ്ക്കേണ്ടതാണ്. 2021-22 വർഷ ഓഡിറ്റ് റിപ്പോർട്ട് 31-03-2023ന് പുറപ്പെടുവിച്ചിട്ടുണ്ടെങ്കിലും ആയത് 9 മാസം കഴിഞ്ഞിട്ടും കൗൺസിലിൽ അജണ്ടയായി ഉൾപ്പെടുത്തുകയോ റിപ്പോർട്ട് ചർച്ച ചെയ്ത് മറുപടി ലഭ്യമാക്കുകയോ ചെയ്തിട്ടില്ല. ഓഡിറ്റ് റിപ്പോർട്ടുകളിൽ പരാമർശിച്ച ഗുരുതര അപാകതകൾ ഇതിനാൽ തന്നെ പിഹരിക്കപ്പെടുന്നില്ല എന്ന് ഇതിൽ നിന്നുതന്നെ വ്യക്തമാണ്. നഗര സഭ സ്റ്റാന്റിംഗ് കമ്മറ്റികളുടെ ഭാഗത്തു നിന്നും ഭരണസമിതിയുടെ ഭാഗത്തു നിന്നും ഓഡിറ്റ് റിപ്പോർട്ട് പരാമർശങ്ങൾ തീർപ്പാക്കുന്നതിൽ ചർച്ചകൾ നടത്തുകയോ പരാമർശങ്ങൾ തീർപ്പാക്കുന്നതിന് വേണ്ടത്ര പ്രാധാന്യം നൽകുകയോ ചെയ്യുന്നില്ല. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ( 47/22-23) മറുപടി ലഭ്യമാക്കിയിട്ടില്ല. ഓഡിറ്റ് റിപ്പോർട്ടുകളിൽ സമയബന്ധിതമായി മറുപടി ലഭ്യമാക്കേണ്ടതും തീർപ്പാക്കാനവശേഷിക്കുന്ന പരാമർശങ്ങൾ തീർപ്പാക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതുമാണ്.

**1-14 മാന്വൽ രസീതി ബുക്ക് - കൈകാര്യം ചെയ്യുന്നതിൽ ഗുരുതര വീഴ്ച**

മാന്വൽ രസീതി ബുക്കുകളോടുള്ള ലാഘവ സമീപനത്തെക്കുറിച്ച് മുൻ വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടികളിൽ (2020-21, ഖ.1-13, 2021-22, ഖ-1-9) നിരവധി തവണ പ്രതിപാദിച്ചിട്ടുണ്ടെങ്കിലും നിലവിലും സ്ഥിതി വ്യത്യസ്തമല്ല. ശ്രദ്ധയിൽപ്പെട്ട എതാനും അപാകതകൾ ചുവടെ കൊടുക്കുന്നു.

1. രസീതി ബുക്കിന്റെ സ്റ്റോക്ക് രജിസ്റ്ററിൽ രസീതി കൈപ്പറ്റുന്നതിനനുസൃതമായി ബാലൻസ് കുറവുവരുത്തി രേഖപ്പെടുത്തുന്നില്ല.

2. ബസ്റ്റാന്റ് പിരിവിനായി അൻപതോളം രസീതി ബുക്കുകൾ 17.3.23 മുതൽ 19.9.23 വരെ വിവിധ ക്ലർക്കുമാർ സ്വീകരിച്ചിട്ടുണ്ട്. ഈ രസീതികൾ യാതൊരു രേഖയുമില്ലാതെ കണ്ടിജൻറ് ജീവനക്കാർക്ക് നൽകുകയും അവർ പിരിവു നടത്തി തുക പഞ്ചായത്ത് ഫണ്ടിൽ അടവാക്കുകയുമാണ് ചെയ്യുന്നത്. ഈ തുക അടവാക്കിയതിന്റ കൃത്യത പരിശോധിക്കുന്നതിനായുള്ള ഫലപ്രദമായ സംവിധാനം പഞ്ചായത്തിൽ നിലവിലില്ല. ഓഡിറ്റ് ആവശ്യപ്പെട്ടപ്പോഴാണ് ഏകദേശം ഒരു ലക്ഷത്തോളം വരുന്ന ബസ്റ്റാന്റ് പിരിവിന്റെ കലക്ഷൻ രജിസ്റ്റർ എഴുതി തയ്യാറാക്കിയത്. മേൽനോട്ടത്തിന്റെ തികഞ്ഞ അഭാവമാണ് അപാകതയ്ക്ക് കാരണമായതെന്ന് വിലയിരുത്തുന്നു.

3. താഴെ പറയുന്ന മാന്വൽ രസീതി ബുക്കുകൾ ഉപയോഗിച്ച് പിരിച്ചെടുത്ത തുകകൾ പരിശോധിക്കുന്നതിന് ആവശ്യമായ കലക്ഷൻ രജിസ്റ്റർ ഹാജരാക്കിയിട്ടില്ല.

| ക്രമ നം. | രസീതി ബുക്ക് നം. | കൈപ്പറ്റിയ തിയതി | കൈപ്പറ്റിയ ക്ലർക്കിന്റെ പേര് | പിരിച്ചെടുത്ത തുക |
|---|---|---|---|---|
| 1. | 414 | 31/3/23 | ഉമ്മർ പി | 20,000 |
| 2. | 415 | 31/3/23 | ഉമ്മർ പി | 22,200 |
| 3. | 416 | 31/3/23 | ഉമ്മർ പി | 22,200 |
| 4. | 417 | 31/3/23 | ഉമ്മർ പി | 6,438 |

| | | | | |
|---|---|---|---|---|
| 5. | 418 | 18/4/23 | ഉമ്മർ പി | 21,978 |
| 6. | 419 | 18/4/23 | ഉമ്മർ പി | 22,200 |
| 7. | 420 | 18/4/23 | ഉമ്മർ പി | 22,200 |
| 8. | 421 | 10/5/23 | അർജ്ജുൻ.എ.പി | 29,785 |
| 9. | 422 | 14/06/23 | അർജ്ജുൻ.എ.പി | 21,978 |
| 10. | 425 | 1/07/23 | അർജ്ജുൻ.എ.പി | 22,200 |
| 11. | 426 | 1/07/23 | അർജ്ജുൻ.എ.പി | 21,756 |
| 12. | 465 | 19/9/23 | അർജ്ജുൻ.എ.പി | 16,206 |
| ആകെ | | | | 2,49,141 |

മേൽ തുക പഞ്ചായത്ത് ഫണ്ടിൽ അടവാക്കിയതിന്റെ രസീതും, കലക്ഷൻ രജിസ്റ്ററും ഹാജരാക്കിയിട്ടില്ലാത്തതിനാൽ തുക അടവാക്കിയിട്ടുണ്ടോ എന്ന്പരിശോധിച്ച് ഉറപ്പാക്കാൻ സാധിച്ചിട്ടില്ല.

4. കംഫർട്ട് സ്റ്റേഷൻ പിരിവ്, മറ്റു പിരിവ് എന്നീ ഇനങ്ങളിലുള്ള തുക പഞ്ചായത്ത് ഫണ്ടിൽ വരവ് വച്ചതിന്റെ സാംഖ്യ രസീതി കലക്ഷൻ രജിസ്റ്ററിൽ പതിച്ചുവെച്ചിട്ടുണ്ട്. എന്നാൽ ആയതിന്റെ കൃത്യത പരിശോധിക്കാനാവശ്യമായ രീതിയിൽ കലക്ഷൻ രജിസ്റ്റർ എഴുതുകയോ ആയത് മേൽ ഉദ്യോഗസ്ഥൻ പരിശോധിക്കുകയോ ചെയ്തിട്ടില്ല.

5. ഓഡിറ്റ് സമയത്ത് ആവശ്യപ്പെട്ടപ്പോൾ മാത്രമാണ് ഡേബുക്ക് പ്രിന്റെടുത്ത് നൽകിയത് . ആയത് സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല. ഡേബുക്കിനോടൊപ്പം പ്രിന്റെടുത്ത് സൂക്ഷിക്കേണ്ട ക്യാൻസൽ ചെയ്ത രസീതി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.

6. ലഭിച്ച ചെക്കുകൾ പണമാക്കിയ തിയതി രജിസ്റ്ററിൽ എഴുതിയിട്ടില്ലാത്തതിനാൽ നഗരസഭ സ്വീകരിച്ചിട്ടുള്ള എല്ലാ ചെക്കുകളും പണമാക്കിയിട്ടുണ്ടോ എന്ന് പരിശോധിച്ച് ഉറപ്പു വരുത്താൻ സാധിച്ചിട്ടില്ല.

7.നഗരസഭയുടെ ഓൺ ഫണ്ട് അക്കൗണ്ടിന്റെ പാസ്സ് ബുക്കിൽ ചെക്ക് നമ്പർ രേഖപ്പെടുത്താത്തതിനാൽ പിൻ വലിച്ച തുകകളുടെ ആധികാരികത ഉറപ്പാക്കാൻ സാധിച്ചിട്ടില്ല.

8. ഡബിൾ സൈഡ് കാർബൺ ഉപയോഗിച്ചില്ല

കേരള മുനിസിപ്പാലിറ്റി നിയമവും ചട്ടവും, അക്കൗണ്ട് ചട്ടങ്ങൾ (2007) ചട്ടം 18(2) പ്രകാരം കയ്യെഴുത്ത് സമ്പ്രദായത്തിൽ നൽകുന്ന രസീതികൾ മെഷീൻ നമ്പർ നൽകിയവയും ഡബിൾ സൈഡ് കാർബൺ ഉപയോഗിച്ച് എഴുതിയവയും ആയിരിക്കണം. എന്നാൽ മുൻസിപ്പാലിറ്റിയിൽ ബസ്സ്റ്റാന്റ് ഫീ ഈടാക്കുന്നതിനായി ഉപയോഗിച്ച ചുവടെ കൊടുത്ത രശീതി ബുക്കുകളിൽ ഡബിൾ സൈഡ് കാർബൺ ഉപയോഗിച്ചിട്ടില്ല.

405, 409, 410, 411, 412, 414, 415, 417, 418, 419, 423, 424, 433, 434, 435, 436,437, 441

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ എൻക്വയറിയ്ക്ക് (നം.32, 15.01.24)മറുപടി ലഭ്യമാക്കിയിട്ടില്ല.

രസീത് ബുക്ക് പരിപാലന കാര്യത്തിൽ സ്ഥാപനത്തിൽ നിലനില്ക്കുന്ന പോരായ്മകൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടേയും ഭരണസമിതിയുടേയും പ്രത്യേക ശ്രദ്ധയിൽ കൊണ്ടു വരുന്നു. പോരായ്മകൾ പരിഹരിക്കാൻ ആവശ്യമായ നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

അപാകതകൾ പരിഹരിച്ച് രേഖകൾ സഹിതം വിവരം അറിയിക്കേണ്ടതാണ്

1-15 തൊഴിൽ നികുതി- അപാകത

തൊഴിൽ നികുതിയുടെ കാര്യത്തിൽ രജിസ്റ്റർ അപൂർണ്ണമായി സൂക്ഷിക്കുന്നതിനാലും കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കാത്തതിനാലും നഗരസഭയിലെ തൊഴിൽ നികുതി വരവ് നഷ്ടം തിട്ടപ്പെടുത്താൻ കഴിയാത്ത സാഹചര്യമാണുള്ളതെന്നും, ഒടുക്കാൻ ബാധ്യതപ്പെട്ട മുഴുവൻ സ്ഥാപനങ്ങളും ഡിമാന്റിൽ വന്നിട്ടില്ലെന്നും 2021-22 വരെയുള്ള വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ പ്രതിപാദിച്ചിരുന്നു. (2017-2018 ഖ.2-5, 2020-21 ഖ.1-9, 2021-22 ഖ.1-10). എന്നാൽ ഈ നിർദ്ദേശങ്ങൾ നിലവിലും നടപ്പിലാക്കിയിട്ടില്ല.

1. ജി.ഐ.എസ്-മേപ്പിംഗ് വിവരങ്ങളും , സ്ഥാപനത്തിലെ രേഖകളിലെ വിവരങ്ങളും തമ്മിൽ വൻ അന്തരം

സ്ഥാപനം ജി ഐ എസ് മേപ്പിംഗ് എന്ന പ്രോജക്ട് (പ്രോജക്ട് നമ്പർ 10/23) രൂപീകരിക്കുകയും പ്രോജക്ടിന്റെ പൂർത്തീകരണ ഫലമായി കെട്ടിടങ്ങളുടെ വിശദവിവരങ്ങളും അത് ഉപയോഗപ്പെടുത്തുന്ന ആളുകളുടെ സാമൂഹ്യ സാമ്പത്തിക വിവരങ്ങളും പഞ്ചായത്തിന്റെ ഭൂമിശാസ്ത്ര വിവരങ്ങളും ഉൾപ്പെടെ സ്ഥാപനത്തിന്റെ തനതുവരുമാന സമാഹരണത്തേയും ഭരണത്തെയും ആസൂത്രണത്തേയും കാര്യക്ഷമമാക്കുന്നതിന് സഹായിക്കുന്ന വിവരങ്ങളടങ്ങിയ വെബ് സൈറ്റ് സ്ഥാപനത്തിന് കൈമാറുകയും ചെയ്തിട്ടുണ്ട്. ഈ വിവരങ്ങളിൽ കെട്ടിടങ്ങളുടെ വിവരങ്ങൾ സ്ഥാപനത്തിലെ നികുതി ഡിമാന്റുമായി തട്ടിച്ച് നോക്കിയതിൽ താഴെ പറയും പ്രകാരം വൻ നികുതി ചോർച്ച ഓഡിറ്റിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ട്.

| ക്രമ നം | ഇനം | സ്ഥാപനത്തിലെ രേഖകളിലെ വിവരങ്ങൾ (എണ്ണം) | | ജി.ഐ.എസ് വിവരങ്ങൾ(എണ്ണം) | |
|---|---|---|---|---|---|
| | | കെട്ടിടങ്ങൾ | ജീവനക്കാർ | കെട്ടിടങ്ങൾ | ജീവനക്കാർ |
| 1 | ആകെ കൊമേഴ്സ്യൽ കെട്ടിടങ്ങൾ | 753 | --- | 5889 | ---- |
| 2 | അടഞ്ഞു കിടക്കുന്നത് | --- | --- | ----- | ---- |

| | | | | | |
|---|---|---|---|---|---|
| 3 | വിദ്യഭ്യാസ ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്ന കെട്ടിടങ്ങൾ | 14 | ---- | 347 | ---- |
| 4 | വ്യവസായ ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്ന കെട്ടിടങ്ങൾ | | ഇൻസ്റ്റിറ്റ്യൂഷൻ നികുതി-636 ജീവനക്കാരുടെ നികുതി-82 | 275 | ---- |
| 5 | വാണിജ്യ ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്ന കെട്ടിടങ്ങൾ | | | ---- | --- |
| 6 | ഹോസ്പിറ്റൽ ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്ന കെട്ടിടങ്ങൾ | 11 | --- | ---- | ---- |
| 7 | ഓഫീസ് ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്ന കെട്ടിടങ്ങൾ | 23 | ---- | 266 | ---- |

ഗ്രാമപഞ്ചായത്തിലെ രേഖകളിൽ നിന്ന് ലഭ്യമായ വിവരങ്ങളും ജി ഐ എസ് വിവരങ്ങളും തമ്മിൽ വൻ അന്തരം നിലനിൽക്കുന്നു. ഉദാഹരണത്തിന് ജി ഐ എസ് വിവര പ്രകാരം 5889 കൊമേഴ്സ്യൽ കെട്ടിടങ്ങൾ ഉണ്ടെന്നിരിക്കെ സ്ഥാപനത്തിലെ കണക്കുകൾ പ്രകാരം വെറും 753 കൊമേഴ്സ്യൽ കെട്ടിടങ്ങൾ മാത്രമാണ് മുനിസിപ്പാലിറ്റി പരിധിയിൽ ഉള്ളത്. അതായത് സ്ഥാപനത്തിന്റെ കണക്കിൽപ്പെടാത്ത നിരവധി കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും ഇൻസ്റ്റിറ്റ്യൂഷൻ നികുതിയും ജീവനക്കാരിൽ നിന്നും തൊഴിൽ നികുതിയും ഈടാക്കുന്നില്ല എന്നതിനൊപ്പം ലൈസൻസ് ഇല്ലാതെ അത്രയും സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുവെന്നും വ്യക്തമാകുന്നു.

ഇവിടെ വ്യാപാര, വ്യവസായ സ്ഥാപനങ്ങളെ നിയന്ത്രിക്കുവാനുള്ള സ്ഥാപനത്തിന്റെ ഉത്തരവാദിത്വം നിറവേറ്റപ്പെടുന്നില്ലെന്ന് വ്യക്തമാകുന്നു. ഭൂരിഭാഗം സ്ഥാപനങ്ങളും മുനിസിപ്പാലിറ്റിയുടെ അനുമതിയോ അറിവോ ഇല്ലാതെ പ്രവർത്തിക്കുന്നുവെന്നത് ഗുരുതരമായ വീഴ്ചയാണ്.

## 2. രജിസ്റ്റർ സൂക്ഷിപ്പിലെ അപാകത

തൊഴിൽ നികുതിയുടെ കാര്യത്തിൽ രജിസ്റ്റർ അപൂർണ്ണമായി സൂക്ഷിക്കുന്നതിനാലും കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കാത്തതിനാലും നഗരസഭയിലെ തൊഴിൽ നികുതി വരവ് നഷ്ടം തിട്ടപ്പെടുത്താൻ കഴിയാത്ത സാഹചര്യമാണുള്ളതെന്നും, ഒടുക്കാൻ ബാധ്യതപ്പെട്ട മുഴുവൻ സ്ഥാപനങ്ങളും ഡിമാന്റിൽ വന്നിട്ടില്ലെന്നും

2021-22 വരെയുള്ള വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ പ്രതിപാദിച്ചിരുന്നു. (2017-2018 ഖ.2-5, 2020-21 ഖ.1-9, 2021-22 ഖ.1-10). എന്നാൽ ഈ നിർദ്ദേശങ്ങൾ നിലവിലും നടപ്പിലാക്കിയിട്ടില്ല.

3. ഡിമാന്റ് അപൂർണ്ണം

- 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റ് 245-ാം വകുപ്പ് പ്രകാരം ഓരോ നഗരസഭാ പ്രദേശത്തും ഓരോ അർദ്ധവർഷവും 60 ദിവസത്തിൽ കുറയാതെ ഇടപാടുകൾ നടത്തുന്ന ഓരോ സ്ഥാപനങ്ങളുടേയും, ആകെ 60 ദിവസത്തിൽ കുറയാതെ നഗരസഭാ പ്രദേശത്ത് തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന ഏതൊരാളുടെയും മേൽ തൊഴിൽ നികുതി ചുമത്തുന്നതിനും പിരിച്ചെടുക്കുന്നതിനും നഗരസഭക്ക് അധികാരമുണ്ട്.

ചട്ടം 3(2) പ്രകാരം സ്വയം തൊഴിൽ ചെയ്യുന്ന സ്വകാര്യ ഡോക്ടർമാർ, പാരാമെഡിക്കൽ വിദഗ്ധർ, അഭിഭാഷകർ, സഹകരണം സംഘം ആക്റ്റ് പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള സംഘങ്ങൾ, ബാങ്കർമാർ തുടങ്ങിയവർക്ക് നിശ്ചയിച്ച പരമാവധി അർധവാർഷിക തൊഴിൽ നികുതി 1250/- രൂപയാണ്. ഈ ഗണത്തിൽപ്പെടുന്ന താഴെ പറയുന്ന മുഴുവൻ പേരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടോ എന്ന് അന്വേഷിച്ച നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 13, 12.01.24) ഓഡിറ്റിൽ പരാമർശ്ശിച്ച മുഴുവൻ പേരിൽ നിന്നും കുടിശ്ശിക ഉൾപ്പെടെ അടവാക്കുന്നതിന് നോട്ടീസ് തയ്യാറാക്കി റിട്ടേൺ നൽകുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

- 2021-22, 22-23 എന്നീ സാമ്പത്തിക വർഷങ്ങളിൽ മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിയ കരാറുകാരിൽ നിന്നും, ബിൽഡിംഗ് പ്ലാനുകളിൽ സൂപ്പർവിഷൻ നടത്തിയ എൽ.ബി.എസ് മാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കാത്തതിന് മറുപടി ലഭ്യമാക്കേണ്ടതാണ്.
- വ്യക്തികൾ/സ്ഥാപനങ്ങൾ സമർപ്പിക്കുന്ന റിട്ടേണുകൾ (ഫോറം IV) ശരിയായ രീതിയിൽ സൂക്ഷിച്ചിട്ടില്ല. റിട്ടേണുകൾ ഡിമാന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തുന്ന മുറയ്ക്ക് ക്രമനമ്പർ നൽകി സൂക്ഷിക്കാത്തതിന് കാരണം വ്യക്തമാക്കേണ്ടതാണ്.

4. കുടിശ്ശിക പിരിച്ചെടുക്കാൻ നടപടികൾ സ്വീകരിച്ചില്ല.

വാർഷിക ധനകാര്യ പത്രിക പ്രകാരം (B-15 ഷെഡ്യൂൾ) കുടിശ്ശികയിനത്തിൽ 4,89,370/- രൂപ പിരിക്കാൻ ബാക്കിയുണ്ടെങ്കിലും ആയത് സംബന്ധിച്ചുള്ള കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കുകയോ, കുടിശ്ശിക പിരിച്ചെടുക്കാൻ നടപടികൾ സ്വീകരിക്കുകയോ ചെയ്തതായി കാണുന്നില്ല. പിരിച്ചെടുക്കാതെ ബാക്കിയായ തുക കുടിശ്ശിക ഡിമാന്റ് രജിസ്റ്ററിൽ ചേർത്ത് സൂക്ഷിക്കാത്തതിനാൽ കുടിശ്ശിക നികുതി പിരിവ് ശ്രദ്ധിക്കാൻ നഗരസഭയ്ക്ക് കഴിഞ്ഞിട്ടില്ല എന്ന് വിലയിരുത്തുന്നു. മാത്രമല്ല 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റ്, വകുപ്പ് 539 പ്രകാരം പിരിച്ചെടുക്കാതെ ബാക്കിയായ കുടിശ്ശിക മൂന്ന് വർഷം കഴിയുമ്പോൾ യാതൊരു നടപടിയും സ്വീകരിക്കാൻ കഴിയാതെ കാലഹരണപ്പെടുകയും ചെയ്യും.

5.തൊഴിലാളികൾക്ക് മിനിമം വേതനം ഉറപ്പ് വരുത്തുന്നില്ല.

കൊടുവള്ളി മുനിസിപ്പാലിറ്റി തൊഴിൽ നികുതി റിട്ടേണുകൾ പരിശോധിച്ചതിൽ, പല സ്ഥാപനങ്ങളും സർക്കാർ നിഷ്കർഷിച്ചതിന് വിരുദ്ധമായാണ് തൊഴിലാളികൾക്ക് വേതനം നൽകുന്നതെന്ന് ഓഡിറ്റിന്റെ

ശ്രദ്ധയിൽപ്പെട്ടു. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനം | തൊഴിലാളിയുടെ പേര്/ ഉദ്യോഗപ്പേര് | റിട്ടേൺ പ്രകാരം നൽകുന്ന അടിസ്ഥാന വേതനം (രൂപ) | നിയമ പ്രകാരം നൽകേണ്ടുന്ന മിനിമം വേതനം (രൂപ) | സർക്കാർ ഉത്തരവ് |
|---|---|---|---|---|---|
| 1 | AYN ഐ കെയർ ഹോസ്പിറ്റൽ | ശ്രീമതി. റിൻഷാന, ഫാർമസിസ്റ്റ് | 3,600/- | 15,350/- | G.O. (P) No. 51/2023/LBR. Dated,Thiruvananthapuram, 22 June, 2023 |
| | | ശ്രീമതി. ഷമില.പി.കെ നഴ്സ് | 12,312/- | 15,350/- | |
| 2 | റയാൻ പെട്രോളീയം | ബൈജു, പമ്പ് അറ്റൻഡർ | 7,761/- | 12450/- | G.O. (P) No. 22/2020/LBR. Dated,Thiruvananthapuram, 7th February, 2020 |
| | | | | | |
| | | നിർമല | 7,761/- | 12450/- | |
| | | പ്രസന്ന | 7,761/- | 12450/- | |
| | | ബിന്ദു | 7,761/- | 12450/- | |
| | | രതീഷ് | 7,761/- | 12450/- | |
| 3 | കൊശമറ്റം ഫിനാൻസ് | ആശ ഇ കെ, മേനേജർ | 7,450/- | 18500/- | G.O. (P) No.8/2020/LBR Dated,Thiruvananthapuram,16 Th January, 2020 |
| | | സനിത പി,സ്റ്റാഫ് | 4,950/- | 16250/- | |
| | | ദീപ്തി കെ എം, സ്റ്റാഫ് | 4,950/- | 16250/- | |

തൊഴിൽ വകുപ്പ് ഓരോ തൊഴിലിനും ബാധകമായിട്ടുള്ള മിനിമം വേതനം നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കാറുണ്ട്. സ്ഥാപനങ്ങൾ റിട്ടേൺ സമർപ്പിക്കുമ്പോൾ വേതനം വസ്തുനിഷ്ഠമായാണ് രേഖപ്പെടുത്തുന്നതെന്ന് ഉറപ്പ് വരുത്തേണ്ടതാണ്. തൊഴിൽ നികുതിയിൽ ഇളവ് ലഭിക്കുന്നതിനായാണ് വേതനം കുറച്ച് കാണിക്കുന്നതെങ്കിൽ സ്ഥാപനത്തിനെതിരെ നടപടി സ്വീകരിക്കേണ്ടതാണ് അല്ലാത്തപക്ഷം തൊഴിലാളികളെ ചൂഷണം ചെയ്യുന്ന ഇത്തരം സ്ഥാപനങ്ങളുടെ വിവരം ലേബർ വകുപ്പിൽ റിപ്പോർട്ട്

**ചെയ്യേണ്ടതാണ്.**

**നികുതികളുടെ കാര്യത്തിൽ സ്ഥാപനത്തിൽ നിലനില്ക്കുന്ന പോരായ്മകൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടേയും ഭരണസമിതിയുടേയും പ്രത്യേക ശ്രദ്ധയിൽ കൊണ്ടു വരുന്നു. പോരായ്മകൾ പരിഹരിക്കാൻ ആവശ്യമായ നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്. അപാകതകൾ പരിഹരിച്ച് രേഖകൾ സഹിതം വിവരം അറിയിക്കേണ്ടതാണ്.**

**1-16 ഷോപ്പിംഗ് കോംപ്ലക്സുകളിലെ മുറികൾ വാടകയ്ക്ക് നൽകിയതിലെ - അപാകതകൾ**

കൊടുവള്ളി നഗരസഭയുടെ ഉടമസ്ഥതയിൽ 5 ഷോപ്പിംഗ് കോംപ്ലക്സുകളിലായി 62 മുറികൾ വാടകയ്ക്ക് നൽകുന്നുണ്ടെന്നും, 6 മുറികളാണ് ഒഴിഞ്ഞ് കിടക്കുന്നതെന്നും മുൻ വർഷ ഓഡിറ്റ് റിപ്പോർട്ടിൽ നിന്നും 2023-24 വാടക രജിസ്റ്ററിൽ നിന്നും ലഭ്യമായ ഡാറ്റയിൽ നിന്നും വ്യക്തമാകു ന്നു. നഗരസഭയുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളുടെ എണ്ണവും മറ്റു വിവരങ്ങളും പരിശോധിക്കുന്നതിന് കെട്ടിടങ്ങളുടെ ആസ്തി രജിസ്റ്റർ ലഭ്യമാക്കുന്നതിന് ഓഡിറ്റ് റിക്വിസിഷൻ (നം. 8/09.01.2024) നൽകിയിരുന്നെങ്കിലും ആയത് ലഭ്യമാക്കിയിട്ടില്ല. വാടക വരവുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. 1994 കേരള മുനിസിപ്പാലിറ്റി ആക്ടിലെ സെക്ഷൻ 215 വസ്തു ആർജ്ജിക്കുന്നതിനും കൈയൊഴിക്കുന്നതിനും മുനിസിപ്പാലിറ്റിക്കുള്ള അധികാരത്തെ പറ്റി പ്രതിപാദിക്കുന്നു.

പ്രസ്തുത സെക്ഷനിലെ ഉപവകുപ്പ് (2) (എ) പ്രകാരം ഒരു മുനിസിപ്പാലിറ്റിക്ക്, വ്യാപാരത്തിനായുള്ളതോ അല്ലാത്തതോ ആയ കെട്ടിടങ്ങൾ നിർമ്മിക്കാവുന്നതും അവ ആവശ്യമുള്ള പൊതുജനങ്ങൾക്ക് ലൈസൻസിൻ മേൽ വാടകയ്ക്ക് കൊടുക്കാവുന്നതും [നിർണ്ണയിക്കപ്പെട്ട രീതിയിൽ] അവയുടെ ഉപയോഗത്തിനും കൈവശത്തിനും അതു നിശ്ചയിച്ചേക്കാവുന്ന ഫീസ് ചുമത്തുകയും ചെയ്യാവുന്നതാണെന്നും (സി) പ്രകാരം ലൈസൻസ് പുതുക്കി നൽകുന്നതോ ഒരു ലൈസൻസിയെ പുനരധിവസിപ്പിക്കുന്നതോ ഒഴികെയുള്ള എല്ലാ സംഗതികളിലും പരസ്യലേലമോ ടെണ്ടർ മുഖാന്തിരമോ മാത്രമേ ലൈസൻസ് അനുവദിക്കുവാൻ പാടുള്ളൂ വെന്നും വ്യവസ്ഥ ചെയ്യുന്നു. എന്നാൽ സ്ഥാപനം നിയമം അനുശാസിക്കും പ്രകാരമാണ് ലൈസൻസ് അനുവദിച്ചിട്ടുള്ളത് എന്ന് തെളിയിക്കുന്ന രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

2. 2022-23 വർഷം മേൽ സൂചിപ്പിച്ച പ്രകാരം 5 ഷോപ്പിംഗ് കോംപ്ലക്സുകളിലായി 62 മുറികൾ വാടകയ്ക്ക് നൽകുന്നുണ്ടെന്നും 6 മുറികളാണ് ഒഴിഞ്ഞ് കിടക്കുന്നതെന്നുമുള്ളതിന്റെ ആധികാരികത തെളിയിക്കുന്നതിനുള്ള രേഖപ്പെടുത്തലുകൾ വാടക രജിസ്റ്റർ അപൂർണ്ണമായതിനാലും കെട്ടിട അസറ്റ് രജിസ്റ്റർ ഹാജരാക്കാത്തതിനാലും പരിശോധിക്കാൻ സാധിച്ചിട്ടില്ല.

3. 2022-23 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിൽ RP-37 Rent Receivables From Buildings (Current) എന്ന ഹെഡിൽ വരവില്ല. എന്നാൽ Rent Receivable From Civic Amenities (Current) എന്ന ഹെഡിൽ 18,37,721/- രൂപയും Rent Receivable From Civic Amenities (Arrears) എന്ന ഹെഡിൽ 5,98,029/- രൂപയും വരവുണ്ട്. വാടക ഈടാക്കി വരുന്നത് Rent Receivable From Civic Amenities (Current) എന്ന ഹെഡിലാണ്. പ്രസ്തുത ഹെഡിന്റെ ലെഡ്ജർ പരിശോധിച്ചതിൽ നറേഷൻ ചേർത്തിട്ടില്ല. രജിസ്റ്റർ കാലികമാക്കാത്തതിനാലും സാംഖ്യ രസീതികൾ പരിശോധനയ്ക്ക് ഹാജരാക്കാത്തതിനാലും ഏത് കെട്ടിടത്തിന്റെ വാടകയാണ് ലഭിച്ചതെന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

4. ഓഡിറ്റുമായി ബന്ധപ്പെട്ട് വാടക രജിസ്റ്റർ ലഭ്യമാക്കിയിരുന്നില്ല. വാടകയുടെ കൃത്യത പരിശോധിക്കുന്നതിനായി രജിസ്റ്റർ ഹാജരാക്കുന്നതിന് ഓഡിറ്റ് റിക്വിസിഷൻ (ഓഡിറ്റ് റിക്വിസിഷൻ നം. 2) നൽകിയതിന്റെ അടിസ്ഥാനത്തിൽ വാടക രജിസ്റ്റർ ഹാജരാക്കുകയുണ്ടായി. എന്നാൽ പ്രസ്തുത രജിസ്റ്ററിൽ വാടക വരവിന്റെ കൃത്യത പരിശോധിക്കുന്നതിന് ആവശ്യമായ രേഖപ്പെടുത്തലുകൾ

വരുത്തിയിട്ടില്ല. പല കെട്ടിടങ്ങളുടെയും വാടകക്കാരന്റെ വിവരങ്ങൾ, മാസ വാടക, തുക ഈടാക്കിയിട്ടുണ്ടെങ്കിൽ ഈടാക്കിയ തീയതി രസീതി നമ്പർ തുടങ്ങിയവ ചേർത്തിട്ടില്ല.

5. 2022-23 വാർഷിക ധനകാര്യപത്രിക RP-27 പ്രകാരം വാടക ഡെപ്പോസിറ്റ് ഇനത്തിൽ 8,84,002/- രൂപ വരവുണ്ട്, ബാലൻസ് ഷീറ്റിൽ B-7 വാടക ഡെപ്പോസിറ്റ് എന്ന ശീർഷകത്തിൽ 2,685,637/-രൂപ നീക്കിയിരിപ്പുമുണ്ട്. ആയത് ഏത് കെട്ടിടങ്ങളുടെ ഡെപ്പോസിറ്റാണെന്ന് പരിശോധിക്കുന്നതിന് ഡെപ്പോസിറ്റ് രജിസ്റ്റർ ഹാജരാക്കിയിട്ടില്ല. കൂടാതെ വാടക രജിസ്റ്ററിലും ഡെപ്പോസിറ്റ് വിവരങ്ങൾ രേഖപ്പെടുത്തേണ്ട ഇടം പൂരിപ്പിച്ചിട്ടില്ല. വാടകക്കാരുടെ ഡെപ്പോസിറ്റ് തുക എത്ര എന്ന് സൂചിപ്പിക്കുന്ന വാടകക്കരാറോ, ഈടാക്കിയ ഡെപ്പോസിറ്റ് എത്രയെന്നോ, കുടിശ്ശിക എത്ര പേരിൽ നിന്നും ഈടാക്കുവാനുണ്ട് എന്നതിനെ സംബന്ധിച്ചോ ആധികാരികമായ യാതൊരു രേഖയും മുനിസിപ്പാലിറ്റി ഹാജരാക്കിയിട്ടില്ല. മുൻവർഷങ്ങളിൽ വാടകക്കാർ ഡിപ്പോസിറ്റ് തുക തിരികെ വാങ്ങിയിട്ടുണ്ടോയെന്നും വാടക കുടിശ്ശികയിലേക്ക് ഡെപ്പോസിറ്റ് തുക അഡ്ജസ്റ്റ് ചെയ്തിരുന്നോയെന്നും മേൽ രേഖകളുടെ അഭാവത്തിൽ ഉറപ്പുവരുത്താൻ സാധ്യമല്ല.

6. 1994 കേരള മുനിസിപ്പാലിറ്റി ആക്ടിലെ സെക്ഷൻ 215 (3) (2)-ാം ഉപവകുപ്പ് പ്രകാരമുള്ള ഓരോ ലൈസൻസും ആ കെട്ടിടമോ അതിലുള്ള മുറിയോ ഇടമോ ഉപയോഗിക്കുന്നതിനും കൈവശം വയ്ക്കുന്നതിനും ഉള്ള വ്യവസ്ഥകളും, ഫീസിന്റെ നിരക്കും, അത് കൊടുക്കേണ്ട സമയവും അതിൽ ഉൾക്കൊള്ളിച്ചിരിക്കേണ്ടതും മേൽപ്പറഞ്ഞ പ്രകാരമുള്ള വ്യവസ്ഥകളും നിബന്ധനകളും ഉചിതമായ മൂല്യമുള്ള മുദ്രപ്പത്രത്തിലുള്ള ഒരു കരാറിന്റെ രൂപത്തിൽ എഴുതിയുണ്ടാക്കിയത് ആയിരിക്കേണ്ടതുമാണ്.

എന്നാൽ നഗരസഭയിൽ വാടക്കാരുമായി കരാറിലേർപ്പെട്ടിട്ടുണ്ടോയെന്ന് പരിശോധിക്കുന്നതിന് കരാർ ഹാജരാക്കിയിട്ടില്ല. മുൻ വർഷ ഓഡിറ്റ് റിപ്പോർട്ടിൽ സ്ഥാപനം വാടകക്കാരുമായി കരാറിലേർപ്പെടുന്നില്ലയെന്ന് പരാമർശിച്ചിട്ടും ആയിതിന് പരിഹാരം കണ്ടെത്താൻ ഉത്തരവാദിത്തമുള്ള ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയോ കൗൺസിലോ യാതൊരു വിധ നടപടിയും കൈക്കൊള്ളുന്നില്ല എന്നത് ഓഡിറ്റ് ഗൌരവപൂർവം കാണുന്നു. മുദ്രപത്രത്തിൽ കരാർ നിബന്ധനകൾ എഴുതി ഒപ്പു വെച്ച് സൂക്ഷിക്കാത്തത് നഗരസഭയുടെ ഭാഗത്ത് നിന്നുള്ള വീഴ്ച്ചയാണ്. കരാർ ചമയ്ക്കാത്തത്ത് മൂലം തുക ഒടുക്കുന്നതിൽ വീഴ്ച്ച വരുത്തിയാൽ ആയത് ഈടാക്കുന്നതിന് നിയമപരമായി സാധിക്കുകയില്ല. കൂടാതെ വാടകയിനത്തിലോ കെട്ടിടത്തിന്റെ മറ്റ് ഭൗതിക തകരാറുകൾ മൂലമോ ഉണ്ടാവുന്ന നഷ്ടങ്ങൾ വാടകക്കാരിൽ നിന്നും ഈടാക്കുന്നതിന് കേരള മുനിസിപ്പാലിറ്റി ആക്റ്റ്, സെക്ഷൻ 215 (8) പ്രകാരമുള്ള നടപടികൾ സ്വീകരിക്കാൻ മുനിസിപ്പാലിറ്റിക്ക് സാധിക്കാതെവരുകയും ഡെപ്പോസിറ്റ് തുകയുടെ വാർഷിക പലിശയിനത്തിൽ ലഭിക്കുമായിരുന്ന തുക നഷ്ടപ്പെടാൻ ഇടയാക്കുകയും ചെയ്യുന്നു.

7. 1994 കേരള മുനിസിപ്പാലിറ്റി ആക്ടിലെ സെക്ഷൻ 215 (3) (2)-ാം ഉപവകുപ്പ് പ്രകാരം ആവശ്യപ്പെടാതെ തന്നെ ലൈസൻസ് ഫീസും മറ്റു ചാർജ്ജുകളും കരാറിൽ പറഞ്ഞിട്ടുള്ള നിരക്കിൽ അതിൽ പറഞ്ഞിട്ടുള്ള സമയത്തിനുള്ളിൽ കൊടുക്കേണ്ടതാണ്.

വാടക രജിസ്റ്റർ പരിശോധിച്ചതിൽ പല വാടക്കാരിൽ നിന്നും വാടക വൈകി അടവാക്കുന്നതിന് പിഴപ്പലിശ ഈടാക്കിയിട്ടുണ്ട് എന്നാൽ മറ്റു പലരിൽ നിന്നും പിഴപ്പലിശ ഈടാക്കിയതായി കാണുന്നില്ല. വാടകക്കാരുമായി കരാറലേർപ്പെടാത്തതു മൂലം പിഴപ്പലിശ ഈടാക്കുന്നതിന്റെ കൃത്യത ഉറപ്പാക്കാനോ പിഴപ്പലിശ ഈടാക്കാത്തതിനാൽ സ്ഥാപനത്തിനുണ്ടായിട്ടുള്ള സാമ്പത്തിക നഷ്ടത്തിന്റെ വ്യാപ്തി കണക്കാക്കാനോ സാധിച്ചിട്ടില്ല. ഉദാ- 3/783 എന്ന കെട്ടിടത്തിന്റെ ആഗസ്റ്റ് മുതൽ ജനവരി വരെയുള്ള വാടക ഈടാക്കിയത് 17.01.2023 122100110044 എന്ന രസീതി പ്രകാരമാണ്. ഇതിൽ പിഴ പലിശയിനത്തിൽ 60 രൂപയാണ് ഈടാക്കിയിട്ടുള്ളത്. ടി കെട്ടിടത്തിന്റെ മാസ വാടക 3,000/- രൂപയായിരിക്കെ ഇത്രയും കാലതാമസത്തിന് ആകെ 2% പിഴ ഈടാക്കിയത് എപ്രകാരമാണെന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല. 3/790 നമ്പർ കെട്ടിടത്തിന്റെ സെപ്റ്റംബർ മുതൽ ജനവരി വരെയുള്ള വാടക 10.01.2023ന് 1200100109923 നമ്പർ രസീതി പ്രകാരം ഈടാക്കിയതിൽ യാതൊരുവിത പിഴയും ഈടാക്കിയിട്ടില്ല. കെട്ടിടത്തിന്റെ പ്രതിമാസ വാടക 6,000/- രൂപയാണ്.

8. മുൻ വർഷ ഓഡിറ്റ് റിപ്പോർട്ടിൽ ബൈലോയ്ക്ക് സർക്കാർ അംഗീകാരം നൽകുന്നതിന് നടപടി സ്വീകരിച്ചതായി പറയുന്നുണ്ടെങ്കിലും ആയതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. കേരള മുനിസിപ്പാലിറ്റി സെക്ഷൻ 572(1) പ്രകാരം ബൈലോ സർക്കാർ അംഗീകാരം നൽകി സ്ഥിരീകരിക്കുന്നത് വരെ ബൈലോയ്ക്ക് പ്രാബല്യം ഉണ്ടായിരിക്കുന്നതല്ല. ഇതിനാൽതന്നെ ബൈലോയ്ക്ക് അംഗീകാരമില്ലാതെ വാടകക്കാരുമായി കരാറിലേർപ്പെട്ടുമ്പോൾ അതിലെ വ്യവസ്ഥകൾ ലംഘിക്കപ്പെടുന്ന സാഹചര്യത്തിൽ പിഴ ഈടാക്കുന്നതിനോ നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നതിനോ കഴിയാതെ വരുന്നു.

9. 2022-23 വാർഷിക കണക്ക് പ്രകാരം തൻവർഷം 4,75,496/- രൂപയും കുടിശ്ശികയായി 14,56,728/- രൂപയും വാടക ഇനത്തിൽ പിരിച്ചെടുക്കാൻ അവശേഷിക്കുന്നുണ്ട് എന്നാൽ രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കാത്തതിനാൽ ആയത് പരിശോധിച്ച് കൃത്യത ഉറപ്പ് വരുത്താൻ സാധിച്ചിട്ടില്ല.

വാടക തുടർച്ചയായി ഒടുക്കാത്തവരുടെ കുടിശ്ശിക, ഡെപ്പോസിറ്റ്/അഡ്വാൻസിൽ നിന്നും ഈടാക്കി മുറി ഒഴിപ്പിച്ച് പുനർ ലേലം നടത്തുകയോ വാടക കൃത്യമായി പിരിച്ചെടുക്കുകയോ ചെയ്യാതെ ലക്ഷങ്ങൾ കുടിശ്ശികയായി തുടരുന്നു. ഇത് പിരിച്ചെടുക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി കൃത്യമായ നിർദ്ദേശങ്ങൽ നൽകുകയോ, നിയമാനുസൃത നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല. 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം സെക്ഷൻ 22 (B) ( A) പ്രകാരം നഗരസഭയുടെ നികുതി, ഫീസ്, വാടക, മറ്റുവരവുകൾ എന്നിവ നിർണ്ണയിച്ച് ഡിമാന്റ് ചെയ്ത് യഥാസമയം പിരിച്ചെടുക്കുന്നുണ്ടോയെന്ന് ഉറപ്പുവരുത്തേണ്ടത് ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റിയാണ്.

2022 ഏപ്രിൽ 06ാം തീയതി ചേർത്ത ധനകാര്യ സ്റ്റാന്റിംങ് കമ്മിറ്റി യോഗത്തിൽ അജണ്ട 2 പ്രകാരം നഗരസഭയുടെ ഉടമസ്ഥതയിലുള്ള ഷോപ്പിംങ് കോംപ്ലക്സിലെ 5 കെട്ടിട മുറികൾ പൂട്ടി സീൽ ചെയ്തത് സംബന്ധിച്ചും 3 കെട്ടിട മുറികളുടെ 3/370 A, 3/370 X, 3/370 K, എന്നീ കെട്ടിട മുറികളുടെ വാടക കുടിശ്ശിക അടവാക്കിയതായും ചർച്ച ചെയ്തിട്ടുണ്ട്. എന്നിരുന്നാലും നഗരസഭയുടെ പ്രധാന വരുമാനമാർഗ്ഗങ്ങളിലൊന്നായ ഷോപ്പിംഗ് കോംപ്ലക്സ് മുറികൾ നിയമ വ്യവസ്ഥകൾ പാലിച്ചുകൊണ്ട് വാടകക്കു നൽകുന്നതിലും വാടക കുടിശ്ശിക പിരിച്ചെടുക്കുന്ന കാര്യത്തിലും ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി വേണ്ടത്ര ശ്രദ്ധ ചെലുത്തുന്നില്ല എന്നതാണ് 19,32,224/- രൂപ (14,56,728 + 4,75,496) രൂപ കുടിശ്ശികയുണ്ടെന്നതിൽ നിന്ന് വ്യക്തമാകുന്നത്. 2022-23 ധനകാര്യ സ്റ്റാന്റിങ് കമ്മിറ്റിയുടെ യോഗങ്ങളിൽ രണ്ട് തവണ മാത്രമാണ് വാടക വരവുമായി ചർച്ച നടത്തിയിട്ടുള്ളതെന്ന് കാണുന്നു.

1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം സെക്ഷൻ 215 (8) ഏതെങ്കിലും ലൈസൻസുകാരൻ ലൈസൻസ് ഫീസ് കൊടുക്കുന്നതിൽ ലൈസൻസിലെ വ്യവസ്ഥകൾക്കനുസൃതമായി നിക്ഷേപിച്ച തുകയ്ക്കുള്ള കാലാവധിയിൽ കൂടുതൽ കാലത്തേക്ക് വീഴ്ചവരുത്തുകയാണെങ്കിൽ, സെക്രട്ടറി, രേഖാമൂലമായ നോട്ടീസുമൂലം കരാറിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരമുള്ള പലിശയോ പിഴയോ സഹിതം കൊടുക്കേണ്ട തുക, അങ്ങനെയുള്ള നോട്ടീസയച്ച് ഏഴുദിവസത്തിനകം, കൊടുക്കാൻ വീഴ്ചക്കാരനോട് ആവശ്യപ്പെടേണ്ടതും, അതിനു വീഴ്ച വരുത്തുന്ന സംഗതിയിൽ, അദ്ദേഹം ഉടൻതന്നെ പരിസരങ്ങൾ താൽക്കാലികമായി അടച്ചിടീക്കേണ്ടതും പോലീസിന്റെ സഹായത്തോടെയോ അല്ലാതെയോ അതിന്റെ കൈവശക്കാരനെയോ കൈവശക്കാരെയോ അവിടെ നിന്നും ഒഴിപ്പിക്കേണ്ടതും ആകുന്നു.

10. 2022-23 സാമ്പത്തിക വർഷത്തെ ഡിമാന്റ്, കലക്ഷൻ, ബാലൻസ് എന്നിവ രജിസ്റ്ററിൽ രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.
ഓഡിറ്റ് എൻക്വയറി നമ്പർ 17 പ്രകാരം വിവരശേഖരണം നടത്തിയതിൽ നഗരസഭ മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മാനിപുരം ഷോപ്പിംഗ് കോംപ്ലക്സ് 5 മുറികളിൽ 4 എണ്ണം കച്ചവടസ്ഥാപനങ്ങൾക്ക് നൽകിയതാണെന്നും അവയിൽ അവശേഷിക്കുന്ന 1 മുറി വായനശാലയ്ക്ക് കൊടുത്തു എന്നും അറിയിച്ചിട്ടുണ്ട്. കൂടാതെ ബസ് സ്റ്റാൻഡ് ബിൽഡിംങിലെ 17 മുറികളും, ബസ് സ്റ്റാന്റ് ബങ്ക്, വായനശാല ബിൽഡിംഗ് ഒരു മുറി, വില്ലേജ് ഓഫീസ് ബിൽഡിംഗ് 5 മുറികളും വാടകയ്ക്ക് നല്കിയിട്ടുള്ളതാണെന്നും. വില്ലേജ് ഓഫീസ് ബിൽഡിംഗ് 5 എണ്ണം ഒഴിഞ്ഞു കിടക്കുന്നുവെന്നും അറിയിച്ചിട്ടുണ്ട്. കമ്മ്യൂണിറ്റി ഹാൾ ബിൽഡിംഗ് 26 മുറികളിൽ 10 എണ്ണം വാടകയ്ക്ക് നല്കിയിട്ടുള്ളതാണ് 16 എണ്ണം ഒഴിഞ്ഞു കിടക്കുന്നു

എന്നമാണ് സ്ഥാപനം അറിയിച്ചിട്ടുള്ളത്. ഇത്രയും മുറികൾ ഒഴിഞ്ഞ് കിടക്കാനുള്ള സാഹചര്യം വ്യക്തമല്ല. ഒഴിഞ്ഞ് കിടക്കുന്ന മുറികൾ ലേലം ചെയ്ത് നൽകേണ്ടതാണ്. മുറികൾ ഒഴിഞ്ഞ് കിടക്കുന്നതിന് കാരണം വ്യക്തമാക്കിയിട്ടില്ല. ഒഴിഞ്ഞ് കിടക്കുന്ന മുറികൾ പുനർലേലം ചെയ്യേണ്ടതാണ്.

മുൻ വർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ നിരന്തരമായി കെട്ടിടങ്ങളുടെ വാടക പിരിക്കുന്നത് സംബന്ധിച്ച അപാകതകൾ ചൂണ്ടിക്കാണിച്ചിരുന്നെങ്കിലും ആയത് നിലവിലും പരിഹരിച്ചിട്ടില്ല. വരുമാനച്ചോർച്ച തടയാനുള്ള യാതൊരു സംവിധാനവും നിലവിൽ നഗരസഭയിലില്ല. മുറികളുടെ ഡെപ്പോസിറ്റ് തുകയെ സംബന്ധിച്ച് കൃത്യമായ ഒരു വിവരവും മുനിസിപ്പാലിറ്റി ലഭ്യമാക്കിയിട്ടില്ല എന്നത് ഓഡിറ്റ് ഗൗരവമായി കാണുന്നു. മേൽ അപാകതകൾ പരിഹരിച്ച് ഓഡിറ്റ് നിർദ്ദേശങ്ങൾ പാലിച്ച് രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-17 കംഫർട്ട് സ്റ്റേഷൻ, ബസ് സ്റ്റാന്റ് ഫീസ് പിരിവ്, ടൌൺ ഹാൾ വാടക - അപാകതകൾ

2022 നവംബർ 23ന് ചേർന്ന ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി യോഗത്തിൽ നഗരസഭയുടെ ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സ് കടമുറികൾ, കംഫർട്ട് സ്റ്റേഷൻ, ബസ് സ്റ്റാന്റ് ഫീസ് പിരിവ് എന്നിവയുടെ ലേലം/ ടെണ്ടർ നടത്തുന്നതിന് പത്രപരസ്യം നൽകിയ വകയിൽ തുകകൾ അനുവദിക്കുന്നതിന് പത്ര കട്ടിംഗ് സഹിതം മാതൃഭൂമി പ്രിന്റിംഗ് ആന്റ് പബ്ലിഷിംഗ് കോ- ലിമിറ്റഡ് ബിൽ അനുവദിക്കുന്ന വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അജണ്ട 1 ആയി ചർച്ച ചെയ്തിട്ടുണ്ട്.

2023 ഫെബ്രുവരി 8ന് നടന്ന ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി യോഗത്തിൽ 2018-19നാണ് കംഫർട്ട് സ്റ്റേഷൻ അവസാന ലേലം നടന്നത് എന്നും 2022-23 സമ്പത്തിക വർഷം കംഫർട്ട് സ്റ്റേഷൻ, ബസ്റ്റാന്റ് ഫീ പിരിക്കൽ എന്നിവ ലേലത്തിൽ പോയിട്ടില്ലയെന്നും നിലവിൽ നഗരസഭ നേരിട്ട് ഫീ പിരിക്കുന്നതിന് രണ്ട് ജീവനക്കാരുടെ സേവനം പ്രസ്തുത ആവശ്യത്തിനായി ഉപയോഗപ്പെടുത്തിയിരുന്നിട്ടും ലേലം വഴിയുള്ള രീതിയിലേക്ക് വരുമാനം ലഭിക്കാത്ത സാഹചര്യത്തിൽ തുടർ ലേലം നടത്തുന്നത് സംബന്ധിച്ചാണ് അജണ്ട. ലേലം നടത്തുന്നതിനായി നടപടികൾ സ്വീകരിച്ചുവരുന്നുവെന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മിനട്ട്സിൽ പറയുന്നുണ്ടെങ്കിലും ലേലം നടത്തിപ്പുമായി ബന്ധപ്പെട്ട ഫയൽ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

2018-19 സാമ്പത്തിക വർഷം ബസ് സ്റ്റാന്റ് ഫീ പിരിക്കൽ ലേലത്തിൽ നഗരസഭയ്ക്ക് 1,20,000/- രൂപയും കംഫർട്ട് സ്റ്റേഷൻ ലേലത്തിൽ 22,250/- രൂപയുമാണ് വരവ് എന്ന് ഫയൽ പരിശോധിച്ചതിൽ നിന്ന് വ്യക്തമാണ്. 2022-23 വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിൽ RP-4 പ്രകാരം ബസ് സ്റ്റാന്റ് ഫീ പിരിവ് ഇനത്തിൽ 2,50,626/- രൂപ വരവുണ്ട്. RP-4 ൽ Other Fees എന്ന ഹെഡിലാണ് കംഫർട്ട് സ്റ്റേഷൻ ഫീ പിരിവ് പോസ്റ്റ് ചെയ്യുന്നത്. പ്രസ്തുത ഹെഡിൽ മറ്റുവരവുകൾ (ഉദാ:- മോട്ടോർ ഫീസ്, വാട്ടർ സാമ്പിൾ ടെസ്റ്റ്) പോസ്റ്റ് ചെയ്യുന്നതിനാലും രസീതികൾ കൃത്യതയോടെ സൂക്ഷിക്കാത്തതിനാലും ലെഡ്ജർ മുഖേന കംഫർട്ട് സ്റ്റേഷൻ ഫീ പിരിവിനത്തിൽ യഥാർഥ വരവ് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

### ടൗൺ ഹാൾ വാടക

2022-23 വാർഷിക ധനകാര്യപത്രികയിൽ RP-3 Rent From Town Hall എന്ന ഹെഡിൽ 17,500/- രൂപ വരവുണ്ട്. പ്രസ്തുത ലെഡ്ജർ പരിശോധിച്ചതിൽ 3,500/- രൂപ വീതം 5 തവണ വരവ് വന്നതായി കാണുന്നുവെങ്കിലും ഈ വരവ് സംബന്ധിച്ച് രജിസ്റ്ററിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്താത്തതിനാലും അപേക്ഷകളുടെ അഭാവത്തിലും ആയതിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

അപാകതകൾ പരിഹരിച്ച് രേഖകൾ സഹിതം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 1-18 വ്യവസായങ്ങൾക്കും, ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭങ്ങൾക്കും ലൈസൻസ്

**നൽകൽ – അപാകതകൾ**

2022-23 വർഷത്തിൽ FTE & OS ലൈസൻസിന്റെ വരവുമായി ബന്ധപ്പെട്ട പരിശോധനയുടെ ഭാഗമായി ഡിമാന്റ് രജിസ്റ്റർ, അപേക്ഷകൾ വാർഷിക ധനകാര്യ പത്രിക എന്നിവ പരിശോധി ച്ചതിൽ നിന്നും താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

- കേരള മുനിസിപ്പാലിറ്റി നിയമവും ചട്ടങ്ങളും സെക്ഷൻ 253 പ്രകാരം വ്യവസായ, വാണിജ്യ കെട്ടിടങ്ങളുടെ ഉടമസ്ഥനോടോ കൈവശക്കാരനോടോ നോട്ടീസ് മൂലം കെട്ടിടത്തിന്റെ ഉപയോഗം സംബന്ധിച്ച വിവരം തേടിയതിന്റെയോ ഫീൽഡ് പരിശോധനയുടെയോ അടിസ്ഥാനത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല.
- പഞ്ചായത്ത് പരിധിയിലെ ഭൂമി ഉപയോഗപ്പെടുത്തി നടത്തപ്പെടുന്ന മുഴവൻ വ്യാപാരങ്ങളും വ്യവസായങ്ങളും (കെട്ടിട നിർമ്മാണ വസ്തുക്കൾ സംഭരിച്ച് വില്പന നടത്തുന്നവർ, അഗ്രികൾ ച്ചറൽ നഴ്സറി തുടങ്ങിയവ) ഉൾപ്പെടുത്തി ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ലാത്തതിനാൽ ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ 2022-23 വർഷത്തിൽ കേരള മുനിസിപ്പാലിറ്റി നിയമവും ചട്ടങ്ങളും സെക്ഷൻ 259 പ്രകാരം നടപടികൾ സ്വീകരിക്കുന്നതിലും വീഴ്ചയുണ്ടായിട്ടുണ്ട്.
- വ്യവസായങ്ങൾക്കും, ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭങ്ങൾക്കും ലൈസൻസ് നൽകലുമായി ബന്ധപ്പെട്ട അപാകതകൾ വിശദമായി 2021-22 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ (ഖ. 1-17)പരാമർശിച്ചിട്ടുള്ളതാണ്. ലൈസൻസ് അനുവദിക്കുന്നതിൽ കൃത്യമായ മോണിറ്ററിംഗ് ഇല്ലാത്തതിനാൽ തനത് ഫണ്ടിന്റെ ഭീമമായ ചോർച്ച നടന്ന് കൊണ്ടിരിക്കുന്നതായും, ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി നിയമ പ്രകാരം ലൈസൻസ് എടുക്കാൻ ബാധ്യസ്ഥരായ മുഴവൻ കച്ചവട വ്യപാര/ സ്ഥാപനങ്ങളും ലൈസൻസ് എടുക്കുന്നതിനാവശ്യമായ സത്വര നടപടികൾ ഭരണസമിതിയും, സെക്രട്ടറിയും സ്വീകരിക്കേണ്ടതാണെന്നും റിപ്പോർട്ടിൽ നിർദ്ദേശിച്ചിരുന്നുവെങ്കിലും നിലവിലും അപാകതകൾ തുടരുന്നു. മറുപടി ലഭ്യമാക്കേണ്ടതും അപാകതകൾ പരിഹരിച്ച രേഖകൾ സഹിതം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

**1-19 DSR 2016 അടിസ്ഥാനമാക്കിയ എസ്റ്റിമേറ്റിൽ എക്സ്ട്രാ ഇനം പ്രവൃത്തിക്ക് 2018നിരക്ക് അനുവദിച്ച – അധിക ചെലവ്**

ഓഡിറ്റ് വർഷം അസി.എഞ്ചിനീയർ നിർവ്വഹണം ചെയ്ത് ചെലവ് നടത്തിയ രണ്ടു സ്കൂളുകളിലെ ടോയ്‌ലെറ്റ് നിർമ്മാണത്തിന്റെ എസ്റ്റിമേറ്റുകൾ 2016 DAR അടിസ്ഥാനപ്പെടുത്തിയാണ് തയ്യാറാക്കിയിരുന്നത്. പദ്ധതി വിശദാംശം ചുവടെ കൊടുക്കുന്നു.

| പദ്ധതി പേര്/ പ്രോജക്ട് നമ്പർ | പാലക്കുറ്റി AMLPസ്കൂൾ ടോയ്‌ലെറ്റ് നിർമ്മാണം, 98/23 | തലപ്പെരുമണ്ണ GMLPസ്കൂൾ ടോയ്‌ലെറ്റ് നിർമ്മാണം, 99/23 |
|---|---|---|
| അടങ്കൽ | 7,03,000/- നഗരസഞ്ചയ ഫണ്ട് | 10,00,000/- നഗരസഞ്ചയ ഫണ്ട് |
| ചെലവ് | 6,27,080/- | 8,57,454/- |
| ബിൽ നം. | 103/2.11.22 | 104/2.11.22 |

ഈ രണ്ടു പദ്ധതികളും നിർവ്വഹണ സമയം പുതുക്കുകയും വിവിധയിനങ്ങൾ എക്സ്ട്രായായി ഉൾപ്പെടുത്തി പ്രവൃത്തികൾ ചെയ്യുകയും ചെയ്തു. എന്നാൽ എക്സ്ട്രായിനത്തിന്റെ നിരക്കുകൾ

തയ്യാറാക്കിയപ്പോൾ പലയിനങ്ങളുടേയും നിരക്ക് 2018ലെ DAR അടിസ്ഥാനപ്പെടുത്തി തയ്യാറാക്കിയതായി കാണുന്നു. ഇതു മൂലം കരാറുകാരന് അധികതുക ലഭിക്കുന്ന സാഹചര്യമുണ്ടായിട്ടുണ്ട്. വിശദ വിവരം ചുവടെ കൊടുക്കുന്നു.

| പാലക്കുറ്റി AMLPസ്കൂൾ ടോയ്‌ലെറ്റ് നിർമ്മാണം, 98/23 | | | |
|---|---|---|---|
| ഇനം | 2018 DARഅടിസ്ഥാപ്പെടുത്തി തയ്യാറാക്കിയ നിരക്ക്/ 10.79% ടെണ്ടർ കുറവിൽ കരാറുകാരന് നൽകിയ തുക | 2016 DARഅടിസ്ഥാനപ്പെടുത്തിയാൽ വരുന്ന തുക/ 10.79% ടെണ്ടർ കുറവിൽ കരാറുകാരന് നൽകാവുന്ന തുക | അധികം നൽകിയത് |
| E3 10.25.2 | 149.01 133.07 X 151.2kg=20120.18 | 112.65 100.49 X 151.2kg=15194.088 | 4926.1 |
| E4 13.2.1 | 414.72 370.34 X 27.09$m^2$=10032.51 | 307.6 274.41 X 27.09$m^2$=7433.77 | 2598.8 |
| E5 13.6.2.1 | 201.57 180.01 X 19.76$m^2$=3557 | 147.18 131.3 X 19.76$m^2$ =2594.49 | 962.5 |
| E6 10.26.1 | 165.72 147.99 X 40kg=5919.6 | 120.58 107.57 X 40kg=4302.8 | 1616.8 |
| E7 11.20.2 | 1256.34 1121.91 X 7.83=8784.56 | 1151.49 1027.25 X 7.83=8043.37 | 741.19 |
| ആകെ | | | 10845.39+12%GST =12146.84 |

(മുകളിൽ കൊടുത്ത യഥാർത്ഥത്തിൽ കൊടുക്കാവുന്ന നിരക്ക് DAR 2016 അടിസ്ഥാനമാക്കിയാണ് കണക്കാക്കിയത്). മേൽ ഇനങ്ങൾ കൂടാതെ E1, E2 എന്നിവയായി പ്രൈസിലെ ഒബ്സേർവ്ഡ് ഡാറ്റകൾ യഥാക്രമം 50.2.25.1, 50.6.1.2 എന്നിവയും പുതുക്കിയ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരുന്നു. പ്രൈസ് 1 നിലവിൽ ലഭ്യമല്ലാത്തതിനാൽ ഈയിനങ്ങളിൽ ഉണ്ടായ അധിക ചെലവ് കണക്കാക്കാൻ സാധിച്ചിട്ടില്ല.

| തലപ്പെരുമണ്ണ GMLPസ്കൂൾ ടോയ്‌ലെറ്റ് നിർമ്മാണം, 99/23 | | | |
|---|---|---|---|
| ഇനം | 2018 DAR അടിസ്ഥാനപ്പെടുത്തി തയ്യാറാക്കിയ നിരക്ക്/12.66% ടെണ്ടർ കുറവിൽ കരാറുകാരന് നൽകിയ തുക | 2016 DAR അടിസ്ഥാനപ്പെടുത്തിയാൽ വരുന്ന തുക/ 12.66% ടെണ്ടർ കുറവിൽ കരാറുകാരന് നൽകാവുന്ന തുക | അധികം നൽകിയത് |
| E3 10.25.2 | 149.01<br>130.09 X 145.43 Kg= 18918.99 | 112.65<br>98.39 X 145.43 Kg =14308.86 | 4610.13 |
| E4 13.9.1 | 414.72<br>362.05 X 17.55$m^2$ =6353.98 | 307.6<br>268.66 X 17.55=4714.98 | 1639 |
| E6 10.26.1 | 165.72<br>144.67 X 54.2kg =7841.11 | 120.58<br>105.31 X 54.2kg =5707.8 | 2133.31 |
| E7 11.20.2 | 1256.34<br>1096.78 X 16.98$m^2$=18623.32 | 1151.49<br>1005.71 X 16.98$m^2$=17076.96 | 1546.36 |
| E8 11.36 | 1220.35<br>1065.37 X 69.08$m^2$=73595.76 | 976.13<br>852.55 X 69.08$m^2$=58894.15 | 14701.61 |
| E9 11.38 | 1180.56<br>1030.63 X 14.42$m^2$ = 14861.68 | 980.2<br>856.11 X 14.42$m^2$=12345.17 | 2516.57 |
| E12 13.61.1 | 143.94<br>125.66 X | 102.75<br>89.74 X | 576.44 |

| | | | |
|---|---|---|---|
| | $16.048m^2$=2016.59 | $16.048m^2$=1440.15 | |
| ആകെ | | | 27723.42+ 12% GST =31050.23 |

മേൽ ഇനങ്ങൾ കൂടാതെ E2, E5 എന്നിവയായി പ്രൈസിലെ ഒബ്സേർവ്ഡ് ഡാറ്റകൾ യഥാക്രമം 50.6.1.2, 50.18.9.2.2.8 എന്നിവയും പുതുക്കിയ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരുന്നു. പ്രൈസ് 1 നിലവിൽ ലഭ്യമല്ലാത്തതിനാൽ ഈയിനത്തിൽ ഉണ്ടായ അധിക ചെലവ് കണക്കാക്കാൻ സാധിച്ചിട്ടില്ല. E1, E10, E11 എന്നിവയുടെ നിരക്ക് കണക്കാക്കിയതിൽ വർദ്ധനവില്ല.

മുകളിൽ വിവരിച്ച രീതിയിൽ 2016 DAR അടിസ്ഥാനപ്പെടുത്തി തയ്യാറാക്കിയ എസ്റ്റിമേറ്റിലെ എക്സ്ട്രാ ഇനങ്ങൾക്ക് 2018 DAR നിരക്ക് നൽകാനുണ്ടായ സാഹചര്യം വിശദീകരിക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭിച്ചില്ല. അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതും, മുകളിൽ കണക്കാക്കിയ വിധം അധികം നൽകിയ തുകയും (43197/-), ഒബ്സേർവ്ഡ് ഡാറ്റകൾ പ്രകാരം അധികം നൽകിയ തുക കണക്കാക്കി ആയതും പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കിയ ഉദ്യോഗസ്ഥനിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

## 1-20 എരഞ്ഞോണ കുടിവെള്ള പദ്ധതി - അളവു കണക്കാക്കിയതിൽ പിശക്

പ്രോജക്ട് നമ്പർ 485/23ആയി നടപ്പാക്കിയ മേൽ കുടിവെള്ള പദ്ധതിയുടെ അളവു പുസ്തകം (ഇ എം ബുക്ക് -ഫയൽ നം.12548/2023) പരിശോധിച്ചതിൽ പ്രവൃത്തിയുടെ ഭാഗമായി നടത്തിയ കോൺക്രീറ്റ് പ്രവൃത്തിയുടെ അളവിൽ പിശക് സംഭവിച്ചതായി കാണുന്നു. വിശദാംശം ചുവടെ കൊടുക്കുന്നു.

| അളവു പുസ്തകത്തിലെ രേഖപ്പെടുത്തൽ | യഥാർത്ഥത്തിൽ കണക്കാക്കേണ്ടത് |
|---|---|
| 20.2 X(1.2+0.8+1.1)/2 X0.12 =3.757 | 20.2 X(1.2+0.8+1.1)/3 X0.12 = 2.5 |
| അധികം കണക്കാക്കിയത് - $1.26M^3$ | |

മുകളിൽ കാണിച്ച രീതിയിൽ മൂന്നളവുകളുടെ ശരാശരി കണക്കാക്കിയപ്പോൾ മൂന്നു കൊണ്ടു ഹരിക്കുന്നതിനു പകരം രണ്ടു കൊണ്ട് ഹരിച്ചതിനാൽ $1.26M^3$ അളവിന്റെ വർധനവുണ്ടായി. ആയതിനാൽ ഈയിനത്തിന് 8358.3 രൂപ നിരക്കിൽ കരാറുകാരന് 12427/-രൂപ (10531.46+1895.66(18%GST))അധികം നൽകിയിട്ടുണ്ട്. (ബിൽ നം.452/28.3.23, തുക-473645/-). ഈ തുക തിരികെ ഈടാക്കേണ്ടതാണ്.

## 1-21 വാവാട് ഹരിത ശുദ്ധജല പദ്ധതി -ചെയ്യാത്ത പ്രവൃത്തിയ്ക്ക് തുക നൽകിയതും മറ്റപാകതയും

ഈ പദ്ധതിയിൽ (പ്രോ.നം.60/23) പുതിയൊരു ടാങ്ക് നിർമ്മാണവും പൈപ്പിടൽ പ്രവൃത്തിയുമാണ് നടത്തിയത്. പത്തു ലക്ഷം രൂപ ധനകാര്യ കമ്മീഷൻ ഗ്രാന്റ് അടങ്കലിൽ തയ്യാറാക്കി അത്ര തന്നെ തുക ചെലവാക്കിയ (ബിൽ നം.366/22.3.23) മേൽ പദ്ധതി 11.1.24ന് സാങ്കേതിക വിഭാഗം ജീവനക്കാരുടെ സാന്നിദ്ധ്യത്തിൽ നേരിൽ പരിശോധിക്കുകയുണ്ടായി. കോളം സ്ട്രക്ച്ചറിൽ നിർമ്മിച്ച RCC ടാങ്ക് നിർമ്മാണത്തിൽ അളവു പുസ്തകം 20/22-23 പേജ് 6ൽ രേഖപ്പെടുത്തിയ ടാങ്ക് ബേസിനായുള്ള $1.698m^3$ PCC കോൺക്രീറ്റിന്റെ ആവശ്യകതയും, അത് എവിടെ ചെയ്തുവെന്നതു സംബന്ധിച്ചും വ്യക്തതയില്ല. സ്ഥല പരിശോധനയിൽ കൂടെയുണ്ടായിരുന്ന സാങ്കേതിക വിഭാഗം ഓവർസിയർമാർക്കും ആയത് വിശദീകരിക്കാൻ സാധിച്ചിട്ടില്ല. കൂടാതെ പേജ് 18 ൽ രേഖപ്പെടുത്തിയ 77.93 $M^2$ വിസ്തൃതിയിലുള്ള വാട്ടർ

പ്രൂഫിംഗ് സിമന്റ് പെയിന്റിംഗ് യഥാർത്ഥത്തിൽ ചെയ്തിട്ടില്ല. ടാങ്കിന് സിമന്റ് പ്രൈമർ മാത്രമാണ് നൽകിയിട്ടുള്ളത്. മേൽ രണ്ടിനങ്ങൾക്കുമായി ആകെ 23677.1/- രൂപ കരാറുകാരന് അനുവദിച്ചിട്ടുണ്ട്.

| | |
|---|---|
| PCCകോൺക്രീറ്റ് | 1.698$m^3$ X 6857.61 = 11644.22 |
| പെയിന്റിംഗ് | 77.93$m^2$ X 108.06 = 8421.12 |
| ആകെ | 20065.34+18%GST = 23677.1 |

മുകളിൽ വിവരിച്ച പ്രകാരം കോൺക്രീറ്റിന്റെ ആവശ്യകതയെന്തെന്നതിനും, ചെയ്യാത്ത പ്രവൃത്തിയ്ക്ക് കരാറുകാരന് തുക നൽകിയ സാഹചര്യവും വിശദീകരിക്കാനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭിച്ചില്ല. മേൽ രണ്ടിനത്തിനുമായി നൽകിയ ആകെ 23677/-രൂപ ഓഡിറ്റ് അംഗീകരിക്കുന്നില്ല. ആയത് ബിൽ തയ്യാറാക്കി നൽകിയ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 1-22 രജിസ്റ്ററുകളും ഫോമുകളും വാങ്ങൽ - സ്റ്റോക്ക് രജിസ്റ്റർ ഇല്ല

| | |
|---|---|
| വൗച്ചർ നമ്പർ/തിയ്യതി | 22200166/ 10.6.2022 |
| തുക | 97,431/- |
| ഇൻവോയ്സ് നം. | Tvm/563/21-22 തിയ്യതി 24.12.2021 |

മേൽ വൗച്ചർ പ്രകാരം ഗ്രാമ ലക്ഷ്മി മുദ്രാലയത്തിൽ നിന്നും മുനിസിപ്പാലിറ്റിയിലേക്ക് ആവശ്യമായ രജിസ്റ്ററുകളും ഫോമുകളും വാങ്ങിയിട്ടുണ്ട്. വാങ്ങിയ സാധനങ്ങൾ സ്റ്റോക്കിലെടുത്തതിന്റെയും വിതരണം ചെയ്തതിന്റെയും വിശദാംശങ്ങൾ ഓഡിറ്റിന് ഹാജരാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് 4.1.2024 ന് നൽകിയ ഒന്നാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കുകയോ സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കുകയോ ചെയ്തിട്ടില്ല. സ്റ്റോക്കിൽ എടുക്കാത്തതിനാലും പല രജിസ്റ്ററുകളും ഫോമുകളും ഉപയോഗിച്ച് കാണാത്തതിനാലും ഭൗതിക പരിശോധനക്ക് ഹാജരാക്കാത്തതിനാലും ചെലവ് തുക 97,431/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. ഇതു സംബന്ധിച്ച വിശദാംശങ്ങൾ ഖണ്ഡിക 3-4 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-23 മുനിസിപ്പാലിറ്റിയിൽ നിയമ വിരുദ്ധ നിയമനങ്ങളും ജോലി ഏൽപിക്കലും

**ഫയൽ നമ്പർ എച്ച്.2/4748/22**

നഗരസഭയിൽ 8 ശുചീകരണ തൊഴിലാളികൾ മാത്രമേയുള്ളുവെന്നും ഇതിൽ ഒരാൾ ഓഫീസ് ക്ലീനിംഗ് ജോലികൾക്ക് നിയോഗിക്കപ്പെട്ടതിനാൽ 7 തൊഴിലാളികളെ ഉപയോഗിച്ച് കൊണ്ട് മാത്രമാണ് ദൈനംദിന ശുചീകരണ പ്രവർത്തനങ്ങൾ നടത്താൻ സാധിക്കുന്നതെന്നും നഗരസഭയിലെ വലുതും ചെറുതുമായ അങ്ങാടികളിൽ സ്വീപ്പിംഗ്, കാട് വെട്ടൽ തുടങ്ങിയ പ്രവൃത്തികൾ സമയോചിതമായി നടത്തുന്നതിന് വളരെയധികം ബുദ്ധിമുട്ട് അനുഭവിക്കുകയും ചെയ്യുന്ന എന്നുമുള്ള കാര്യങ്ങൾ കാണിച്ച് നഗര സഭാ ഹെൽത്ത് ഇൻസ്പെക്ടർ 6.7.2022 ൽ കൗൺസിലിന് സമർപ്പിച്ച അപേക്ഷയുടെ അടിസ്ഥാനത്തിൽ മേൽ നമ്പർ ഫയൽ പ്രകാരം 5 കണ്ടിജന്റ് തൊഴിലാളികളുടെ നിയമനം നടത്തുകയുണ്ടായി. 5 ശുചീകരണ വിഭാഗം ബദൽ തൊഴിലാളികളെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താൽക്കാലികമായി നിയമിക്കുന്നതിന് നടപടികൾ സ്വീകരിക്കാനാണ് ഹെൽത്ത് വിഭാഗത്തിൽ നിന്നും അപേക്ഷിച്ചത്. ആയതിന്റെ അടിസ്ഥാനത്തിൽ 15.7.2022 ലെ കൗൺസിൽ യോഗത്തിൽ കൊടുവള്ളി നഗരസഭയിൽ 7 കണ്ടിജന്റ് സ്ഥിരം ജീവനക്കാരുടെ തസ്തികകളിൽ കൂടി ഒഴിവുകളുള്ള സാഹചര്യത്തിൽ 5 സ്ഥിരം കണ്ടിജന്റ് ജീവനക്കാരെ നിയമിക്കുന്നതിനായി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും ലിസ്റ്റ് ആവശ്യപ്പെടുന്നതിനും നഗരസഭ പരിധിയിലുള്ളവർക്ക് മുൻഗണന നൽകുന്നതിനും 9/1 നമ്പറായി തീരുമാനിച്ചു.

5 കണ്ടിജന്റ് ജീവനക്കാരെ നിയമിക്കുന്നതിലേക്കായി യോഗ്യരായ ഉദ്യോഗാർത്ഥികളുടെ പേര് വിവരങ്ങൾ അടങ്ങിയ ലിസ്റ്റ് ആവശ്യപ്പെട്ടു കൊണ്ട് 19.7.2022 ന് താമരശ്ശേരി ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലേക്ക് എച്ച്2-4747/2022 നമ്പർ കത്തു അയക്കുകയും എംപ്ലോയ്മെന്റ് ഓഫീസർ 12.8.22 ന് 50 പേരുടെ ലിസ്റ്റ് നൽകുകയും ചെയ്തിട്ടുണ്ട്. 2 പേരെ ഓപ്പൺ കാറ്റഗറിയിൽനിന്നും മറ്റു 3 പേരെ എസ്.സി., മുന്നോക്കക്കാരിലെ പിന്നോക്ക വിഭാഗം, ഒ.ബി.സി. എന്നീ വിഭാഗങ്ങളിൽ നിന്നും ഓരോ ആളെ വീതവും നിയമിക്കാനാണ് എംപ്ലോയ്മെന്റ് ഓഫീസർ നിർദ്ദേശിച്ചത്. 2.9.2022, 3.9.2022 തിയ്യതികളിലായി അഭിമുഖം നടത്തി മാർക്കിന്റെ അടിസ്ഥാനത്തിൽ കണ്ടീജന്റ് ജീവനക്കാരെ നിയമിക്കുന്നതിന് മുനിസിപ്പാലിറ്റി തീരുമാനിച്ചു. എന്നാൽ മുനിസിപ്പാലിറ്റിയിൽ വർഷങ്ങളായി ചെയർമാന്റെ വാഹനത്തിന്റെ ഡ്രൈവറായി ദിവസവേതനത്തിന് ജോലി ചെയ്യുന്ന ശ്രീ. മുഹമ്മദാലി എൻ.കെ. എന്നയാളും നഗരസഭയിലെ അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയിലെ താൽക്കാലിക ജീവനക്കാരനായ ശ്രീ. സെയ്ദ് അലി ഒ.പി. എന്നയാളും തങ്ങളെയും ശുചീകരണ തൊഴിലാളികൾക്കായുള്ള അഭിമുഖത്തിൽ പങ്കെടുപ്പിക്കണമെന്ന് ആവശ്യപ്പെട്ട് ബഹു. കേരള ഹൈക്കോടതിയിൽ WP (C) No. 27187/22 നമ്പറായി കേസ് ഫയൽ ചെയ്യുകയുണ്ടായി. 24.8.22 ലെ WP (C) No. 27187/22 നമ്പർ ഉത്തരവിലൂടെ മേൽ പറഞ്ഞ പെറ്റീഷണർമാരെ കൂടി കണ്ടീജന്റ് ജീവനക്കാരുടെ നിയമനത്തിനായി 2.9.2022, 3.9.2022 തിയ്യതികളിലായി നടക്കുന്ന അഭിമുഖത്തിൽ പരിഗണിക്കണമെന്ന് കോടതി നിർദ്ദേശിച്ചു. 1.9.2022 ന് മുനിസിപ്പൽ ചെയർമാൻ സെക്രട്ടറിക്ക് നൽകിയ കുറിപ്പിൽ കണ്ടീജന്റ് ജീവനക്കാരെ നിയമിക്കുന്ന വിഷയത്തിൽ ബഹു. കേരള ഹൈക്കോടതിയുടെ ഉത്തരവിന് എതിരെ നഗരസഭ അപ്പീൽ സമർപ്പിക്കേണ്ടതുണ്ടോ എന്നും ഉണ്ടെങ്കിൽ ആയതിന് നിയമ സാധുതയുണ്ടോ എന്നും നഗരസഭ സ്റ്റാന്റിംഗ് കൗൺസലിൽ നിന്നും അടിയന്തിരമായി നിയമോപദേശം തേടുന്നതിന് ആവശ്യപ്പെടുകയും അതോടൊപ്പം തന്നെ അഭിമുഖം മാറ്റി വെക്കുന്നത് ബഹു. കേരള ഹൈക്കോടതിയുടെ ഉത്തരവ് നടപ്പാക്കുന്നതിന് വിരുദ്ധമായി മാറുകയും അത് നഗരസഭ കൗൺസിലിന് എതിരെ കോടതി അലക്ഷ്യം ഉൾപ്പെടെയുള്ളവയായി കണക്കാക്കി കോടതി നടപടികൾക്ക് കാരണമാവുകയും ചെയ്യുമെന്നും അതുകൊണ്ട് കോടതി ഉത്തരവിന് എതിരെ അപ്പീലിന് പോകാമെന്ന് നഗരസഭ സ്റ്റാന്റിംഗ് കൗൺസലിന്റെ നിയമോപദേശം ലഭിക്കുകയാണെങ്കിൽ മാത്രം മുൻകൂട്ടി നിശ്ചയിച്ച അഭിമുഖം മാറ്റി വെക്കുക എന്നും കുറിപ്പിൽ പറയുന്നു. അന്നേ ദിവസം തന്നെ നഗരസഭ സെക്രട്ടറി സ്റ്റാന്റിംഗ് കൗൺസലിന് ജി2-4748/2022 നമ്പർ കത്തിലൂടെ ഇക്കാര്യത്തിൽ നിയമോപദേശം തേടുകയും ആയതിന് സ്റ്റാന്റിംഗ് കൗൺസിലിൽ നിന്നും 2.9.2022 ന് ലഭിച്ച മറുപടിയിൽ ഹൈക്കോടതി ഉത്തരവിനെതിരെ അപ്പീൽ പോകുന്നതിന് നിയമ സാധുതയില്ല എന്ന് അറിയിക്കുകയും ചെയ്തു. അതുകൊണ്ട് മുൻകൂട്ടി നിശ്ചയിച്ച തിയ്യതികളിൽ തന്നെ അഭിമുഖം നടത്തി കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ പരിഗണിച്ച 2 പേരെ ഓപ്പൺ കാറ്റഗറിയിലും ബാക്കിയുള്ളവരെ എസ്.സി., മുന്നോക്കക്കാരിലെ പിന്നോക്ക വിഭാഗം, ഒ.ബി.സി. എന്നീ വിഭാഗങ്ങളിൽ നിന്നുള്ളവരെ എംപ്ലോയ്മെന്റ് ലിസ്റ്റിൽ നിന്നും അഭിമുഖം വഴി നിയമിച്ചു. നിയമനവും ജോലി വിഭജനവും സംബന്ധിച്ച് ശ്രദ്ധയിൽ പെട്ട അപാകതകൾ താഴെ കൊടുക്കുന്നു.

**1. ശുചീകരണ ജോലികൾക്ക് നിയമിച്ചവർക്ക് ഓഫീസ് ജോലികൾ ഏൽപിച്ചു :-**

നഗരസഭാ ചെയർമാന്റെ 22.9.2022 ലെ നിർദ്ദേശമനുസരിച്ച് (സെക്രട്ടറിയുടെ ഉത്തരവു നടപടികളിലെ സൂചന) കണ്ടീജന്റ് തസ്തികയിൽ നിയമിച്ച ശ്രീ. സെയ്ദ് അലി ഒ.പി. എന്നയാളെ വർക്കിംഗ് അറേഞ്ച്മെന്റിൽ ഓഫീസ് പ്രവൃത്തികളായ കൗൺസിൽ, വാർഷിക പദ്ധതി, അക്കൗണ്ട്സ്, തുടങ്ങിയ വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന സെക്ഷനുകളുടെ സുഗമമായ നടത്തിപ്പിനും അടിയന്തിര സാഹചര്യത്തിൽ ചെയർമാൻ നിർദ്ദേശിക്കുന്ന പ്രകാരം കണക്കുകളും മറ്റും അയക്കുന്നതിനും വിവിധ സാക്ഷ്യപത്രങ്ങളും മറ്റും നൽകുന്നതിനും ടൈപ്പിംഗ് ജോലികൾ നിർവ്വഹിക്കുന്നതിനും നിയോഗിച്ചിട്ടുണ്ട്. അതേ പോലെ ശ്രീ. മുഹമ്മദലി എൻ.കെ. എന്നയാളെ മേൽ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ നഗരസഭാ ചെയർമാന്റെ ഡ്രൈവറായും നിയമിച്ചു. ചെയർമാന്റെ നിർദ്ദേശം 27.9.2022 ലെ എച്ച്. 2/4748/22 നമ്പർ ഉത്തരവു നടപടികളിലൂടെ നഗരസഭാ സെക്രട്ടറി നടപ്പിലാക്കുകയും ചെയ്തു.

ശുചീകരണ ജോലികൾക്ക് നിയമിച്ചവരെ ഓഫീസ് ജോലികൾ ഏൽപിച്ചു കൊടുത്തതിന് കൗൺസിലിന്റെ അംഗീകാരം ഇല്ല. മാത്രമല്ല ശുചീകരണ തൊഴിലാളികളുടെ നിയമനത്തിനുള്ള അഭിമുഖത്തിൽ മേൽ പറഞ്ഞ ജീവനക്കാരെ പരിഗണിക്കാൻ കോടതി പ്രത്യേകം ഉത്തരവിട്ടതിന്റെ അടിസ്ഥാനത്തിൽ മാത്രമാണ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും ലഭിച്ച ലിസ്റ്റിൽ അവരുടെ പേരുകൾ ഇല്ലാതിരുന്നിട്ടും ശ്രീ. സെയ്ദ് അലി ഒ.പി, ശ്രീ. മുഹമ്മദലി എൻ.കെ. എന്നിവരെ ശുചീകരണ തൊഴിലാളികളായി നിയമിച്ചത്. എന്നാൽ അത്തരത്തിൽ കോടതി ഉത്തരവ് സമ്പാദിച്ച് കോടതിയെ തെറ്റിദ്ധരിപ്പിക്കും വിധമാണ് ശുചീകരണ തൊഴിലാളികൾക്ക് സർക്കാർ നിശ്ചയിച്ച ശമ്പള സ്കെയിലിൽ ശമ്പളം നൽകി അവർക്ക് ചെയർമാന്റെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ മാത്രം സെക്രട്ടറി ഓഫീസ് ജോലികൾ ഏൽപിച്ചു കൊടുത്തത്. ഇതു സംബന്ധിച്ച് 9.1.2024 ന് സെക്രട്ടറിക്ക് നൽകിയ 11-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് 11.1.2024 ന് ലഭ്യമാക്കിയ മറുപടിയിൽ മറ്റു നഗരസഭകളെ അപേക്ഷിച്ച് കൊടുവള്ളി നഗരസഭയിൽ മാലിന്യ പ്രശ്നം വളരെ കുറവായ സാഹചര്യത്തിൽ ശുചീകരണ പ്രവർത്തനങ്ങൾക്ക് വലിയ തോതിലുള്ള പ്രയാസം നഗരസഭയിൽ നേരിടുന്നില്ല എന്നാണ് അറിയിച്ചത്. അങ്ങനെയെങ്കിൽ 5 ശുചീകരണ തൊഴിലാളികളുടെ നിയമനത്തിനായി എന്തിനാണ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും ലിസ്റ്റ് ആവശ്യപ്പെട്ടതെന്നും മുൻവർഷങ്ങളിൽ ദിവസവേതനത്തിന് ജോലി ചെയ്തവരെ കോടതി ഉത്തരവിലൂടെ ശുചീകരണ തസ്തികകളിലേക്ക് നിയമിച്ചത് എന്നതിനും വ്യക്തമായ ഉത്തരമില്ല. അതുകൊണ്ട് ദിവസവേതനത്തിലുള്ള മേൽ പറഞ്ഞ 2 ജീവനക്കാരെ സ്ഥിരമായി നിലനിർത്തുന്നതിനു വേണ്ടി മാത്രമാണ് കോടതിയിൽ നിന്നും ഉത്തരവു വാങ്ങി അഭിമുഖത്തിൽ അവരെയും പങ്കെടുപ്പിക്കാൻ അവസരം സൃഷ്ടിച്ച് നിയമനം നടത്തിയതെന്ന് വ്യക്തമാണ്. ടി ജീവനക്കാർ ജോലിയിൽ പ്രവേശിച്ച 14.9.2022 മുതൽ ഓഡിറ്റ് തിയ്യതി വരെ അവർക്ക് അനുവദിച്ച 12.8.2021 ലെ സ.ഉ.(എം.എസ്.) 89/2021/ ധനം. നമ്പർ ഉത്തരവു പ്രകാരമുള്ള ശമ്പള പരിഷ്കരണത്തിലെ 23700-52600 സ്കെയിലിൽ കണ്ടിജന്റ് തൊഴിലാളികൾക്ക് ബാധകമായ ശമ്പള ആനുകൂല്യങ്ങൾ നൽകിയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. നഗരസഭയിലെ ജനറൽ വിഭാഗത്തിലേയും ആരോഗ്യവിഭാഗത്തിലേയും റവന്യു വിഭാഗത്തിലേയും വിവിധ നോട്ടീസുകളും കത്തുകളും ടൈപ്പ് ചെയ്യുന്നതിനും വിവിധ സോഫ്റ്റ് വെയറുകളിലും ഗൂഗിൾ സ്പ്രെഡ്ഷീറ്റിലും സമയാസമയങ്ങളിൽ അപ്ഡേറ്റ് ചെയ്യുന്നതിനും നഗരസഭയിലെ ഒരു ടൈപ്പിസ്റ്റിന് മാത്രം സാധിക്കുകയില്ല എന്നതിനാലും വാർഷിക പദ്ധതി സംബന്ധിച്ച വിവിധ റിപ്പോർട്ടുകളും പുസ്തകങ്ങളും തയ്യാറാക്കുന്നതിനും ബഹു. നഗരസഭ ചെയർമാൻ പൊതുജനങ്ങൾക്ക് നൽകുന്ന വിവിധ സാക്ഷ്യ പത്രങ്ങളും മറ്റു ഓഫീസുകളിലേക്കുള്ള കത്തുകളും കൂടി നിലവിലുള്ള ഒരു ടൈപ്പിസ്റ്റിന് സാധിക്കാതെ വന്ന സാഹചര്യത്തിലും നഗരസഭ ഓഫീസ് സുഗമമായി പ്രവർത്തിച്ചു പോകുന്നതിനും വേണ്ടിയാണ് ശ്രീ. സെയ്ദ് അലി ഒ.പി എന്നവരെ നഗരസഭ ചെയർമാന്റെ 22.9.2022 ലെ നിർദ്ദേശ പ്രകാരം വർക്കിംഗ് അറേഞ്ച്മെന്റിൽ ടൈപ്പിംഗ് ജോലികൾ നിർവ്വഹിക്കുന്നതിന് ഉത്തരവ് നൽകിയിട്ടുള്ളത് എന്നും മറുപടിയിൽ പറഞ്ഞിരിക്കുന്നു. 2022-23 വർഷത്തിൽ ചെയർമാന്റെ PA ആയി ദിവസവേതനത്തിൽ ഒരു ജീവനക്കാരനെ മുനിസിപ്പാലിറ്റിയിൽ നിയമിച്ചിട്ടുണ്ട്. ചെയർമാൻ പൊതുജനങ്ങൾക്ക് നൽകുന്ന സാക്ഷ്യപത്രങ്ങളും മറ്റും ടൈപ്പ് ചേയ്യുന്നതിന് ടി ജീവനക്കാരനെ പ്രയോജനപ്പെടുത്തിയാൽ മതിയാകും എന്നിരിക്കെ സെക്രട്ടറിയുടെ മറുപടികൾ അംഗീകരിക്കാൻ നിർവ്വാഹമില്ല എന്നറിയിക്കുന്നു. മാത്രമല്ല മുനിസിപ്പാലിറ്റിയിൽ 2019 നു ശേഷം ജീവനക്കാർക്ക് തങ്ങൾ നിർവ്വഹിക്കേണ്ട ജോലികൾ എന്തൊക്കെയാണെന്ന് വ്യക്തമായി വിഭജിച്ചു നൽകിയിട്ടില്ല. ഈ സാഹചര്യത്തിൽ മുനിസിപ്പാലിറ്റിയിൽ G.O(MS) No. 109/2016/LSGD തിയ്യതി 5.8.2016 പ്രകാരം സൃഷ്ടിച്ച 47 ജീവനക്കാരുടെ തസ്തിക അപര്യാപ്തമാണെന്ന് കരുതാൻ നിർവ്വാഹമില്ല. മാത്രമല്ല കൊടുവള്ളി മുനിസിപ്പാലിറ്റിയിലെ ഒരു ഉദ്യോഗസ്ഥൻ പോലും തങ്ങൾക്ക് ചെയ്യാനുള്ള ജോലികൾ കൂടുതലാണെന്ന് എവിടെയും പരാതി ഉന്നയിച്ചിട്ടുമില്ല. ആയതിനാൽ ശുചീകരണ തൊഴിലാളിയായി നിയമിക്കപ്പെട്ട ജീവനക്കാരന് ഓഫീസ് ജോലികൾ ഏൽപിച്ചത് ശരിയായ നടപടിയല്ല. നഗരസഭയിൽ ചെയർമാന് ഒരു ഇന്നോവ കാറും ഓഫീസ് ഉപയോഗത്തിന് ഒരു ബൊലോറ വാഹനവും ഉൾപ്പെടെ 2 വാഹനങ്ങളുണ്ട് എന്നും 2 വാഹനങ്ങളും ഒരു ഡ്രൈവർക്ക് കൈകാര്യം ചെയ്യാൻ സാധിക്കാത്ത സാഹചര്യത്തിലാണ്

ഡ്രൈവിംഗ് അറിയാവുന്ന കണ്ടീജന്റ് വർക്കാറായ ശ്രീ മുഹമ്മദലി എൻ.കെ. എന്നവരെ നഗരസഭ ചെയർമാന്റെ 22.9.2022 ലെ നിർദ്ദേശ പ്രകാരം ബഹു.നഗരസഭ ചെയർമാന്റെ വാഹനത്തിന്റെ ഡ്രൈവറായി വർക്കിംഗ് അറേഞ്ച്മെന്റിൽ ചുമതല നൽകി ഉത്തരവു നൽകിയതെന്നും ഓഡിറ്റിനുള്ള മറുപടിയിൽ പരാമർശിച്ചിട്ടുണ്ട്. മുമ്പ് ചെയർമാന്റെ വാഹനത്തിന്റെ ഡ്രൈവറായി ദിവസവേതനത്തിൽ ജോലി ചെയ്തിരുന്ന ആളെ തന്നെയാണ് ശുചീകരണ തൊഴിലാളിയായി നിയമിച്ചുകൊണ്ട് സർക്കാർ അംഗീകൃത ശമ്പള സ്കെയിലിൽ ശമ്പളം നൽകി സ്ഥിരപ്പെടുത്തുന്നതിന് ശ്രമിച്ചത് എന്നത് ഇതിൽ നിന്നും വ്യക്തമാണ്. മേൽ പറഞ്ഞ കാരണങ്ങളാൽ 2 ജീവനക്കാർക്കും നൽകിയ താഴെ പറയും പ്രകാരമുള്ള ശമ്പളം അവർക്ക് ജോലി വിഭജനം നടത്തി ഉത്തരവിട്ട സെക്രട്ടറിയിൽ നിന്നും നിർദ്ദേശം നൽകിയ ചെയർമാനിൽ നിന്നും തുല്യമായി ഈടാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് ഖണ്ഡിക 3-5 ൽ ഉൾപ്പെടുത്തിയത് കാണുക. (ഡ്രൈവറെ ദിവസവേതനത്തിൽ നിയമിച്ചതായിരുന്നെങ്കിൽ നൽകാമായിരുന്ന വേതനം കിഴിച്ച് ബാക്കിയുള്ള ചെലവ് താഴെ പറയും പ്രകാരമുള്ള തുക ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.)

| ശമ്പളം അനുവദിച്ച കാലയളവ് | 23700- 52600 സ്കെയിലിൽ അനുവദിച്ച അടിസ്ഥാന ശമ്പളം | മസ്റ്റർ റോൾ പ്രകാരം അനുവദിച്ച ശമ്പളം (2 പേർക്ക്) | ഡ്രൈവർക്ക് സ.ഉ.(പി) നം. 29/2021/ധന തിയ്യതി 11.2.2021 പ്രകാരം അനുവദനീയമായ ദിവസവേതനം (730/Day) |
|---|---|---|---|
| 14.9.2022 മുതൽ 30.9.2022 വരെ | 23700 X 17 /30 + DA+ HRA+ Risk Allowance+ Special Allowance | 15301 X 2 = 30,602/- | 17 X 730 = 12410 |
| 1.10.2022 മുതൽ 31.8.2023 വരെ | 23700 X 11 Months + DA+ HRA+ Risk Allowance + Special Allowance | 27,079 X **11 X** 2 = 5,95,738/- | 19710 X 11 = 216810 |

| | | | |
|---|---|---|---|
| 1.9.2023 മുതൽ 31.12.2023 വരെ | 23700 X 4 Months + DA + HRA | 26859 X 4 X 2 = 2,14,872/- | 19710 X 4 = 78840 |
| ആകെ ചെലവഴിച്ചത് | | 8,41,212/- രൂപ | 3,08,060 |

(1.9.2023 മുതൽ സ്പെഷ്യൽ അലവൻസും റിസ്ക് അലവൻസും മേൽ പറഞ്ഞ 2 ജീവനക്കാർക്കും അനുവദിച്ചിട്ടില്ല.)

മറ്റു നഗരസഭകളെ അപേക്ഷിച്ച് കൊടുവള്ളി നഗരസഭയിൽ മാലിന്യ പ്രശ്നം വളരെ കുറവായ സാഹചര്യത്തിൽ ശുചീകരണ പ്രവർത്തനങ്ങൾക്ക് വലിയ തോതിലുള്ള പ്രയാസം നഗരസഭയിൽ നേരിടുന്നില്ല എന്ന സെക്രട്ടറിയുടെ മറുപടി ഓഡിറ്റിൽ പരിഗണിച്ച് ശുചീകരണ തൊഴിലാളികളുടെ നിയമനത്തിനായി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും ലിസ്റ്റ് വാങ്ങുകയും ലിസ്റ്റിലില്ലാത്തവരും നിലവിൽ ദിവസവേതനത്തിന് മുനിസിപ്പാലിറ്റിയിൽ ജോലി ചെയ്തു വരുന്ന അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയിലെയും ചെയർമാന്റെ വാഹനത്തിന്റെ ഡ്രൈവറെയും കൂടി ശുചീകരണ ജീവനക്കാരുടെ നിയമനത്തിനായുള്ള അഭിമുഖത്തിൽ കോടതി ഉത്തരവിലൂടെ പങ്കെടുപ്പിച്ച് അനധികൃതമായി ഓഫീസ് ജോലികൾ ചെയ്യിക്കുക വഴി മുനിസിപ്പൽ ഫണ്ടിനുണ്ടായ മേൽ പറഞ്ഞ നഷ്ടം ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും നിർദ്ദേശം നൽകിയ മുനിസിപ്പൽ ചെയർമാനിൽ നിന്നും തുല്യമായി ഈടാക്കി മുനിസിപ്പൽ ഫണ്ടിൽ അടച്ച് വിവരം അറിയിക്കേണ്ടതാണ്. ചെലവു തുക 5,33,152/- രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ഇതിൽ 14.9.2022 മുതൽ 31.3.2023 വരെയുള്ള മുനിസിപ്പൽ ഫണ്ടിന്റെ നഷ്ടം 2,24,880/- രൂപയും 2023-24 ലേക്കുള്ള നഷ്ടം 3,08,272/- രൂപയുമാണ്. ഓഡിറ്റ് വർഷത്തെ ചെലവു നഷ്ടം 2,24,880/- രൂപ നിരാകരിക്കുന്നു.

**2. ശുചീകരണ വിഭാഗം ജീവനക്കാർക്ക് സേവന പുസ്തകം ആരംഭിച്ചിട്ടില്ല :-**

2.9.2022, 3.9.2022 തിയ്യതികളിലായി നടന്ന അഭിമുഖത്തിലൂടെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും ലഭിച്ച ലിസ്റ്റിൽ നിന്നും തെരഞ്ഞെടുത്ത 3 ജീവനക്കാർക്കും സേവന പുസ്തകം മുനിസിപ്പാലിറ്റി ആരംഭിച്ചിട്ടില്ല. അവരുടെ നിയമനത്തിന്റെ രീതിയും നൽകി വരുന്ന ശമ്പളവും മറ്റു അലവൻസുകളും രേഖപ്പെടുത്തി സേവന പുസ്തകം ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

**3. ചെയർ പേഴ്സൺ രേഖാമൂലം സെക്രട്ടറിക്ക് നിർദ്ദേശം നൽകിയില്ല :-**

2005 ലെ കേരള മുനിസിപ്പാലിറ്റി (തെരഞ്ഞെടുക്കപ്പെട്ട അധികാരികളും ഉദ്യോഗസ്ഥരും തമ്മിലുള്ള തൊഴിൽപരമായ ബന്ധം) ചട്ടങ്ങളിലെ ചട്ടം 6 അനുസരിച്ച് ചെയർ പേഴ്സൺ, ഡെപ്യൂട്ടി ചെയർ പേഴ്സൺ, സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാന്മാർ എന്നിവർ ഔദ്യോഗിക കൃത്യനിർവ്വഹണത്തിനുള്ള ഉത്തരവുകൾ രേഖാമൂലം നൽകേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ശുചീകരണ ജോലികൾക്കായി എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന തെരഞ്ഞെടുത്തവരിൽ നിന്നും 2 പേരെ ഓഫീസ് ജോലികൾ നൽകാൻ ചെയർപേഴ്സൺ നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ സെക്രട്ടറി ഉത്തരവിട്ടുണ്ടെങ്കിലും ചെയർപേഴ്സന്റെ നിർദ്ദേശം രേഖാമൂലം നൽകിയത് ഫയലിൽ കാണാൻ സാധിച്ചിട്ടില്ല. രേഖാമൂലമല്ലാത്ത നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ സെക്രട്ടറി മേൽ പറഞ്ഞ 2 പേർക്കും ജോലി മാറ്റി നൽകിയത് അംഗീകരിക്കാൻ നിർവ്വാഹമില്ല.

മേൽ പറഞ്ഞ കാര്യങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽ പെടുത്തുന്നു.

**1-24 അജൈവ മാലിന്യം നീക്കം ചെയ്യുന്നതിനുള്ള വാഹന വാടക - ട്രിപ് ഷീറ്റ് ഇല്ലാതെ വേതനം നൽകി**

| | |
|---|---|
| പ്രോജക്ടിന്റെ പേര് | മാലിന്യം നീക്കം ചെയ്യുന്നതിനുള്ള വാഹന വാടക |
| പ്രോജക്ട് നമ്പർ | 17/23 |
| അടങ്കൽ | 3,90,000 |
| ചെലവ് | 3.90,000 |
| നിർവഹണം | ഹെൽത്ത് ഓഫീസർ |

വിവിധ വാർഡുകളിൽ നിന്ന് ഹരിത കർമ്മസേന ശേഖരിക്കുന്ന മാലിന്യങ്ങൾ മിനി എം.സി.എഫ്, എം.സി.എഫ് കേന്ദ്രങ്ങളിൽ എത്തിക്കുന്നതിന് ഇ-ടെണ്ടർ മുഖേന തെരഞ്ഞെടുത്ത വാഹനത്തിന് വാടക (2500/DAY) നൽകുന്നതിനാണ് പദ്ധതി തയ്യാറാക്കി നടപ്പിലാക്കിയിട്ടുള്ളത്. പ്രസ്തുത പദ്ധതി നടപ്പിലാക്കിയപ്പോൾ 2022 ജൂലൈ മാസം (1, 2, 4, 5, 6, 7, 8, 11, 12, 13, 14, 15, 16, 18, 19, 20, 21, 22, 23, 25, 26, 27, 28, 29,30) എന്നീ തീയതികളിലെ വേതനമായി 62,500/-രൂപ 91/02/09/2022ബില്ല് പ്രകാരം നൽകിയിട്ടുണ്ട്. 29/07/2022, 30/07/2022 എന്നീ തീയതികളിലെ ട്രിപ്പ് ഷീറ്റ് ഹാജരാക്കാതെയും, പ്രസ്തുത ദിവസങ്ങളിൽ മാലിന്യം നീക്കം ചെയ്തു എന്ന് ഉറപ്പ് വരുത്താതെയും വാഹനവാടക നൽകിയതിനാൽ അധികം നൽകിയ 5,000/- രൂപ നിരാകരിക്കുന്നു. വിശദാംശം ഖണ്ഡിക 3-7 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

**1-25 സി.എഫ്.എൽ.ടി.സി. - വൈദ്യുതി ചാർജ് അടച്ചതിന്റെ രേഖകൾ ഹാജരാക്കിയില്ല**

| | |
|---|---|
| ഫയൽ നമ്പർ | എച്ച്2/3600(1)/20 |
| വൗച്ചർ നമ്പർ | 22200182 |
| തിയ്യതി | 21.6.2022 |
| തുക | 96,806/- |

ഒന്നാം ഘട്ട സി.എഫ്.എൽ.ടി.സി. ആയി പ്രവർത്തിച്ച കെ.എം.ഒ. ആർട്സ് കോളേജിന് വൈദ്യുതി ചാർജ് ഇനത്തിൽ ചെലവായ തുക 96,806/- മേൽ വൗച്ചർ പ്രകാരം തനതു ഫണ്ടിൽ നിന്നും പിൻവലിച്ച് ടി സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. എന്നാൽ ഇതു സംബന്ധിച്ച് ആവശ്യപ്പെട്ട ഫയൽ ഹാജരാക്കിയതിൽ ടി ചെലവുമായി ബന്ധപ്പെട്ട രേഖകൾ ഓഡിറ്റിന് ലഭ്യമായിട്ടില്ല. വൗച്ചറിനൊപ്പം കെ.എസ്.ഇ.ബി. യുടെ നോട്ടീസ്, സ്ഥാപനത്തിന്റെ അപേക്ഷ, ഏതു കാലത്തേക്കുള്ള വൈദ്യുതി ചാർജ് തുടങ്ങിയ വിവരങ്ങളും സെക്രട്ടറിയുടെ ഉത്തരവു നടപടികളും, സ്ഥാപനം തുക കൈപ്പറ്റിയതിന്റെ രേഖകളും ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ടി സ്ഥാപനം സി.എഫ്.എൽ.ടി.സി. ആയി പ്രവർത്തിച്ചിരുന്നോ എന്നും ഉണ്ടെങ്കിൽ ഏതു കാലത്താണ് എന്നതും ബന്ധപ്പെട്ട/ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല. മേൽ ചെലവുകൾക്ക് ആധാരമായ രേഖകളുടെ അഭാവത്തിൽ അത്തരം ഒരു ചെലവ് ഉണ്ടായിട്ടില്ല എന്നു കാണുന്നു. ചെലവു തുക 96,806/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. ഇതുമായി ബന്ധപ്പെട്ട പരാമർശം ഖണ്ഡിക 3-6 ആയി ഉൾപ്പെടുത്തിയത് കാണുക.

**1-26 സ്ട്രീറ്റ് ലൈറ്റ് , സ്ട്രീറ്റ് ടാപ്പ് - സംയുക്ത പരിശോധന റിപ്പോർട്ട് ഇല്ല**

സ്ട്രീറ്റ് ലൈറ്റ് ചാർജ് ഇനത്തിൽ 21,45,353/- രൂപയും സ്ട്രീറ്റ് ടാപ്പുകളുടെ ചാർജ് ഇനത്തിൽ 11,21,220/- രൂപയും 2022-23 വർഷത്തിൽ മുനിസിപ്പാലിറ്റിക്ക് ചെലവുണ്ട്. എന്നാൽ ഇവയുടെ കൃത്യത പരിശോധിക്കുന്നതിന് സഹായമായ വിധത്തിൽ സൂക്ഷിക്കേണ്ട ഒരു രജിസ്റ്റർ മുനിസിപ്പാലിറ്റി ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. കൂടാതെ പ്രവർത്തനരഹിതമായ ടാപ്പുകളുടെയും ലൈറ്റുകളുടെയും സംയുക്ത പരിശോധന നടത്തിയിട്ടുണ്ടെങ്കിൽ ടി റിപ്പോർട്ടും ഹാജരാക്കിയിട്ടില്ല. മുനിസിപ്പാലിറ്റിയിലെ ഓരോ വാർഡിലും സ്ഥാപിച്ചിട്ടുള്ള സ്ട്രീറ്റ് ലൈറ്റുകളുടെയും എണ്ണവും സ്ട്രീറ്റ് ടാപ്പുകളുടെ എണ്ണവും സംബന്ധിച്ച വിശദാംശങ്ങളും സംയുക്തപരിശോധന റിപ്പോർട്ടും സ്ട്രീറ്റ് ലൈറ്റ് രജിസ്റ്ററും ഹാജരാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് 5.1.2024 ന് നൽകിയ 2-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. സംയുക്ത പരിശോധന നടത്തി ആയതിന്റെ റിപ്പോർട്ടും സ്ട്രീറ്റ് ലൈറ്റുകൾ ഓരോ വാർഡിലും ഏതൊക്കെ സ്ഥലങ്ങളിലാണ് സ്ഥാപിച്ചിട്ടുള്ളതെന്നും ആകെ സ്ട്രീറ്റ് ലൈറ്റുകളുടെ എണ്ണവും അവയുടെ തരവും രേഖപ്പെടുത്തി തയ്യാറാക്കിയ രജിസ്റ്ററും അതുപോലെ സ്ട്രീറ്റ് ടാപ്പുകളുടെ വിവരങ്ങൾ സൂക്ഷിക്കുന്ന രജിസ്റ്ററും ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. രേഖകളുടെ അഭാവത്തിൽ 2022-23 വർഷം സ്ട്രീറ്റ് ലൈറ്റുകളുടെ വൈദ്യുതി ചാർജ് ഇനത്തിൽ ചെലവായ 21,45,353/- രൂപയും സ്ട്രീറ്റ് ടാപ്പുകളുടെ ചാർജ് ഇനത്തിൽ ചെലവായ 11,21,220/- രൂപയും ഉൾപ്പെടെ 32,66,573/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**1-27 മുനിസിപ്പൽ ജീവനക്കാരുടെ പെൻഷൻ വിഹിതം - അടവാക്കിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല**

1996 ലെ കേരള മുനിസിപ്പാലിറ്റി (ജീവനക്കാരുടെ ഡെത്ത്- കം - റിട്ടയർമെന്റ് ബെനിഫിറ്റ്) ചട്ടങ്ങളിലെ ചട്ടം 8 പ്രകാരം പെൻഷൻ വിഹിതം അതാത് മാസത്തെ ശമ്പള ബില്ലിനൊപ്പം മുനിസിപ്പൽ ഫണ്ടിൽ നിന്നും പിൻവലിച്ച് അതാത് മാസം തന്നെ സെൻട്രൽ പെൻഷൻ ഫണ്ടിൽ വരവു വെക്കുന്നതിന് ഡയറക്ടർക്ക് സെക്രട്ടറി അയച്ചു കൊടുക്കേണ്ടതാണ്. 3/22 മുതൽ 2/23 വരെയുള്ള മാസങ്ങളിലെ ശമ്പള ബില്ലിനൊപ്പം സെൻട്രൽ പെൻഷൻ വിഹിതമായി 10,61,185/- രൂപയും പെൻഷൻ കോൺട്രിബ്യൂഷൻ ഇനത്തിൽ (NPS) ജീവനക്കാരുടെ വിഹിതം 10,28,187/- രൂപയും മുനിസിപ്പൽ വിഹിതമായി 9,63,185/- രൂപയും ഉൾപ്പെടെ 30,52,557/- രൂപ പെൻഷൽ ഫണ്ടിനത്തിൽ തനതു ഫണ്ടിൽ നിന്നും ചെലവു രേഖപ്പെടുത്തിയിട്ടുണ്ട്. നാഷണൽ പെൻഷൻ സ്കീമിൽ ജീവനക്കാരിൽ നിന്നും ഈടാക്കുന്ന അത്രയും വിഹിതം തന്നെ മുനിസിപ്പാലിറ്റിയും പെൻഷൻ ഫണ്ടിലേക്ക് അടക്കണമെന്നിരിക്കെ മുനിസിപ്പൽ വിഹിതം കുറവായി കാണിച്ചതിന് വിശദീകരണം ലഭ്യമാക്കാനും 3/22 മുതൽ 2/23 വരെയുള്ള മാസങ്ങളിലെ പെൻഷൻ വിഹിതം മുനിപ്പൽ ഡയറക്ടർക്ക് അടച്ചതിന്റെ രേഖകൾ ഹാജരാക്കാനും ആവശ്യപ്പെട്ടുകൊണ്ട് 12.1.2024 ന് നൽകിയ 28ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കുകയോ രേഖകൾ ഹാജരാക്കുകയോ ചെയ്തിട്ടില്ല. ജീവനക്കാരുടെ പെൻഷൻ വിഹിതം ബന്ധപ്പെട്ട അക്കൗണ്ടുകളിലേക്ക് അടച്ചതിന്റെ വിശദാംശങ്ങൾ ഹാജരാക്കേണ്ടതാണ്. ചെലവു തുക 30,52,557/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**1-28 വാഹനങ്ങളുടെ ഉപയോഗം - സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല**

സ.ഉ.(പി) നം. 803/70/ഫിൻ തിയ്യതി 13.11.1970 പ്രകാരം സർക്കാർ മോട്ടോർ വാഹനങ്ങളുടെ ഉപയോഗത്തിനുള്ള ചട്ടങ്ങൾ പുറപ്പെടുവിച്ചു. ഈ ചട്ടങ്ങൾ 1.1.1971 മുതൽ പ്രാബല്യത്തിലുണ്ട്. സർക്കാർ നിബന്ധനകളനുസരിച്ച് ലോഗ് ബുക്കിൽ ഓരോ ട്രിപ്പിനും പ്രത്യേകം എൻട്രി നടത്തി ട്രിപ്പ് കഴിയുമ്പോൾ 9 മുതൽ 13 വരെയുള്ള കോളങ്ങൾ പൂരിപ്പിക്കേണ്ടതാണ്. എന്നാൽ മുനിസിപ്പാലിറ്റിയിലെ KL 57 N 2963, KL 57 F 9999 എന്നീ നമ്പർ വാഹനത്തിന്റെ ലോഗ് ബുക്കിൽ 12-ാമത്തെ കോളം (Halt സംബന്ധിച്ചത്) പൂരിപ്പിക്കുന്നില്ല. ഓരോ മാസാവസാനവും തന്റെ നിയന്ത്രണത്തിലുള്ള ഓരോ വാഹനത്തെയും സംബന്ധിച്ചുമുള്ള ലോഗ് ബുക്ക് സംക്ഷിപ്തം അനുബന്ധം II ലെ മാതൃകയിൽ കസ്റ്റോഡിയൻ ഓഫീസർ തയ്യാറാക്കേണ്ടതാണ്. ആറു മാസത്തിലൊരിക്കൽ മോട്ടോർ വാഹന വകുപ്പിലെ

ഉദ്യോഗസ്ഥനെക്കൊണ്ടോ സർക്കാരോ വകുപ്പ് തലവനോ നിശ്ചയിക്കുന്ന മറ്റേതെങ്കിലും സാങ്കേതിക ക്ഷമതയുള്ള അധികാരിയെക്കൊണ്ടോ വാഹനം പരിശോധിപ്പിക്കേണ്ടതാണ്. പരിശോധനക്കൊപ്പം മൈൽ/ കിലോമീറ്റർ അടിസ്ഥാനത്തിലുള്ള ഇന്ധന ഉപയോഗത്തിന്റെ തോത് കൂടി നിശ്ചയിച്ച് അധികാരിയുടെ തിയ്യതിയും ഒപ്പും സഹിതം സാക്ഷ്യപ്പെടുത്തേണ്ടതാണ്. മുനിസിപ്പാലിറ്റിയിൽ ഉപയോഗിക്കുന്ന 2 വാഹനങ്ങളിലും മേൽ പറഞ്ഞ നടപടികളൊന്നും നടത്തിയിട്ടില്ല. ഇന്ധന ഉപഭോഗത്തിന്റെയും ടാങ്കിൽ അവശേഷിക്കുന്ന ഇന്ധനത്തിന്റെയും കൃത്യമായ പരിശോധന നടത്തുന്നതിന് താഴെ പറയുന്ന നടപടി ക്രമങ്ങൾ പാലിക്കേണ്ടതാണ്.

- ഓരോ തവണയും വാഹനത്തിന്റെ പൂർണ്ണ ശേഷിയുടെ അത്രയും ഇന്ധനം നിറക്കേണ്ടതാണ്.
- തിയ്യതി, ഇന്ധനത്തിന്റെ ആകെ അളവ്, ടാങ്കിന്റെ പരമാവധി ശേഷിയിൽ ഇന്ധനം നിറക്കുമ്പോഴുള്ള കിലോമീറ്റർ/ മൈലോമീറ്റർ റീഡിംഗ്, ടാങ്ക് നിറക്കുമ്പോൾ സന്നിഹിതനായിരുന്ന വ്യക്തിയുടെ പേരും ഉദ്യോഗപ്പേരും ഒപ്പും ലോഗ് ബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. കൂടാതെ ഇന്ധനത്തിന്റെയും അറ്റകുറ്റപ്പണികളുടെയും വിവരം യഥാസമയം ലോഗ് ബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്.

എന്നാൽ മേൽ നടപടി ക്രമങ്ങൾ KL 57 N 2963 നമ്പർ വാഹനത്തിന്റെ കാര്യത്തിൽ പാലിക്കപ്പെടുന്നില്ല.

കേരള ഫിനാൻഷ്യൽ കോഡിലെ വ്യവസ്ഥകളനുസരിച്ച് പെട്രോൾ, ഓയിൽ മുതലായവയുടെ കണ്ടീജന്റ് ബില്ലുകളിൽ ഡ്രോയിംഗ് ഓഫീസർ ഒരു സാക്ഷ്യ പത്രം രേഖപ്പെടുത്തേണ്ടതാണ്. അത്തരം നടപടികളൊന്നും മുനിസിപ്പാലിറ്റിയുടെ നിയന്ത്രണത്തിലുള്ള വാഹനങ്ങളിൽ പാലിക്കപ്പെടുന്നില്ല. സ.ഉ.(എം.എസ്.) നം. 170/07/തസ്വഭവ തിയ്യതി 30.6.2007 പ്രകാരം ഇന്ധന ഓർഡർ ബുക്ക്, റിപ്പയർ രജിസ്റ്റർ, ഇന്ധനത്തിന്റെയും എണ്ണയുടെയും ഉപയോഗം കാണിക്കുന്ന ഫ്യുവൽ രജിസ്റ്റർ എന്നിവ സൂക്ഷിക്കേണ്ടതാണ്. ഇത്തരം രജിസ്റ്ററുകളും മുനിസിപ്പാലിറ്റിയിൽ സൂക്ഷിക്കുന്നില്ല.

വാഹനങ്ങളുടെ ഉപയോഗവും പരിപാലനവും സംബന്ധിച്ച് മേൽ പറഞ്ഞ നിബന്ധനകൾ പാലിക്കാത്തതിനാൽ 4/2022 മുതൽ 7/2022 വരെ ഇന്ധനത്തിനായി 65,785/- രൂപ ചെലവഴിച്ചതിന്റെ കൃത്യത പരിശോധിക്കാനായിട്ടില്ല. ഇതിൽ 49,993/ രൂപയും KL 57 N 2963 നമ്പർ വാഹനത്തിന്റെ ഇന്ധനത്തിനായാണ് ചെലവഴിച്ചത്. ലോഗ് ബുക്കിൽ ഇന്ധനം നിറക്കുന്നതിന്റെ അളവ്/ ഫുൾ ടാങ്ക് ഇന്ധനം നിറക്കുന്നുണ്ട് എന്നത് സംബന്ധിച്ച വിവരം എന്നിവയൊന്നും പ്രസ്തുത വാഹനത്തിന്റെ ലോഗ് ബുക്കിൽ രേഖപ്പെടുത്തുന്നില്ല.

മുനിസിപ്പാലിറ്റിയുടെ വാഹനങ്ങൾ നിരുത്തരവാദപരമായി കൈകാര്യം ചെയ്യുന്നതിന് കസ്റ്റോഡിയൻ ഓഫീസർ വിശദീകരണം ലഭ്യമാക്കേണ്ടതാണ്. KL 57 N 2963 നമ്പർ വാഹനത്തിന്റെ ലോഗ് ബുക്കിൽ മേൽ പറഞ്ഞ നിബന്ധനകളൊന്നും പാലിക്കാത്തതിനാൽ 2022-23 വർഷം പ്രസ്തുത വാഹനത്തിന്റെ ഇന്ധനത്തിനായി ചെലവഴിച്ച 49,993/ രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

### 1-29 ഡെപ്പോസിറ്റ് റീ-ഫണ്ട് - രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല

താഴെ പറയുന്ന വൗച്ചറുകൾ പ്രകാരം ഡെപ്പോസിറ്റ് റീഫണ്ട് ഇനത്തിൽ തനതു ഫണ്ടിൽ നിന്നും തുക അനുവദിച്ചിട്ടുണ്ട്. എന്നാൽ ഇതു സംബന്ധിച്ച് മുനിസിപ്പാലിറ്റി ഡെപ്പോസിറ്റ് രജിസ്റ്റർ ഓഡിറ്റിന് ഹാജരാക്കിയില്ല.

| വൗച്ചർ നമ്പർ / തിയ്യതി | തുക | റിമാർക്സ് |
|---|---|---|
| 22200279/ 26.7.2022 | 94,015/- | മുനിസിപ്പാലിറ്റിയുടെ കമ്മ്യൂണിറ്റി കോംപ്ലക്സ് കെട്ടിടത്തിലെ 3/370Z |

| | | |
|---|---|---|
| | | നമ്പർ കെട്ടിടത്തിന്റെ വാടക ഡെപ്പോസിറ്റ് ശ്രീമതി സൈനബ വെള്ളങ്ങോട്ട് എന്നവർക്ക് നൽകിയ തുക. 30.3.2015 ലെ 11404100169 നമ്പർ രശീതി പ്രകാരം മുനിസിപ്പാലിറ്റിയിൽ അടച്ച 1,00,000/- രൂപയിൽ 94,015/- രൂപ തിരിച്ച നൽകി. |
| 22200377/ 29.8.2022 | 7,89,987/ - | മുനിസിപ്പാലിറ്റിയുടെ കമ്മ്യൂണിറ്റി കോംപ്ലക്സ് കെട്ടിടത്തിലെ 3/370J നമ്പർ കെട്ടിടത്തിന്റെ വാടക ഡെപ്പോസിറ്റ് ശ്രീമതി സക്കീന ഇ. എന്നവർക്ക് നൽകിയ തുക. 2010-11 വർഷം വിവിധ രശീതികളിലായി നൽകിയ 8,50,000/- രൂപയിൽ 7,89,987/- രൂപ തിരിച്ച നൽകി. |

മേൽ പറഞ്ഞ തുക റീഫണ്ട് ചെയ്തു നൽകിയതിന്റെ കൃത്യത പരിശോധിക്കുന്നതിന് ഡെപ്പോസിറ്റ് രജിസ്റ്റർ ഹാജരാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് 15.1.2024 ന് നൽകിയ 38ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ഹാജരാക്കിയിട്ടില്ല. ആയതിനാൽ ഡെപ്പോസിറ്റ് രജിസ്റ്ററിന്റെ അഭാവത്തിൽ റീഫണ്ട് ഇനത്തിൽ ചെലവഴിച്ച 8,84,002/- രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു.

**1-30 സ്ട്രീറ്റ് ലൈറ്റ് എ.എം.സി - കണക്കുകളില്ലാതെ തുക ചെലവഴിക്കുന്നു.**

പ്രൊജക്ട് നമ്പർ - 228/23

അടങ്കൽ - 30,00,000/-(സി.എഫ്.സി ഗ്രാന്റ്)

ചെലവ് തുക - 3,78,970/-

ബിൽ സാങ്ഷൻ നമ്പർ/തീയതി - 472/31.03.23

സ്ട്രീറ്റ് ലൈറ്റുകൾ എ.എം.സി വ്യവസ്ഥയിൽ പ്രവർത്തനക്ഷമമാക്കുന്നതിന് സർക്കാർ അംഗീകൃത സ്ഥാപനങ്ങളിൽ നിന്നും താത്പര്യപത്രം ക്ഷണിച്ചതിന്റെ അടിസ്ഥാനത്തിൽ മൂന്ന് സ്ഥാപനങ്ങൾ പങ്കെടുക്കുകയും യുണൈറ്റഡ് ഇലക്ട്രിക്കൽസ് എന്ന സ്ഥാപനം കുറഞ്ഞ നിരക്കിൽ ക്വാട്ട് ചെയ്യുകയും ചെയ്തിട്ടുണ്ട്. എന്നാൽ മേൽ സ്ഥാപനങ്ങൾ മൂന്ന് വർഷത്തേക്കുള്ള എ.എം.സി നിരക്കുകളാണ് ക്വാട്ട് ചെയ്തതെന്നും ആയതിനാൽ ബഹുവർഷ പ്രൊജക്ടുകളായി മാറ്റേണ്ടതുണ്ട് എന്നും കാരണം കാണിച്ച് നഗരസഭാ കൌൺസിലിന്റെ 06.10.22 ലെ 4(1) തീരുമാന പ്രകാരം സർക്കാർ അംഗീകൃത ഏജൻസികളിൽ നിന്നും ഒരു വർഷത്തേയ്ക്ക് എ.എം.സി.യ്ക്ക് താത്പര്യപത്രം ക്ഷണിക്കുകയും 5 എണ്ണം ലഭിച്ചതിൽ ഏറ്റവും കുറവ് നിരക്ക് രേഖപ്പെടുത്തിയ ഡെക്കാൻ അസോസിയേറ്റ്സ് എന്ന സ്ഥാപനത്തിന്റെ ഓഫർ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. (16.12.22 ലെ 6/1 നമ്പർ കൌൺസിൽ തീരുമാനം). പദ്ധതി നടപ്പാക്കിയതിൽ ചുവടെ കൊടുക്കുന്ന അപാകതകൾ കാണുന്നു.

1. 30,00,000/- രൂപ വകയിരുത്തിയതിൽ 3,78,970/- 22-23 വർഷം ചെലവ് ചെയ്തിട്ടുണ്ടെങ്കിലും നഗരസഭയിൽ നിലവിലുള്ള സ്ട്രീറ്റ് ലൈറ്റുകളുടെ എണ്ണം, തരം , സ്ഥാപിച്ച സ്ഥലങ്ങൾ തുടങ്ങിയ വിവരങ്ങൾ കാണിക്കുന്ന രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. 02.09.22 ന് ജി1- So228/22-23 നമ്പറായുള്ള താത്പര്യ പത്രികയിലും നഗരസഭയിലെ നിലവിലെ **"5000 ത്തോളം** " വരുന്ന 24W, 75W എൽ.ഇ.ഡി സ്ട്രീറ്റ്

ലൈറ്റുകളിൽ പ്രവർത്തന രഹിതമായവ റിപ്പയർ ചെയ്യുന്നതിന് എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. അതായത് നഗരസഭ പരിധിയിലെ തെരുവ് വിളക്കുകളുടെ കൃത്യമായ കണക്കില്ലാതെയാണ് നഗരസഭ എ.എം.സി യ്ക്കായി തുക ചെലവഴിക്കുന്നത്.

2. 2018-19 സാമ്പത്തിക വർഷ കാലയളവിൽ നിലവിലുണ്ടായിരുന്ന ഏകദേശം 4200 ഓളം 24 വാട്ട് ഓട്ടോമാറ്റിക്ക് ഓർഡിനറി ലൈറ്റുകൾ മാറ്റി പുതിയ എൽ.ഇ.ഡി ഓട്ടോമാറ്റിക്ക് ഓർഡിനറി ലൈറ്റുകൾ സ്ഥാപിക്കുന്നതിനും, നാഷണൽ/സ്റ്റേറ്റ് ഹൈവേകളോട് ചേർന്നുള്ള ഏകദേശം 350 ഓളം ലൈറ്റുകൾ മാറ്റി പുതിയ 75 വാട്ട് എൽ.ഇ.ഡി ലൈറ്റുകൾ സ്ഥാപിക്കുന്നതിനുമായി 2019 ൽ ആവിഷ്കരിച്ച ബഹുവർഷ പ്രൊജക്ക്റ്റ് പ്രകാരം (പുതിയ തെരുവു വിളക്ക് സ്ഥാപിക്കൽ -എൽ.ഇ.ഡി) 2021-22 വരെ 1,00,00,000/- രൂപ സേവനദാതാവായ കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡ്, കോഴിക്കാട് (കെ.എസ്.ഐ.ഇ) എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. (പുതിയ തെരുവു വിളക്ക് സ്ഥാപിക്കൽ -എൽ.ഇ.ഡി) പുതുതായി സ്ഥാപിച്ച സ്ട്രീറ്റ് ലൈറ്റുകളുടെ വാറണ്ടി 31.03.2022 ന് അവസാനിപ്പിച്ച സാഹചര്യത്തിൽ ഓൺസൈറ്റ് വാറണ്ടി കാലാവധി ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിക്കാൻ കെ.എസ്.ഐ.ഇ തയ്യാറാവുകയും, 17.03.2022 ലെ ¾ നമ്പർ ഭരണസമിതി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ അതു സംബന്ധിച്ച് മുനിസിപ്പാലിറ്റി അവരുമായി കരാറിലേർപ്പെടുകയും ചെയ്തിരുന്നു. എന്നാൽ തെരുവുവിളക്കുകൾ വ്യാപകമായി കേടുവരുന്നത് തുടരുകയും അതു സംബന്ധിച്ച പരാതികൾ സ്ഥാപനത്തെ അറിയിച്ചിട്ടും പരിഹാരമുണ്ടാവാതിരിക്കുകയും ചെയ്തതിനെ തുടർന്ന് ഭരണസമിതിയുടെ 15.07.2022 ലെ 1-ാം നമ്പർ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡുമായുള്ള മെയിന്റനൻസ് കരാർ റദ്ദ് ചെയ്യുകയും, സ്ഥാപനത്തെ കരിമ്പട്ടികയിൽ ഉൾപ്പെടുത്താൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ കരാർ ലംഘനം നടത്തിയ സ്ഥാപനത്തിനെതിരെ നിയമ നടപടികൾ സ്വീകരിച്ച് അവരിൽ നിന്ന് സേവനം ലഭിക്കുന്നെന്ന് ഉറപ്പു വരുത്തേണ്ടിയിരുന്നതിന് പകരം മുനിസിപ്പാലിറ്റി തന്നെ കരാറിൽ നിന്ന് ഏകപക്ഷിയമായി പിൻമാറുകയും മേൽ പ്രൊജക്ക് പ്രകാരം സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസിനായി പുതിയ പദ്ധതി ആവിഷ്കരിക്കുകയും ഡെക്കാൻ അസോസിയേറ്റ്സ്, കണ്ണൂർ എന്ന സ്ഥാപനത്തെ ഇ-ടെണ്ടർ മുഖേന തിരഞ്ഞെടുക്കുകയുമാണ് ഉണ്ടായത്. 24വാട്ട് എൽ.ഇ.ഡി ലൈറ്റ് റിപ്പയർ ചെയ്യുന്നതിന് 420/- രൂപയും 75 വാട്ട് എൽ.ഇ.ഡി ലൈറ്റ് റിപ്പയർ ചെയ്യുന്നതിന് 590/- രൂപയുമാണ് മേൽ സ്ഥാപനത്തിന് അനുവദിച്ചിരിക്കുന്ന നിരക്ക്. കെ.എസ്.ഐ.ഇ സ്ഥാപിച്ച 4,390 ലൈറ്റുകൾക്ക് (24 വാട്ടിന്റെ 4200 ലൈറ്റ് + 75വാട്ടിന്റെ 190 ലൈറ്റ്) ഓൺസൈറ്റ് വാറണ്ടി ഉണ്ടായിരുന്നിരിക്കെ പുതിയ സ്ഥാപനവുമായി എഗ്രിമെന്റ് വെച്ച് തുക നൽകുന്നത് മുനിസിപ്പാലിറ്റിയ്ക്ക് അധിക സാമ്പത്തിക ബാധ്യത വരുത്തുന്നതാണ്. എന്നാൽ 2021-22 വർഷം സ്ട്രീറ്റ് ലൈറ്റിന് കരാർ വെച്ച കെ.എസ്.ഐ.ഇ എന്ന സ്ഥാപനം കരാർ ലംഘനം നടത്തിയിട്ടും ഇക്കാര്യം സർക്കാരിനെയോ സ്റ്റോർപർച്ചേസ് ഡിപ്പാർട്ട്മെന്റിനേയോ അറിയിച്ചിട്ടുള്ളതായി കാണുന്നില്ല.

3. 18.11.22 ലെ G1- 54/22 നമ്പർ ടെണ്ടർ പരസ്യം നിബന്ധന ക്രമ നമ്പർ 12 പ്രകാരം കരാർ ലഭിക്കുന്ന സ്ഥാപനം 10% സെക്യൂരിറ്റി ഡെപ്പോസിറ്റ് അടവാക്കേണ്ടതാണെന്ന നിബന്ധന ഉൾപ്പെടുത്തിയിട്ടുണ്ട്. ആയത് പ്രകാരം 3,00,000/- രൂപയുടെ സെക്യൂരിറ്റി ഡെപ്പോസിറ്റ് സെക്രട്ടറിയുടെ പേരിൽ പ്ലഡ്ജ് ചെയ്യേണ്ടതാണ്. എന്നാൽ അംഗീകരിച്ച സ്ഥാപനവുമായി ഉണ്ടാക്കിയ എഗ്രിമെന്റിലെ വ്യവസ്ഥ ക്രമ നമ്പർ 2 ൽ ഉൾപ്പെടുത്തിയത് 2,40,000/- രൂപയുടെ നിക്ഷപ സർട്ടിഫിക്കറ്റ് നഗരസഭയ്ക്ക് പണയപ്പെടുത്തി നൽകിയതായാണ്. കരാർ വെച്ച സ്ഥാപനം ഹാജരാക്കിയതും 2,40,000/- രൂപയുടെ നിക്ഷേപ സർട്ടിഫിക്കറ്റാണ്.

4. സ്ഥാപനവുമായി ഉണ്ടാക്കിയ എഗ്രിമെന്റ് ക്രമ നമ്പർ 13 തെരുവ് വിളക്കുകളുടെ സ്ഥാപിക്കലുമായി ബന്ധപ്പെട്ട പരാതികൾ രജിസ്റ്റർ ചെയ്യുന്നതിനായി ബന്ധപ്പെടേണ്ട വ്യക്തികളുടെ ഫോൺ നമ്പർ കരാറുകാരൻ പ്രസിദ്ധപ്പെടുത്തേണ്ടതും ഇപ്രകാരം ലഭ്യമാകുന്ന പരാതികളുടെ സമയം, തീയതി, പരാതിക്കാരന്റെ പേര്, പരാതിയുടെ വിവരണം എന്നിവ സംബന്ധിച്ച രജിസ്റ്റർ കരാറുകാരൻ തയ്യാറാക്കേണ്ടതും ഇതേ രജിസ്റ്ററുകൾ നഗരസഭ ഓഫീസിൽ സൂക്ഷിക്കേണ്ടതുമാണ്. കരാറുകാരൻ എല്ലാ

ദിവസവും പരാതി രജിസ്റ്റർ പരിശോധിക്കേണ്ടതും കരാർ വ്യവസ്ഥകൾക്കനുസൃതമായി പരിഹരിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതും ഇത് സംബന്ധിച്ച വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതുമാണ്. എന്നാൽ നഗരസഭയിൽ ഇത് സംബന്ധിച്ച പരാതി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. തെരുവ് വിളക്കുകൾ സ്ഥാപിക്കൽ, പരിപാലനം തുടങ്ങിയവ സംബന്ധിച്ച് കൃത്യമായ കണക്കുകൾ സൂക്ഷിക്കാത്തതും കെ.എസ്.ഇ.ബി.യുമായി ചേർന്ന് മുനിസിപ്പാലിറ്റിയിലെ മുഴവൻ തെരുവു വിളക്കുകളുടെയും സംയുക്തപരിശോധന നടത്തി അതിനനുസരിച്ച് വൈദ്യുതി ചാർജ്ജ് ക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും സംബന്ധിച്ച് വർഷങ്ങളായി ഓഡിറ്റ് റിപ്പോർട്ടിൽ പ്രതിപാദിക്കുന്നുണ്ടെങ്കിലും നിലവിലും നിരുത്തരവാദപരമായ സമീപനമാണ് നഗരസഭ ഇക്കാര്യത്തിൽ തുടർന്നു വരുന്നത്. അപാകതകൾ ഓഡിറ്റ് എൻക്വയറിയിലൂടെ നഗരസഭയുടെ ശ്രദ്ധയിൽപ്പെടുത്തിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. 3,78,970/- രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.

**1-31 വയോമിത്രം പദ്ധതി - സർക്കാർ നിർദ്ദേശത്തിനു വിരുദ്ധമായി അധിക തുക അനുവദിച്ചു**

പ്രൊജക്റ്റ് നമ്പർ 299/23

നിർവ്വഹണം സെക്രട്ടറി

ചെലവ് തുക 15,00,000(വികസന ഫണ്ട് ജനറൽ)

ബിൽ സാങ്ഷൻ }

നമ്പർ/ തീയതി } 123/03.12.22

സംസ്ഥാനത്തെ നഗര പ്രദേശത്ത് വസിക്കുന്ന 65 വയസ്സ് കഴിഞ്ഞ മുതിർന്ന പൌരന്മാർക്ക് ആരോഗ്യ പരിരക്ഷയും മാനസികോല്ലാസവും അവരുടെ സ്ഥലങ്ങളിൽ തന്നെ ഒരുക്കുക, പ്രതിമാസം 1800-2000 ന് ഇടയ്ക്ക് വയോജനങ്ങൾക്ക് കൃത്യതയോടും സമയബന്ധിതമായും മെഡിക്കൽ സേവനങ്ങൾ എത്തിക്കുന്നതോടൊപ്പം മാനസികാരോഗ്യം പകരാൻ ഉതകുന്ന വയോജനങ്ങളുടെ കലാവിരുന്നുകൾ, വിനോദയാത്രകൾ, ആഘോഷങ്ങൾ എന്നിവ നഗരസഭ ജനപ്രതിനിധികളുടെ നേതൃത്വത്തിൽ വാർഡുകളിൽ സംഘടിപ്പിക്കുന്നതിലൂടെ വയോജനങ്ങൾക്ക് ശാരീരിക മാനസിക ആരോഗ്യം പകരുക തുടങ്ങിയവയാണ് 'വയോമിത്രം' പദ്ധതി ലക്ഷ്യം വയ്ക്കുന്നത്. ഇതിനായി നഗരസഭ മേൽ സൂചിപ്പിച്ച പ്രകാരം 15,00,000/- രൂപ സോഷ്യൽ സെക്യൂരിറ്റി മിഷന് അനുവദിച്ചിട്ടുണ്ട്. എന്നാൽ സാമൂഹ്യ സുരക്ഷ മിഷന് ഫണ്ട് കൈമാറുന്നതിനുള്ള അനുമതിയുമായി ബന്ധപ്പെട്ട 06.05.2013 ലെ സ.ഉ.(സാധാ)നം. 1209/2013/ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരം ഈ പദ്ധതിയ്ക്കായി മിനിസിപ്പാലിറ്റിയ്ക്ക് ചെലവഴിക്കാവുന്ന പരമാവധി തുക 10,00,000/- രൂപയാണ്. 15,00,000/- ചെലവഴിക്കാൻ അടിസ്ഥാനമായ സർക്കാർ ഉത്തരവ് ആവശ്യപ്പെട്ടും ഈയിനത്തിൽ തുക അടവാക്കിയിട്ടുണ്ടെങ്കിലും മുനിസിപ്പാലിറ്റിയിൽ വയോമിത്രം പദ്ധതിയുമായി ബന്ധപ്പെട്ട് നടന്ന പ്രവർത്തനങ്ങളെ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ടും (ഓഡിറ്റ് എൻക്വയറി നം. 15 22-23 തീയതി 10.01.24) നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. തുകയുടെ വിനിയോഗ വിവരങ്ങളും പദ്ധതി പ്രവർത്തനം സംബന്ധിച്ച വിവരങ്ങളും ലഭ്യമാക്കേണ്ടതാണ്. 15,00,000/- രൂപയ്ക്കുള്ള അനുമതി ലഭ്യമാക്കുന്നതു വരെ 5,00,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**1-32 കുടിവെള്ള പദ്ധതികൾക്ക് മോട്ടാർ സ്ഥാപിക്കൽ - പദ്ധതി നിർവ്വഹണത്തിൽ അപാകത**

ഓഡിറ്റ് വർഷം അസി.എഞ്ചിനീയർ നിർവ്വഹണം ചെയ്ത താഴെ കൊടുക്കുന്ന കുടിവെള്ള പദ്ധതികളിൽ മോട്ടോർ സ്ഥാപനവും, അനുബന്ധ പ്രവൃത്തികളും നടത്തിയതിൽ അപാകത കാണുന്നു. പദ്ധതികളുടെ വിശദാംശം ചുവടെ കൊടുക്കുന്നു

| പദ്ധതി | അടങ്കൽ വിവരം | ഉൾപ്പെടുത്തിയ പ്രവൃത്തികൾ | കരാറുകാരൻ/ചെലവ് വിശദാംശം |
|---|---|---|---|

| | | | |
|---|---|---|---|
| | | | |
| വാവാട് സ്കൂൾ കുടിവെള്ള പദ്ധതി, 77/23 | ആകെ - 499200<br>318218 -സിവിൽ വർക്കുകൾ<br>91475-മോട്ടോർ, അനുബന്ധ പ്രവൃത്തികൾ<br>36000-KSEB Connection ചാർജ്ജ്<br>53506.81-ജി.എസ്.ടി, Round Off | 450മീറ്ററോളം പൈപ്പിടൽ, പി.വി.സി. ടാങ്ക്, മോട്ടോറും അനുബന്ധ പ്രവൃത്തികളും | സദാനന്ദൻ.പി.വി.<br>294775/-<br>ബിൽ നം.<br>2/28.4.22<br>126529/-<br>ബിൽ നം.<br>441/28.3.23 |
| കതിരോട് പാലക്കുന്ന് Scകോളനി കുടിവെള്ള പദ്ധതി, 54/23 | ആകെ - 390000<br>200213.62 -സിവിൽ വർക്കുകൾ<br>83000-മോട്ടോർ,അനുബന്ധ പ്രവൃത്തികൾ<br>25000-KSEB Connection ചാർജ്ജ്<br>40000-കുഴൽകിണർ നിർമ്മാണം<br>41786.38-ജി.എസ്.ടി, Round Off | 574മീറ്ററോളം നീളത്തിൽ പൈപ്പിടൽ വിഭാവനം ചെയ്തിരുന്നെങ്കിലും, 149മീറ്റർ മാത്രമാണ് ചെയ്തത്. മോട്ടോറും അനുബന്ധ പ്രവൃത്തികളും | സി.എം.കമറുദ്ദീൻ<br>213041/-<br>ബിൽ നം.<br>440/28.3.23 |
| വാരിക്കുഴിത്താഴം യുവശക്തി കുടിവെള്ള പദ്ധതി, 92/23 | ആകെ - 400000<br>-സിവിൽ വർക്കുകൾ<br>125000-മോട്ടോർ,അനുബന്ധ പ്രവൃത്തികൾ<br>51612-KSEB Connection ചാർജ്ജ്<br>39000-കുഴൽകിണർ നിർമ്മാണം | 179 മീറ്ററോളം നീളത്തിൽ പൈപ്പിടൽ വിഭാവനം ചെയ്തെങ്കിലും, 79മീറ്റർ മാത്രം ചെയ്തു. എസ്റ്റിമേറ്റ് പുതുക്കി മോട്ടോറിനായി അധികതുക കണ്ടെത്തി | അബ്ദുൾറസാഖ്.പി.സി<br>293152/-<br>ബിൽ നം.<br>405/25.3.23 |

| | | | |
|---|---|---|---|
| | 42857.39- ജി.എസ്.ടി, Round Off | | |

ആദ്യ പദ്ധതിയുടെ ഫയലിൽ മോട്ടോറും അനുബന്ധ ഉപകരണങ്ങൾക്കുമായി മൂന്ന് ക്വട്ടേഷനുകൾ ലഭിച്ചതായി കാണുന്നു. 16.12.22 ലെ തീരുമാനം 6/5 പ്രകാരം ഇതിൽ ഏറ്റവും കുറവ് നിരക്ക് ക്വാട്ട് ചെയ്ത SL മാർക്കറ്റിംഗ്, കരീറ്റിപ്പറമ്പ്, മാനിപുരം എന്ന സ്ഥാപനത്തിന്റെ ക്വട്ടേഷൻ അംഗീകരിച്ചിട്ടുണ്ട്. ലഭിച്ച മൂന്ന് ക്വട്ടേഷനുകളിലും 5 HPമോട്ടോറിന്റെ വിലയും, മറ്റ് അഞ്ചു അനുബന്ധ സാമഗ്രികളുടേയും വിലയാണ് ക്വാട്ട് ചെയ്തിരിക്കുന്നത്. എന്നാൽ മോട്ടോർ ഏതു കമ്പനിയുടേതാണെന്ന് ക്വട്ടേഷനുകളിലും, അംഗീകരിച്ച സ്ഥാപനത്തിന്റെ ടാക്സ് ഇൻവോയ്സിലും രേഖപ്പെടുത്തിയിട്ടില്ല. മോട്ടോറിനും അനുബന്ധ സാമഗ്രികൾക്കുമായി 1,17,594/-രൂപ ചെലവഴിച്ചു.

രണ്ടാമത്തെ പ്രവൃത്തിയ്ക്ക് മുകളിൽ വിവരിച്ച കൗൺസിൽ തീരുമാന പ്രകാരം ലോയൽ ട്രേഡേഴ്സ്, മാനിപുരം റോഡ് കൊടുവള്ളി എന്ന സ്ഥാപനത്തിന്റെ ക്വട്ടേഷൻ അംഗീകരിച്ചിട്ടുണ്ട്. എന്നാൽ ഫയലിൽ ഈ സ്ഥാപനത്തിന്റെ ടാക്സ് ഇൻവോയ്സ് മാത്രമേ ഉള്ളൂ. ഈ സ്ഥാപനത്തിന്റെ ക്വട്ടേഷനോ, മറ്റേതെങ്കിലും സ്ഥാപനങ്ങളുടേത് ലഭ്യമായിരുന്നെങ്കിൽ ആയതും ഫയലിലില്ല. ടാക്സ് ഇൻവോയ്സിൽ കിർലോസ്കർ പമ്പ് എന്ന് (നിരക്ക് 34000)രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും എത്ര HPയുടേതാണെന്ന് വ്യക്തമല്ല. മോട്ടോറിനും അനുബന്ധ സാമഗ്രികൾക്കുമായി 59,415/-രൂപ ചെലവഴിച്ചു.

മൂന്നാമത്തെ പ്രവൃത്തിയ്ക്കായി മുകളിൽ വിവരിച്ച അതേ കൗൺസിൽ തീരുമാനപ്രകാരം കെ.കെ.എസ്. ഇലക്ട്രിക്കൽസ്, കച്ചേരിമുക്ക് കിഴക്കോത്ത് എന്ന സ്ഥാപനത്തിന്റെ ക്വട്ടേഷൻ അംഗീകരിച്ചിട്ടുണ്ട്. ഫയലിൽ ഈ സ്ഥാപനത്തിന്റെയും, മറ്റൊരു സ്ഥാപനത്തിന്റെയും ക്വട്ടേഷനുകൾ ലഭ്യമാണെങ്കിലും, ഇവ രണ്ടിലും സ്ഥാപനങ്ങളുടെ മേധാവിയുടെ ഒപ്പോ, സീലോ ഇല്ല. കൂടാതെ ക്വട്ടേഷനിൽ മോട്ടോറിന്റെ വില കാണിച്ചിട്ടില്ല. Submersible Wire, Heavy Duty Coloumn Pipe, 7.5 Hp Motor Control Panel എന്നിവയുടെ വിലയാണ് (116650/-)ക്വാട്ട് ചെയ്തിട്ടുള്ളതും, കൗൺസിൽ അംഗീകരിച്ചതും. എന്നാൽ ഇതേ സ്ഥാപനത്തിൽ നിന്നും 7.5Hp Submersible Borewell Pump 1,23,900/- രൂപ ചെലവഴിച്ച് മറ്റൊരു ഇൻവോയ്സിലൂടെ വാങ്ങിയിട്ടുണ്ട്. ഏതു കമ്പനിയുടേതാണെന്ന് വ്യക്തമല്ല.

മുകളിൽ വിവരിച്ച മൂന്ന് പദ്ധതികളിലും വ്യത്യസ്ത സ്ഥാപനങ്ങളിൽ നിന്നുമാണ് മോട്ടോറും അനുബന്ധ സാമഗ്രികളും വാങ്ങിയതെങ്കിലും ഇവയുടെ തുക അനുവദിച്ചിരിക്കുന്നത് പദ്ധതികളുടെ സിവിൽ വർക്ക് ചെയ്ത കരാറുകാർക്കാണ്. മോട്ടോറും അനുബന്ധ സംവിധാനങ്ങളും വാങ്ങുന്നതിന് മുമ്പ് ഓരോ പദ്ധതിയ്ക്കും എത്ര അളവിൽ വെള്ളം എത്ര ഉയരത്തിലേയ്ക്ക് എത്തിക്കേണ്ടതുണ്ട് എന്നത് സംബന്ധിച്ച് പരിശോധിച്ച്, അതിനാവശ്യമായ മോട്ടോറിന്റെ കപ്പാസിറ്റി ക്ഷമതയുള്ള ഏതെങ്കിലും ഉദ്യോഗസ്ഥൻ നിർണ്ണയിച്ചതായോ, ആയതിനനുസരിച്ച് പ്രൊക്യൂർമെന്റ് കമ്മിറ്റി സാമഗ്രികൾ ഏതു വിധേന വാങ്ങണമെന്ന് തീരുമാനിച്ചതായോ വ്യക്തതയില്ല. 11.1.24ന് സാങ്കേതിക വിഭാഗം ഓവർസിയർമാരുടെ സാന്നിദ്ധ്യത്തിൽ വാവാട് സ്കൂൾ സന്ദർശിച്ചപ്പോൾ പ്രസ്തുത പദ്ധതി സ്കൂളിന്റെ ആവശ്യത്തിലേയ്ക്കായി മാത്രമുള്ളതാണെന്നും, അതു വരെ അടുത്ത വീട്ടിലെ കിണറിൽ നിന്നുമാണ് വെള്ളം അടിച്ചിരുന്നതെന്നും സ്കൂൾ അധികൃതർ അറിയിച്ചു. നിലവിലുണ്ടായിരുന്ന 3000ലിറ്ററിന്റെ(2000+1000) ടാങ്കിനു പുറമേ ഈ പദ്ധതിയിൽ 2000 ലിറ്ററിന്റെ ടാങ്ക് കൂടി സ്ഥാപിക്കുകയും, സ്കൂളിൽ നിന്നും 500മീറ്റർ മാറി സ്ഥിതി ചെയ്യുന്ന ജലനിധി പദ്ധതിയുടെ കിണറിൽ നിന്നും വെള്ളം പമ്പ് ചെയ്യുന്ന സംവിധാനം ഒരുക്കുകയാണ് ഈ പദ്ധതിയിലൂടെ ചെയ്തത്. എന്നാൽ നിലവിൽ പമ്പിംഗിനായി ഉപയോഗിച്ചിരുന്ന മോട്ടോർ ഉണ്ടായിരിക്കെ മറ്റൊന്നു വാങ്ങിയതിന്റെ കാരണമോ, അല്ലെങ്കിൽ പുതിയത് വാങ്ങിയപ്പോൾ നിലവിലുണ്ടായിരുന്ന മോട്ടോറും അനുബന്ധ സംവിധാനങ്ങളും എന്തു ചെയ്തു എന്നതിനെ സംബന്ധിച്ച് വ്യക്തതയില്ല.

മറ്റു രണ്ടു പദ്ധതികൾക്കുമായി കിണർ കുഴിക്കുന്നതിന് ഗ്രൗണ്ട് വാട്ടർ അതോറിറ്റി നൽകിയ ഫീസിബിലിറ്റി സർട്ടിഫിക്കറ്റിൽ ഒരേ ആഴത്തിലുള്ള കിണറുകളാണ് നിർദ്ദേശിച്ചിട്ടുള്ളത്. എന്നാൽ ഈ

രണ്ടു പദ്ധതികളിൽ ഉപയോഗത്തിനായി വാങ്ങിയ മോട്ടോർ അനുബന്ധ സംവിധാനങ്ങളുടെ വില തമ്മിൽ നാലിരട്ടിയോളം വ്യത്യാസമുണ്ട്(59415/-, 240550/-). ഇത്രയും വില അന്തരത്തിൽ മോട്ടോറുകൾ വാങ്ങുന്നതിനുള്ള സാഹചര്യം വ്യക്തമല്ല. കൂടാതെ മോട്ടോറിന്റെയും അനുബന്ധ സംവിധാനത്തിന്റെയും വില ഒരു ലക്ഷത്തിൽ കൂടുതലുള്ള സാഹചര്യത്തിൽ ക്വട്ടേഷൻ നടപടിയിലൂടെ വാങ്ങൽ നടത്തിയത് സർക്കാർ നിർദ്ദേശങ്ങളുടെ ലംഘനമാണ്.

മതിയായ രേഖകളില്ലാതെയും, വാങ്ങൽ നടപടികൾ കൃത്യമായി പാലിക്കാതെയും മേൽ പദ്ധതികൾ നിർവ്വഹണം നടത്തിയ സാഹചര്യം വിശദീകരിക്കാനും, ഫയലിൽ ലഭ്യമല്ലാത്ത രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കാനും, മറ്റാപകതകൾക്ക് വിശദീകരണം ലഭ്യമാക്കാനുമായി നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭിച്ചില്ല. അപാകതകൾക്ക് വിശദീകരണം രേഖകൾ സഹിതം ലഭ്യമാക്കുന്നത് വരെ ചെലവ് തുക 9,27,497/-രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

**1-33 സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം - റീഫണ്ട് കിട്ടിയില്ല.**

| | |
|---|---|
| പ്രോജക്ടിന്റെ പേര് | സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം |
| പ്രോജക്ട് നമ്പർ | 20/23 |
| അടങ്കൽ | 90,000 |
| ചെലവ് | 40,000 |
| ബിൽ സാങ്ഷൻ നം/ തീയതി/തുക | 40/12/07/2022, തുക - 40,000/ - |
| നിർവഹണം | ഹെൽത്ത് ഓഫീസർ |

ഹരിത കേരളം മിഷന് വേണ്ടി കെൽട്രോൺ വികസിപ്പിച്ചിട്ടുള്ള സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം സോഫ്റ്റ് വെയർ മുഖേന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലൂടെ മാലിന്യ നിർമാർജ്ജന പ്രവർത്തനങ്ങൾ/പദ്ധതികൾ മോണിറ്റർ ചെയ്യുന്നതിനും ഏകോപിപ്പിക്കുന്നതിനുമുള്ള പദ്ധതിക്ക്

28.06.2021 ലെ സ.ഉ (കൈ) നം. 1220/2021/ത.സ്വ.ഭ.വ പ്രകാരം അനുമതി ലഭിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി കെൽട്രോണിൽ നിന്ന് 42,500 എണ്ണം ക്യു.ആർ കോഡ് പ്രിന്റ് ചെയ്ത് ലഭ്യമാക്കുന്നതിന് പെർഫോർമ ഇൻവോയിസ് SGMS-4/2156/22-23 ന്റെ അടിസ്ഥാനത്തിൽ മേൽ ബില്ല് പ്രകാരം 40,000/-രൂപ നൽകിയിട്ടുണ്ട്. എന്നാൽ കെൽട്രോൺ 11/01/2023 ലെ 8948 നമ്പർ ടാക്സ് ഇൻവോയിസ് പ്രകാരം 21000 ക്യൂ ആർ കോഡിന് 19765/- രൂപയുടെ ബില്ല് നൽകുകയും ബാക്കി തുകയായ 20235 രൂപ റീഫണ്ട് ചെയ്യുന്നതിന് KCC/CPG/CR306 2022- 23/794/16/01/23 പ്രകാരം കത്ത് നൽകിയതായും കാണുന്നു. ( തൻവർഷം നടപ്പിലാക്കിയ മറ്റൊരു പദ്ധതിയിൽ 17570 ക്യൂ ആർ കോഡ് പതിച്ചതിന് വേതനമായി 439250/-രൂപ നൽകിയിട്ടുണ്ട്) പ്രസ്തുത തുക തിരികെ ലഭിച്ചതിന്റെ വിവരം ഫയലിൽ ലഭ്യമല്ല. കൂടാതെ ലഭ്യമായ Q.Rകോഡുകൾ പൂർണ്ണമായി പതിച്ചു എന്നതിന്റെയോ മാലിന്യ വിവരശേഖരണത്തിന് ഇത് പ്രയോജനപ്പെടുത്തിയതിന്റെയോ വിവരം ഫയലിൽ ഇല്ല.

സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം പ്രവർത്തനക്ഷമമായതിന്റെയും, സേവനം ലഭ്യമാക്കിയതിന്റെയും ഇതു പ്രകാരം മാലിന്യ നിർമാർജ്ജന പ്രവർത്തനങ്ങൾ/പദ്ധതികൾ മോണിറ്റർ ചെയ്തതിന്റെയും പ്രവർത്തനങ്ങൾ ഏകോപിക്കുന്നതിന് ഇത് എത്രത്തോളം പ്രയോജനപ്പെടുത്തി എന്നതിന്റെയും വിവരം ലഭ്യമല്ല. അപാകതകൾക്ക് വിശദീകരണം നൽകേണ്ടതും, പദ്ധതി പൂർത്തിയാക്കിയതിന്റെ വിവരം/നിലവിലെ സ്ഥിതി, 20235 രൂപ റീഫണ്ട് ചെയ്യുന്നതിന് സ്വീകരിച്ച നടപടികൾ എന്നിവ ഓഡിറ്റിനെ അറിയിക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറി ( 6/22 - 23 / തീയതി - 08.01.2024) ക്ക് ഹെൽത്ത് ഓഫീസർ ലഭ്യമാക്കിയ മറുപടി പ്രകാരം 21000 Q R കോഡുകൾ ലഭ്യമായതിൽ 19500 എണ്ണം പതിച്ചിട്ടുണ്ടെന്നും, ബാക്കി 1500 എണ്ണം Q R കോഡുകൾ നഷ്ടപ്പെട്ട സ്ഥാപനങ്ങൾ/വീടുകളിൽ പതിക്കുന്നതിന് നഗരസഭയിൽ സൂക്ഷിച്ചിട്ടുണ്ടെന്നും, ഹരിതമിത്രം സ്മാർട്ട് ഗാർബേജ് ആപ്പിന്റെ സഹായത്താലാണ് അജൈവമാലിന്യ ശേഖരണം നടത്തി വരുന്നതെന്നും, കൂടാതെ 20235 രൂപ റീഫണ്ട് ചെയ്യുന്നതിന് നടപടികൾ ആരംഭിച്ചിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. പദ്ധതി നടപ്പിലാക്കുമ്പോൾ ആവശ്യകത നിർണ്ണയിക്കാതെ ക്യൂ ആർ കോഡ് പ്രിന്റ് ചെയ്ത് ലഭ്യമാക്കുന്നതിന് കെൽട്രോണിന് തുക കൈമാറിയതിന് മറുപടി ലഭ്യമാക്കേണ്ടതും, കെൽട്രോണിൽ നിന്ന് തുക റീഫണ്ട് ചെയ്ത് ധനകാര്യകമ്മീഷൻ ഗ്രാന്റ് അക്കൗണ്ടിൽ വകയിരുത്തി അറിയിക്കേണ്ടതുമാണ്. തുക തിരികെ ഈടാക്കി അറിയിക്കുന്നതുവരെ 20235 രൂപ തടസ്സത്തിൽ വെയ്ക്കുന്നു. തുടർനടപടികൾ അറിയിക്കേണ്ടതാണ്.

## 1-34 ലോമാസ്റ്റ് ലൈറ്റ് / ഹൈമാസ്റ്റ് ലൈറ്റ് - റീപ്ലെയ്സ്മെന്റ് വാറന്റി കണക്കിലെടുക്കാതെ AMC ഏർപ്പെടുത്തി

| ലോമാസ്റ്റ് ലൈറ്റ് | |
|---|---|
| ഫയൽ നമ്പർ | ജി1 - 9452/22 |
| പ്രൊജക്ട് നമ്പർ | 429/23 |
| ചെലവ് തുക | ബിൽ സാങ്ഷൻ നമ്പർ |
| 22,00,000 /- | 402/27.03.23 |
| 1,15,895/- | 403/27.03.23 |

| ഹൈമാസ്റ്റ് ലൈറ്റ് | |
|---|---|
| പ്രൊജക്ട് നമ്പർ | 427/23 |
| ചെലവ് തുക | ബിൽ സാങ്ഷൻ നമ്പർ |
| 3,09,496 | 403/27.03.23 |

നഗരസഭയിലെ 36 ഡിവിഷനുകളിലുമായി സ്ഥാപിച്ചിട്ടുള്ള പ്രവർത്തനരഹിതവും എ.എം.സി ഇല്ലാത്തതുമായ 72 ലോമാസ്റ്റ് ലൈറ്റ് / ഹൈമാസ്റ്റ് ലൈറ്റുകൾ റിപ്പയർ ചെയ്ത്

പ്രവർത്തനക്ഷമമാക്കുന്നതിനാണ് പ്രൊജക്ട് രീപികരിച്ചിട്ടുള്ളത്. ഇലക്ട്രിക്കൽ പ്രവർത്തികൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് നഗരസഭയിൽ ഇലക്ട്രികൽ വിങ് ഇല്ലാത്തതിനാൽ എസ്റ്റിമേറ്റ് തയ്യാറാക്കി സർക്കാർ അംഗീകൃത അക്രഡിറ്റഡ് ഏജൻസി മുഖേന പി.എം.സി ആയി പദ്ധതി നടപ്പാക്കുകയാണ് ചെയ്തിട്ടുള്ളത്. ഇതിനായി ടെണ്ടർ ക്ഷണിച്ചതിൽ കുറഞ്ഞ നിരക്കിൽ സെന്റേജ് ചാർജ് (2.1%) ക്വാട്ട് ചെയ്ത യുണൈറ്റഡ് ഇലക്ട്രിക്കൽസ് എന്ന സ്ഥാപനത്തിനെ പി.എം.സി ആയി അംഗീകരിക്കുകയും, സാധനങ്ങൾ സപ്ലൈ ചെയ്യുന്നതിനുള്ള സ്ഥാപനമായി മൈക്രോ ടെക്നോളജീസ് എന്ന സ്ഥാപനത്തെ അക്രഡിറ്റഡ് ഏജൻസി തെരെഞ്ഞെടുക്കുകയും ചെയ്തിട്ടുണ്ട്. ഒരു യൂണിറ്റിന് 32165/- രൂപ നിരക്കിൽ 72 യൂണിറ്റുകൾക്ക് 22,68,262/- രൂപ മൈക്രോ ടെക്നോളജീസ് എന്ന സ്ഥാപനത്തിനും 47633/- രൂപ പി.എം.സി ചാർജായി യുണൈറ്റഡ് ഇലക്ട്രിക്കൽസ് എന്ന സ്ഥാപനത്തിനും ആകെ ലൈറ്റുകൾ റിപ്പയർ ചെയ്ത വകയിൽ 23,15,895/- രൂപ തൻവർഷം ചെലവ് ചെയ്തിട്ടുണ്ട്. എ.എം.സി ക്ക് തുക ചെലവഴിച്ചതുമായി ബന്ധപ്പെട്ട് ചുവടെ കൊടുക്കുന്ന അപാകതകൾ കാണുന്നു.

1. 72 ലോ മാസ്റ്റ് ലൈറ്റുകൾക്ക് എ.എം.സി വെച്ച വകയിൽ തുക ചെലവഴിച്ചിട്ടുണ്ടെങ്കിലും ലൈറ്റുകൾ സ്ഥാപിച്ച വർഷം, സ്ഥലം തുടങ്ങിയവ സംബന്ധിച്ച രജിസ്റ്റർ നഗരസഭയിൽ സൂക്ഷിച്ചിട്ടില്ല. ലോ മാസ്റ്റ്/ ഹൈമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിനുള്ള മാർഗ്ഗരേഖ ജി.ഒ.(പി)27/2017 തിയതി 26.02.17 ഖണ്ഡിക Vi പ്രകാരം ഹൈമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിനുള്ള ടെണ്ടർ ക്ഷണിക്കുന്നതിനോടൊപ്പം 3 വർഷത്തേക്കുള്ള Replacement Warranty, തുടർന്നുള്ള 3 വർഷത്തേക്ക് AMC എന്നിവയ്ക്കുള്ള വ്യവസ്ഥകൾ കൂടി ഇ- ടെണ്ടറിൽ ഉൾപ്പെടുത്തേണ്ടതാണെന്ന് വ്യക്തമാക്കുന്നുണ്ട്. എന്നാൽ ലൈററുകൾ സ്ഥാപിച്ചത് സംബന്ധിച്ച രേഖകൾ നഗരസഭയിൽ സൂക്ഷിക്കാത്തതിനാൽ നിലവിൽ എ.എം.സി വെച്ച ലൈറ്റുകൾക്ക് Replacement Warranty, AMC എന്നിവ നിലവിലുണ്ടോ എന്ന് വ്യക്തമല്ല.

2. ലോമാസ്റ്റ് ലൈറ്റ് സ്ഥാപിച്ചതിലെ അപാകതകൾ സൂചിപ്പിച്ച് 2019-20, 2020-21 എന്നീ വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ (ഖണ്ഡിക 1-30) 17 വ്യത്യസ്ത ഇടങ്ങളിൽ ലോമാസ്റ്റ് ലൈറ്റ് സ്ഥാപിച്ചതിന് 22,20,000/- രൂപ (ബിൽ നം.368/31.03.21) KSIE യ്ക്ക് നൽകിയതായി പരാമർശിച്ചിട്ടുണ്ട്. അങ്ങനെയെങ്കിൽ 31.03.24 വരെ 17 ലൈറ്റുകൾക്ക് Replacement Warranty/AMC നിലവിലുണ്ട്. മാത്രമല്ല, കെ.എസ്.ഐ.ഇ എന്ന സ്ഥാപനം ക്വട്ടേഷനിൽ 3 വർഷ വാറണ്ടി ഓഫർ ചെയ്തിരുന്നെങ്കിലും അസിസ്റ്റന്റ് എഞ്ചിനീയറുമായി വെച്ച എഗ്രിമെന്റിൽ ഒരു വർഷ വാറന്റി സംബന്ധിച്ച വിവരങ്ങളാണ് ഉൾപ്പെടുത്തിയത് എന്നും റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്. അതായത് Replacement Warranty/AMC നിലവിലുള്ള 17 ലൈറ്റുകൾ ഉൾപ്പടെയാണ് 2022-23 വർഷം എ.എം.സി. വച്ചിട്ടുള്ളത്. ആയതിനാൽ ഒരു യൂണിറ്റിന് 32165/- രൂപ നിരക്കിൽ 17 യൂണിറ്റുകൾക്ക് 5,46,805/- രൂപ ചെലവഴിച്ചത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ശേഷിക്കുന്ന തുക 20,78,586/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-35 എസ്.സി. വീട് റിപ്പയർ - രജിസ്റ്റർ ഹാജരാക്കിയിട്ടില്ല

പ്രൊജക്ട് നമ്പർ 13/23

ചെലവ് തുക : ബിൽ സാങ്ഷൻ നമ്പർ

25,000 : 9/30.05.22

1,75,000 : 22/20.06.22

1,50,000 : 46/25.07.22

75,000 : 73/26.08.22

50,000 : 95/ 17.10.22

25,000 : 130/19.12.22

2,25,000 : 257/17.02.23

1,00,000 : 329/7.03.23

1,00,000 : 449/28.03.23

54 ഗുണഭോക്താക്കൾക്ക് 50,000/- രൂപ തോതിൽ 27,00,000/- രൂപ വകയിരുത്തി തുക അനുവദിക്കുന്നതിന് ആണ് പ്രൊജക്ട്. 21-22 ൽ ആരംഭിച്ച പദ്ധതിയിൽ തൻ വർഷം 11,50,000/- രൂപ ഈയിനത്തിൽ ചെലവഴിച്ചിട്ടുണ്ടെങ്കിലും ഓരോ ഗുണഭോക്താവിനും അനുവദിച്ച ഗഡു രേഖപ്പെടുത്തിയ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. സ്കീം രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. അപാകതയുടെ അടിസ്ഥാനത്തിൽ 11,50,000/- തടസ്സപ്പെടുത്തുന്നു.

## 1-36 വനിതാ ഘടകപദ്ധതി രൂപീകരണം - പദ്ധതി മാർഗ്ഗരേഖയ്ക്ക് വിരുദ്ധം

വനിതാ ഘടക പദ്ധതിയിലുൾപ്പെടുത്തി 22-23 വർഷത്തിൽ കൊടുവള്ളി മുൻസിപ്പാലിറ്റിയിൽ കൃഷി ഓഫീസർ, വെറ്റിനറിസർജൻ എന്നീ നിർവഹണഉദ്യോഗസ്ഥർ താഴെ കൊടുത്തിരിക്കുന്ന പ്രോജക്ട് നടപ്പിലാക്കിയിട്ടുണ്ട്.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ: പേര് | വകയിരുത്തിയ തുക | ചെലവഴിച്ച തുക |
|---|---|---|---|
| 1 | പ്രോജക്ട് നമ്പർ : 289. മുട്ടക്കോഴി വളർത്തൽ | 10,80,000/- (വികസനഫണ്ട് ജനറൽ, | 10,80,000/- |
| 2 | പ്രോജക്ട് നമ്പർ :310 ഫലവൃക്ഷതൈവിതരണം | 3,60,000/-(270000. വി. ഫണ്ട്. 90000 .ഉ.വി) | 3,60,000/- |
| 3 | പ്രോജക്ട് നമ്പർ :315 ഇടവിളകിറ്റ് വിതരണം | 6,52,000-വി.ഫണ്ട് | 6,52,000/- |

പദ്ധതി രൂപീകരണത്തിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

സ.ഉ (കൈ)നം86/2022/തസ്വഭവ.തീ.19.4.22 ഖണ്ഡിക 6.3 പ്രകാരം സ്ത്രീകളുടെ തൊഴിലും വരുമാനവും സാമൂഹ്യ പദവിയും വർദ്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങളായിരിക്കണം വനിതാഘടക പദ്ധതിയിൽ ലക്ഷ്യമിടേണ്ടത്. സ്ത്രീകൾക്കും പുരുഷൻമാർക്കും ഒരുപോലെ പ്രയോജനം ലഭിക്കുന്ന പ്രോജക്ടുകൾ വനിതാഘടക പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതല്ല. സ്ത്രീകളുടെ തൊഴിൽ, വരുമാന വർദ്ധനവിനായി സ്വയം തൊഴിൽ സംരംഭങ്ങൾക്ക് പുറമെ സ്ത്രീകളുടെ ലേബർബാങ്ക്,സ്വയം തൊഴിൽ സംരംഭകരുടെ ഉത്പന്നങ്ങളുടെ വിപണനത്തിന് വിപണന കേന്ദ്രങ്ങൾ എന്നിവ ആരംഭിക്കാവുന്നതാണ്. സ്ത്രീകൾക്കും പെൺകുട്ടികൾക്കും എതിരെയുള്ള അതിക്രമങ്ങൾ നേരിടുന്നതിന് അനുയോജ്യമായ പ്രോജക്ടുകൾ, സ്കൂളുകളിൽ പെൺകുട്ടികളുടെ സൗകര്യാർത്ഥം നാപ്കിൻ വെൻഡിംഗ് യൂണിറ്റുകൾ സ്ഥാപിക്കൽ, പ്രതിരോധ പരിശീലന പരിപാടികളായ തായ്ക്കൊണ്ട, ജൂഡോ, കരാട്ടെ, യോഗ എന്നിവയിൽ പരിശീലനങ്ങൾ നൽകൽ തുടങ്ങിയവയാണ് വനിതാഘടക പദ്ധതിയിൽ ഉൾപ്പെടുത്താവുന്നവ. പദ്ധതികൾ നടപ്പിലാക്കുമ്പോൾ മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കാതെ നിർവ്വഹണം നടത്തിയതിന് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിയ്ക്ക് വനിതാ ഘടകപദ്ധതികൾ തീരുമാനിക്കുന്നത് ഭരണസമിതി ആണെന്നും വികസനസെമിനാറിൽ ഇതുസംബന്ധിച്ച് പരാമർശിക്കാറുണ്ടെന്നും കൃഷി ഓഫീസർ മറുപടി നൽകിയിട്ടുണ്ട്. മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കാതെ പദ്ധതികൾ ആസൂത്രണം ചെയ്യുന്നത് ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. അപാകത നിലവിൽ പരിഹരിച്ചതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-37 തരിശുരഹിത കൊടുവള്ളി പദ്ധതി. പദ്ധതിനിർവഹണത്തിലെ അപാകതകൾ

പ്രോജക്ട് നം- 318/22-23

നിർവ്വഹണം - കൃഷി ഓഫീസർ

അടങ്കൽ- 37000/-(വികസനഫണ്ട്)

ചെലവ്- 37000/-( 8/ 28.3.23)

കൊടുവള്ളി മുനിസിപ്പാലിറ്റിയുടെ 22-23 സാമ്പത്തികവർഷത്തിൽ കൃഷി ഓഫീസർ നിർവഹണഉദ്യോഗസ്ഥനായി തരിശുരഹിത കൊടുവള്ളി പദ്ധതി (പച്ചക്കറികൃഷിക്ക് സബ്സിഡി) പദ്ധതി നടപ്പിലാക്കിയിട്ടുണ്ട് . ഗുണഭോക്തൃലിസ്റ്റ് പ്രകാരമുള്ള 8 ഗുണഭോക്താക്കളുടെ അക്കൗണ്ടിലേയ്ക്ക് തുക കൈമാറിയതിന്റെ വിവരങ്ങൾ ഫയലിൽ ലഭ്യമാക്കിയിട്ടുണ്ട്.

സ.ഉ. (കൈ)നം .115/2022/.ത.സ്വ.ഭ.വ തി.28.5.22 ഖ. 6.1 (8) പ്രകാരം മൂന്ന് വർഷത്തിലധികമായി കാർഷിക പ്രവൃത്തികൾ ചെയ്യിട്ടില്ലാത്ത ഭൂമിയെ ആണ് തരിശുഭൂമിയായി പരിഗണിക്കേണ്ടത് . ഇത് ബന്ധപ്പെട്ട കൃഷി ഓഫീസർ സാക്ഷ്യപ്പെടുത്തണം, തരിശുഭൂമിയിലെ ആദ്യകൃഷിക്കു മാത്രമാണ് ഈ ആനുകൂല്യം നൽകാവുന്നത്. തരിശുഭൂമി കൃഷിയോഗ്യമാക്കുന്ന പ്രവർത്തനങ്ങൾക്ക് തൊഴിലുറപ്പ് പദ്ധതിയുടെ സാധ്യത പൂർണ്ണമായി ഉപയോഗപ്പെടുത്തണം . കൃഷി ചെയ്യുന്ന സ്ഥലത്തിന് ആനുപാതിക നിരക്കിലാണ് ധനസഹായം ലഭ്യമാക്കേണ്ടത്. ഇതു സംബന്ധിച്ച വിവരങ്ങൾ ഫയലിൽ ലഭ്യമല്ല.

അപാകതയ്ക്ക് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നൽകിയ മറുപടിയിൽ കൃഷി ഭവനിലെ ഫീൽഡ് സ്റ്റാഫ് ഭൂമി പരിശോധിക്കാറുണ്ടെന്നും 3 വർഷങ്ങളിലായി കൃഷി ചെയ്യാതെ കിടക്കുന്ന തരിശുഭൂമിയാണെന്നും ഉറപ്പുവരുത്തുന്നു എന്നും അറിയിച്ചിട്ടുണ്ട്. പദ്ധതി നടപ്പിലാക്കുമ്പോൾ ഫയലിൽ കർഷകരുടെ അപേക്ഷ , കൃഷിചെയ്ത സ്ഥലത്തിന് ആനുപാതികനിരക്കിലാണ് ആനുകൂല്യം അനുവദിച്ചത് എന്നിവയുടെ വിശദാംശം , മോണിറ്റിംഗ് റിപ്പോർട്ട് എന്നിവ പരിശോധനയക്ക് ലഭ്യമാക്കേണ്ടതാണ്.

**1-38 പട്ടികവർഗ്ഗ വിഭാഗത്തിൽ ആളുകൾ ഉണ്ടായിട്ടും വികസനഫണ്ട് ( ടി.എസ്.പി) ഫണ്ട് ലഭിച്ചില്ല.**

പതിനാലാം പഞ്ചവത്സര പദ്ധതി 2022 - 27 വികസന രേഖ പ്രകാരം 2011 ലെ സെൻസസ് അനുസരിച്ച് കൊടുവള്ളി നഗരസഭയിലെ ജനസംഖ്യ 23,235 പുരുഷൻമാരും 25,452 സ്ത്രീകളും ഉൾപ്പെടെ 48,687 ആണ്. ഇതിൽ പട്ടിക വർഗ്ഗക്കാർ 367 ഉള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട് (മൊത്തം ജനസംഖ്യയുടെ 0.75%) എന്നാൽ 2021 -22 , 2022 -23 സാമ്പത്തിക വർഷങ്ങളിൽ നഗരസഭയ്ക്ക് വികസനഫണ്ട് (ടി.എസ്.പി ) ഇനത്തിൽ തുകയൊന്നും ലഭിച്ചതായി കാണുന്നില്ല. 2019 -20, 2020 - 21 സാമ്പത്തിക വർഷങ്ങളിൽ ഈ ഇനത്തിൽ നഗരസഭയ്ക്ക് ഫണ്ട് ലഭിച്ചിരുന്നു. ടി.എസ്.പി ഇനത്തിൽ ഫണ്ട് ലഭിക്കാത്ത സാഹചര്യത്തിൽ പ്രസ്തുത വിഭാഗത്തിൽ ഉൾപ്പെട്ടവർക്കുള്ള വികസന - ക്ഷേമ പ്രവർത്തനങ്ങൾ എങ്ങനെയാണ് നടപ്പിലാക്കിയത് എന്ന് വിശദീകരിക്കേണ്ടതാണ്. പി.എം.എ.വൈ ഭവന പദ്ധതി പ്രകാരം 3 പട്ടിക വർഗ്ഗ ഗുണഭോക്താക്കൾക്കും ഭവനനിർമ്മാണത്തിനുള്ള ആനുകൂല്യം വിതരണം നടത്തിയതായി കാണുന്നു.

ലൈഫ് ഭവന പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 6 പ്രകാരം പട്ടികവർഗ്ഗ ഗുണഭോക്താക്കൾക്ക് ലൈഫ് മിഷൻ, പട്ടികവർഗ്ഗ നിർവ്വഹണ ഉദ്യോഗസ്ഥന്റെ ഉദ്യോഗസ്ഥൻ എന്നിവരുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ സാങ്കേതത്തിന് ഉള്ളിൽ ആണെങ്കിൽ ഭവനനിർമ്മാണ പ്രവർത്തികൾക്ക് 6,00,000/- രൂപ വരെ ലഭിക്കുന്നതിന് അർഹതയുണ്ട് ( സ.ഉ (കൈ)34/2018/ ത.സ്വ.ഭ.വ തീയതി 16.03.2018). മറ്റ് ഫണ്ട് ഉപയോഗിച്ച് ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്ന സാഹചര്യത്തിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന പട്ടികവർഗ്ഗകാർക്ക് അർഹമായ ആനുകൂല്യം ലഭിക്കാത്തതിന് സാഹചര്യം ഉണ്ടാവുന്നു.

നഗരസഭയ്ക്ക് പ്രസ്തുത വിഹിതത്തിൽ അലോട്ട്മെന്റ് ലഭിക്കാത്തതിന് നഗരസഭയും, ധനകാര്യ-വികസന-ക്ഷേമകാര്യ കമ്മിറ്റികൾ ആവശ്യമായ ഇടപ്പെടലുകൾ നടത്തേണ്ടതാണ്. എന്നാൽ ടി.എസ്.പി ഇനത്തിൽ ഫണ്ട് ലഭിക്കുന്നതിന് നഗരസഭ നടപടി സ്വീകരിച്ചതായി കാണുന്നില്ല. പ്രസ്തുത ഇനത്തിൽ ഫണ്ട് ലഭിക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശം ഓഡിറ്റിനെ അറിയിക്കുന്നതിനായി

നൽകിയ ഓഡിറ്റ് എൻക്വയറി (നം 19 /22 – 23 / തീയതി - 11.01.2024) ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ടി.എസ്.പി ഫണ്ട് ലഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതിന് നഗരസഭയും, ധനകാര്യ-വികസന-ക്ഷേമകാര്യ കമ്മിറ്റികൾ ആവശ്യമായ ഇടപ്പെടലുകൾ നടത്തേണ്ടതും പുരോഗതി വിവരം അറിയിക്കേണ്ടതുമാണ്.

## 1-39 പി.എം.എ.വൈ ലൈഫ് ഭവന പദ്ധതി – ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല

| | |
|---|---|
| പ്രോജക്ടിന്റെ പേര് | പി.എം.എ വൈ |
| പ്രോജക്ട് നമ്പർ | S0311/23 |
| അടങ്കൽ | 6600000 (വികസന ഫണ്ട് എസ്.സി.പി) |
| ചെലവ് | 5080000/- |
| നിർവ്വഹണം | സെക്രട്ടറി |

1.തൻവർഷത്തെ ചെലവ് വിവരം

| നഗരസഭ ചെലവഴിച്ച തുക | ഹഡ്കോ ലോൺ | സംസ്ഥാനവിഹിതം/ കേന്ദ്ര വിഹിതം ലഭിച്ച ഇനത്തിൽ ചെലവഴിച്ച തുക | ആകെ ചെലവ് |
|---|---|---|---|
| 5080000 | 12,00,000 | 1680000 | 79,60,000 |

നഗരസഭ തയ്യാറാക്കി ഓഡിറ്റിനു സമർപ്പിച്ച നാളിതു വരെയുള്ള പി.എം.എ.വൈ ലൈഫ് ഭവന പദ്ധതിയുടെ പുരോഗതി ചുവടെ ചേർക്കുന്നു.

| ക്ര.നം | ഡി.പി.ആർ | അംഗീകരിച്ച വർഷം | ആകെ ഗുണഭോക്താക്കൾ | ഭവനപദ്ധതി യുമായി ബന്ധപ്പെട്ട് നഗരസഭയുമായ കരാറിലേർപ്പെട്ട ഗുണഭോക്താക്കളുടെ എണ്ണം | ഭവന നിർമാണം പൂർത്തീകരിച്ചവർ | ഭവന നിർമാണം പൂർത്തീകരിക്കാത്തവർ |
|---|---|---|---|---|---|---|
| 1 | D.P.R -1 | 2017 -18 | 42 | 42 | 42 | 0 |
| 2 | D.P.R -2 | 2017 -18 | 369 | 369 | 355 | 14 |

| | | | | | | |
|---|---|---|---|---|---|---|
| 3 | D.P.R -3 | 2017 -18 | 116 | 116 | 114 | 02 |
| 4 | D.P.R -4 | 2017 -18 | 64 | 64 | 61 | 03 |
| 5 | D.P.R -5 | 2018 -19 | 189 | 189 | 180 | 09 |
| 6 | D.P.R -6 | 2021 -22 | 32 | 32 | 2 | 30 |
| 7 | D.P.R -7 | 2022 -23 | 74 | 27 | 1 | 26 |
| | | | 886 | 839 | 755 | 84 |

സർക്കാർ ഉത്തരവ് (സാധാ) നം.2803/2016/ത.സ്വ.ഭ.വ തീയതി 04.10.2016- PMAY പദ്ധതി നടത്തിപ്പിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ഖണ്ഡിക VI(a) പ്രകാരം ഗുണഭോക്താക്കൾ പരമാവധി 1 വർഷത്തിനകം ഭവനനിർമ്മാണം പൂർത്തിയാക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇതനുസരിച്ച് 1 മുതൽ 7 വരെയുള്ള DPR-കളിൽ ഉൾപ്പെട്ട് കരാറിലേർപ്പെട്ട എല്ലാ ഗുണഭോക്താക്കളുടെയും ഭവനനിർമ്മാണം പൂർത്തിയാക്കേണ്ട സമയപരിധി അവസാനിച്ചിട്ടുണ്ട്. നഗരസഭ ഹാജരാക്കിയ രേഖ പ്രകാരം ഓഡിറ്റ് തീയതിവരെ 84 ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം പൂർത്തീകരിക്കാനുള്ളതായി കാണുന്നു.

സർക്കാർ ഉത്തരവ് (സാധാ) നം.2803/2016/ത.സ്വ.ഭ.വ തീയതി 04.10.2016-ലെ നിർദ്ദേശങ്ങളനുസരിച്ച് ഭവനനിർമ്മാണം പൂർത്തിയാക്കേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശവും . കൂടാതെ ലോൺ , കേന്ദ്രവിഹിതം, സംസ്ഥാന വിഹിതം എന്നിവ പദ്ധതിയിൽ വെയ്ക്കാതെ തന്നെയാണ് ഗുണഭോക്താക്കൾക്ക് നൽകിയിട്ടുള്ളത്. പദ്ധതിയിൽ ഉൾപ്പെടുത്താതെ ചെലവഴിക്കുന്നതിന് സർക്കാർനിർദ്ദേശമുണ്ടെങ്കിൽ ആയതും, ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറി (27 /22 - 23 / തീയതി - 12.01.2024) ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല .

സർക്കാർ ഉത്തരവ് (സാധാ) നം.2803/2016/ത.സ്വ.ഭ.വ തീയതി 04.10.2016-ലെ നിർദ്ദേശങ്ങളനുസരിച്ച് ഭവനനിർമ്മാണം പൂർത്തിയാക്കേണ്ട നടപടികൾ സ്വീകരിക്കേണ്ടതും, കൂടാതെ ലോൺ , കേന്ദ്രവിഹിതം, സംസ്ഥാന വിഹിതം എന്നിവ പദ്ധതിയിൽ ഉൾപ്പെടുത്താതെ ചെലവഴിച്ചതിനും സർക്കാർ മാർഗ്ഗനിർദ്ദേശമുണ്ടെങ്കിൽ ആയത് ഉൾപ്പെടെ മറുപടി ലഭ്യമാക്കേണ്ടതും അപാകതകൾ പരിഹരിച്ച് വിവരം ലഭ്യമാക്കേണ്ടതുമാണ്.

## 1-40 മാലിന്യനിർമ്മാർജ്ജന പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

നഗരസഭയിൽ തൻവർഷം അജൈവമാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനായും, ആയതിനുള്ള വാഹന വാടക നൽകുന്നതിനായും പദ്ധതികൾ രൂപീകരിച്ച് നടപ്പിലാക്കുകയും 2978060/- രൂപ ധനകാര്യകമ്മീഷൻ ഗ്രാന്റിൽ നിന്ന് ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

നഗരസഭയിലെ മാലിന്യനിർമ്മാർജന പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി നഗരസഭയുടെ അജൈവമാലിന്യങ്ങൾ സൗജന്യമായി നീക്കംചെയ്യുന്നതിന് ശുചിത്വമിഷന്റെ അംഗീകാരമുള്ള സ്ഥാപനങ്ങളിൽ നിന്ന് നഗരസഭയുടെ 06/10/2022ലെ 2/1 നമ്പർ കൗൺസിൽ തീരുമാന പ്രകാരം 14.03.2023 ന് താൽപര്യപത്രം ക്ഷണിച്ചു. ആയതനുസരിച്ച് കോനാരി,ബയോഫ്രഷ് സൊല്യൂഷൻസ്, ഗ്രീൻവേംസ് എക്കോസൊല്യൂഷൻസ് LLP എന്നീ സ്ഥാപനങ്ങൾ താൽപര്യം അറിയിച്ചു. താൽപര്യ പത്രത്തിന്റെ അടിസ്ഥാനത്തിലും നേരിൽ കേട്ടതിലും നഗരസഭയ്ക്ക് യാതൊരു വിധ സാമ്പത്തിക ബാദ്ധ്യത വരാത്ത രീതിയിൽ യൂസർഫീ ഈടാക്കി ഹരിതകർമ്മസേനയെ ഏറ്റെടുത്ത് മാലിന്യനിർമ്മാർജന പദ്ധതി നടപ്പാക്കുന്നതിന് തയ്യാറാണെന്നും, ഹരിതകർമ്മസേന പിരിച്ചെടുക്കുന്ന യൂസർഫീസിൽ നിന്ന് ഹരിതകർമ്മസേനയുടെ വേതനം കഴിച്ച് ബാക്കി സംഖ്യ പദ്ധതി നടത്തിപ്പിനായി കമ്പനിക്ക് നൽകുകയും ചെയ്യണമെന്നും, ഹരിതകർമ്മസേനയ്ക്ക് ഒരു മാസത്തിൽ ചുരുങ്ങിയത് 22 പ്രവൃത്തി ദിനങ്ങളും, മിനിമം വേതനമായി 400 രൂപയും ഇൻസെന്റീവും നൽകുകയും ചെയ്യുമെന്നും, ഹരിതകർമ്മസേന ശേഖരിച്ച മാലിന്യം നീക്കം ചെയ്ത് സംസ്കരിക്കുന്നതുമായി ബന്ധപ്പെട്ട് യാതൊരുവിധ ബാധ്യതയും ഉണ്ടാവുകയില്ലെന്നും താൽപര്യപത്രത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. നിബന്ധന അംഗീകരിച്ച്

നഗരസഭയുടെ അജൈവ മാലിന്യ സംസ്കരണം പദ്ധതി നടപ്പിലാക്കുന്നതിനായി "ഗ്രീൻ വേംസ് ഇക്കോ സൊല്യൂഷൻസ് "എന്ന സ്ഥാപനവുമായി എഗ്രിമെന്റ് വെയ്ക്കുന്നതിന് തീരുമാനിക്കുകയും 15.05.2023 ലെ 4/1 നമ്പർ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഇവരുമായി സെക്രട്ടറി 23/05/23ൽ കരാറിലേർപ്പെടുകയും ചെയ്തിട്ടുണ്ട്.

15/7/2017ലെ സ.ഉ(സാധാ) നം.24240/2017/ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരമുള്ള 'ഹരിത കേരളം പദ്ധതിയുടെ ഭാഗമായുള്ള ശുചിത്വ മാലിന്യ സംസ്കരണ ക്യാമ്പയിൻ നിർവ്വഹണ മാർഗ്ഗ നിർദ്ദേശങ്ങൾ', 12-08-2020ലെ സ.ഉ(സാ.ധാ) നം.1496/2020/ത.സ്വ.ഭ.വ നമ്പർ എന്നീ ഉത്തരവ് പ്രകാരമുള്ള 'ഹരിത കർമ്മസേന പ്രവർത്തന മാർഗ്ഗ രേഖ' എന്നിവയിൽ മാലിന്യ സംസ്കരണത്തിന് ഹരിത സഹായ സംഘങ്ങളെ ചുമതലപ്പെടുത്തുന്നതിന്റെ ആവശ്യകത നിർദ്ദേശിക്കുന്നുണ്ട്. തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിലെ ഹരിത കർമ്മ സേന സംരംഭങ്ങൾക്ക് സാങ്കേതികത്വം, സ്വയം പര്യാപ്തത എന്നിവ കൈവരിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനം വഴി ഏർപ്പെടുത്തി കൊടുക്കുന്ന സാങ്കേതിക ഏജൻസികളാണ് ഹരിത സഹായ സ്ഥാപനങ്ങൾ എന്ന് കൃത്യമായി നിർവ്വചിച്ചിട്ടുണ്ട്. എന്നാൽ "ഗ്രീൻ വേംസ് ഇക്കോ സൊല്യൂഷൻസ് " എന്ന എൽ.എൽ.പി യുമായുണ്ടാക്കിയ കരാർ വ്യവസ്ഥ പ്രകാരം നഗരസഭയുടെ അജൈവ മാലിന്യം സ്ഥാപനം പൂർണ്ണമായും ഏറ്റെടുക്കുന്നതും ഇതിനായി നിലവിലെ ഹരിത കർമ്മസേനാംഗങ്ങളെ ഉൾപ്പെടുത്തുന്നതാണ് എന്നും പറയുന്നു. കരാർ പ്രകാരം ഹരിത കർമ്മസേന പിരിക്കുന്ന യൂസർഫീ മുഴുവനും ഹരിതകർമസേന അക്കൗണ്ട് വഴി Green Worms Eco Solutions LLPയുടെ അക്കൗണ്ടിലേക്ക് നൽകണമെന്നും ഹരിതകർമ്മ സേനയ്ക്ക് വേതനം നൽകുന്നത് രണ്ടാം കക്ഷിയായ Green Worms Eco Solutions എന്ന സ്ഥാപനമായിരിക്കുമെന്നും ദിവസം തൊഴിൽ ചെയ്യുന്നവർക്ക് സ്ഥാപനം 400/-രൂപ മാസത്തിലെ തൊഴിൽ ദിനങ്ങൾക്ക് അനുസൃതമായി നൽകുന്നതാണ് എന്നും വ്യവസ്ഥ ചെയ്യുന്നു. മാലിന്യ ശേഖരണം ,ഗതാഗതം, മാലിന്യം സൂക്ഷിക്കൽ തരം തിരിക്കൽ എന്നിവയ്ക്കായി നിലവിൽ മുനിസിപ്പാലിറ്റി ഉപയോഗിച്ച് കൊണ്ടിരിക്കുന്ന വാഹനം, എം.സി.എഫ് മറ്റ് അനുബന്ധ സൗകര്യങ്ങൾ നഗരസഭ അനുവദിച്ച് നൽകണമെന്നും, 6മാസം കാലാവധിയുള്ള ഈ കരാറിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

Green Worms Eco Solutions മായി ഉണ്ടാക്കിയ ഈ കരാർ പ്രകാരം 2023 മെയ് മാസം മുതൽ ഹരിത കർമ്മസേന മാലിന്യ ശേഖരണം നടത്തുകയും സ്ഥാപനം അവരുടെ വാഹനത്തിൽ ഇത് കയറ്റിക്കൊണ്ട് പോവുകയും ഹരിത കർമ്മ സേന യൂസർഫീ പിരിച്ച് സ്ഥാപനത്തിന് കൈമാറുകയും സ്ഥാപനം ഹരിതകർമ്മ സേനയ്ക്ക് 400രൂപ നിരക്കിൽ ദിവസവേതനം നൽകിവരികയും ചെയ്യുന്നുണ്ട്.

നഗരസഭ 'Green Worms Eco Solutions' -മായുണ്ടാക്കിയ കരാറിലും നഗരസഭയിലെ മാലിന്യ നിർമ്മാർജ്ജന പദ്ധതി നിർവ്വഹണത്തിലും ഹരിത കർമ്മസേനാ പ്രവർത്തനങ്ങളിലും കണ്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

1) മേൽ പരാമർശിച്ച 15/07/2017 ലെ സ.ഉ(സാധാ)നം.2420/2017/തസ്വഭവ നമ്പർ ഉത്തരവിലും 12/08/2020 ലെ സ.ഉ(സാധാ)നം.1496/2020/ തസ്വഭവ ഉത്തരവിലും ഹരിത സഹായ സ്ഥാപനത്തിന്റെ പ്രവർത്തനം വിഭാവനം ചെയ്തിട്ടുള്ളത് ഹരിത കർമ്മസേനയെ സ്വയം പര്യാപ്തമാക്കുന്നതിനുള്ള കൺസൽട്ടന്റുമാരായിട്ടാണ്. കൂടാതെ എം.സി.എഫുകൾ നിറഞ്ഞ് പ്രവർത്തനം നിലയ്ക്കാതിരിക്കുന്നതിനായി ഏജൻസികളുമായി കരാർ വയ്ക്കാവുന്നതാണ് എന്നുമാണ് മാർഗ്ഗരേഖയിൽ വ്യക്തമാക്കുന്നത്. ഇതിന്റെ പ്രവർത്തനത്തിനുള്ള തുക നൽകേണ്ടത് തദ്ദേശ സ്വയംഭരണ സ്ഥാപനമാണ് എന്നും നിർദ്ദേശിക്കുന്നു. എന്നാൽ ഈ ഉത്തരവിന് വിരുദ്ധമായി ഹരിതകർമ്മ സേന പിരിക്കുന്ന യൂസർഫീ മുഴുവൻ ശുചിത്വ മിഷൻ അംഗീകൃത എൽ.എൽ.പി യായ 'Green Worms Eco Solutions' എന്ന സ്ഥാപനത്തിന് കൈമാറുന്നതിനും സേനയ്ക്ക് പ്രവർത്തിക്കുന്ന ദിവസം 400/-രൂപ നിരക്കിൽ സ്ഥാപനം വേതനം നൽകുന്നതാണെന്നുമുള്ള നിബന്ധന വച്ച് ഈ സ്ഥാപനവുമായി സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങളിലില്ലാത്ത വ്യവസ്ഥകളോടെ കരാറുണ്ടാക്കാൻ ഭരണസമിതി തീരുമാനമെടുക്കുകയും സെക്രട്ടറി കരാറുണ്ടാക്കുകയും ചെയ്തു.

2) 'Green Worms Eco Solutions' -മായുണ്ടാക്കിയ കരാർ പ്രകാരം ദിവസം 400/- തൊഴിൽ രൂപ വീതം നൽകുന്നതാണ് എന്ന് പറയുന്നു. അതായത് വരുമാന വർദ്ധനവിനനുസരിച്ച് ദിവസവേതനത്തിൽ വർദ്ധനയുണ്ടാവുകയില്ല എന്ന് ഈ വ്യവസ്ഥയിൽ നിന്നും വ്യക്തമാണ്. ഹരിത കർമ്മസേനയിൽ നിന്നും ലഭ്യമാക്കിയ വിവരങ്ങളുടെ അടിസ്ഥാനത്തിൽ ഒരു മാസം 20ദിവസത്തിലധികം തൊഴിൽ ദിനങ്ങൾ ഒരാൾക്കും ലഭിച്ചിട്ടില്ല എന്ന് കാണുന്നു.

3) ഈ കരാർ പ്രകാരം Green Worms Eco Solutions എന്ന സ്ഥാപനത്തിന് വേണ്ടി യൂസർ ഫീ പിരിച്ച് നൽകലും അജൈവ മാലിന്യം ശേഖരിച്ച് നൽകലും മാത്രമാണ് ഹരിത കർമ്മ സേനയുടെ ജോലി. ഇതിനായി പ്രവർത്തിക്കുന്ന ദിവസങ്ങളിലെ വേതനം ഹരിത കർമ്മസേനയ്ക്ക് ഈ സ്ഥാപനം നൽകും. അതായത് സ്ഥാപനത്തിന് വേണ്ടി കൂലിയ്ക്ക് മാലിന്യം ശേഖരിക്കലും യൂസർഫീ പിരിക്കലും മാത്രമായി ഹരിത കർമ്മസേനയുടെ ജോലി. ഇപ്രകാരം കരാറുണ്ടാക്കിയതിലൂടെ നഗരസഭ മാലിന്യ നിർമ്മാർജ്ജന ഉത്തരവാദിത്തങ്ങളിൽ നിന്നും പൂർണ്ണമായും ഒഴിവാകുന്ന സ്ഥിതി വിശേഷമാണുണ്ടാവുന്നത്. ഇത് സർക്കാരിന്റെ പ്രധാന മിഷനുകളിലൊന്നായ ഹരിത കേരള മിഷന്റെ മാർഗ്ഗരേഖയ്ക്കും ഹരിതകർമ്മ സേനാ രൂപീകരണ കാഴ്ചപ്പാടിനും വിരുദ്ധമായ നിലപാടാണ്.

4) സ്ഥാപനം കയറ്റി കൊണ്ടു പോവുന്ന വേസ്റ്റ് താമരശ്ശേരിയിലെ വേയ്ബ്രിഡ്ജിൽ നിന്നാണ് തൂക്കം നോക്കുന്നത്. ഇത് നഗരസഭയുടെ ഉത്തരവാദിത്തപ്പെട്ട ഒരു ഘടകവും പരിശോധിക്കുന്നില്ല. സെഗ്രഗേറ്റ്

ചെയ്യാത്ത വേസ്റ്റ് ആയതിനാൽ ഇതിൽ എത്ര റിജക്റ്റഡ് വേസ്റ്റ് ഉണ്ട് എന്നോ എത്ര കിലോ റീയൂസബിൾ വേസ്റ്റ് വില്പന ചെയ്യാനുണ്ട് എന്നോ ഉള്ള പരിശോധന നടത്തുന്നതിന് ഇതിനാൽ കഴിയാതെ വരുന്നു

5) ഹരിത കർമ്മ സേനയിൽ നിന്നും ലഭ്യമാക്കിയ കണക്കനുസരിച്ച് 2023 മെയ് മുതൽ 2023ഡിസംബർ വരെ 8മാസങ്ങളിലായി) 26,77,430/-രൂപ യൂസർഫീ ഇനത്തിൽ ഹരിത കർമ്മസേന പിരിക്കുകയും 'Green Worms Eco Solutions' ന് കൈമാറുകയും ചെയ്തിട്ടുണ്ട്. ഈ 8 മാസങ്ങളിലായി 16,95,919/-രൂപ വേതനമിനത്തിൽ ഹരിത കർമ്മസേനയ്ക്ക് സ്ഥാപനം നൽകുകയും ചെയ്തിട്ടുണ്ട്. യൂസർ ഫീ പിരിച്ചു നൽകിയ തുകയിൽ വേതനം കഴിച്ചുള്ള 9,81.511/-രൂപ മാലിന്യം കയറ്റിക്കൊണ്ടു പോവുന്നതിനും വേർതിരിയ്ക്കുന്നതിനുമാണോ സ്ഥാപനത്തിന് ചെലവായിട്ടുള്ളത് എന്ന് വ്യക്തമല്ല. ഇത് സംബന്ധിച്ച വരവ്/ചെലവ് കണക്ക് സ്ഥാപനത്തിൽ നിന്ന് ലഭ്യമാക്കി സൂക്ഷിച്ചിട്ടില്ല. കൂടാതെ പുനരുപയോഗ അജൈവമാലിന്യ വില്പനയിലൂടെ ഈ കാലയളവിൽ ആകെ എത്ര തുക ലഭ്യമായിട്ടുണ്ട് എന്ന കണക്കും ഹരിത കർമ്മസേനയോ നിർവ്വഹണ ഉദ്യോഗസ്ഥനോ സ്ഥാപനത്തിൽ നിന്നും ലഭ്യമാക്കി സൂക്ഷിച്ചിട്ടില്ല. കൂടാതെ മാലിന്യം നീക്കം ചെയ്തതിന് തുക അനുവദിക്കുന്നതിനായി കിലോയ്ക്ക് 4.15+gst നിരക്ക് ഉൾപ്പെടുത്തി 'Green Worms Eco Solutions' ബില്ല് ഹാജരാക്കിയത് ഫയലിൽ ഉണ്ട്.എന്നാൽ തുക നൽകിയതിന്റെ വിശദാംശം (ബില്ല്) ഫയലിൽ ലഭ്യമല്ല.

6) മാലിന്യ നിർമ്മാർജ്ജനവുമായി ബന്ധപ്പെട്ട് നഗരസഭയുടെ ഉത്തരവാദിത്വങ്ങൾ നിറവേറ്റുന്നതിൽ വീഴ്ച സംഭവിച്ചിട്ടുണ്ട്. ഹരിത കർമ്മസേനയ്ക്ക് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും ശേഖരിച്ച മാലിന്യങ്ങൾ താൽക്കാലികമായി സംഭരിക്കുന്നതിനും ഒരു വാർഡിൽ ഒരെണ്ണം എന്ന രീതിയിലോ ഓരോ ഹരിതകർമ്മസേന സംരംഭത്തിന് ഒന്നു വീതം എന്ന നിലയിലോ 150 ച.അടിയിൽ കുറയാത്ത ഒരു മിനി എം.സി.എഫ് ഒരുക്കി നൽകേണ്ടത് നഗരസഭയുടെ ചുമതലയാണ്. എന്നാൽ ഇത്തരത്തിൽ ഒരു മിനി എം.സി.എഫും നഗരസഭയിൽ നിർമ്മിച്ചിട്ടില്ല. കണ്ടാലമലയിൽ പ്രവൃത്തി പൂർത്തീകരിച്ച് പ്രവർത്തന ക്ഷമമായിട്ടില്ലാത്ത എം.സി.എഫ് ആണുള്ളത്. ഇതിലേയ്ക്കായി മുൻവർഷങ്ങളിൽ വാങ്ങിയിട്ടുള്ള ഉപകരണങ്ങൾ ഉപയോഗിക്കുന്നത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമായിട്ടില്ല. നിലവിൽ താൽക്കാലിക വാടകകെട്ടിടത്തിൽ പ്രവർത്തിക്കുന്ന എംസി.എഫ് ആണുള്ളത്. ആയതിന്റെ വാടക Green Worms Eco Solutions' -മായുണ്ടാക്കിയ കരാർ പ്രകാരം പ്രസ്തുത സ്ഥാപനം നൽകുന്നതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

സർക്കാർ മാർഗ്ഗനിർദ്ദേശങ്ങളനുസരിച്ച് അജൈവമാലിന്യങ്ങൾ ശേഖരിച്ച് എം.സി.എഫിൽ എത്തിക്കുക എന്നതാണ് ഹരിതകർമ്മസേനയുടെ ചുമതല. ആർ.ആർ.എഫുകളിലേയ്ക്കുള്ള മാലിന്യ നീക്കം ചെയ്തു എന്ന് ഉറപ്പു വരുത്തേണ്ടത് നഗരസഭയുടെ ചുമതലയാണ്. എം.സി.എഫ് പ്രവർത്തന ക്ഷമമല്ലാത്തതിനാലും മിനി എം.സി.എഫുകൾ ഇല്ലാത്തതിനാലും വാഹനം ഉൾപ്പെടെ മറ്റ് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളില്ലാത്തതിനാലും വാർഡുകളിൽ നിന്നും കലക്റ്റ് ചെയ്യുന്ന മാലിന്യം സെഗ്രഗേറ്റ് ചെയ്യുന്നതിന് ഇതിനാൽ ഹരിത കർമ്മസേനയ്ക്ക് കഴിയാതെ വരുന്നു.

7) മേൽ പരാമർശിച്ച സർക്കാർ ഉത്തരവുകൾ പ്രകാരം ഹരിത കർമ്മ സേനയ്ക്ക് ഗതാഗത സൗകര്യം ഒരുക്കേണ്ടത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ചുമതലയാണ്. വാഹനം വാങ്ങി നൽകി ആവർത്തന ചെലവടക്കം വഹിക്കുകയോ, അല്ലാത്തപക്ഷം വാഹനം വാടകയ്ക്കെടുത്ത് നൽകുകയോ ചെയ്യാവുന്നതാണ് എന്നും കൃത്യമായി പറയുന്നുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ഹരിതകർമ്മസേനയ്ക്ക് വാഹനം ഈ ടെണ്ടർ മുഖേന വാടകയ്ക്ക് എടുത്ത് വാടക നൽകുന്നുണ്ട്. സ്വയം പര്യാപ്തമാവുന്നതിനും സ്വയം സംരംഭം എന്ന രീതിയിൽ വളർത്തിയെടുക്കുന്നതിനും മറ്റ് ഏജൻസികളുടെ ചൂഷണത്തിന് വിധേയരാവാതിരിക്കണമെങ്കിലും ഇവർക്ക് പ്രവർത്തിക്കാനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി നൽകേണ്ടതാണ്.

8) ഹരിത സംരംഭകർക്ക് വരുന്ന സാമ്പത്തിക ആവശ്യങ്ങൾ പരിഹരിക്കുന്നതിന് ഹരിത സംരംഭകരുടെ ക്ഷേമത്തിനായി ഒരു നിശ്ചിത തുക ഓരോ സംരംഭകരുടെയും വരുമാനത്തിൽ (10%) നിന്നും കോർപ്പസ് ഫണ്ടായി സ്വരൂപിക്കേണ്ടതാണ്. എന്നാൽ കോർപ്പസ് ഫണ്ട് നീക്കിയിരിപ്പ് ഹരിത കർമ്മസേനയ്ക്കില്ല.

9)ഹരിതകർമ്മ സേന അംഗങ്ങൾക്കുള്ള പരാതിയും പ്രവർത്തനങ്ങൾക്കിടയിലുണ്ടാകുന്ന ബുദ്ധിമുട്ടുകളും ചർച്ച ചെയ്യുന്നതിനും പരിഹാരം കാണുന്നതിനും ഒരു പരാതി പരിഹാര സമിതി പഞ്ചായത്ത് പ്രസിഡന്റിന്റെ അധ്യക്ഷതയിൽ രൂപീകരിക്കേണ്ടതാണ്. എന്നാൽ ഇത്തരമൊരു സമിതി പഞ്ചായത്തിൽ രൂപീകരിച്ചിട്ടില്ല.

10. കൂടാതെ 2023- 24 സാമ്പത്തിക വർഷം 1.20 കോടി രൂപ ലോകബാങ്ക് , സംസ്ഥാനവിഹിതം എന്നീ ഇനത്തിൽ ശുചിത്വം/മാലിന്യസംസ്കരണ മേഖലയിൽ പദ്ധതി നടപ്പിലാക്കുന്നതിനായി നഗരസഭയ്ക്ക് ലഭിച്ചിട്ടുണ്ട്. പ്രസ്തുത തുക ഉപയോഗിച്ച് പദ്ധതി വിഭാവനം ചെയ്ത് നടപ്പിലാക്കുന്നതിന് നഗരസഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

അപാകതകൾക്ക് വിശദമായ മറുപടി ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറി (37/22 – 23 / തീയതി – 14.01.2024) ക്ക് ഹെൽത്ത് ഓഫീസർ ലഭ്യമാക്കിയ മറുപടി പ്രകാരം ജനസാന്ദ്രത കൂടിയതും വിസ്തൃതി കുറഞ്ഞതുമായ കൊടുവള്ളി നഗരസഭയിൽ ഏറെക്കാലത്തെ ശ്രമങ്ങൾക്ക് ഒടുവിലാണ് മാലിന്യസംസ്കരണ സംവിധാനങ്ങൾ ഒരുക്കുന്നതിനായി കണ്ടാലമലയിൽ സ്ഥലം ലഭ്യമായിട്ടുള്ളതെന്നും, അനുയോജ്യമായ സ്ഥലം ലഭ്യമല്ലാത്ത സാഹചര്യത്തിൽ മിനി എം.സി.എഫ്, ആർ.ആർഎഫുകൾ ഉടങ്ങിയ സൗകര്യങ്ങൾ ഏർപ്പടാക്കുന്നതിനും കാലതാമസം നേരിട്ടുണ്ടെന്നും, മാലിന്യം

ശേഖരിക്കുന്നതിനുള്ള വാഹനം ഇല്ലാത്തതിനാലും മാലിന്യ സംസ്കരണ പ്രവർത്തനത്തിൽ തിരിച്ചടിയായിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. കൂടാതെ എം.സി.എഫ്, ആർ.ആർഎഫുകൾ, വാഹനങ്ങൾ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ 2023 – 24 സാമ്പത്തിക വർഷം പൂർത്തീകരിക്കാൻ സാധിക്കുമെന്നും, ആയതിനാൽ ഗ്രീൻവേംസ് എൽ.എൽ.പിയുമായി ഒപ്പുവെച്ചിട്ടുള്ള കരാർ പുന:പരിശോധിക്കുമെന്നും നഗരസഭയുടെ വിവിധ ഡിവിഷനുകളിൽ നേരത്തെ ശേഖരിച്ച് വെച്ചിട്ടുള്ള മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനാണ് കരാറിലെ ഏട്ടാമത്തെ വ്യവസ്ഥ പ്രകാരം കിലോഗ്രാമിന് 4.15+ ജി.എസ്.ടി നൽകുന്നതെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

കുടിവെള്ളം/ശുചിത്വം/ഖരമാലിന്യ സംസ്കരണം എന്നീ പദ്ധതികൾക്കായി മാത്രം ഉപയോഗിക്കാവുന്ന ധനകാര്യ കമ്മീഷൻ ഗ്രാന്റ് (പ്രത്യേക ഉദ്ദേശ്യം) വരവ് തുകയിൽ 2022-23 വർഷം 67,71,845/- രൂപ ചെലവഴിക്കാതെ നഗരസഭയുടെ ബാങ്ക് അക്കൗണ്ടിൽ നീക്കിയിരിപ്പായുണ്ട്. മിനി എം.സി.എഫ് , എം.സി.എഫ് അറ്റകുറ്റപ്പണി, ഹരിതകർമ്മസേനയ്ക്ക് വാഹനം വാങ്ങൽ, പോലുള്ള പദ്ധതികൾ, ശുചിത്വം/ഖരമാലിന്യ സംസ്കരണ പദ്ധതികൾ എന്നിവയ്ക്ക് ഈ തുക വകയിരുത്തി പദ്ധതികൾ നടപ്പിലാക്കേണ്ടതും എം.സി.എഫ് യൂണിറ്റിന്റെ അറ്റകുറ്റപ്പണി അടിയന്തിരമായി ചെയ്യേണ്ടതുമാണ്. ഇവിടെ സർക്കാർ മാർഗ്ഗനിർദ്ദേശ പ്രകാരമുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കേണ്ടതും ഹരിതകർമ്മസേനയ്ക്ക് വാഹനസൗകര്യം, മിനി എം.സി.എഫ് യൂണിറ്റുകൾ എന്നീ സൗകര്യങ്ങൾ ഒരുക്കി നൽകി ഹരിത കർമ്മസേനയെ സ്വതന്ത്ര സംരംഭങ്ങളായി പ്രവർത്തിക്കുവാനും സ്വയംപര്യാപ്തത കൈവരിക്കുവാനും ലക്ഷ്യം വെച്ചുള്ള പ്രവർത്തനങ്ങൾ ചെയ്യേണ്ടതുമാണ്.

അപാകതകൾ പരിഹരിച്ച രേഖകൾ സഹിതം വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-41 ഫണ്ട് വിനിയോഗത്തിൽ കുറവ് – 1.36 കോടി രൂപ നഷ്ടം

സ.ഉ(കൈ) 79/2021 ധന തീ. 15.07.2021 പ്രകാരം 2021-22 മുതൽ വികസന ഫണ്ട് ജനറൽ വിഭാഗത്തിന് പുറമേ ലഭിക്കുന്ന ഫണ്ടുകളിൽ തൻ വർഷം ചെലവഴിക്കാതെ അവശേഷിക്കുന്ന തുക തൊട്ടടുത്ത വർഷത്തെ കുറവ് വരുത്തുന്നതാണെന്ന് നിഷ്കർഷിക്കുന്നു. ഇത് പ്രകാരം 2021-22 ലെ എസ്.സി പി ഫണ്ടിൽ ചെലവഴിക്കാതെ നഷ്ടപ്പെട്ട 45,78,171 രൂപയിൽ 25,66,171 രൂപ 2022-23 ലെ ജനറൽ ഫണ്ട് അലോട്ട്മെന്റിൽ കുറവ് വരുത്തി എസ്.സി.പി ഫണ്ടിലേക്ക് പുനക്രമീകരിക്കുകയുണ്ടായി. ഇത് മൂലം 2022-23 ൽ വികസന ഫണ്ട് ജനറലിൽ 25,66,171 രൂപയുടെ കുറവുണ്ടാകുകയും നോൺ ജനറൽ ഫണ്ടായ എസ്.സി.പി കൂട്ടുകയും ചെയ്തു. 2022-23 ലെ പദ്ധതി ചെലവ് കുറഞ്ഞതിനാലും മുൻവർഷത്തിൽ എസ്.സി.പി ഫണ്ട് ചെലവഴിക്കാതെ നഷ്ടപ്പെട്ടതിൽ തൻവർഷം ക്രമീകരിച്ച 25,66,171 ഉൾപ്പെടെ ഈ സാമ്പത്തിക വർഷം നഗരസഭയ്ക്ക് ആകെ 1,36,75,642 രൂപ നഷ്ടമായതായി കാണുന്നു. വിശദാംശം ചുവടെ ചേർക്കുന്നു

| ക്രമ നം. | ഗ്രാന്റിന്റെ പേര് | |
|---|---|---|
| 01 | വികസന ഫണ്ട് (ജനറൽ) | 8,87,846 |
| 02 | വികസന ഫണ്ട് (എസ്.സി.പി) | 43,34,662 |
| 04 | മെയിന്റനൻസ് ഫണ്ട്(റോഡ്) | 50,57,620 |
| 05 | മെയിന്റനൻസ് ഫണ്ട് (നോൺ-റോഡ്) | 26,62,880 |
| 06 | വികസന ഫണ്ട് (സി.എഫ്.സി.ടൈഡ് -ട്രഷറി) | 6,93,517 |
| 07 | വികസന ഫണ്ട് (സി.എഫ്.സി.അൺ ടൈഡ് -ട്രഷറി) | 39,117 |

| | | |
|---|---|---|
| | | |
| | ആകെ | 1,36,75,642 |

കൂടാതെ നോൺ ജനറൽ ഫണ്ടായ ടി.എസ്.പി നഗരസഭയിൽ പട്ടികവർഗ്ഗ ജനസംഖ്യ ഉണ്ടായിട്ടും അലോട്ട്മെന്റ് അനുവദിച്ചിട്ടില്ല. പതിനാലാം പഞ്ചവത്സര പദ്ധതി 2022 - 27 വികസന രേഖ പ്രകാരം 2011 ലെ സെൻസസ്സ് അനുസരിച്ച് കൊടുവള്ളി നഗരസഭയിലെ ജനസംഖ്യ 23,235 പുരുഷൻമാരും 25,452 സ്ത്രീകളും ഉൾപ്പെടെ 48,687 ആണ്. ഇതിൽ പട്ടിക ജാതി ജനസംഖ്യ 2,638 ആണ് ( മൊത്തം ജനസംഖ്യയുടെ 5.41% ). പട്ടിക വർഗ്ഗക്കാർ 367ഉം ( മൊത്തം ജനസംഖ്യയുടെ 0.75% ) എസ്.സി മേഖലയിൽ ജനസംഖ്യ കുറവായതിനാൽ പദ്ധതി ആനുകൂല്യം ഒരേ ആളുകൾക്ക് തന്നെ വീണ്ടും നൽകുന്നതിനും, പദ്ധതികൾ ഇല്ലാതെ ഈ ഇനത്തിലുള്ള ഫണ്ട് നഷ്ടപ്പെടുന്നതിനുള്ള സാഹചര്യവും ഉണ്ടാകുന്നു.

സ.ഉ(കൈ) 79/2021 ധന തീ. 15.07.2021 പ്രാബല്യത്തിൽ വന്നതിനാൽ 2023-24 ലും നോൺ ജനറൽ ഫണ്ടിൽ ചെലവ് കുറയാനും തത്തുല്യമായ തുക ജനറൽ ഫണ്ടിൽ നിന്ന് ക്രമീകരിക്കാനുള്ള സാധ്യത നിലനിൽക്കുന്നുണ്ട്. നഗര വികസന പദ്ധതികൾക്ക് നടപ്പിലാക്കുന്നതിൽ വികസന ഫണ്ടിന് പ്രധാന പങ്കുണ്ട്. എന്നാൽ വികസന ഫണ്ടിൽ വരുന്ന കുറവ് നഗരസഭയുടെ വികസനത്തെ കാര്യമായി ബാധിക്കുന്നുണ്ട്. ഓരോ വർഷവും കഴിയുമ്പോഴും ജനക്ഷേമത്തിനും നഗരസഭയുടെ വികസനത്തിനും പുതിയ പദ്ധതികൾ നടപ്പിലാക്കാൻ കൂടുതൽ വികസന ഫണ്ട് അത്യാവശ്യമാണ്. വികസനഫണ്ട് ആവശ്യത്തിനു ലഭ്യാക്കാതിരുന്നാൽ പല പദ്ധതികളും നടപ്പിലാക്കാൻ പറ്റാത്ത സാഹചര്യം നഗരസഭയിൽ സംഭവിക്കാവുന്നതാണ്. ഇത് സാധാരണ ജനങ്ങൾക്ക് സേവനങ്ങളും ആനുകൂല്യങ്ങളും ലഭിക്കാതിക്കാൻ കാരണമാകും. വികസന ഫണ്ടിന്റെ ക്രമരഹിതമായ കുറവ് ധനകാര്യവകുപ്പിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനും, കൂടാതെ 2021-22, 2022-23 കാലഘട്ടത്തിൽ വികസനഫണ്ട് (ടി.എസ്.പി) വിഹിതം നഗരസഭയ്ക്ക് ലഭിക്കാത്തതിനും നഗരസഭയും പ്രത്യേകിച്ച് ധനകാര്യ-വികസന-ക്ഷേമകാര്യ കമ്മിറ്റികൾ ആവശ്യമായ ഇടപ്പെടലുകൾ നടത്തേണ്ടതാണ്.

എന്നാൽ നഗരസഭ നടപടി സ്വീകരിച്ചതായി കാണുന്നില്ല. മേൽ പ്രതിപാദിച്ച പ്രകാരം ഫണ്ട് നഷ്ടപ്പെടാനുള്ള കാരണം വിശദീകരിക്കുന്നതിനായി നൽകിയ (ഓഡിറ്റ് എൻക്വയറി നം 18 /22 – 23 / തീയതി - 11.01.2024) ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾ പരിഹരിക്കുന്നതിന് നഗരസഭ സ്വീകരിച്ച നടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-42 ഒരു പ്രവൃത്തിയുടെ എസ്റ്റിമേറ്റ് – രണ്ടുവിധം സ്റ്റാൻഡേർഡ്

ഓഡിറ്റ് വർഷം അസി.എഞ്ചിനീയർ നിർവ്വഹണം നടത്തിയ താഴെ ചേർക്കുന്ന പദ്ധതികളുടെ എസ്റ്റിമേറ്റ് പരിശോധിച്ചതിൽ എസ്റ്റിമേറ്റിന്റെ ഒരു ഭാഗം നിർമ്മാണം DAR അടിസ്ഥാനമാക്കിയും, ബാക്കി ഭാഗം MORDഅടിസ്ഥാനപ്പെടുത്തിയും തയ്യാറാക്കിയതായി കാണുന്നു.


| പ്രവൃത്തിയുടെ പേര്/പ്രോ.നം | എസ്റ്റിമേറ്റിൽ ഉൾപ്പെട്ട പ്രവൃത്തികൾ | റിമാർക്ക്സ് |
|---|---|---|
| കൊടുവാൻമുഴി അരക്കമ്പ്രച്ചാൽ കുടിവെള്ളപദ്ധതി നവീകരണം, 59/23 | കിണറിനു ചുറ്റും കോൺക്രീറ്റ് ചെയ്യലും, കിണറിനടുത്തുള്ള ഡ്രൈൻ കോൺക്രീറ്റ് ഡ്രൈൻ ആക്കലും | കിണറിനു ചുറ്റുമുള്ള കോൺക്രീറ്റിനായി മൂന്നിനങ്ങൾ DAR അടിസ്ഥാനപ്പെടുത്തിയും, ഡ്രൈനിന്റെ കോൺക്രീറ്റിനായി നാലിനങ്ങൾ MORDഅടിസ്ഥാനപ്പെടുത്തിയും തയ്യാറാക്കി. |

| | | |
|---|---|---|
| വെണ്ണക്കാട് സ്കൂൾ നവീകരണം, 101/23 | ചുറ്റമതിൽ നിർമ്മാണവും, ഡ്രൈൻ നിർമ്മാണവും | ചുറ്റമതിൽ നിർമ്മാണത്തിനുള്ള അഞ്ചിനങ്ങൾ(DRഒഴികെയുള്ളവ)DAR അടിസ്ഥാനപ്പെടുത്തിയും, ചുറ്റമതിലിന്റെ DRഉം, ഡ്രൈൻ നിർമ്മാണത്തിന്റെ ഇനങ്ങളും MORDഅടിസ്ഥാനപ്പെടുത്തിയും തയ്യാറാക്കി. |


ഒരു എസ്റ്റിമേറ്റിൽ മേൽ വിധം രണ്ടു സ്റ്റാൻഡേർഡ്സ് അടിസ്ഥാനപ്പെടുത്താനുണ്ടായ സാഹചര്യം വ്യക്തമല്ല. MORD അടിസ്ഥാനപ്പെടുത്തിയതിനാൽ പ്രസ്തുത ഇനങ്ങൾക്ക് കരാറുകാരന് CPOH ഇനത്തിൽ 5% അധികം തുക നൽകേണ്ടി വന്നിട്ടുണ്ട്. ഈ സാഹചര്യം വിശദീകരിക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭിച്ചില്ല. ഒരു എസ്റ്റിമേറ്റിൽ മേൽ വിധം രണ്ടു സ്റ്റാൻഡേർഡ്സ് അടിസ്ഥാനപ്പെടുത്താനുണ്ടായ സാഹചര്യം വിശദീകരിക്കേണ്ടതാണ്.

**1-43 വെണ്ണക്കാട് ബസ് സ്റ്റോപ്പ് – അമിത നിരക്കിലുള്ള ഇനം ഉൾപ്പെടുത്തിയതും മറ്റ് അപാകതകളും**

ഡിവിഷൻ 22 ലുള്ള വെണ്ണക്കാട് ബസ് സ്റ്റോപ്പ് നിർമ്മാണത്തിന് 2,00,000 രൂപ തനതുഫണ്ട് അടങ്കലിൽ തയ്യാറാക്കിയതാണ് ഈ പദ്ധതി(പ്രോ.നം.325/23). പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പരിശോധിച്ചതിൽ നിലവിലുള്ള ടൈൽ പൊളിക്കുന്നതിനുള്ള ഇനം, 2 തൂണുകൾക്കായി സോളിഡ് ബ്ലോക്ക് നിർമ്മാണം, പുതിയ ടൈൽ നിലത്തും, സൈഡ് വാളിലും വിരിക്കൽ, മേൽക്കൂരയ്ക്കായി ട്രസ് വർക്ക്, ട്രഫോർഡ് ഷീറ്റ് മേയൽ, എ.സി.പി. പ്രവൃത്തി എന്നിവയാണ് ഉൾപ്പെട്ടിരിക്കുന്നത്. അളവു പുസ്തകത്തിൽ ഈ പ്രവൃത്തികളെല്ലാം ചെയ്തതായി രേഖപ്പെടുത്തിയിട്ടുണ്ട്. എസ്റ്റിമേറ്റിലെ ഇനങ്ങളിൽ നിന്നും ഈ ബസ് സ്റ്റോപ്പിന്റെ നവീകരണമാണ് നടന്നിട്ടുള്ളതെന്ന് വ്യക്തമാണ്. എന്നാൽ നിലവിലുണ്ടായിരുന്ന ബസ് സ്റ്റോപ്പിന്റെ അവസ്ഥയെന്താണെന്ന് എസ്റ്റിമേറ്റ് റിപ്പോർട്ടിൽ വിവരിച്ചിട്ടില്ല. ബസ് സ്റ്റോപ്പിന്റെ പഴയ ഫോട്ടോ ഗൂഗിളിൽ തെരഞ്ഞപ്പോൾ ലഭിച്ചത് താഴെ കൊടുക്കുന്നു. (Shareek Vayalil Shk എന്നയാൾ ഒരു വർഷം മുമ്പ് അപ് ലോഡ് ചെയ്ത ഫോട്ടോയിൽ നിന്നും)



നവീകരണം നടത്തിയ ബസ് സ്റ്റോപ്പിന്റെ നിലവിലെ സ്ഥിതി ഇപ്രകാരമാണ്.




ആദ്യ ഫോട്ടോയിലെ സ്ഥിതിയിൽ നിന്നും നിലവിലെ സ്ഥിതിയിലേയ്ക്ക് മാറ്റം വരുത്തുന്ന രീതിയിലല്ല പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നത്. നിലവിലുണ്ടായിരുന്ന നടുവിലെ തൂണുകൾ, മേൽക്കൂര എന്നിവ പൊളിച്ച് മാറ്റുന്നതിനുള്ള ഇനങ്ങളൊന്നും എസ്റ്റിമേറ്റിലില്ല. പകരം പൊളിച്ച് മാറ്റപ്പെടുന്ന തൂണിനു സമാനമായ അളവിൽ പുതിയ തൂൺ(സോളിഡ് ബ്ലോക്ക് മേസൻറി)നിർമ്മിക്കുന്ന അളവുകളാണ് എം ബുക്കിൽ ഉള്ളത്. ഈ പ്രവൃത്തി സ്ഥലം സാങ്കേതിക വിഭാഗം ഓവർസിയർമാരുടെ സാന്നിധ്യത്തിൽ നേരിൽ 11.1.24ന് സന്ദർശിച്ചിരുന്നു. മടൈൽ പ്രവൃത്തി, പുതിയ മേൽക്കൂര, പെയിന്റിംഗ് , എ.സി.പി.എന്നിവയുടെ അളവുകൾ പൊരുത്തപ്പെടുന്നുണ്ട്. എന്നാൽ തൂണിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് രേഖപ്പെടുത്തിയ അളവ് സെറ്റിൽ വ്യക്തമല്ല. കൂടാതെ നിലവിലുണ്ടായിരുന്ന മേൽക്കൂരയുടെ ഭാഗങ്ങൾ എന്തു ചെയ്തുവെന്നും വ്യക്തതയില്ല.

മുകളിലെ ഫോട്ടോയിൽ കാണുന്നതു പോലെ ബസ് സ്റ്റോപ്പിന്റെ പേര് രേഖപ്പെടുത്തിയ ഭാഗത്ത് എ.സി.പി. പ്രവൃത്തിയ്ക്കായി എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയത് DAR ലെ ഇനം 25.7ആണ്. ബഹു നില കെട്ടിടങ്ങളുടെ സ്ട്രക്ച്ചറൽ എ.സി.പി. പ്രവൃത്തിയ്ക്കായുള്ള ഈയിനത്തിന്റെ നിരക്കിൽ Weather Sealant, MS Brackets, EPDM Gasket, SS Bolt, SS Screws, Protective Tape, Baker Rod തുടങ്ങി നിരവധി സാധനങ്ങളുടേയും, ഫാബ്രിക്കേഷൻ, ഇൻസ്റ്റലേഷൻ, സ്കാഫോൾഡിഗ് , ഡിസൈനിംഗ് തുടങ്ങിയവയ്ക്കുള്ള നിരക്കുകളും ഉൾപ്പെട്ടിട്ടുണ്ട്. കൂടാതെ 4mm കനത്തിലുള്ള എ.സി.പി. ഷീറ്റിന്റെ നിരക്കാണ് ഉൾപ്പെടുത്തിയിരിക്കുന്നതും. മേൽ പ്രവൃത്തിയിൽ ഇതേ കനത്തിലുള്ള എ.സി.പി.യാണോ ഉപയോഗപ്പെടുത്തിയതെന്ന് വ്യക്തമല്ല. ഈ പ്രവൃത്തിയിൽ മുകളിൽ വിവരിച്ച മുഴുവൻ സാമഗ്രികളുടെ ഉപയോഗമോ, സ്കഫോൾഡിഗ്, ഡിസൈനിംഗ്, ഫാബ്രിക്കേഷൻ എന്നിവയുടെ ഉയർന്ന നിരക്കിലുള്ള ആവശ്യങ്ങളോ ഉണ്ടായിട്ടില്ല. എന്നിട്ടും DAR ലെ ഉയർന്ന് നിരക്ക് ഈ നിർമ്മാണത്തിന് നൽകിയതിന്റെ ആവശ്യകത വ്യക്തമാക്കേണ്ടതാണ്. ബസ് സ്റ്റോപ്പ് നിർമ്മാണത്തിന് ആകെ ചെലവായ 178763/- രൂപയിൽ 85,952.5/-രൂപയും ചെലവായിരിക്കുന്നത്(72841.1+ 18% GST) ഈ പ്രവത്തിയ്ക്കാണെന്നത് ശ്രദ്ധേയമാണ്.

സൈറ്റിന്റെ ശരിയായ അവസ്ഥ എസ്റ്റിമേറ്റ് റിപ്പോർട്ടിൽ പരാമർശിക്കാത്തതും, മുകളിൽ വിവരിച്ച രീതിയിൽ അളവുകൾ പൊരുത്തപ്പെടാത്തതും, ഉയർന്ന നിരക്കിലുള്ള ഇനം/യഥാർത്ഥത്തിൽ ആവശ്യകതയുള്ളതിനേക്കാൾ സ്പെസിഫിക്കേഷൻ അടങ്ങുന്ന ഇനം എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയതും വിശദീകരിക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭിച്ചില്ല. ശരിയായ അളവുകൾ/ആവശ്യകതകൾ ഉൾപ്പെടുത്താതെ ചെയ്ത മേൽ പ്രവൃത്തിയുടെ ചെലവ് ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു. അപാകതകൾ വിശദീകരിക്കേണ്ടതാണ്.

**1-44 വരുവിൻകാല എസ്.സി.കോളനി കുടിവെള്ള പദ്ധതി -വിവരം ലഭ്യമല്ലാത്തതും, മറ്റ് അപാകതകളും**

പ്രോജക്ട് നമ്പർ : 45/23

അടങ്കൽ : 5,00,000/-വികസനഫണ്ട് എസ്.സി.പി.

ചെലവ് : 5,00,000/-ബിൽ നം. 334/13.3.2023

ഈ പദ്ധതിയിൽ നിലവിലുള്ള കിണറിന്റെ ആഴം കൂട്ടുന്നതിനും, കോൺക്രീറ്റ് ടാങ്കും, അടിത്തറയും പൊളിച്ച് മാറ്റി, പുതിയ അടിത്തറ നിർമ്മാണവും, പി.വി.സി. ടാങ്ക് സ്ഥാപനവുമാണ് വിഭാവനം ചെയ്തത്. ടാങ്കിനായുള്ള അടിത്തറയിൽ മണ്ണ് നിറക്കുന്നത് ഉചിതമല്ലെന്ന് കാണിച്ച് എസ്റ്റിമേറ്റ് പുതുക്കി DR കെട്ടിനകത്ത് DR Packing നടത്തുന്നതിനും, തറയുടെ കോൺക്രീറ്റ് റീഇൻഫോഴ്സ്ഡ് ആക്കി മാറ്റുന്നതിനും എക്സ്ട്രായിനങ്ങൾ ഉൾപ്പെടുത്തിയാണ് പദ്ധതി നിർവ്വഹണം നടത്തിയത്. പദ്ധതി ഫയൽ പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

- കിണറിന്റെ ആഴം കൂട്ടുന്നതിനായി പാറ പൊട്ടിക്കുന്ന ഇനമാണ് എസ്റ്റിമേറ്റിലുള്ളത്. അളവു പുസ്തകം 19/22-23 പേജ് 1, 2എന്നിവ പ്രകാരം 4.5. മീറ്റർ മുതൽ 6 മീറ്റർ വരെ 18.84$m^3$ അളവിലും, 6 മുതൽ 7.3മീറ്റർ വരെ ആഴത്തിൽ 16.328$m^3$അളവിലും പാറ പൊട്ടിച്ചിട്ടുണ്ട്. ഈ പാറക്കല്ലുകളുടെ സ്റ്റാക്ക് അളവു പുസ്തകത്തിൽ രേഖപ്പെടുത്തുകയോ, ടാങ്കിന്റെ അടിത്തറ നിർമ്മാണത്തിൽ ഉപയോഗപ്പെടുത്തുകയോ ചെയ്തിട്ടില്ല. പൊട്ടിച്ചെടുത്ത ആകെ 35.168$m^3$ അളവ് പാറ എന്തു ചെയ്തുവെന്നത് സംബന്ധിച്ച വിവരം ലഭ്യമല്ല.
- അളവു പുസ്തകം പേജ് 12പ്രകാരം ആകെ 96മണിക്കൂർ വെള്ളം വറ്റിക്കുന്ന പ്രവൃത്തി നടത്തിയതായി രേഖപ്പെടുത്തിയിരിക്കുന്നു. 18.11.22, 22.11.22, 24.11.22, 26.12.22 എന്നീ തിയ്യതികളിലായാണ് ഈ പ്രവൃത്തികൾ നടത്തിയതായി രേഖപ്പെടുത്തിയത്. DLRപ്രകാരമുള്ള അളവാണെന്ന് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും DLR പരിശോധനയ്ക്ക് ലഭിച്ചിട്ടില്ല.
- കിണറിന്റെ ആഴം കൂട്ടലിന്റെ അളവെടുപ്പും, ചെക്ക് മെഷറും 25.11.22, 26.11.22എന്നീ ദിവസങ്ങളിൽ നടന്നിട്ടുണ്ട്. തുടർന്ന് നടന്നതെല്ലാം ടാങ്ക് നിർമ്മാണവുമായി ബന്ധപ്പെട്ട പ്രവൃത്തികളാണ്. എന്നാൽ 26.11.22ന് 32മണിക്കൂർ വെള്ളം വറ്റിക്കുന്ന പ്രവൃത്തി നടത്തിയതെന്തിനെന്ന് വ്യക്തമല്ല.
- എസ്റ്റിമേറ്റ് പുതുക്കുന്നതിനുള്ള കൗൺസിൽ അംഗീകാരം ലഭിക്കുന്നത് 16.12.22നാണ്. എന്നാൽ ടാങ്ക് അടിത്തറയിൽ DR Packing (എക്സ്ട്രാ ഇനം)ചെയ്യുന്ന പ്രവൃത്തിയും, കോൺക്രീറ്റിനായുള്ള സ്റ്റീലിന്റെ അളവെടുപ്പും 9.12.22ന് പൂർത്തീകരിച്ചിട്ടുണ്ട്. എസ്റ്റിമേറ്റ് പുതുക്കുന്നതിനു മുമ്പേ പ്രവൃത്തി നടത്താനുണ്ടായ സാഹചര്യം വ്യക്തമല്ല.

മേൽ വിവരങ്ങൾ ലഭ്യമാക്കുന്നതിനും, അപാകതകൾക്ക് വിശദീകരണത്തിനുമായി നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭിച്ചില്ല. അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്. വിശദീകരണം രേഖകൾ സഹിതം ലഭ്യമാക്കുന്നത് വരെ ചെലവ് തുക 5,00,000/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-45 വൗച്ചറുകൾ അധികൃതമാക്കാത്തതും ഉത്തരവു നടപടികൾ ഇല്ലാത്തതും സംബന്ധിച്ച്

1994 ലെ കേരള മുനിസിപ്പാലിറ്റി നിയമങ്ങളിലെ 15(3) (ഡി) വകുപ്പ് അനുസരിച്ച് മുനിസിപ്പാലിറ്റിയെ സംബന്ധിക്കുന്ന പണം കൊടുക്കലും പണം തിരികെ കൊടുക്കലും ചെയർ പേഴ്സൺ അധികൃതമാക്കേണ്ടതുണ്ട്. എന്നാൽ മുനിസിപ്പാലിറ്റിയുടെ 2022 ഏപ്രിൽ മുതൽ സെപ്റ്റംബർ വരെയുള്ള ചെലവുകളും റീ ഫണ്ടുകളും ചെയർപേഴ്സൺ അധികൃതമാക്കിയിട്ടില്ല. കൂടാതെ കണ്ടിജന്റ് ബില്ലുകൾക്കൊപ്പം സെക്രട്ടറിയുടെ ഉത്തരവു നടപടികൾ തയ്യാറാക്കി സൂക്ഷിക്കുന്നില്ല. ചെയർപേഴ്സൺ അധികൃതമാക്കാതെയും സെക്രട്ടറിയുടെ ഉത്തരവു നടപടികളില്ലാതെയും ചെലവുകൾ നടത്തിയതിന് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് 15.1.2024 ന് നല്കിയ 43-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. വൗച്ചറുകൾ ചെയർപേഴ്സൺ അധികൃതമാക്കേണ്ടതും കണ്ടിജന്റ് ബില്ലുകൾക്കൊപ്പം സെക്രട്ടറിയുടെ ഉത്തരവു നടപടികൾ സൂക്ഷിക്കേണ്ടതുമാണ്.

## 1-46 ജീവനക്കാരുടെ പ്രോവിഡണ്ട് ഫണ്ട് - കണക്കുകൾ സൂക്ഷിച്ചിട്ടില്ല

മുനിസിപ്പാലിറ്റിയിലെ റഗുലർ ജീവനക്കാരുടെ 4/22 മുതൽ 3/23 വരെയുള്ള ശമ്പളത്തിൽ നിന്നും ആകെ 14,16,454/- രൂപ പ്രോവിഡണ്ട് ഫണ്ട് ഇനത്തിൽ കുറവു വരുത്തിയിട്ടുണ്ട്. 2005 ലെ കേരള മുനിസിപ്പാലിറ്റി ജീവനക്കാരുടെ സെൻട്രൽ പ്രോവിഡണ്ട് ഫണ്ട് ചട്ടങ്ങൾ പ്രകാരം ഓരോ വരിക്കാരന്റെയും പേരിൽ അയാളുടെ വരിസംഖ്യയും അതിൻമേലുള്ള പലിശയും ഉൾപ്പെട്ട തുകയും ഫണ്ടിൽ നിന്ന് എടുത്തിട്ടുള്ള അഡ്വാൻസുകളും പിൻവലിക്കലുകളും കാണിക്കുന്ന കണക്കുകൾ മുനിസിപ്പാലിറ്റിയിൽ സൂക്ഷിക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഓരോ മാസവും ശമ്പളത്തിൽ നിന്നും കുറവു ചെയ്ത മേൽ പറഞ്ഞ പ്രകാരമുള്ള തുകകൾ സെൻട്രൽ പ്രോവിഡണ്ട് ഫണ്ടിലേക്ക് അടച്ചതിന്റെ രേഖകളും ഓരോ ജീവനക്കാരന്റെയും പി. എഫ്. അക്കൗണ്ട് നമ്പർ സഹിതം ചട്ടം പ്രകാരമുള്ള കണക്കുകൾ രജിസ്റ്ററിൽ രേഖപ്പെടുത്തിയതും കണ്ടീജന്റ് ജീവനക്കാരുടെ പ്രോവിഡണ്ട് ഫണ്ട് സംബന്ധിച്ച രേഖകളും ഓഡിറ്റിന് ഹാജരാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് 12.1.2024 ന് നൽകിയ 25-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. രജിസ്റ്ററും മറ്റു രേഖകളും ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

**1-47 ആശ്രയ ഭവന നിർമ്മാണം - പദ്ധതി തുക ചെലവഴിക്കാതെ അക്കൗണ്ടിൽ സൂക്ഷിക്കുന്നു.**

ആശ്രയ ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണത്തിനായി 2011-12 വർഷം 17,80,000/- രൂപയും, 2013-14 വർഷം 5,00,000/- രൂപയും ഉൾപ്പടെ ആകെ 22,80,000/- രൂപ വികസന ഫണ്ടിനത്തിൽ നഗരസഭ സി.ഡി.എസിന് അനുവദിച്ചിട്ടുണ്ട്. സി.ഡി.എസിന്റെ ക്യാഷ് ബുക്ക്, പാസ്ബുക്ക് എന്നിവ പരിശോധിച്ചതിൽ, മേൽ പ്രകാരം ലഭിച്ച തുകയിൽ പലിശയടക്കം 11,34,405/- രൂപ കൊടുവള്ളി സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്കിന്റെ 7226 നമ്പർ അക്കൌണ്ടിൽ 31.03.23 ന് ചെലവഴിക്കാതെ അവശേഷിക്കുന്നുണ്ട്.

ആശ്രയ പദ്ധതിയുടെ വരവ് ചെലവ് കണക്ക് പ്രത്യേകമായി സൂക്ഷിട്ടില്ലാത്തതിനാൽ, ഈയിനത്തിൽ വരവ് വന്ന തുകയുടെയും ചെലവ് തുകയുടെയും കൃത്യമായ വിവരങ്ങൾ ലഭ്യമല്ല. 2022-23 വർഷം ആശ്രയ ഗുണഭോക്താക്കളുടെ ഭക്ഷണ ചെലവിലേക്ക് 96975/- രൂപ നീക്കിയിരിപ്പുള്ള മേൽ തുകയിൽ നിന്നും ചെലവ് ചെയ്തിട്ടുണ്ട്. സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാതെ വികസന ഫണ്ട് അക്കൌണ്ടിൽ സൂക്ഷിച്ചത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (ഓഡിറ്റ് എൻക്വയറി നം. 16/22-23 തിയതി 10.01.24) സി.ഡി.എസ് മെമ്പർ സെക്രട്ടറി ലഭ്യമാക്കിയ മറുപടിയിൽ, അക്കൌണ്ടിൽ സൂക്ഷിച്ചിട്ടുള്ള തുക തിരിച്ചടക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കുന്നതാണെന്നും ആശ്രയ പദ്ധതിയുമായി ബന്ധപ്പെട്ട രേഖകൾ, ഫയലുകൾ എന്നിവ കൃത്യമായി സൂക്ഷിക്കുന്നതിന് അക്കൌണ്ടിന് നിർദ്ദേശം നൽകിയിട്ടുണ്ട് എന്നും സൂചിപ്പിച്ചിട്ടുണ്ട്. ഫയൽ പരിശോധിച്ച് തുക സർക്കാറിൽ അടവാക്കി അറിയിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

**3-1 DSR 2016 അടിസ്ഥാനമാക്കിയ എസ്റ്റിമേറ്റിലെ എക്സ്ട്രാ ഇനം പ്രവൃത്തിക്ക് 2018 ലെ നിരക്ക് - അധിക ചെലവ്**

ഓഡിറ്റ് വർഷം അസി.എഞ്ചിനീയർ നിർവ്വഹണം ചെയ്ത് ചെലവ് നടത്തിയ രണ്ടു സ്കൂളുകളിലെ ടോയ്ലെറ്റ് നിർമ്മാണത്തിന്റെ എസ്റ്റിമേറ്റുകൾ 2016 DAR അടിസ്ഥാനപ്പെടുത്തിയാണ്

തയ്യാറാക്കിയിരുന്നത്. പദ്ധതി വിശദാംശം ചുവടെ കൊടുക്കുന്നു.

| പദ്ധതി പേര്/ പ്രോജക്ട് നമ്പർ | പാലക്കുറ്റി AMLPസ്കൂൾ ടോയ്‌ലെറ്റ് നിർമ്മാണം, 98/23 | തലപ്പെരുമണ്ണ GMLPസ്കൂൾ ടോയ്‌ലെറ്റ് നിർമ്മാണം, 99/23 |
|---|---|---|
| അടങ്കൽ | 7,03,000/-നഗരസഞ്ചയ ഫണ്ട് | 10,00,000/- നഗരസഞ്ചയ ഫണ്ട് |
| ചെലവ് | 6,27,080/- | 8,57,454/- |
| ബിൽ നം. | 103/2.11.22 | 104/2.11.22 |

ഈ രണ്ടു പദ്ധതികളും നിർവ്വഹണ സമയം പുതുക്കുകയും വിവിധയിനങ്ങൾ എക്സ്ട്രായായി ഉൾപ്പെടുത്തി പ്രവൃത്തികൾ ചെയ്യുകയും ചെയ്തു. എന്നാൽ എക്സ്ട്രായിനത്തിന്റെ നിരക്കുകൾ തയ്യാറാക്കിയപ്പോൾ പലയിനങ്ങളുടേയും നിരക്ക് 2018ലെ DAR അടിസ്ഥാനപ്പെടുത്തി തയ്യാറാക്കിയതായി കാണുന്നു. ഇതു മൂലം കരാറുകാരന് അധികതുക ലഭിക്കുന്ന സാഹചര്യമുണ്ടായിട്ടുണ്ട്. വിശദ വിവരം ചുവടെ കൊടുക്കുന്നു.

| പാലക്കുറ്റി AMLPസ്കൂൾ ടോയ്‌ലെറ്റ് നിർമ്മാണം, 98/23 | | | |
|---|---|---|---|
| ഇനം | 2018 DAR അടിസ്ഥാനപ്പെടുത്തി തയ്യാറാക്കിയ നിരക്ക്/ 10.79% ടെണ്ടർ കുറവിൽ കരാറുകാരന് നൽകിയ തുക | 2016 DAR അടിസ്ഥാനപ്പെടുത്തിയാൽ വരുന്ന തുക/ 10.79% ടെണ്ടർ കുറവിൽ കരാറുകാരന് നൽകാവുന്ന തുക | അധികം നൽകിയത് |
| E3 10.25.2 | 149.01 133.07 X 151.2kg=20120.18 | 112.65 100.49 X 151.2kg=15194.088 | 4926.1 |
| E4 13.2.1 | 414.72 370.34 X 27.09m$^2$=10032.51 | 307.6 274.41 X 27.09m$^2$=7433.77 | 2598.8 |
| E5 13.6.2.1 | 201.57 180.01 X 19.76m$^2$=3557 | 147.18 131.3 X 19.76m$^2$ =2594.49 | 962.5 |
| E6 10.26.1 | 165.72 147.99 X 40kg=5919.6 | 120.58 107.57 X 40kg=4302.8 | 1616.8 |
| E7 11.20.2 | 1256.34 1121.91 X 7.83=8784.56 | 1151.49 1027.25 X 7.83=8043.37 | 741.19 |

| | |
|---|---|
| ആകെ | 10845.39+12%GST<br>=12146.84 |

(മുകളിൽ കൊടുത്ത യഥാർത്ഥത്തിൽ കൊടുക്കാവുന്ന നിരക്ക് DAR 2016 അടിസ്ഥാനമാക്കിയാണ് കണക്കാക്കിയത്). മേൽ ഇനങ്ങൾ കൂടാതെ E1, E2 എന്നിവയായി പ്രൈസിലെ ഒബ്സേർവ്ഡ് ഡാറ്റകൾ യഥാക്രമം 50.2.25.1, 50.6.1.2 എന്നിവയും പുതുക്കിയ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരുന്നു. പ്രൈസ് 1 നിലവിൽ ലഭ്യമല്ലാത്തതിനാൽ ഈയിനങ്ങളിൽ ഉണ്ടായ അധിക ചെലവ് കണക്കാക്കാൻ സാധിച്ചിട്ടില്ല.

| തലപ്പെരുമണ്ണ GMLPസ്കൂൾ ടോയ്ലെറ്റ് നിർമ്മാണം, 99/23 | | | |
|---|---|---|---|
| ഇനം | 2018 DAR അടിസ്ഥാനപ്പെടുത്തി തയ്യാറാക്കിയ നിരക്ക്/ 12.66% ടെണ്ടർ കുറവിൽ കരാറുകാരന് നൽകിയ തുക | 2016 DAR അടിസ്ഥാനപ്പെടുത്തിയാൽ വരുന്ന തുക/ 12.66% ടെണ്ടർ കുറവിൽ കരാറുകാരന് നൽകാവുന്ന തുക | അധികം നൽകിയത് |
| E3<br>10.25.2 | 149.01<br>130.09 X 145.43 Kg= 18918.99 | 112.65<br>98.39 X 145.43 Kg =14308.86 | 4610.13 |
| E4<br>13.9.1 | 414.72<br>362.05 X 17.55$m^2$ =6353.98 | 307.6<br>268.66 X 17.55=4714.98 | 1639.00 |
| E6<br>10.26.1 | 165.72<br>144.67 X 54.2kg =7841.11 | 120.58<br>105.31 X 54.2kg =5707.8 | 2133.31 |
| E7<br>11.20.2 | 1256.34<br>1096.78 X 16.98$m^2$=18623.32 | 1151.49<br>1005.71 X 16.98$m^2$=17076.96 | 1546.36 |
| E8<br>11.36 | 1220.35<br>1065.37 X 69.08$m^2$=73595.76 | 976.13<br>852.55 X 69.08$m^2$=58894.15 | 14701.61 |
| E9 | 1180.56 | 980.2 | 2516.57 |

| | | | |
|---|---|---|---|
| 11.38 | 1030.63 X 14.42m$^2$ = 14861.68 | 856.11 X 14.42m$^2$=12345.17 | |
| E12<br>13.61.1 | 143.94<br>125.66 X 16.048m$^2$=2016.59 | 102.75<br>89.74 X 16.048m$^2$=1440.15 | 576.44 |
| ആകെ | | | 27723.42 + 12% GST =31050.23 |

മേൽ ഇനങ്ങൾ കൂടാതെ E2, E5 എന്നിവയായി പ്രൈസിലെ ഒബ്സേർവ്ഡ് ഡാറ്റകൾ യഥാക്രമം 50.6.1.2, 50.18.9.2.2.8 എന്നിവയും പുതുക്കിയ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരുന്നു. പ്രൈസ് 1 നിലവിൽ ലഭ്യമല്ലാത്തതിനാൽ ഈയിനത്തിൽ ഉണ്ടായ അധിക ചെലവ് കണക്കാക്കാൻ സാധിച്ചിട്ടില്ല. E1, E10, E11 എന്നിവയുടെ നിരക്ക് കണക്കാക്കിയതിൽ വർദ്ധനവില്ല.

മുകളിൽ വിവരിച്ച രീതിയിൽ 2016 DAR അടിസ്ഥാനപ്പെടുത്തി തയ്യാറാക്കിയ എസ്റ്റിമേറ്റിലെ എക്സ്ട്രാ ഇനങ്ങൾക്ക് 2018 DAR നിരക്ക് നൽകാനുണ്ടായ സാഹചര്യം വിശദീകരിക്കാൻ ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭിച്ചില്ല. അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതും, മുകളിൽ കണക്കാക്കിയ വിധം അധികം നൽകിയ തുകയും (43197/-), ഒബ്സേർവ്ഡ് ഡാറ്റകൾ പ്രകാരം അധികം നൽകിയ തുക കണക്കാക്കി ആയതും പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കിയ ഉദ്യോഗസ്ഥനിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

## 3-2 എരഞ്ഞോണ കുടിവെള്ള പദ്ധതി - അളവു കണക്കാക്കിയതിൽ പിശക്

പ്രോജക്ട് നമ്പർ 485/23ആയി നടപ്പാക്കിയ മേൽ കുടിവെള്ള പദ്ധതിയുടെ അളവു പുസ്തകം (ഇ എം ബുക്ക് -ഫയൽ നം.12548/2023) പരിശോധിച്ചതിൽ പ്രവൃത്തിയുടെ ഭാഗമായി നടത്തിയ കോൺക്രീറ്റ് പ്രവൃത്തിയുടെ അളവിൽ പിശക് സംഭവിച്ചതായി കാണുന്നു. വിശദാംശം ചുവടെ കൊടുക്കുന്നു.

| അളവു പുസ്തകത്തിലെ രേഖപ്പെടുത്തൽ | യഥാർത്ഥത്തിൽ കണക്കാക്കേണ്ടത് |
|---|---|
| 20.2 X(1.2+0.8+1.1)/2 X0.12 =3.757 | 20.2 X(1.2+0.8+1.1)/3 X0.12 = 2.5 |
| അധികം കണക്കാക്കിയത് - 1.26M$^3$ | |

മുകളിൽ കാണിച്ച രീതിയിൽ മൂന്നളവുകളുടെ ശരാശരി കണക്കാക്കിയപ്പോൾ മൂന്നു കൊണ്ടു ഹരിക്കുന്നതിനു പകരം രണ്ടു കൊണ്ട് ഹരിച്ചതിനാൽ 1.26M$^3$ അളവിന്റെ വർധനവുണ്ടായി. ആയതിനാൽ ഈയിനത്തിന് 8358.3 രൂപ നിരക്കിൽ കരാറുകാരന് 12427/-രൂപ (10531.46+1895.66(18%GST))അധികം നൽകിയിട്ടുണ്ട്. (ബിൽ നം.452/28.3.23, തുക-473645/-). ഈ തുക തിരികെ ഈടാക്കേണ്ടതാണ്.

## 3-3 വാവാട് ഹരിത ശുദ്ധജല പദ്ധതി -ചെയ്യാത്ത പ്രവൃത്തിയ്ക്ക് തുക നൽകിയതും മറ്റപാകതയും

ഈ പദ്ധതിയിൽ (പ്രോ.നം.60/23) പുതിയൊരു ടാങ്ക് നിർമ്മാണവും പൈപ്പിടൽ പ്രവൃത്തിയുമാണ് നടത്തിയത്. പത്തു ലക്ഷം രൂപ ധനകാര്യ കമ്മീഷൻ ഗ്രാന്റ് അടങ്കലിൽ തയ്യാറാക്കി അത്ര തന്നെ തുക ചെലവാക്കിയ (ബിൽ നം.366/22.3.23) മേൽ പദ്ധതി 11.1.24ന് സാങ്കേതിക വിഭാഗം ജീവനക്കാരുടെ സാന്നിദ്ധ്യത്തിൽ നേരിൽ പരിശോധിക്കുകയുണ്ടായി. കോളം സ്ട്രക്ച്ചറിൽ നിർമ്മിച്ച RCC ടാങ്ക് നിർമ്മാണത്തിൽ അളവു പുസ്തകം 20/22-23 പേജ് 6ൽ രേഖപ്പെടുത്തിയ ടാങ്ക് ബേസിനായുള്ള $1.698m^3$ PCC കോൺക്രീറ്റിന്റെ ആവശ്യകതയും, അത് എവിടെ ചെയ്തുവെന്നതു സംബന്ധിച്ചും വ്യക്തതയില്ല. സ്ഥല പരിശോധനയിൽ കൂടെയുണ്ടായിരുന്ന സാങ്കേതിക വിഭാഗം ഓവർസിയർമാർക്കും ആയത് വിശദീകരിക്കാൻ സാധിച്ചിട്ടില്ല. കൂടാതെ പേജ് 18 ൽ രേഖപ്പെടുത്തിയ $77.93\ M^2$ വിസ്തൃതിയിലുള്ള വാട്ടർ പ്രൂഫിംഗ് സിമന്റ് പെയിന്റിംഗ് യഥാർത്ഥത്തിൽ ചെയ്തിട്ടില്ല. ടാങ്കിന് സിമന്റ് പ്രൈമർ മാത്രമാണ് നൽകിയിട്ടുള്ളത്. മേൽ രണ്ടിനങ്ങൾക്കുമായി ആകെ 23677.1/- രൂപ കരാറുകാരന് അനുവദിച്ചിട്ടുണ്ട്.

| | |
|---|---|
| PCCകോൺക്രീറ്റ് | $1.698m^3$ X 6857.61 = 11644.22 |
| പെയിന്റിംഗ് | $77.93m^2$ X 108.06 = 8421.12 |
| ആകെ | 20065.34+18%GST = 23677.1 |

മുകളിൽ വിവരിച്ച പ്രകാരം കോൺക്രീറ്റിന്റെ ആവശ്യകതയെന്തെന്നതിനും, ചെയ്യാത്ത പ്രവൃത്തിയ്ക്ക് കരാറുകാരന് തുക നൽകിയ സാഹചര്യവും വിശദീകരിക്കാനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭിച്ചില്ല. മേൽ രണ്ടിനത്തിനുമായി നൽകിയ ആകെ 23677/-രൂപ ഓഡിറ്റ് അംഗീകരിക്കുന്നില്ല. ആയത് ബിൽ തയ്യാറാക്കി നൽകിയ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

**3-4 രജിസ്റ്ററുകളും ഫോമുകളും വാങ്ങൽ - സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കിയില്ല**

| | |
|---|---|
| വൗച്ചർ നമ്പർ/ തിയ്യതി | 22200166/ 10.6.2022 |
| തുക | 97,431/- |
| ഇൻവോയ്സ് നം. | Tvm/563/21-22 തിയ്യതി 24.12.2021 |

മേൽ വൗച്ചർ പ്രകാരം ഗ്രാമ ലക്ഷ്മി മുദ്രാലയത്തിൽ നിന്നും മുനിസിപ്പാലിറ്റിയിലേക്ക് ആവശ്യമായ രജിസ്റ്ററുകളും ഫോമുകളും വാങ്ങിയിട്ടുണ്ട്. വാങ്ങിയ സാധനങ്ങളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| വാങ്ങിയ സാധനം | എണ്ണം |
|---|---|
| Building Application Register | 10 |
| Occupancy Register | 10 |
| Un Authorised Construction Register | 10 |
| Complaint Register | 10 |
| Rent Register | 10 |
| Townhall Booking Register | 2 |

| | |
|---|---|
| Attendance Register | 6 |
| Annexure 6.3 (PCDR)200 Page | 4 |
| Personal Register | 20 |
| Casual Leave Register | 4 |
| Despatch Register | 15 |
| File Board | 200 |
| Incumbancy Register | 4 |
| Property Tax Return Form 2A | 250 |
| Fuel/Lubricant Register | 4 |
| Draft | 20 |
| Note Sheet | 20 |
| Provident Fund Register | 2 |
| Deposit Register | 3 |
| Out Door Collection Register | 10 |
| Property Tax Assessment Form 2 | 10 |
| Property Tax Form 6 | 10 |
| Auction Diary | 50 |

മേൽ പറഞ്ഞ സാധനങ്ങൾ സ്റ്റോക്കിലെടുത്തതിന്റെയും വിതരണം ചെയ്തതിന്റെയും വിശദാംശങ്ങൾ ഓഡിറ്റിന് ഹാജരാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് 4.1.2024 ന് നൽ 1-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കുകയോ സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കുകയോ ചെയ്തിട്ടില്ല. മേൽ പറഞ്ഞ Fuel/Lubricant Register, Provident Fund Register, Auction Diary എന്നിവ മുനിസിപ്പാലിറ്റിയിൽ തീരെ ഉപയോഗിച്ചിട്ടില്ല. അതുകൊണ്ടും സ്റ്റോക്കിൽ എടുക്കാത്തതിനാലും മേൽ പറഞ്ഞ രജിസ്റ്ററുകളും ഫോമുകളും വാങ്ങിയിട്ടില്ല എന്ന് കാണുന്നു. ചെലവു തുക 97,431/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. തുക നഗരസഭാഫണ്ടിൽ അടച്ച രേഖകൾ ഹാജരാക്കേണ്ടതാണ്.

## 3-5 മുനിസിപ്പാലിറ്റിയിൽ നിയമ വിരുദ്ധ നിയമനങ്ങളും ജോലി ഏൽപിക്കലും

**ഫയൽ നമ്പർ എച്ച്.2/4748/22**

നഗരസഭയിൽ 8 ശുചീകരണ തൊഴിലാളികൾ മാത്രമേയുള്ളുവെന്നും ഇതിൽ ഒരാൾ ഓഫീസ് ക്ലീനിംഗ് ജോലികൾക്ക് നിയോഗിക്കപ്പെട്ടതിനാൽ 7 തൊഴിലാളികളെ ഉപയോഗിച്ച് കൊണ്ട് മാത്രമാണ്

ദൈനംദിന ശുചീകരണ പ്രവർത്തനങ്ങൾ നടത്താൻ സാധിക്കുന്നതെന്നും നഗരസഭയിലെ വലുതും ചെറുതുമായ അങ്ങാടികളിൽ സ്വീപ്പിംഗ്, കാട് വെട്ടൽ തുടങ്ങിയ പ്രവൃത്തികൾ സമയോചിതമായി നടത്തുന്നതിന് വളരെയധികം ബുദ്ധിമുട്ട് അനുഭവിക്കുകയും ചെയ്യുന്ന എന്നുമുള്ള കാര്യങ്ങൾ കാണിച്ച് നഗര സഭാ ഹെൽത്ത് ഇൻസ്പെക്ടർ 6.7.2022 ൽ കൗൺസിലിന് സമർപ്പിച്ച അപേക്ഷയുടെ അടിസ്ഥാനത്തിൽ മേൽ നമ്പർ ഫയൽ പ്രകാരം 5 കണ്ടീജന്റ് തൊഴിലാളികളുടെ നിയമനം നടത്തുകയുണ്ടായി. 5 ശുചീകരണ വിഭാഗം ബദൽ തൊഴിലാളികളെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താൽക്കാലികമായി നിയമിക്കുന്നതിന് നടപടികൾ സ്വീകരിക്കാനാണ് ഹെൽത്ത് വിഭാഗത്തിൽ നിന്നും അപേക്ഷിച്ചത്. ആയതിന്റെ അടിസ്ഥാനത്തിൽ 15.7.2022 ലെ കൗൺസിൽ യോഗത്തിൽ കൊടുവള്ളി നഗരസഭയിൽ 7 കണ്ടീജന്റ് സ്ഥിരം ജീവനക്കാരുടെ തസ്തികകളിൽ കൂടി ഒഴിവുകളുള്ള സാഹചര്യത്തിൽ 5 സ്ഥിരം കണ്ടീജന്റ് ജീവനക്കാരെ നിയമിക്കുന്നതിനായി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും ലിസ്റ്റ് ആവശ്യപ്പെടുന്നതിനും നഗരസഭ പരിധിയിലുള്ളവർക്ക് മുൻഗണന നൽകുന്നതിനും 9/1 നമ്പറായി തീരുമാനിച്ചു.

5 കണ്ടീജന്റ് ജീവനക്കാരെ നിയമിക്കുന്നതിലേക്കായി യോഗ്യരായ ഉദ്യോഗാർത്ഥികളുടെ പേര് വിവരങ്ങൾ അടങ്ങിയ ലിസ്റ്റ് ആവശ്യപ്പെട്ടു കൊണ്ട് 19.7.2022 ന് താമരശ്ശേരി ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലേക്ക് എച്ച്2-4747/2022 നമ്പർ കത്ത് അയക്കുകയും എംപ്ലോയ്മെന്റ് ഓഫീസർ 12.8.22 ന് 50 പേരുടെ ലിസ്റ്റ് നൽകുകയും ചെയ്തിട്ടുണ്ട്. 2 പേരെ ഓപ്പൺ കാറ്റഗറിയിൽനിന്നും മറ്റ 3 പേരെ എസ്.സി., മുന്നോക്കക്കാരിലെ പിന്നോക്ക വിഭാഗം, ഒ.ബി.സി. എന്നീ വിഭാഗങ്ങളിൽ നിന്നും ഓരോന്ന പേരെ വീതവും നിയമിക്കാനാണ് എംപ്ലോയ്മെന്റ് ഓഫീസർ നിർദ്ദേശിച്ചത്. 2.9.2022, 3.9.2022 തിയ്യതികളിലായി അഭിമുഖം നടത്തി മാർക്കിന്റെ അടിസ്ഥാനത്തിൽ കണ്ടീജന്റ് ജീവനക്കാരെ നിയമിക്കിക്കുന്നതിന് മുനിസിപ്പാലിറ്റി തീരുമാനിച്ചു. എന്നാൽ മുനിസിപ്പാലിറ്റിയിൽ വർഷങ്ങളായി ചെയർമാന്റെ വാഹനത്തിന്റെ ഡ്രൈവറായി ദിവസവേതനത്തിന് ജോലി ചെയ്യുന്ന ശ്രീ. മുഹമ്മദാലി എൻ.കെ. എന്നയാളും നഗരസഭയിലെ അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയിലെ താൽക്കാലിക ജീവനക്കാരനായ ശ്രീ. സെയ്ദ് അലി ഒ.പി. എന്നയാളും തങ്ങളെയും ശുചീകരണ തൊഴിലാളികൾക്കായുള്ള അഭിമുഖത്തിൽ പങ്കെടുപ്പിക്കണമെന്ന് ആവശ്യപ്പെട്ട് ബഹു. കേരള ഹൈക്കോടതിയിൽ WP (C) No. 27187/22 നമ്പറായി കേസ് ഫയൽ ചെയ്യുകയുണ്ടായി. 24.8.22 ലെ WP (C) No. 27187/22 നമ്പർ ഉത്തരവിലൂടെ മേൽ പറഞ്ഞ പെറ്റീഷണർമാരെ കൂടി കണ്ടീജന്റ് ജീവനക്കാരുടെ നിയമനത്തിനായി 2.9.2022, 3.9.2022 തിയ്യതികളിലായി നടക്കുന്ന അഭിമുഖത്തിൽ പരിഗണിക്കണമെന്ന് കോടതി നിർദ്ദേശിച്ചു. 1.9.2022 ന് മുനിസിപ്പൽ ചെയർമാൻ സെക്രട്ടറിക്ക് നൽകിയ കുറിപ്പിൽ കണ്ടീജന്റ് ജീവനക്കാരെ നിയമിക്കുന്ന വിഷയത്തിൽ ബഹു. കേരള ഹൈക്കോടതിയുടെ ഉത്തരവിന് എതിരെ നഗരസഭ അപ്പീൽ സമർപ്പിക്കേണ്ടതുണ്ടോ എന്നും ഉണ്ടെങ്കിൽ ആയതിന് നിയമ സാധുതയുണ്ടോ എന്നും നഗരസഭ സ്റ്റാന്റിംഗ് കൗണ്ടസിലിൽ നിന്നും അടിയന്തിരമായി നിയമോപദേശം തേടുന്നതിന് ആവശ്യപ്പെടുകയും അതോടൊപ്പം തന്നെ അഭിമുഖം മാറ്റി വെക്കുന്നത് ബഹു. കേരള ഹൈക്കോടതിയുടെ ഉത്തരവ് നടപ്പാക്കുന്നതിന് വിരുദ്ധമായി മാറുകയും അത് നഗരസഭ കൗൺസിലിന് എതിരെ കോടതി അലക്ഷ്യം ഉൾപ്പെടെയുള്ളവയായി കണക്കാക്കി കോടതി നടപടികൾക്ക് കാരണമാവുകയും ചെയ്യുമെന്നും അതുകൊണ്ട് കോടതി ഉത്തരവിന് എതിരെ അപ്പീലിന് പോകാമെന്ന് നഗരസഭ സ്റ്റാന്റിംഗ് കൗൺസലിന്റെ നിയമോപദേശം ലഭിക്കുകയാണെങ്കിൽ മാത്രം മുൻകൂട്ടി നിശ്ചയിച്ച അഭിമുഖം മാറ്റി വെക്കുക എന്നും കുറിപ്പിൽ പറയുന്നു. അന്നേ ദിവസം തന്നെ നഗരസഭ സെക്രട്ടറി സ്റ്റാന്റിംഗ് കൗൺസലിന് ജി2-4748/2022 നമ്പർ കത്തിലൂടെ ഇക്കാര്യത്തിൽ നിയമോപദേശം തേടുകയും ആയതിന് സ്റ്റാന്റിംഗ് കൗൺസിലിൽ നിന്നും 2.9.2022 ന് ലഭിച്ച മറുപടിയിൽ ഹൈക്കോടതി ഉത്തരവിനെതിരെ അപ്പീൽ പോകുന്നതിന് നിയമ സാധുതയില്ല എന്ന് അറിയിക്കുകയും ചെയ്തു. അതുകൊണ്ട് മുൻകൂട്ടി നിശ്ചയിച്ച തിയ്യതികളിൽ തന്നെ അഭിമുഖം നടത്തി കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ പരിഗണിച്ച 2 പേരെ ഓപ്പൺ കാറ്റഗറിയിലും ബാക്കിയുള്ളവരെ എസ്.സി., മുന്നോക്കക്കാരിലെ പിന്നോക്ക വിഭാഗം, ഒ.ബി.സി. എന്നീ വിഭാഗങ്ങളിൽ

നിന്നുള്ളവരെ എംപ്ലോയ്മെന്റ് ലിസ്റ്റിൽ നിന്നും അഭിമുഖം വഴി നിയമിച്ചു. നിയമനവും ജോലി വിഭജനവും സംബന്ധിച്ച് ശ്രദ്ധയിൽ പെട്ട അപാകതകൾ താഴെ കൊടുക്കുന്നു.

**1. ശുചീകരണ ജോലികൾക്ക് നിയമിച്ചവർക്ക് ഓഫീസ് ജോലികൾ ഏൽപിച്ചു :-** നഗരസഭാ ചെയർമാന്റെ 22.9.2022 ലെ നിർദ്ദേശമനുസരിച്ച് കണ്ടിജന്റ് തസ്തികയിൽ നിയമിച്ച ശ്രീ. സെയ്ദ് അലി ഒ.പി. എന്നയാളെ വർക്കിംഗ് അറേഞ്ച്മെന്റിൽ ഓഫീസ് പ്രവൃത്തികളായ കൗൺസിൽ, വാർഷിക പദ്ധതി, അക്കൗണ്ട്സ്, തുടങ്ങിയ വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന സെക്ഷനുകളുടെ സുഗമമായ നടത്തിപ്പിനും അടിയന്തിര സാഹചര്യത്തിൽ ചെയർമാൻ നിർദ്ദേശിക്കുന്ന പ്രകാരം കണക്കുകളും മറ്റും അയക്കുന്നതിനും വിവിധ സാക്ഷ്യപത്രങ്ങളും മറ്റും നൽകുന്നതിനും ടൈപ്പിംഗ് ജോലികൾ നിർവ്വഹിക്കുന്നതിനും നിയോഗിച്ചിട്ടുണ്ട്. അതേ പോലെ ശ്രീ. മുഹമ്മദലി എൻ.കെ. എന്നയാളെ മേൽ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ നഗരസഭാ ചെയർമാന്റെ ഡ്രൈവറായും നിയമിച്ചു. ചെയർമാന്റെ നിർദ്ദേശം 27.9.2022 ലെ എച്ച്.2 / 4748/22 നമ്പർ ഉത്തരവു നടപടികളിലൂടെ നഗരസഭാ സെക്രട്ടറി നടപ്പിലാക്കുകയും ചെയ്തു. ശുചീകരണ ജോലികൾക്ക് നിയമിച്ചവരെ ഓഫീസ് ജോലികൾ ഏൽപിച്ചു കൊടുത്തതിന് കൗൺസിലിന്റെ അംഗീകാരം ഇല്ല. മാത്രമല്ല ശുചീകരണ തൊഴിലാളികളുടെ നിയമനത്തിനുള്ള അഭിമുഖത്തിൽ മേൽ പറഞ്ഞ ജീവനക്കാരെ പരിഗണിക്കാൻ കോടതി പ്രത്യേകം ഉത്തരവിട്ടതിന്റെ അടിസ്ഥാനത്തിൽ മാത്രമാണ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും ലഭിച്ച ലിസ്റ്റിൽ അവരുടെ പേരുകൾ ഇല്ലാതിരുന്നിട്ടും ശ്രീ. സെയ്ദ് അലി ഒ.പി, ശ്രീ. മുഹമ്മദലി എൻ.കെ. എന്നിവരെ ശുചീകരണ തൊഴിലാളികളായി നിയമിച്ചത്. എന്നാൽ അത്തരത്തിൽ കോടതി ഉത്തരവ് സമ്പാദിച്ച് കോടതിയെ തെറ്റിദ്ധരിപ്പിക്കും വിധമാണ് ശുചീകരണ തൊഴിലാളികൾക്ക് സർക്കാർ നിശ്ചയിച്ച ശമ്പള സ്കെയിലിൽ ശമ്പളം നൽകി അവർക്ക് ചെയർമാന്റെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ മാത്രം സെക്രട്ടറി ഓഫീസ് ജോലികൾ ഏൽപിച്ചു കൊടുത്തത്. ഇതു സംബന്ധിച്ച് 9.1.2024 ന് സെക്രട്ടറിക്ക് നൽകിയ 11ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് 11.1.2024 ന് ലഭ്യമാക്കിയ മറുപടിയിൽ മറ്റു നഗരസഭകളെ അപേക്ഷിച്ച് കൊടുവള്ളി നഗരസഭയിൽ മാലിന്യ പ്രശ്നം വളരെ കുറവായ സാഹചര്യത്തിൽ ശുചീകരണ പ്രവർത്തനങ്ങൾക്ക് വലിയ തോതിലുള്ള പ്രയാസം നഗരസഭയിൽ നേരിടുന്നില്ല എന്നാണ് അറിയിച്ചത്. അങ്ങനെയെങ്കിൽ 5 ശുചീകരണ തൊഴിലാളികളുടെ നിയമനത്തിനായി എന്തിനാണ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും ലിസ്റ്റ് ആവശ്യപ്പെട്ടതെന്നും മുൻവർഷങ്ങളിൽ ദിവസവേതനത്തിന് ജോലി ചെയ്തവരെ കോടതി ഉത്തരവിലൂടെ ശുചീകരണ തസ്തികകളിലേക്ക് നിയമിച്ചത് എന്നതിനും വ്യക്തമായ ഉത്തരമില്ല. അതുകൊണ്ട് ദിവസവേതനത്തിലുള്ള മേൽ പറഞ്ഞ 2 ജീവനക്കാരെ സ്ഥിരമായി നിലനിർത്തുന്നതിനു വേണ്ടി മാത്രമാണ് കോടതിയിൽ നിന്നും ഉത്തരവു വാങ്ങി അഭിമുഖത്തിൽ അവരെയും പങ്കെടുപ്പിക്കാൻ അവസരം സൃഷ്ടിച്ച് നിയമനം നടത്തിയതെന്ന് വ്യക്തമാണ്. ടി ജീവനക്കാർ ജോലിയിൽ പ്രവേശിച്ച 14.9.2022 മുതൽ ഓഡിറ്റ് തിയ്യതി വരെ അവർക്ക് അനുവദിച്ച 12.8.2021 ലെ സ.ഉ.(എം.എസ്.) 89/2021/ ധനം. നമ്പർ ഉത്തരവു പ്രകാരമുള്ള ശമ്പള പരിഷ്കരണത്തിലെ 23700-52600 സ്കെയിലിൽ കണ്ടിജന്റ് തൊഴിലാളികൾക്ക് ബാധകമായ സാമ്പത്തിക ആനുകൂല്യങ്ങൾ നൽകിയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. നഗരസഭയിലെ ജനറൽ വിഭാഗത്തിലേയും ആരോഗ്യവിഭാഗത്തിലേയും റവന്യൂ വിഭാഗത്തിലേയും വിവിധ നോട്ടീസുകളും കത്തുകളും ടൈപ്പ് ചെയ്യുന്നതിനും വിവിധ സോഫ്റ്റ് വെയറുകളിലും ഗൂഗിൾ സ്പ്രെഡ്ഷീറ്റിലും സമയാസമയെങ്ങളിൽ അപ്ഡേറ്റ് ചെയ്യുന്നതിനും നഗരസഭയിലെ ഒരു ടൈപ്പിസ്റ്റിന് മാത്രം സാധിക്കുകയില്ല എന്നതിനാലും വാർഷിക പദ്ധതി സംബന്ധിച്ച വിവിധ റിപ്പോർട്ടുകളും പുസ്തകങ്ങളും തയ്യാറാക്കുന്നതിനും ബഹു. നഗരസഭ ചെയർമാൻ പൊതുജനങ്ങൾക്ക് നൽകുന്ന വിവിധ സാക്ഷ്യ പത്രങ്ങളും മറ്റു ഓഫീസുകളിലേക്കുള്ള കത്തുകളും കൂടി നിലവിലുള്ള ഒരു ടൈപിസ്റ്റിന് സാധിക്കാതെ വന്ന സാഹചര്യത്തിലും നഗരസഭ ഓഫീസ് സുഗമമായി പ്രവർത്തിച്ചു പോകുന്നതിനും വേണ്ടിയാണ് ശ്രീ. സെയ്ദ് അലി ഒ.പി എന്നവരെ നഗരസഭ ചെയർമാന്റെ 22.9.2022 ലെ നിർദ്ദേശ പ്രകാരം വർക്കിംഗ് അറേഞ്ച്മെന്റിൽ ടൈപ്പിംഗ് ജോലികൾ നിർവ്വഹിക്കുന്നതിന് ഉത്തരവ് നൽകിയിട്ടുള്ളത് എന്നും മറുപടിയിൽ പറഞ്ഞിരിക്കുന്നു. 2022-23 വർഷത്തിൽ ചെയർമാന്റെ PA ആയി ദിവസവേതനത്തിൽ ഒരു ജീവനക്കാരനെ മുനിസിപ്പാലിറ്റിയിൽ

നിയമിച്ചിട്ടുണ്ട്. ചെയർമാൻ പൊതുജനങ്ങൾക്ക് നൽകുന്ന സാക്ഷ്യപത്രങ്ങളും മറ്റും ടൈപ്പ് ചെയ്യുന്നതിന് ടി ജീവനക്കാരനെ പ്രയോജനപ്പെടുത്തിയാൽ മതിയാകും എന്നിരിക്കെ സെക്രട്ടറിയുടെ മറുപടികൾ അംഗീകരിക്കാൻ നിർവ്വാഹമില്ല എന്നറിയിക്കുന്നു. മാത്രമല്ല മുനിസിപ്പാലിറ്റിയിൽ 2019 ന ശേഷം ജീവനക്കാർക്ക് തങ്ങൾ നിർവ്വഹിക്കേണ്ട ജോലികൾ എന്തൊക്കെയാണെന്ന് വ്യക്തമായി വിഭജിച്ചു നൽകിയിട്ടില്ല. ഈ സാഹചര്യത്തിൽ മുനിസിപ്പാലിറ്റിയിൽ G.O(MS) No. 109/2016/LSGD തിയ്യതി 5.8.2016 പ്രകാരം സൃഷ്ടിച്ച 47 ജീവനക്കാരുടെ തസ്തിക അപര്യാപ്തമാണെന്ന് കരുതാൻ നിർവ്വാഹമില്ല. മാത്രമല്ല കൊടുവള്ളി മുനിസിപ്പാലിറ്റിയിലെ ഒരു ഉദ്യോഗസ്ഥൻ പോലും തങ്ങൾക്ക് ചെയ്യാനുള്ള ജോലികൾ കൂടുതലാണെന്ന് എവിടെയും പരാതി ഉന്നയിച്ചിട്ടുമില്ല. ആയതിനാൽ ശുചീകരണ തൊഴിലാളിയായി നിയമിക്കപ്പെട്ട ജീവനക്കാരന് ഓഫീസ് ജോലികൾ ഏൽപിച്ചത് ശരിയായ നടപടികളല്ല. നഗരസഭയിൽ ചെയർമാന് ഒരു ഇന്നോവ കാറും ഓഫീസ് ഉപയോഗത്തിന് ഒരു ബൊലോറ വാഹനവും ഉൾപ്പെടെ 2 വാഹനങ്ങളുണ്ട് എന്നും 2 വാഹനങ്ങളും ഒരു ഡ്രൈവർക്ക് കൈകാര്യം ചെയ്യാൻ സാധിക്കാത്ത സാഹചര്യത്തിലാണ് ഡ്രൈവിംഗ് അറിയാവുന്ന കണ്ടിജന്റ് വർക്കാറായ ശ്രീ മുഹമ്മദലി എൻ.കെ. എന്നവരെ നഗരസഭ ചെയർമാന്റെ 22.9.2022 ലെ നിർദ്ദേശ പ്രകാരം ബഹു.നഗരസഭ ചെയർമാന്റെ വാഹനത്തിന്റെ ഡ്രൈവറായി വർക്കിംഗ് അറേഞ്ച്മെന്റിൽ ചുമതല നൽകി ഉത്തരവു നൽകിയതെന്നും ഓഡിറ്റിനുള്ള മറുപടിയിൽ പരാമർശിച്ചിട്ടുണ്ട്. മുമ്പ് ചെയർമാന്റെ വാഹനത്തിന്റെ ഡ്രൈവറായി ദിവസവേതനത്തിൽ ജോലി ചെയ്തിരുന്ന ആളെ തന്നെയാണ് ശുചീകരണ തൊഴിലാളിയായി നിയമിച്ചുകൊണ്ട് സർക്കാർ അംഗീകൃത ശമ്പള സ്കെയിലിൽ ശമ്പളം നൽകി സ്ഥിരപ്പെടുത്തുന്നതിന് ശ്രമിച്ചത് എന്നത് ഇതിൽ നിന്നും വ്യക്തമാണ്. മേൽ പറഞ്ഞ കാരണങ്ങളാൽ 2 ജീവനക്കാർക്കും നൽകിയ താഴെ പറയും പ്രകാരമുള്ള ശമ്പളം അവർക്ക് ജോലി വിഭജനം നടത്തി ഉത്തരവിട്ട സെക്രട്ടറിയിൽ നിന്നും നിർദ്ദേശം നൽകിയ ചെയർമാനിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്. (ഡ്രൈവറെ ദിവസവേതനത്തിൽ നിയമിച്ചതായിരുന്നെങ്കിൽ നൽകാമായിരുന്ന വേതനം കിഴിച്ച് ബാക്കിയുള്ള ചെലവ് താഴെ പറയും പ്രകാരമുള്ള തുക ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.)

| ശമ്പളം അനുവദിച്ച കാലയളവ് | 23700- 52600 സ്കെയിലിൽ അനുവദിച്ച അടിസ്ഥാന ശമ്പളം | മസ്റ്റർ റോൾ പ്രകാരം അനുവദിച്ച ശമ്പളം (2 പേർക്ക്) | ഡ്രൈവർക്ക് സ.ഉ.(പി) നം. 29/2021/ധന തിയ്യതി 11.2.2021 പ്രകാരം അനുവദനീയമായ ദിവസവേതനം |
|---|---|---|---|
| 14.9.2022 മുതൽ 30.9.2022 വരെ | 23700 X 17 / 30 + DA+ HRA+Risk Allowance+ Special Allowance | 15301 X2 = 30,602/- | 17 X730 = 12410/ - |
| 1.10.2022 മുതൽ 31.8.2023 വരെ | 23700 X 11 Months +DA+HRA+Risk Allowance+ | 27,079 X 11 X2 = 5,95,738/ - | 19710 X 11 = 216810/- |

| | | | |
|---|---|---|---|
| | Special Allowance | | |
| 1.9.2023 മുതൽ 31.12.2023 വരെ | 23700 X 4 Months +DA+HRA | 26859 X 4 X 2 = 2,14,872/- | 19710 X 4 = 78840/- |
| ആകെ ചെലവഴിച്ചത് | | 8,41,212/- രൂപ | 3,08,060/- |

അധികം ചെലവഴിച്ചത് – 8,41,212-3,08,060=5,33,152/-

(1.9.2023 മുതൽ സ്പെഷ്യൽ അലവൻസും റിസ്ക് അലവൻസും മേൽ പറഞ്ഞ 2 ജീവനക്കാർക്കും അനുവദിച്ചിട്ടില്ല.)

മറ്റു നഗരസഭകളെ അപേക്ഷിച്ച് കൊടുവള്ളി നഗരസഭയിൽ മാലിന്യ പ്രശ്നം വളരെ കുറവായ സാഹചര്യത്തിൽ ശുചീകരണ പ്രവർത്തനങ്ങൾക്ക് വലിയ തോതിലുള്ള പ്രയാസം നഗരസഭയിൽ നേരിടുന്നില്ല എന്ന സെക്രട്ടറിയുടെ മറുപടി ഓഡിറ്റിൽ പരിഗണിച്ച് ശുചീകരണ തൊഴിലാളികളുടെ നിയമനത്തിനായി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും ലിസ്റ്റ് വാങ്ങുകയും ലിസ്റ്റിലില്ലാത്തവരും നിലവിൽ ദിവസവേതനത്തിന് മുനിസിപ്പാലിറ്റിയിൽ ജോലി ചെയ്തു വരുന്ന അയ്യങ്കാളി തൊഴിലുറപ്പു പദ്ധതിയിലെയും ചെയർമാന്റെ വാഹനത്തിന്റെ ഡ്രൈവറെയും കൂടി ശുചീകരണ ജീവനക്കാരുടെ നിയമനത്തിനായുള്ള അഭിമുഖത്തിൽ കോടതി ഉത്തരവിലൂടെ പങ്കെടുപ്പിച്ച് അനധികൃതമായി ഓഫീസ് ജോലികൾ ചെയ്യിക്കുക വഴി മുനിസിപ്പൽ ഫണ്ടിനുണ്ടായ മേൽ പറഞ്ഞ നഷ്ടം ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും നിർദ്ദേശം നൽകിയ മുനിസിപ്പൽ ചെയർമാനിൽ നിന്നും തുല്യമായി ഈടാക്കി മുനിസിപ്പൽ ഫണ്ടിൽ അടച്ച് വിവരം അറിയിക്കേണ്ടതാണ്. ചെലവു തുക 5,33,152/- രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ഇതിൽ 14.9.2022 മുതൽ 31.3.2023 വരെയുള്ള മുനിസിപ്പൽ ഫണ്ടിന്റെ നഷ്ടം 2,24,880/- രൂപയും 2023-24 ലേക്കുള്ള നഷ്ടം 3,08,272/- രൂപയുമാണ്. ഓഡിറ്റ് വർഷത്തെ ചെലവു നഷ്ടം 2,24,880/- രൂപ നിരാകരിക്കുന്നു.

**2. <u>ശുചീകരണ വിഭാഗം ജീവനക്കാർക്ക് സേവന പുസ്തകം ആരംഭിച്ചിട്ടില്ല :-</u>** 2.9.2022, 3.9.2022 തിയ്യതികളിലായി നടന്ന അഭിമുഖത്തിലൂടെ എംപ്ലോയ്മെന്റ് എക്സ്ചെഞ്ചിൽ നിന്നും ലഭിച്ച ലിസ്റ്റിൽ നിന്നും തെരഞ്ഞെടുത്ത 3 ജീവനക്കാർക്കും സേവന പുസ്തകം മുനിസിപ്പാലിറ്റി ആരംഭിച്ചിട്ടില്ല. അവരുടെ നിയമനത്തിന്റെ രീതിയും നൽകി വരുന്ന ശമ്പളവും മറ്റു അലവൻസുകളും രേഖപ്പെടുത്തി സേവന പുസ്തകം ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

3. **<u>ചെയർ പേഴ്സൺ രേഖാമൂലം സെക്രട്ടറിക്ക് നിർദ്ദേശം നൽകിയില്ല</u>** :- 2005 ലെ കേരള മുനിസിപ്പാലിറ്റി (തെരഞ്ഞെടുക്കപ്പെട്ട അധികാരികളും ഉദ്യോഗസ്ഥരും തമ്മിലുള്ള തൊഴിൽപരമായ ബന്ധം) ചട്ടങ്ങളിലെ ചട്ടം 6 അനുസരിച്ച് ചെയർ പേഴ്സൺ, ഡെപ്യൂട്ടി ചെയർ പേഴ്സൺ, സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാന്മാർ എന്നിവർ ഔദ്യോഗിക കൃത്യനിർവ്വഹണത്തിനുള്ള ഉത്തരവുകൾ രേഖാമൂലം നൽകേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ശുചീകരണ ജോലികൾക്കായി എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന തെരഞ്ഞെടുത്തവരിൽ നിന്നും 2 പേരെ ഓഫീസ് ജോലികൾ നൽകാൻ ചെയർപേഴ്സൺ നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ സെക്രട്ടറി ഉത്തരവിട്ടുണ്ടെങ്കിലും ചെയർപേഴ്സന്റെ നിർദ്ദേശം രേഖാമൂലം നൽകിയത് ഫയലിൽ കാണാൻ സാധിച്ചിട്ടില്ല. രേഖാമൂലമല്ലാത്ത നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ സെക്രട്ടറി മേൽ പറഞ്ഞ 2 പേർക്കും ജോലി മാറ്റി നൽകിയത് അംഗീകരിക്കാൻ നിർവ്വാഹമില്ല.

മേൽ പറഞ്ഞ കാര്യങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽ പെടുത്തുന്നു.

**<u>3-6 സി.എഫ്.എൽ.ടി.സി. – വൈദ്യുതി ചാർജ് അടച്ചതിന്റെ രേഖകൾ ഹാജരാക്കിയില്ല</u>**

| | |
|---|---|
| ഫയൽ നമ്പർ | എച്ച്2/3600(1)/20 |
| വൗച്ചർ നമ്പർ | 22200182 |
| തിയ്യതി | 21.6.2022 |
| തുക | 96,806/- |

ഒന്നാം ഘട്ട സി.എഫ്.എൽ.ടി.സി. ആയി പ്രവർത്തിച്ച കെ.എം.ഒ. ആർട്ട്സ് കോളേജിന് വൈദ്യുതി ചാർജ് ഇനത്തിൽ ചെലവായ തുക 96,806/- മേൽ വൗച്ചർ പ്രകാരം തനതു ഫണ്ടിൽ നിന്നും പിൻവലിച്ച് ടി സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. എന്നാൽ ഇതു സംബന്ധിച്ച് ആവശ്യപ്പെട്ട ഫയൽ ഹാജരാക്കിയതിൽ ടി ചെലവുമായി ബന്ധപ്പെട്ട രേഖകൾ ഓഡിറ്റിന് ലഭ്യമായിട്ടില്ല. വൗച്ചറിനൊപ്പം കെ.എസ്.ഇ.ബി. യുടെ നോട്ടീസ്, സ്ഥാപനത്തിന്റെ അപേക്ഷ, ഏതു കാലത്തേക്കുള്ള വൈദ്യുതി ചാർജ് തുടങ്ങിയ വിവരങ്ങളും സെക്രട്ടറിയുടെ ഉത്തരവു നടപടികളും, സ്ഥാപനം തുക കൈപ്പറ്റിയതിന്റെ രേഖകളും ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ടി സ്ഥാപനം സി.എഫ്.എൽ.ടി.സി. ആയി പ്രവർത്തിച്ചിരുന്നോ എന്നും ഉണ്ടെങ്കിൽ ഏതു കാലത്താണ് എന്നതും ബന്ധപ്പെട്ട/ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല. മേൽ ചെലവുകൾക്ക് ആധാരമായ രേഖകളുടെ അഭാവത്തിൽ അത്തരം ഒരു ചെലവ് ഉണ്ടായിട്ടില്ല എന്നു കാണുന്നു. ചെലവു തുക 96,806/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

## 3-7 അജൈവ മാലിന്യം നീക്കം ചെയ്യുന്നതിനുള്ള വാഹന വാടക - ട്രിപ്പ് ഷീറ്റ് ഇല്ലാതെ വേതനം നൽകി

| | |
|---|---|
| പ്രോജക്ടിന്റെ പേര് | മാലിന്യം നീക്കം ചെയ്യുന്നതിനുള്ള വാഹന വാടക |
| പ്രോജക്ട് നമ്പർ | 17/23 |
| അടങ്കൽ | 3,90,000 |
| ചെലവ് | 3.90,000 |
| നിർവഹണം | ഹെൽത്ത് ഓഫീസർ |

വിവിധ വാർഡുകളിൽ നിന്ന് ഹരിത കർമ്മസേന ശേഖരിക്കുന്ന മാലിന്യങ്ങൾ മിനി എം.സി.എഫ്, എം.സി.എഫ് കേന്ദ്രങ്ങളിൽ എത്തിക്കുന്നതിന് ഇ-ടെണ്ടർ മുഖേന തെരഞ്ഞെടുത്ത വാഹനത്തിന് വാടക (2500/DAY) നൽകുന്നതിനാണ് പദ്ധതി തയ്യാറാക്കി നടപ്പിലാക്കിയിട്ടുള്ളത്. പ്രസ്തുത പദ്ധതി നടപ്പിലാക്കിയപ്പോൾ 2022 ജൂലൈ മാസം (1, 2, 4, 5, 6, 7, 8, 11, 12, 13, 14, 15, 16, 18, 19, 20, 21, 22, 23, 25, 26, 27, 28, 29, 30) എന്നീ തീയതികളിലെ വേതനമായി 62500/-രൂപ 91/02/09/2022ബില്ല് പ്രകാരം നൽകിയിട്ടുണ്ട്. എന്നാൽ 29/07/2022,30/07/2022 എന്നീ തീയതികളിലെ ട്രിപ്പ് ഷീറ്റ് ഫയലിൽ ലഭ്യമല്ല.

ട്രിപ്പ് ഷീറ്റും ഹരിത കർമ്മ സേന അംഗങ്ങൾ പ്രസ്തുത ദിവസങ്ങളിൽ മാലിന്യം ശേഖരിച്ചതിനുള്ള രേഖകളും ഹാജരാക്കാതെ വാഹനത്തിന് ദിവസ വാടക നൽകിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. കൂടാതെ ഹരിത കർമ്മസേനയുടെ വരവ് ചെലവ് സംബന്ധിച്ച രേഖകൾ ഓഡിറ്റ് ഹാജരാക്കിയിട്ടില്ല. അപാകതയ്ക്ക് മറുപടി ലഭ്യമാക്കേണ്ടതും, ഹരിത കർമ്മസേനയുടെ വരവ് ചെലവ് സംബന്ധിച്ച രേഖകൾ ഓഡിറ്റ് ഹാജരാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറി ( 10/22 - 23 / തീയതി - 08.01.2024) ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. 29/07/2022, 30/07/2022 എന്നീ തീയതികളിലെ ട്രിപ്പ് ഷീറ്റ് ഹാജരാക്കാതെയും, പ്രസ്തുത ദിവസങ്ങളിൽ മാലിന്യം നീക്കം ചെയ്തു എന്ന് ഉറപ്പ്

വരുത്താതെയും വാഹനവാടക നൽകിയതിനാൽ അധികം നൽകിയ 5000/-രൂപ നിരാകരിക്കുന്നു. തുക തിരികെ ഈടാക്കി അറിയിക്കേണ്ടതും അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതുമാണ്.

## 3-8 ലോമാസ്റ്റ് ലൈറ്റ് / ഹൈമാസ്റ്റ് ലൈറ്റ് – റീപ്ലേയ്സ്മെന്റ് വാറന്റി കണക്കിലെടുക്കാതെ AMC ഏർപ്പെടുത്തി

| ലോമാസ്റ്റ് ലൈറ്റ് | |
|---|---|
| ഫയൽ നമ്പർ | ജി1 – 9452/22 |
| പ്രൊജക്റ്റ് നമ്പർ | 429/23 |
| ചെലവ് തുക | ബിൽ സാങ്ഷൻ നമ്പർ |
| 22,00,000 /- | 402/27.03.23 |
| 1,15,895/- | 403/27.03.23 |

| ഹൈമാസ്റ്റ് ലൈറ്റ് | |
|---|---|
| പ്രൊജക്റ്റ് നമ്പർ | 427/23 |
| ചെലവ് തുക | ബിൽ സാങ്ഷൻ നമ്പർ |
| 3,09,496 | 403/27.03.23 |

നഗരസഭയിലെ 36 ഡിവിഷനുകളിലുമായി സ്ഥാപിച്ചിട്ടുള്ള പ്രവർത്തനരഹിതവും എ.എം.സി ഇല്ലാത്തതുമായ 72 ലോമാസ്റ്റ് ലൈറ്റ് / ഹൈമാസ്റ്റ് ലൈറ്റുകൾ റിപ്പയർ ചെയ്ത് പ്രവർത്തനക്ഷമമാക്കുന്നതിനാണ് പ്രൊജക്റ്റ് രൂപീകരിച്ചിട്ടുള്ളത്. ഇലക്ട്രിക്കൽ പ്രവർത്തികൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് നഗരസഭയിൽ ഇലക്ട്രിക്കൽ വിങ് ഇല്ലാത്തതിനാൽ എസ്റ്റിമേറ്റ് തയ്യാറാക്കി സർക്കാർ അംഗീകൃത അക്രഡിറ്റഡ് ഏജൻസി മുഖേന പി.എം.സി ആയി പദ്ധതി നടപ്പാക്കുകയാണ് ചെയ്തിട്ടുള്ളത്. ഇതിനായി ടെണ്ടർ ക്ഷണിച്ചതിൽ കുറഞ്ഞ നിരക്കിൽ സെന്റേജ് ചാർജ് (2.1%) ക്വാട്ട് ചെയ്ത യുണൈറ്റഡ് ഇലക്ട്രിക്കൽസ് എന്ന സ്ഥാപനത്തിനെ പി.എം.സി ആയി അംഗീകരിക്കുകയും, സാധനങ്ങൾ സപ്ലൈ ചെയ്യുന്നതിനുള്ള സ്ഥാപനമായി മൈക്രോ ടെക്നോളജീസ് എന്ന സ്ഥാപനത്തെ അക്രഡിറ്റഡ് ഏജൻസി തെരഞ്ഞെടുക്കുകയും ചെയ്തിട്ടുണ്ട്. ഒരു യൂണിറ്റിന് 32165/- രൂപ നിരക്കിൽ 72 യൂണിറ്റുകൾക്ക് 22,68,262/- രൂപ മൈക്രോ ടെക്നോളജീസ് എന്ന സ്ഥാപനത്തിനും 47633/- രൂപ പി.എം.സി ചാർജായി യുണൈറ്റഡ് ഇലക്ട്രിക്കൽസ് എന്ന സ്ഥാപനത്തിനും ആകെ ലൈറ്റുകൾ റിപ്പയർ ചെയ്ത വകയിൽ 23,15,895/- രൂപ തൻവർഷം ചെലവ് ചെയ്തിട്ടുണ്ട്. എ.എം.സി ക്ക് തുക ചെലവഴിച്ചതുമായി ബന്ധപ്പെട്ട് ചുവടെ കൊടുക്കുന്ന അപാകതകൾ കാണുന്നു.

1. 72 ലോ മാസ്റ്റ് ലൈറ്റുകൾക്ക് എ.എം.സി വെച്ച വകയിൽ തുക ചെലവഴിച്ചിട്ടുണ്ടെങ്കിലും ലൈറ്റുകൾ സ്ഥാപിച്ച വർഷം, സ്ഥലം തുടങ്ങിയവ സംബന്ധിച്ച രജിസ്റ്റർ നഗരസഭയിൽ സൂക്ഷിച്ചിട്ടില്ല. ലോ മാസ്റ്റ്/ ഹൈമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിനുള്ള മാർഗ്ഗരേഖ ജി.ഒ.(പി)27/2017 തിയതി 26.02.17 ഖണ്ഡിക Vi പ്രകാരം ഹൈമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിനുള്ള ടെണ്ടർ ക്ഷണിക്കുന്നതിനോടൊപ്പം 3

വർഷത്തേക്കുള്ള Replacement Warranty, തുടർന്നുള്ള 3 വർഷത്തേക്ക് AMC എന്നിവയ്ക്കുള്ള വ്യവസ്ഥകൾ കൂടി ഇ- ടെണ്ടറിൽ ഉൾപ്പെടുത്തേണ്ടതാണെന്ന് വ്യക്തമാക്കുന്നുണ്ട്. എന്നാൽ ലൈറ്റുകൾ സ്ഥാപിച്ചത് സംബന്ധിച്ച രേഖകൾ നഗരസഭയിൽ സൂക്ഷിക്കാത്തതിനാൽ നിലവിൽ എ.എം.സി വെച്ച ലൈറ്റുകൾക്ക് Replacement Warranty, AMC എന്നിവ നിലവിലുണ്ടോ എന്ന് വ്യക്തമല്ല.

2. ലോമാസ്റ്റ് ലൈറ്റ് സ്ഥാപിച്ചതിലെ അപാകതകൾ സൂചിപ്പിച്ച് 2019-20, 2020-21 എന്നീ വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ (ഖണ്ഡിക 1-30) 17 വ്യത്യസ്ത ഇടങ്ങളിൽ ലോമാസ്റ്റ് ലൈറ്റ് സ്ഥാപിച്ചതിന് 22,20,000/- രൂപ (ബിൽ നം.368/31.03.21) KSIE യ്ക്ക് നൽകിയതായി പരാമർശിച്ചിട്ടുണ്ട്. അങ്ങനെയെങ്കിൽ 31.03.24 വരെ 17 ലൈറ്റുകൾക്ക് Replacement Warranty/AMC നിലവിലുണ്ട്. മാത്രമല്ല, കെ.എസ്.ഐ.ഇ എന്ന സ്ഥാപനം ക്വട്ടേഷനിൽ 3 വർഷ വാറണ്ടി ഓഫർ ചെയ്തിരുന്നെങ്കിലും അസിസ്റ്റന്റ് എഞ്ചിനീയറുമായി വെച്ച എഗ്രിമെന്റിൽ ഒരു വർഷ വാറന്റി സംബന്ധിച്ച വിവരങ്ങളാണ് ഉൾപ്പെടുത്തിയത് എന്നും റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്. അതായത് Replacement Warranty/AMC നിലവിലുള്ള 17 ലൈറ്റുകൾ ഉൾപ്പടെയാണ് 2022-23 വർഷം എ.എം.സി. വച്ചിട്ടുള്ളത്. ആയതിനാൽ ഒരു യൂണിറ്റിന് 32165/- രൂപ നിരക്കിൽ 17 യൂണിറ്റുകൾക്ക് 5,46,805/- രൂപ ചെലവഴിച്ചത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ശേഷിക്കുന്ന തുക 20,78,586/- രൂപ തടസ്സപ്പെടുത്തുന്നു.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2022-23 | 2022-23 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി പരിശോധിച്ചു | ഈ റിപ്പോർട്ടിനോടൊപ്പം പുറപ്പെടുവിച്ചു |

### 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

### 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ സാങ്ഷൻ നമ്പർ/ബിൽ നമ്പർ/തീയതി/ തുക | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.ഡബ്ല്യൂ.എ | സൌത്ത് കൊടുവള്ളി കല്ലിടുക്കിൽ | 194/04.02.2023 3,00,000/- | 3,00,000/- | - | 3,00,000/- |

| | | | | | |
|---|---|---|---|---|---|
| | കുടിവെള്ള പദ്ധതി | | | | |
| ഭൂജല വകുപ്പ് കോഴിക്കോട് | കതിരോട് പാലക്കുന്ന് എസ്.സി കോളനി - കുഴൽ കിണർ നിർമ്മാണം | 4/11.05.23 – 39,755/- | 39,755/- | 26,105/- | 13,650/- (കൊടുവള്ളി നഗരസഭ സെക്രട്ടറിക്ക് തിരികെ ലഭിച്ചിട്ടുണ്ട്) |
| | | | 3,39,755/- | | 3,13,650/- |

**കുറിപ്പ്:** ചെലവഴിക്കാൻ ബാക്കിയുള്ള/ ചെലവഴിക്കാത്ത തുക സർക്കാരിലേക്ക് തിരിച്ചടയ്ക്കേണ്ടതാണ്.

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരങ്ങൾ (വാർഷിക ധനകാര്യ പത്രിക പ്രകാരം)

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| KURDFC ലൈഫ് ഭവന പദ്ധതി | | - | 9,77,77,200 | 40,93,334 | | 93,683,866 |

**കുറിപ്പ്:** വാർഷിക കണക്ക് പ്രകാരമുള്ള തുക മാത്രമാണ് മുകളിലെ പട്ടികയിൽ ചേർത്തിട്ടുള്ളത്, വായ്പ - വായ്പതിരിച്ചടവ് വാർഷിക ധനകാര്യ പത്രികയിലെ തുകയും ലോൺ രജിസ്റ്ററിലെ തുകയും

പൊരുത്തപ്പെടുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ലോൺ രജിസ്റ്റർ | | | |
|---|---|---|---|
| മുൻബാക്കി | വരവ് | തിരിച്ചടവ് | നിക്കീയിരിപ്പ് |
| 9,77,77,200 | 12,00,000 | 81,86,668 | 9,07,90,532 |

ജി.ഒ പ്രോജക്ട് പ്രകാരമുള്ള തിരിച്ചടവ് പൂർണ്ണമായും വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 4-6 സ്ഥിരനിക്ഷേപങ്ങൾ.

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശപ്രകാരം ശ്രീമതി. ജില. എം, JHI കൊടുവള്ളി നഗരസഭയിൽ നിന്നും ശമ്പളയിനത്തിൽ അധികമായി കൈപ്പറ്റിയ തുക ഈടാക്കിയിട്ടുള്ളത് താഴെ ചേർക്കുന്നു.

| ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നം./ തീയതി |
|---|---|---|
| 6,317/- | ശ്രീമതി. ജില. എം, JHI | 1220100101174, 04/05/2022 |

കുറിപ്പ്: കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്-കോർപ്പറേഷൻ ഓഡിറ്റ് കാര്യാലയത്തിന്റെ 10/02/2021 ലെ KSA/KOC/A5/750/2021 (1) നമ്പർ കത്ത് പ്രകാരമുള്ള ഓഡിറ്റ് റിക്കവറി.

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

നഗരസഭയുടെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2000-01 | 52 | 2003-04 | 11(1) | തൊഴിൽ രഹിത വേതനം | റവന്യൂ റിക്കവറി നടപടി പ്രകാരം തുക ഈടാക്കി റിപ്പോർട്ട് നൽകാൻ എൽ.എസ്. ജി.ഡിയോട് ശുപാർശ ചെയ്തു |
| 2000-01 | 48 | 2003-04 | 11.13.6.4 | കാർഷിക | ട്രാക്ടർ ജപ്തി |

| | | | | | |
|---|---|---|---|---|---|
| | | (പൊതു പരാമർശം) | | യന്ത്രവൽക്കരണം | ചെയ്യുന്നതിന് കാരണക്കാരായ ഉദ്യോഗസ്ഥരിൽ നിന്ന് നഷ്ടപരിഹാരം ഈടാക്കി റിപ്പോർട്ട് സമർപ്പിക്കുക |
| 2000-01 | | 2003-04 | 11.14 | 1)വെറ്റിനറി ആശുപത്രി റിപ്പയർ | ജനങ്ങൾക്ക് എത്തിച്ചേരാൻ കഴിയുന്ന സ്ഥലത്ത് ആശുപത്രി നിർമ്മിച്ച് റിപ്പോർട്ട് ചെയ്യണം |
| 2004-05 | 3-6 | 2006-07 | 3.81.1 | ശുദ്ധജല വിതരണ പ്രവൃത്തി പൂർത്തിയായില്ല | |
| 2007-08 | | 2011-12 | 4.15 | വികസന ഫണ്ട് ബാങ്കിൽ നിക്ഷേപിച്ചു | |
| | | 2013-14 | 6.3.1 | സോഷ്യൽ ഓഡിറ്റ് കമ്മിറ്റി | |
| | | 2013-14 | 6.3.2 | പ്രൊക്യൂർമെന്റ് സൈക്കിൾ | |
| | | 2015-16 | 4.1.5 | നികുതി/ നികുതിയേതരം പൊരുത്ത പ്പെടാത്ത കണക്കുകൾ | |
| | | 2015-16 | 4.1.6 | വാർഷിക ധനകാര്യ പത്രിക വിവരങ്ങളുടെ കൃത്യത | |
| 2014-15 | 2-3,2-6 | 2016-17 | അനുബന്ധം 4 | തൊഴിൽ നികുതി അപാകതകൾ | |
| 2016-17 | 2-2 | 2017-18 | 1.11.8 | വസ്തു നികുതി – | |

| | | | | | |
|---|---|---|---|---|---|
| | | | | സഞ്ചയയിൽ പ്ലിന്ത് ഏരിയിൽ കുറവു വരുത്തുന്നു | |
| 2016-17 | 2-3 | 2017-18 | 1.11.9 | പഴയ നിരക്കിൽ വസ്തു നികുതി ഈടാക്കി | |
| 2016-17 | 2-4 | 2017-18 | 1.11.10 | വാണിജ്യ കെട്ടിടങ്ങളെ വിഭജിച്ച് വസ്തു നികുതി കണക്കാക്കി | |
| 2016-17 | 2-5 | 2017-18 | 1.11.11 | നികുതിയിളവ് നൽകി | |
| 2016-17 | 2-6 | 2017-18 | 1.11.12 | മുഴുവൻ കെട്ടിടങ്ങൾക്കും നികുതി ഡിമാന്റ് ചെയ്തില്ല | |
| 2016-17 | 2-7 | 2017-18 | 1.11.13 | ഇൻഡസ്ട്രിയൽ ഷെഡിന് പാർപ്പിടത്തിന്റെ നിരക്ക് അനുവദിച്ചു | |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

**(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക**

ഇല്ല.

**(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക**

ഇല്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 16,82,14,248 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 14,11,42,502 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/<br>ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 10,50,223 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1,28,08,413 |

(ബി) മുനിസിപ്പാലിറ്റി ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | - | 43,197 | ശ്രീ. അനിൽകുമാർ എം, മുനിസിപ്പൽ എഞ്ചിനീയർ |
| 3-2 | - | 12,427 | ശ്രീ. അബ്ദുൾ ഗഫൂർ. എം, മുനിസിപ്പൽ എഞ്ചിനീയർ |
| 3-3 | - | 23,677 | ശ്രീ. അബ്ദുൾ ഗഫൂർ. എം, മുനിസിപ്പൽ എഞ്ചിനീയർ |
| 3-4 | - | 97,431 | ശ്രീ. സുജിത്ത്. പി സെക്രട്ടറി-ഇൻ-ചാർജ്ജ് |
| 3-5 | - | 2,24,880 | ശ്രീ. ഷാജു പോൾ, സെക്രട്ടറി, ശ്രീ. വി. അബ്ദു റഹിമാൻ, നഗരസഭ ചെയർമാൻ (ഇരുവർക്കും തുല്യമായി) |
| 3-6 | - | 96,806 | ശ്രീ. സുജിത്ത്. പി |

| | | | |
|---|---|---|---|
| | | | സെക്രട്ടറി-ഇൻ-ചാർജ്ജ് |
| 3-7 | - | 5,000 | ശ്രീ. ശശി നടുവിലക്കണ്ടി, ഹെൽത്ത് ഇൻസ്പെക്ടർ |
| 3-8 | - | 5,46,805 | ശ്രീ. ഷാജു പോൾ, സെക്രട്ടറി |
| | ആകെ | 10,50,223 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക (രൂപ) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-26 | 32,66,573 | ശ്രീ. സുജിത്ത്. പി, സെക്രട്ടറി-ഇൻ-ചാർജ്ജ്, ശ്രീ. ഷാജു പോൾ, സെക്രട്ടറി (ഇരുവർക്കും തുല്യമായി) |
| 1-27 | 30,52,557 | ശ്രീ. സുജിത്ത്. പി, സെക്രട്ടറി-ഇൻ-ചാർജ്ജ്, ശ്രീ. ഷാജു പോൾ, സെക്രട്ടറി (ഇരുവർക്കും തുല്യമായി) |
| 1-28 | 49,993 | ശ്രീ. സുജിത്ത്. പി സെക്രട്ടറി-ഇൻ-ചാർജ്ജ് |
| 1-29 | 8,84,002 | ശ്രീ. സുജിത്ത്. പി സെക്രട്ടറി-ഇൻ-ചാർജ്ജ് |
| 1-30 | 3,78,970 | ശ്രീ. ഷാജു പോൾ, സെക്രട്ടറി |
| 1-31 | 5,00,000 | ശ്രീ. ഷാജു പോൾ, സെക്രട്ടറി |
| 1-32 | 9,27,497 | ശ്രീ. അബ്ദുൾ ഗഫൂർ. എം, മുനിസിപ്പൽ എഞ്ചിനീയർ |
| 1-33 | 20,235 | ശ്രീ. ശശി നടുവിലക്കണ്ടി, ഹെൽത്ത് ഇൻസ്പെക്ടർ |
| 1-34 | 20,78,586 | ശ്രീ. ഷാജു പോൾ, സെക്രട്ടറി |
| 1-35 | 11,50,000 | ശ്രീ. സുജിത്ത്. പി സെക്രട്ടറി-ഇൻ-ചാർജ്ജ് |
| | | ശ്രീ. ഷാജു പോൾ, സെക്രട്ടറി |
| 1-44 | 5,00,000 | ശ്രീ. അബ്ദുൾ ഗഫൂർ. എം, മുനിസിപ്പൽ എഞ്ചിനീയർ |
| ആകെ | 1,28,08,413 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| | സമയത്തെ) ഔദ്യോഗിക മേൽവിലാസം | |
| ശ്രീ. വി. അബ്ദു റഹിമാൻ, നഗരസഭ ചെയർമാൻ | ചെയർമാൻ, കൊടുവള്ളി നഗരസഭ | വെള്ളമ്മൽ വീട്, വാവാട് (പി.ഒ) |
| ശ്രീ. ശശി നടുവിലക്കണ്ടി, ഹെൽത്ത് ഇൻസ്പെക്ടർ | ഹെൽത്ത് സൂപ്പർവൈസർ മാനന്തവാടി നഗരസഭ | നടുവിലക്കണ്ടിയിൽ എടച്ചേരി നോർത്ത് പി.ഒ വടകര,കോഴിക്കോട് |
| ശ്രീ. അനിൽകുമാർ എം, മുനിസിപ്പൽ എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, പേരാമ്പ്ര ബ്ലോക്ക് പഞ്ചായത്ത് | 10/541, കാർത്തികേയം, മാത്തുർകാവ് റോഡ്, പകലൂർ, പള്ളുച്ചൽ 695020 |
| ശ്രീ. അബ്ദുൾ ഗഫൂർ. എം, മുനിസിപ്പൽ എഞ്ചിനീയർ, | മുനിസിപ്പൽ എഞ്ചിനീയർ, കൊടുവള്ളി നഗരസഭ | മേലേടത്തിൽ (ഹൌസ്), കുറ്റിക്കാട്ടൂർ (പി.ഒ), കോഴിക്കോട് – 673008 |
| ശ്രീ. ഷാജു പോൾ, സെക്രട്ടറി | സെക്രട്ടറി, ഫറോക്ക് മുനിസിപ്പാലിറ്റി | കൊച്ചുപൂത്തൻപുരക്കൽ (ഹൌസ്), വാരപ്പെട്ടി (പി.ഒ), എളങ്ങവം, എറണാകുളം |
| ശ്രീ. സുജിത്ത്. പി, സെക്രട്ടറി | സൂപ്രണ്ട്, കോഴിക്കോട് കോർപ്പറേഷൻ | നിർവ്വാണ, കോണോട്ട്, പറമ്പിൽ ബസാർ (പി.ഒ), കോഴിക്കോട് |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ വിവരം |
|---|---|---|---|
| 1997-98 | എൽ. എഫ്.കെ.കെ.ഡി.പി1/ 1699/ 2013(3) തീ.07.01.2014 | 1 | 46 സി |
| 1999-00 | എൽ.എഫ്.കെ.കെ.ഡി.പി1/ 1699/2013(5) തീ.07.01.2014 | 4 | 11( എ), 51 (1)(2)(3) |

| | | | |
|---|---|---|---|
| | | | |
| 2000-01 | എൽ.എഫ്.കെ.കെ.ഡി.പി1/ 1699/ 2013(6) തീ.07.01.2014 | 6 | 26,34,36,48,49,52 |
| 2000-01(പ്ലാൻ) | എൽ.എഫ്.കെ.കെ.ഡി.പി9-1274/11(6)തീ.27.09.2011 | 7 | |
| 2001-02 | എൽ.എഫ്.കെ.കെ.ഡി.പി1/ 1699/2013 (7) തീ.07.01.2014 | 2 | 2-5, 3-7 |
| 2001-02(പ്ലാൻ) | എൽ.എഫ്.കെ.കെ.ഡി.പി9-1274/11(8) തീ.14.07.2010 | 4 | |
| 2003-04 | എൽ.എഫ്.കെ.കെ.ഡി.പി1/ 1708/2011(ii) തീ.25.11.2011 | 11 | 1(എ),1 (ഡി) 2-3,2-4, 2-7,2-8.3-3 (എ), 3-3(ബി) ,3-5,3-8, 3-9,3-11,3-13 |
| *2004-05* | എൽ.എഫ്.കെ.കെ.ഡി.പി1/ 1485/2008 തീ.05.2.2009 | 21 | 1എ,ബി,സി,എഫ്, 2-1 എ, 2-1 ബി,സി, 2-2,3-1,3-2,3-3-1, 3-3-2,3-3-3,3-4(1), (2),(3),3-5,4-1,4-3, 4-5,4-7, |
| 2005-06 | എൽ. എഫ്.കെ.കെ.ഡി. പി1/ 55/09 തീ.05.02.09 | 24 | 2-1, 2-2,എ, ബി, 2-3, 3-1,3-2,3-3,3-4,3-5, 3-6,3-7,3-8,3-9, 3-10,3-11,3-12, 3-13,3-14,3-15, 3-17, 3-18,4-1,4-4, 4-6,4-8 |
| 2006-07 | എൽ.എഫ്.കെ.കെ.ഡി.പി1/351/10 തീ 30.04.2010 | 33 | 2-4, 2-12,2-14,2-15, 3-2, 3-3, 3-4, 3-6, 3-7, 3-7 എ, 3-8, 3-9, 3-10, 3-11, 3-12, 3-13, 3-14, 3-15, 3-16, 3-17, 3-18, 3-19, 3-20, 3-21, 3-22, 3-23, 3-24, 3-25, 4-1, 4-4, 4-6, 4-7 ഇ, 4-8 |
| 2007-08 | എൽ.എഫ്.കെ.കെ.ഡി.പി1/726/11 തീ 01.08.2011 | 29 | 1-3, 1-4, 1-6, 2-1,2-5, 2-6,2-7, 2-8,2-10, 2-11, 2-12, 2-13, 2-14, 2-15, 2-16,3-2, 3-3, 3-4, 3-5, 3-7, 3-8, 3-10 , 3-13, 3-17, 3-18, 4-3, 4-5, 4-6ഇ, 4-7 |
| 2008-09 | എൽ.എഫ്.കെ.കെ.ഡി.പി1/1817/12 തീ.14.12.12 | 31 | 1-1,1-3,2-2,2-3, 2-4(1)(2), 2-5,2-6,2-7, |

| | | | |
|---|---|---|---|
| | | | 2-8,2-9,2-10, 2-11,2-12,3-1, 3-3,3-5, 3-6,3-8,3-9,3-11,3-12, 3-14,3-15, 3-16,3-17, 3-19, 3-20, 3-21,4-3,4-6,4-7 |
| 2009-10 2010-11 | എൽ.എഫ്.കെ.കെ.ഡി.പി1/987/13 തീ.22.07.13 | 13 | 1-9,2-1,2-2, 2-3(1)(2), 2-5(1)(2), 2-6,3-21)(2), 3-3,3-4, 3-6, 3-7(എ),3-7(സി),3-11 |
| 2011-12 | എൽ.എഫ്.കെ.കെ.ഡി.പി1/1439/14 തീ.01.10.2014 | 15 | 2-2(i),(Ii) 2-4(i), 3-2, 3-4, 3-6, 3-7, 3-8, 3-9(1)(2), 4-1, 4-2, 4-3, 4-6, 4-7 |
| 2012-13 | കെ.എസ്.എ.കെ.കെ.ഡി.പി1/393/15 തീ04.08.2015 | 18 | 1-3, 1-5, 3-2, 3-4, 3-5 ,3-6, 3-7 (2) , 3-8, 3-9, 3-12, 3-14, 3-15, 3-16, 3-19, 3-20, 3-21, 3-23, 3-24 |
| 2013-14 | കെ.എസ്.എ.കെ.കെ.ഡി.പി1/1312/15 തീ02.02.2015 | 22 | 2-2, 2-3, 2-4(1)(2)(3), 2-6, 2-7, 2-9, 2-10, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8, 3-9, 3-10, 3-11, 3-12,3-13,3-14, 3-16 |
| 2014-15 | കെ.എസ്.എ.കെ.കെ.ഡി.പി14/1711/16 തീ.05.05.2017 | 18 | 2-1,2-2,2-3(4),2-4, 2-6,3-6,3-9,3-10, 3-11,3-13,3-14,3-15, 3-16,3-17,3-18,3-20, 3-21,3-25 |
| 2015-16 | കെ.എസ്.എ.കെ.കെ.ഡി.പി14/145/2016 തീ.01.06.2017 (ഗ്രാമപഞ്ചായത്ത്) | 25 | 2-1, 2-2, 2-3, 2-4, 2-5, 2-6, 2-7 (1,2,3), 2-8,2-9,2-10,2-11, 3-1 മുതൽ 3-14 വരെ |
| 2015-16 | കെ.എസ്.എ.കെ.കെ.ഡി.പി144/ 145/2016 തീ.07.07.2017 ( നഗരസഭ) | 19 | 2-1, 2-2, 2-3, 2-4, 3-1 മുതൽ 3-14 വരെ, 4-3 |
| 2016-17 | നം.കെ.എസ്.എ.കെ.കെ.ഡി/പി. 9/1814/21 തീ.01.10.20 | 31 | 2-1 മുതൽ 2-10 വരെ, 2-12, 2-13, 2-14 (3), 2-15, 3-1, 3-2(2, 3, 4), 3-3, 3-4, 3-5, 3-7,3-8, 3-12 മുതൽ 3-18 വരെ, 4-9 |
| 2017-18 | നം.കെ.എസ്.എ.കെ.കെ.ഡി/പി. 14/655/2020 തീ.01.10.2020 | 30 | 2-1 മുതൽ 2-6 വരെ, 3-1 മുതൽ 3-3 വരെ, 3-5 മുതൽ 3-10 വരെ, 3-14 മുതൽ 3-24 |

| | | | |
|---|---|---|---|
| | | | വരെ,3-26, 3-27, 3-31,4-10 |
| 2018-19 | നം.കെ.എസ്.എ.കെ.കെ.ഡി/പി. 14/271/2020 തീ.11.02.2021 | 25 | 1-4, 1-6 മുതൽ 1-25 വരെ, 3-1, 3-2, 3-3, 4-11 |
| 2019-20 | നം.കെ.എസ്.എ.കെ.കെ.ഡി/പി. 9/1814/2021 തീ.18.04.22 | 20 | 1-1-1, 1-1-2, 1-2-1, 1-4-1, 1-5, 1-7, 1-9 മുതൽ 1-18 വരെ, 1-19 (1, 2), 3-1, 4-11 |
| 2020-21 | നം.കെ.എസ്.എ.കെ.കെ.ഡി/പി. 9/1815/2021 തീ.16.12.22 | 51 | 1-1 മുതൽ 1-39 വരെ, 3-1, 4-1 മുതൽ 4-11 വരെ |
| 2021-22 | നം.കെ.എസ്.എ.കെ.കെ.ഡി/പി. 9/1019/2023 തീ.06.07.23 | 49 | 1-2-1, 1-7, 1-9 മുതൽ 1-46 വരെ, 3-1 മുതൽ 3-3 വരെ, 4-8, 4-11 |

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 2 dated 29-07-2023 and submitted on 29-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03- 2023 , with supporting forms, of the Koduvally Municipality as per section 295(4) of Kerala Municipality act 1994, Kerala Municipality (Accounts) rules 2007, Kerala Local Fund Audit Act 1994, Kerala Local Fund Audit Rules 1996, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the ULB's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of Local Bodies issued by C&AG. These standards/ guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Koduvally Municipality for the year 2022-2023

**Date: 16/03/2024**

**Joint Director**
**District Office Kozhikode**
**Kerala State Audit Department**

## Audit Report appended to the Audit Certificate of Koduvally Municipality for the Year 2022-2023 .

**1.Major Observations**

A. carry forward of the Closing balance in the year ( AFS Balance sheet B1 schedule) differs

**2.Other Observations**

a) The following mandatory financial statements prescribed in accounts rules are not submitted for audit eg:- ÂÂ Ratios, Notes to account etc.

b) Reconcillation statements not produced

c)Bank account not included in the AFS

d)Cheque and Draft register not updated and produced
e)The following demand registers are not maintained.

Ex:- Property tax, License register, permit register,Rent, etc

e) The demand register for Civic Amenities has not been prepared
and maintained.

f) The following registers are not maintained.

Ex:- Deposit Register,Advance Register, Grant Apropriation Register etc

g) The Asset register is not reliable for audit due to defective maintenance.

h) Lapses in making timely and and accurate demand entries in respect of
items of tax and non tax revenue.

i) The following demand registers are not periodically reconciled with accounts
Ex:- Property tax, License.
j) Loan amount differs with Loan Register and AFS

k) Expenditure of Various fund differs with Expenditure statement and AFS
l)Total amount ofReceivables from government (Redumption amount) are not
included in the AFS

Joint Director,
District Audit Office, Kozhikode

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോഴിക്കോട് ജില്ലയിലെ കൊടുവള്ളി മുനിസിപ്പാലിറ്റിയുടെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്